

# സാമാജികൻ

# SAMAJIKAN 2014

A HOME JOURNAL OF THE KERALA LEGISLATURE





# സാമാജികൻ

കേരള നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരണം

ലക്കം ആറ് 2014



# സാമാജികൻ

## SAMAJIKAN

A Home journal of the Kerala Legislature

ലക്കം 6 (Issue No. 6) ജൂലൈ 2014

മുഖ്യ പത്രാധിപർ
സണ്ണി ജോസഫ് എം.എൽ.എ.

പത്രാധിപസമിതി
എ. എം. ആരിഫ് എം.എൽ.എ.
ഐ. സി. ബാലകൃഷ്ണൻ എം.എൽ.എ.
വി. ചെന്താമരാക്ഷൻ എം.എൽ.എ.
ചിറ്റയം ഗോപകുമാർ എം.എൽ.എ.
പാലോട് രവി എം.എൽ.എ.
എൻ. ഷംസുദ്ദീൻ എം.എൽ.എ.

പത്രാധിപർ
പി. ഡി. ശാരംഗധരൻ
സെക്രട്ടറി, കേരള നിയമസഭ

മുഖചിത്രം
ആഷ് ആഡ്സ്, തിരുവനന്തപുരം
രൂപകല്പന
ശ്രീവാസുദേവ ഭട്ടതിരി

അച്ചടി
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം

വിലാസം
ലൈബ്രറി
നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
0471 2512519


*ലേഖനങ്ങളിലെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള*
*പൂർണ്ണ ഉത്തരവാദിത്വം ലേഖകരിൽ നിക്ഷിപ്തം*




**ജി. കാർത്തികേയൻ**

സ്പീക്കർ

കേരള നിയമസഭ


25.02.2014

## സന്ദേശം

നിയമസഭയുടെ 'സാമാജികൻ' എന്ന പ്രസിദ്ധീകരണത്തിന്റെ ആറാം ലക്കത്തിന് സർവ്വ വിജയവും ആശംസിക്കുന്നു. നിയമസഭാ സാമാജികർ, മുൻ സാമാജികർ, സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങൾ, മുൻ അംഗങ്ങൾ എന്നിവരുടെ ലേഖനങ്ങളും സാഹിത്യ സൃഷ്ടികളും മറ്റു രചനകളും പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണം എന്ന നിലയിൽ 'സാമാജികന്' പ്രത്യേകതകൾ ധാരാളമുണ്ട്. നമ്മുടെ ജനപ്രതിനിധികളുടെ സർഗ്ഗഭാവനയുടെ ദൃഷ്ടാന്തമായി 'സാമാജികനെ' കണക്കാക്കാം. മുൻലക്കങ്ങളെപ്പോലെതന്നെ പുതിയ ലക്കവും വിജ്ഞാനപ്രദവും ആകർഷകവും ആയിരിക്കട്ടെ എന്ന് ആശംസിക്കുന്നു. ഈ ലക്കത്തിനുവേണ്ടി സാഹിത്യ സംഭാവനകൾ നല്കിയ സുഹൃത്തുക്കളെ അഭിനന്ദനമറിയിക്കുകയും ചെയ്യുന്നു.

**ജി. കാർത്തികേയൻ**


ഓഫീസ് : നിയമസഭാ കോംപ്ലക്സ്, തിരുവനന്തപുരം-33 Ph: 0471-2513007, 2513003, 2308890

വസതി : നീതി, നിയമസഭാ കോംപ്ലക്സ്, തിരുവനന്തപുരം Ph: 0471-2513014, 2306714,

E-mail : speak@niyamasabha.org, gkaryanad@gmail.com, Fax: 0471-2512131

Mobile : 9447736033, 9048055550



**ഉമ്മൻ ചാണ്ടി**
മുഖ്യമന്ത്രി
കേരളം

ഭരണഭാഷ
**മാതൃഭാഷ**

No. 184/Pre-sec/CM/2014

15.02.2014

## സന്ദേശം

നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രസിദ്ധീകരണമായ സാമാജികന്റെ ആറാം ലക്കം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം.

നിയമസഭാ സാമാജികർ, മുൻ സാമാജികർ, കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾ, മുൻ പാർലമെന്റംഗങ്ങൾ എന്നിവരുടെ ലേഖനങ്ങളും സാഹിത്യ സൃഷ്ടികളും ഉൾപ്പെടുത്തിയിട്ടുള്ള പ്രസിദ്ധീകരണം ജനാധിപത്യ സംവിധാനത്തിന് മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ആശംസകളും.

**ഉമ്മൻ ചാണ്ടി**

**ഓഫീസ് : സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001**
ഫോൺ-ഓഫീസ് : 2333610, 2333812, 2333197, 2332148, 2333214, 2332682, 2332184,
ഫാക്സ് : (0471) 2333489
വസതി : (0471) 2345600, 2342602 & (0481) 2351135




**വി. എസ്. അച്യുതാനന്ദൻ**
പ്രതിപക്ഷ നേതാവ്
കേരളം


തിരുവനന്തപുരം,
തീയതി 27.01.2014

## സന്ദേശം

*നിയമസഭയുടെ 'സാമാജികൻ' എന്ന പ്രസിദ്ധീകരണം ആറാം ലക്കം പുറത്തിറങ്ങുന്നുവെന്നറിയുന്നതിൽ സന്തോഷിക്കുന്നു. നിയമസഭാ സാമാജികരുടെയും മുൻ സാമാജികരുടെയും പാർലമെന്റ് അംഗങ്ങളുടെയും വൈവിദ്ധ്യമാർന്ന ധാരാളം നല്ല സൃഷ്ടികളാൽ സമ്പന്നമാകും സാമാജികൻ എന്നു വിശ്വസിക്കുന്നു. അംഗങ്ങളെ സംബന്ധിച്ച് എഴുത്തിനും വായനയ്ക്കും തീർച്ചയായും സമയം കണ്ടെത്താനും ജീവിതാനുഭവങ്ങളിലൂടെ അറിഞ്ഞ കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാനും സാമാജികൻ നല്ലൊരു മാദ്ധ്യമമാണ്-പ്രചോദനമാണ്. നന്നായി തുടരട്ടെ.*

***വിജയാശംസകൾ***

സ്നേഹപൂർവ്വം,

**വി. എസ്. അച്യുതാനന്ദൻ**


**ഓഫീസ് : കന്റോൺമെന്റ് ഹൗസ്, തിരുവനന്തപുരം - 695 033**
ഫോൺ-ഓഫീസ് : 04712318330, 04712315625 ഫാക്സ് : 04712318330
മൊബൈൽ : 9447711500 e-mail : oppositionleader@kerala.gov.in
വസതി : കന്റോൺമെന്റ് ഹൗസ്, വികാസ്ഭവൻ പി. ഒ., തിരുവനന്തപുരം-695 033
ഫോൺ : 04712316465



**സണ്ണി ജോസഫ്**
(പേരാവൂർ)
മെമ്പർ
കേരളനിയമസഭ
'റോസസ്'
ഇരിട്ടി പി. ഒ,
670 703
ഓഫീസ്: സിറ്റി സെന്റർ
ഇരിട്ടി - 670 703

ഫോൺ
വീട്: 04902490150
ഓഫീസ്-ഇരിട്ടി: 04902494050
തിരുവനന്തപുരം: 04712512609
മൊബൈൽ: 9447046694
ഫാക്സ്: 04902494060
ചന്ദ്രഗിരി ബ്ലോക്ക്: റൂം നമ്പർ 204
എം. എൽ. എ. ഹോസ്റ്റൽ

തിരുവനന്തപുരം
21.05.2014

## ആമുഖം

കേരള നിയമസഭയിലെ ബഹു. അംഗങ്ങൾ, മുൻ സാമാജികർ, സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റംഗങ്ങൾ, മുൻ അംഗങ്ങൾ എന്നിവരുടെ വിവിധ വിഷയങ്ങളിലുള്ള പാണ്ഡിത്യവും, നിരീക്ഷണങ്ങളും കാഴ്ചപ്പാടുകളും പ്രവർത്തനാനുഭവങ്ങളും ഉൾക്കൊള്ളുന്ന ലേഖനങ്ങളും സാഹിത്യ സൃഷ്ടികളും പ്രസിദ്ധീകരിക്കുവാനുള്ള ഒരു വേദിയാണ് 'സാമാജികൻ'.

പുരോഗമനപരവും, ജനക്ഷേമകരവുമായ നിയമനിർമ്മാണങ്ങളും, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനരീതിയും വഴി രാജ്യത്തുതന്നെ മറ്റു നിയമസഭകൾക്ക് മാതൃകയായിട്ടുള്ള കേരള നിയമസഭയുടെ വ്യത്യസ്തവും അഭിമാനാർഹവുമായ ഈ പ്രസിദ്ധീകരണത്തിന്റെ അഞ്ച് ലക്കങ്ങൾ ഇതിനകം പുറത്തിറങ്ങിയിട്ടുണ്ട്.

ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്ന 'സാമാജികൻ' 6-ാം ലക്കത്തിൽ ബഹു. നിയമസഭാ സ്പീക്കറുടെ, നിയമനിർമ്മാണസഭയുടെ ചരിത്രം വിശദമാക്കുന്ന, ലേഖനത്തിനു പുറമേ മന്ത്രിമാരുടേയും സാമാജികരുടേയും മുൻ സാമാജികരുടേതുമായ, വ്യത്യസ്ത വിഷയങ്ങളിലുള്ള ലേഖനങ്ങളും, കവിതകളും, കഥകളും, യാത്രാവിവരണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശതോത്തര രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരള നിയമസഭ സംഘടിപ്പിച്ച വിവിധ പരിപാടികളുടെ വിശദാംശങ്ങളും ഫോട്ടോകളും ഈ ലക്കത്തിൽ ചേർത്തിരിക്കുന്നു.,

നിയമസഭാ ലൈബ്രറി ഉപദേശകസമിതിയുടെ ആഭിമുഖ്യത്തിലുള്ള ഇത്തരം ഒരു സംരംഭത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും പിന്തുണയും നൽകിയ ബഹുമാനപ്പെട്ട സ്പീക്കർ ജി. കാർത്തികേയൻ അവർകളോട് ഞങ്ങൾക്കുള്ള നിസ്സീമമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പത്രാധിപസമിതിക്കുവേണ്ടി,

സണ്ണി ജോസഫ്,
ചീഫ് എഡിറ്റർ.

# സാമാജികൻ

ലക്കം ആറ് ജൂലൈ 2014

## ഉള്ളടക്കം


| | | |
|---|---|---|
| നിയമ(നിർമ്മാണ)സഭയ്ക്ക് 125 വയസ്സ് | 12 | ജി. കാർത്തികേയൻ |
| പ്രവാസി ഭാരതീയ ദിവസ് 2014 | 20 | കെ.സി. ജോസഫ് |
| Focus on Care giving as Fundamental to Juvenile Justice | 23 | Dr. M.K. Muneer |
| ദുരൂഹമരണം | 26 | ജി. സുധാകരൻ |
| ലുസേൺ ഡിലൈറ്റ് | 27 | എം.വി. ശ്രേയാംസ് കുമാർ |
| ചില്ലറ വ്യാപാരമേഖലയിലെ വിദേശനിക്ഷേപം നാടിന് ആപത്ത് | 32 | ഇ.പി. ജയരാജൻ |
| ജനപ്രതിനിധിക്ക് മതപ്രതിനിധിയാകാൻ കഴിയുമോ? | 35 | വി.ടി. ബലറാം |
| ജീവിതം എന്നെ എന്തുപഠിപ്പിച്ചു? | 38 | എം.കെ. സാനു |
| Budget - Thought and Vision | 41 | M.P. Gangadharan |
| കാത്തിരിപ്പ് | 45 | വി.സി കബീർ |
| നിന്നെക്കുറിച്ച് | 45 | വി.സി കബീർ |
| ഭരണഘടനാഭേദഗതികളിലൂടെ വിഭാവനം ചെയ്യുന്ന തദ്ദേശഭരണകൂടം | 46 | കുട്ടി അഹമ്മദ് കുട്ടി |
| ഇരിങ്ങാലക്കുടയുടെ പ്രതിനിധികൾ | 50 | പ്രൊഫ. സാവിത്രി ലക്ഷ്മണൻ |
| കാട് | 55 | ബിനോയ് വിശ്വം |
| മഹത്തായ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് നടപ്പിൽവരുത്തിയേ മതിയാകൂ | 56 | ദാമോദരൻ കാളാശ്ശേരി |
| ജീവിതത്തിന്റെ നൂൽപ്പാലത്തിലൂടെ | 59 | ജോസഫ് എം. പുതുശ്ശേരി |
| ചിതറിയ ചിന്തകൾ | 62 | പി. വിശ്വൻ |
| നിയമസഭയെ ദുഃഖത്തിലാഴ്ത്തുകയും നടുക്കുകയും ചെയ്ത ഹൃദയഭേദകമായ സംഭവങ്ങൾ | 66 | പി. ഉണ്ണിക്കൃഷ്ണ പിള്ള |
| വൃക്ഷത്തണലിലെ അഭയം | 67 | കല്ലടി മുഹമ്മദ് |
| ഞാനും 'എം എൽ എ' ആയി | 68 | പ്രൊഫ. നബീസാ ഉമ്മാൾ |
| മറന്നുപോയത്... | 71 | ജോൺ ഫെർണാണ്ടസ് |
| കർഷകബന്ധനിയമം യഥാവിധി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത | 74 | കെ. പി. രാഘവപൊതുവാൾ |
| വേണം, ഒരു സ്നേഹവിപ്ലവം | 75 | എം.കെ. പ്രേംനാഥ് |
| സഹകരണപുനരുദ്ധാരണ പാക്കേജ് കേരളത്തിലെ സഹകരണ വായ്പാമേഖലയ്ക്ക് എത്രമാത്രം ഗുണപ്രദമാകും? | 77 | പ്രയാർ ഗോപാലകൃഷ്ണൻ |
| പൊതുപ്രവർത്തനവും ജീവിതമൂല്യങ്ങളും | 81 | എം. എ. തോമസ് |
| ദുഃഖങ്ങൾ | 82 | ശരത്ചന്ദ്രപ്രസാദ് |
| മനുസ്മൃതിയും അർത്ഥശാസ്ത്രവും നമ്മുടെ നിയമങ്ങളും | 83 | അഡ്വ. ഡി.സുഗതൻ |
| **சிறப்புள்ள கேரள மாநிலம்** | 85 | **எஸ். சுந்தரமாணிக்கம்** |
| നിയമനിർമ്മാണസഭയുടെ ശതോത്തര രജതജൂബിലി ആഘോഷം | 86 | പി.ഡി. ശാരംഗധരൻ |



കേരള നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരണം, തിരുവനന്തപുരം



# നിയമ(നിർമ്മാണ)സഭയ്ക്ക് 125 വയസ്സ്




## ജി. കാർത്തികേയൻ

7, 9, 10, 11, 12, 13 കേരള നിയമസഭകളിൽ അംഗം. 1995-1996 കാലയളവിൽ വൈദ്യുതി മന്ത്രിയും 2001-2004 ൽ ഭക്ഷ്യ പൊതുവിതരണ, ദേവസ്വം, സാംസ്കാരിക വകുപ്പു മന്ത്രിയുമായിരുന്നു. 2011 മുതൽ നിയമസഭാ സ്പീക്കർ.


കേരളത്തിലെ നിയമ(നിർമ്മാണ)സഭയ്ക്ക് 125 വയസ്സ് തികഞ്ഞു. ഇത്രയും പാരമ്പര്യം അവകാശപ്പെടാവുന്ന മറ്റൊരു നിയമസഭയേ ഇന്ത്യയിലുള്ളൂ. അത് കർണാടകയിലെ നിയമസഭയാണ്. ഇന്ത്യയിലെ മറ്റ് നാട്ടുരാജ്യങ്ങളിലെല്ലാം സ്വാതന്ത്ര്യാനന്തരമോ അതിന് അല്പം മുമ്പുമാത്രമോ ആണ് ഇത്തരം സംവിധാനങ്ങൾ രൂപപ്പെടുന്നത്. എന്നുമാത്രമല്ല, ജനാധിപത്യത്തിന്റെ ഈറ്റില്ലങ്ങളായി അറിയപ്പെടുന്ന പാശ്ചാത്യനാടുകളിൽപ്പോലും 125 തികയ്ക്കുന്ന നിയമസഭകൾ അധികമൊന്നുമുണ്ടാവില്ല. കേരളത്തിലെ നിയമനിർമ്മാണസഭകൾ, മൂന്ന് സമാന്തരമേഖലകളിലായാണ് വളർച്ച പ്രാപിച്ചത്. തിരുവിതാംകൂർ, കൊച്ചി, മലബാർ മേഖലകളിൽ. തിരുവിതാംകൂറും കൊച്ചിയും രാജഭരണത്തിലായിരുന്നെങ്കിൽ, മലബാർ, മദ്രാസ് പ്രവിശ്യയുടെ ഒരു ജില്ലയായിരുന്നു. ഈ മൂന്ന് മേഖലകളും ചേർന്ന് 1956 നവംബർ ഒന്നിന് കേരള സംസ്ഥാനമാകുംവരെ, അവിടങ്ങളിൽ ഓരോ തരത്തിലുള്ള പരിഷ്ക്കാരങ്ങളും ജനാധിപത്യപരീക്ഷണങ്ങളും നടന്നുവന്നിരുന്നു എന്നത് അഭിമാനാർഹമായ ചരിത്രമാണ്.

സമൂഹത്തിലെ അനാചാരങ്ങൾക്കും അനീതികൾക്കും എതിരായുള്ള ശ്രീനാരായണ ഗുരുവിന്റെ മുന്നേറ്റങ്ങൾ ആരംഭിച്ച അതേ സമയത്തു തന്നെയാണ്, തിരുവിതാംകൂറിലെ നിയമനിർമ്മാണ സഭയുടെ ആദ്യ തുടിപ്പുകൾ ഉണ്ടായതെന്നത് യാദൃച്ഛികമായിരിക്കാം. ജനങ്ങളുടെ അധഃസ്ഥിതാവസ്ഥ

കൾ പരിഹരിക്കുക എന്നതാണല്ലോ ഭരണവ്യവസ്ഥിതികൾകൊണ്ട് ലക്ഷ്യമിടുന്നത്. ജനങ്ങളുടെ അഭിലാഷങ്ങൾ നിയമസഭയിൽ പ്രകടിപ്പിക്കാൻ, അവരുടെതന്നെ പ്രതിനിധികൾ എത്തുന്നു, ജനാഭിലാഷത്തിനനുസരിച്ച് ഭരണത്തിൽ മാറ്റങ്ങൾ വരുന്നു, ജനനന്മക്കുള്ള പുതിയ നിയമങ്ങൾ നിർമ്മിക്കപ്പെടുന്നു. അത്തരമൊരു മാറ്റത്തിന്റെ അവസ്ഥ വന്നുചേരുകയാണ് ഇത്തരം സംവിധാനങ്ങളിലൂടെ.



*ശ്രീമൂലം തിരുനാൾ രാമവർമ്മ*

1888 ആഗസ്റ്റ് 23-നാണ് തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ആദ്യത്തെ സമ്മേളനം നടന്നത്. അന്നത്തെ രാജാവ് ശ്രീമൂലം തിരുനാൾ രാമവർമ്മയാണ് ഇതിനുള്ള നിയമം നടപ്പാക്കിയത്. എട്ട് അംഗങ്ങളായിരുന്നു കൗൺസിലിലുണ്ടായിരുന്നത്. എല്ലാവരേയും രാജാവുതന്നെ നാമനിർദ്ദേശം ചെയ്തു. ഇതിൽ അഞ്ചുപേർ ഔദ്യോഗികാംഗങ്ങളും മൂന്നുപേർ അനൗദ്യോഗികാംഗങ്ങളും ആയിരുന്നു. ദിവാന്റെ ആഫീസിൽ ഉച്ചയ്ക്ക് 12-നാണ് ആദ്യയോഗം നടന്നത്. രാജാവിന്റെ സ്വന്തക്കാരെമാത്രമാണ് അംഗങ്ങളാക്കിയത് എന്നതുകൊണ്ട് ഈ ചരിത്രസംഭവത്തിന്റെ പ്രാധാന്യം കുറയുന്നില്ല. രാജ്യത്തെ മറ്റൊരു രാജാവും ഇതുപോലൊരു പരീക്ഷണത്തിന് തയ്യാറായില്ല എന്നിടത്താണ് സാമാന്യം വലിപ്പം കുറവായ തിരുവിതാംകൂറിൽ ഇങ്ങനെയൊരു ഭരണസംവിധാനത്തിന് തുടക്കം കുറിക്കപ്പെട്ടത് എന്നത് ഓർക്കാവുന്നതാണ്. ദിവാൻ ടി. രാമറാവുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ആദ്യയോഗം, ഇനി വരാൻപോകുന്ന സുപ്രധാന മാറ്റങ്ങളുടെ നാന്ദിയാണിതെന്ന് ഒരുപക്ഷേ, ഓർത്തുകാണില്ല.

ഉന്നത ഉദ്യോഗങ്ങളിലും ഭരണ നിർവ്വഹണത്തിലും അർഹമായ സ്ഥാനവും അവസരവും വേണമെന്നാവശ്യപ്പെട്ടുകൊണ്ട് 1891-ൽ പതിനായിരത്തി ഇരുപത്തെട്ട് പേർ ഒപ്പിട്ട് ഒരു നിവേദനം രാജാവിന് സമർപ്പിക്കപ്പെട്ടു. 'മലയാളി മെമ്മോറിയൽ' എന്നറിയപ്പെടുന്ന ഈ സംഭവം, ജനങ്ങളുടെ പ്രതികരണശേഷിയുടെ നിദർശനമായിരുന്നു. തങ്ങൾക്കവകാശപ്പെട്ടത് നേടിയെടുക്കുക എന്നത് ജനങ്ങളുടെ അവകാശമാണെന്നവർ മനസ്സിലാക്കി. അതിനായി സംഘടിക്കാനും ശക്തരാകാനും അവർ ഒത്തുചേരുകയും ചെയ്തു. ജനാധിപത്യവളർച്ചയിൽ ഈ സംഭവം അങ്ങനെ പ്രാധാന്യം നേടുകയുംചെയ്തു. തിരുവിതാംകൂറിൽ പിന്നീട് ഉത്തരവാദപ്പെട്ട സർക്കാരുകൾ നിലവിൽ വന്നത് ഇത്തരം പ്രക്ഷോഭണങ്ങളുടെ വെളിച്ചത്തിലാണെന്ന് കാണാൻ സാധിക്കും.

ആരംഭകാലത്ത് കൗൺസിലിന് വലിയ അധികാരങ്ങളൊന്നുമുണ്ടായിരുന്നില്ല.നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കി രാജാവിന്റെ അനുമതിക്ക് സമർപ്പിക്കുക മാത്രമായിരുന്നു ചുമതല. അതിന്റെ നടത്തിപ്പിനെപ്പറ്റി അന്വേഷിക്കാനുള്ള അവകാശവും ഉണ്ടായിരുന്നില്ല. 1898-ൽ പുതിയ ഉത്തരവനുസരിച്ച് കൗൺസിലിന്റെ അംഗസംഖ്യ 15 ആയി ഉയർത്തി. ഇതിൽ ഒമ്പതു പേർ ഔദ്യോഗികാംഗങ്ങളും ആറുപേർ അനൗദ്യോഗികാംഗങ്ങളുമായിരുന്നു. അംഗങ്ങളുടെ ചുമതലകൾ സംബന്ധിച്ച നിർദ്ദേശങ്ങളും ഈ ഉത്തരവ് വഴി നടപ്പാക്കപ്പെട്ടു. പല പ്രധാന അധികാരങ്ങളും രാജാവിന്റെ കൈപ്പിടിയിൽത്തന്നെ ഒതുക്കിക്കൊണ്ടുള്ളതായിരുന്നു ഇത്തരമൊരു ഉത്തരവ്. എങ്കിലും, ജനാധിപത്യവളർച്ചയിൽ ഇതിനും പ്രധാനപ്പെട്ട സ്ഥാനമുണ്ട്. അതിന്റെ വളർച്ചയായി കാണാവുന്നതാണ് 1904-ലെ ശ്രീമൂലം പ്രജാസഭയുടെ രൂപീകരണം. ജനാഭിലാഷമനുസരിച്ച് രൂപംകൊള്ളുന്നതാവണം സഭകൾ എന്ന രീതിയിലേക്കുള്ള ചെറിയ ചുവടുവെയ്പായിരുന്നു ഇത്. നൂറ് അനൗദ്യോഗികാംഗങ്ങളും 'തിരഞ്ഞെടുക്കപ്പെട്ട'വരായിരുന്നു എന്നു പറയാം. പക്ഷേ, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നില്ല. ഭൂപ്രഭുക്കളിൽനിന്നും ധനികവ്യാപാരികളിൽനിന്നും ദിവാൻ പേഷ്കാർ തിരഞ്ഞെടുക്കുന്നവരായിരുന്നു എന്നുമാത്രം. സാധാരണ ജനങ്ങളുടെ നീറുന്നപ്രശ്നങ്ങൾ ചർച്ചചെയ്യപ്പെട്ടില്ലെങ്കിലും ഇവരിലൂടെ കുറേയേറെ ജനകീയപ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ വന്നു എന്നതുതന്നെ ഈ സംവിധാനത്തിന്റെ വിജയമായി കണക്കാക്കാം. 1904 ഒക്ടോബർ 22-ന് തിരുവനന്തപുരം വി.ജെ.ടി. ഹാളിലാണ് ശ്രീമൂലം പ്രജാസഭയുടെ ആദ്യയോഗം ചേർന്നത്. 1905 മേയ് ഒന്നിലെ പുതിയ ഉത്തരവനുസരിച്ച്, ജനങ്ങൾക്ക് വോട്ടവകാശം ലഭിച്ചു. പക്ഷേ, അത് എല്ലാവർക്കുമുണ്ടായിരുന്നില്ല - ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ ചിലർക്കുമാത്രം. 100



*ശ്രീമൂലം പ്രജാസഭ*

അംഗങ്ങളായിരുന്നു അസംബ്ലിയിൽ. അതിൽ 77 പേരെ തിരഞ്ഞെടുക്കും. 23 പേരെ നാമനിർദ്ദേശം ചെയ്യും. ഇവരുടെ കാലാവധി ഒരുവർഷം മാത്രം. പ്രതിവർഷം 50 രൂപയിൽ കുറയാതെ നികുതിയടക്കുന്നവർ, 2000 രൂപയിൽ കുറയാതെ വരുമാനമുള്ളവർ, സർവ്വകലാശാലാ ബിരുദമുള്ളവർ 10 വർഷമെങ്കിലും ഒരു സ്ഥലത്ത് തുടർച്ചയായി താമസിക്കുന്നവർ എന്നീ വിഭാഗങ്ങൾക്കുമാത്രമായിരുന്നു വോട്ടവകാശം.

ശ്രീമൂലം പ്രജാസഭ എല്ലാവരേയും പ്രതിനിധീകരിക്കുന്ന സംവിധാനമായിരുന്നില്ലെങ്കിലും ജനകീയപ്രശ്നങ്ങൾ ചർച്ചചെയ്യുവാനുള്ള ഒരു വേദിയായി വളർന്നിരുന്നുവെന്നു കാണാം. ഓരോ അംഗത്തിനും രണ്ടുവീതം ഉപക്ഷേപങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം ലഭിച്ചിരുന്നു. ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അധികാരവും ശക്തിയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പല നിവേദനങ്ങളും പ്രജാസഭയിൽ അവതരിപ്പിക്കപ്പെട്ടു. അതിന്റെ ഫലമായാവാം 1907-ൽ നാല് അംഗങ്ങളെ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കാൻ അനുവാദം ലഭിച്ചു

1919-ൽ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ രൂപഘടനയിൽ പരിണാമം സംഭവിച്ചു. ജനങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം, കൂടുതൽ അധികാരം, കൂടുതൽ ചുമതലകൾ എന്നിങ്ങിനെ ജനാധിപത്യത്തിന്റെ കാതലായ അംശങ്ങൾ ചേർത്തുകൊണ്ടായിരുന്നു പുനഃസംഘടന. കൗൺസിലിന്റെ അംഗബലം 25 വരെയായി ഉയർത്തി. 11 അനൗദ്യോഗികാംഗങ്ങളിൽ എട്ടെണ്ണവും പൊതുതിരഞ്ഞെടുപ്പിലൂടെ എന്നായി. ബഡ്ജറ്റ് ചർച്ചചെയ്യാനും ചോദ്യങ്ങൾ ചോദിക്കാനുമുള്ള അധികാരവും ലഭിച്ചു. 1921 ഒക്ടോബറിൽ വീണ്ടും മാറ്റങ്ങൾ വന്നു. അംഗങ്ങൾ 50 ആയി. 28 പേർ തിരഞ്ഞെടുക്കപ്പെട്ടവരും 22 പേർ നാമനിർദ്ദേശം ചെയ്യപ്പെട്ടവരും. നാമനിർദ്ദേശം ചെയ്യപ്പെടുന്നവരിൽ ഏഴു പേർ അനൗദ്യോഗികാംഗങ്ങളായിരിക്കുകയും വേണം. അങ്ങനെ ആദ്യമായി അനൗദ്യോഗികാംഗങ്ങൾക്ക് സഭയിൽ ഭൂരിപക്ഷം ലഭിച്ചു.


സഭാസമ്മേളനം നിയന്ത്രിക്കാൻ ഒരു ഡെപ്യൂട്ടി പ്രസിഡന്റിനെ നിയമിച്ചു. അത് ഔദ്യോഗികാംഗം വേണമെന്നില്ല. ദിവാന്റെ അഭാവത്തിൽ സഭയിൽ അദ്ധ്യക്ഷനാവുന്നത് ഇദ്ദേഹമാണ്. അംഗങ്ങൾക്ക് ധനാഭ്യർത്ഥനകളിൽ വോട്ടുചെയ്യാനും ജനകീയപ്രശ്നങ്ങളിൽ ശ്രദ്ധക്ഷണിക്കലുകൾ അവതരിപ്പിക്കാനും അടിയന്തിരപ്രമേയങ്ങളവതരിപ്പിക്കാനും അനുമതി ലഭിച്ചു. 1930-ൽ സഭയ്ക്കുള്ളിൽ പൂർണ്ണമായ അഭിപ്രായപ്രകടനസ്വാതന്ത്ര്യവും ലഭിച്ചു. 1925-ലെ നായർ റഗുലേഷനും ഈഴവ റഗുലേഷനും പാസായത് ഈ കാലഘട്ടത്തിലാണെന്നു കാണാം.

1932-ൽ സമഗ്രമായ നിയമസഭാ പരിഷ്ക്കരണം മഹാരാജാവ് നടപ്പാക്കി. ദ്വിമണ്ഡല സംവിധാനം നിലവിൽവന്നു, 1933 ജനുവരി ഒന്നിന്. ഇംഗ്ലണ്ടിലെ സഭാസംവിധാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. ശ്രീമൂലം അസംബ്ലി അധോമണ്ഡലമായും ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ ഉപരിമണ്ഡലമായും രൂപീകരിക്കപ്പെട്ടു. പരിമിതമായെങ്കിലും അധികാരങ്ങളും അവർക്ക് ലഭിക്കുകയുണ്ടായി. അസംബ്ലിയിൽ 72 അംഗങ്ങളായിരുന്നു. 43 പേർ പൊതുമണ്ഡലം, അഞ്ചുപേർ പ്രത്യേക മണ്ഡലം, 14 പേർ അധഃസ്ഥിതവർഗക്കാർക്കുള്ള സംവരണമണ്ഡലം, 10 പേർ നാമനിർദ്ദേശം എന്നിങ്ങനെയായിരുന്നു 72 അംഗ തിരഞ്ഞെടുപ്പ്. കൗൺസിലിൽ 27 അനൗദ്യോഗികാംഗങ്ങൾ 16 പേർ പൊതുമണ്ഡലം, ആറു പേർ പ്രത്യേക മണ്ഡലം, അഞ്ചുപേർ നാമനിർദ്ദേശം എന്നിങ്ങനെയും 10 പേർ ഔദ്യോഗികരംഗത്തു നിന്നുള്ളവരും കൂടിയാകുമ്പോൾ 37 അംഗങ്ങൾ.

അവകാശങ്ങൾ പൂർണ്ണമായും വിട്ടുകൊടുത്തിരുന്നില്ലെങ്കിലും അതിന്റെ ലക്ഷണങ്ങൾ ഇവിടെ കണ്ടിരുന്നു. ധനാഭ്യർത്ഥനകൾ വോട്ടിനിട്ട് നിരാകരിക്കാനുള്ള അധികാരം ലഭിച്ചു. സർക്കാർ കണക്കുകൾ പരിശോധിക്കുന്ന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരിച്ചതും ഈ സഭയാണ്. അങ്ങിനെ രാജ്യത്തിന്റെ വരവുചെലവ് കണക്കുകൾ പരിശോധിക്കാൻ, ജനങ്ങൾക്ക് ആദ്യമായി അധികാരം ലഭിച്ചു. 1947 സെപ്തംബർ നാലു വരെ ഈ ദ്വിമണ്ഡല




*പറവൂർ ടി. കെ. നാരായണപിള്ള*




*ഇക്കണ്ടവാര്യർ*




*ടി.കെ. നായർ*



*എ.ജെ. ജോൺ*



*സി. കേശവൻ*



*പനമ്പള്ളി ഗോവിന്ദമേനോൻ*



*പട്ടം താണുപിള്ള*

സംവിധാനം തുടർന്നു. തുടർന്ന് നിലവിൽവന്ന ഭരണഘടനാ നിർമ്മാണസഭയുടെ ആദ്യയോഗം 1948 മാർച്ച് 20-നായിരുന്നു. 120 അംഗങ്ങൾ. ഇന്ത്യയിലാദ്യമായി പ്രായപൂർത്തി വോട്ടവകാശം നടപ്പാക്കിയത് ഈ തിരഞ്ഞെടുപ്പിനായിരുന്നു. ഒരു പ്രധാനമന്ത്രിയും രണ്ടു മന്ത്രിമാരുമുള്ള മന്ത്രിസഭയ്ക്ക് ഭരണകൈമാറ്റം നടന്നു. മഹാരാജാവു തന്നെയായിരുന്നു പ്രമുഖൻ. 1948 മാർച്ച് 24-ന് പട്ടം താണുപിള്ള പ്രധാനമന്ത്രിയായി. ഒക്ടോബർ 22-ന് പറവൂർ ടി. കെ. നാരായണപിള്ളയും. 1949 ജൂലൈ ഒന്നുവരെ അദ്ദേഹം തുടർന്നു. ജൂലൈ ഒന്നിനായിരുന്നല്ലോ തിരുവിതാംകൂർ-കൊച്ചി ലയനം.

ഇത്രയും സംഭവബഹുലമായിരുന്നില്ല കൊച്ചിരാജ്യത്തിലെ നിയമനിർമ്മാണസഭയുടെ ചരിത്രം. അവിടെ 1925 ഏപ്രിലിലാണ് തുടക്കം കുറിച്ചത്. കൊച്ചിൻ നിയമനിർമ്മാണ കൗൺസിലിൽ 45 അംഗങ്ങളായിരുന്നു. 30 പേർ തിരഞ്ഞെടുക്കപ്പെട്ടവരും 15 പേർ നാമനിർദ്ദേശം ചെയ്യപ്പെട്ടവരും. സഭയ്ക്ക് കൂടുതൽ അധികാരങ്ങൾ നല്കാൻ രാജാവ് തയ്യാറായത് എടുത്തുപറയേണ്ട കാര്യമാണ്. 1932-ൽ കൗൺസിലിന്റെ അംഗസംഖ്യ 54 ആയി ഉയർത്തി; 36 പേർ തിരഞ്ഞെടുക്കപ്പെട്ടവരും 18 പേർ നാമനിർദ്ദേശം ചെയ്യപ്പെട്ടവരും. നിയമനിർമ്മാണസഭയിലെ ഒരംഗത്തെ മന്ത്രിയാക്കിയത് 1938-ലാണ്. അമ്പാട്ട് ശിവരാമ മേനോൻ അങ്ങനെ ആദ്യത്തെ ജനകീയമന്ത്രിയായി. അദ്ദേഹത്തിന്റെ നിര്യാണത്തോടെ 1938 സെപ്തംബർ അഞ്ചിന് എ. ആർ. മേനോൻ മന്ത്രിയായി. 1942 ഫെബ്രുവരി 25-ൽ അദ്ദേഹം അവിശ്വാസപ്രമേയം പാസ്സായതോടെ ഒഴിഞ്ഞു. ടി. കെ. നായരായിരുന്നു പിന്നീട് മന്ത്രിയായത്. 1945 ജൂലൈ 11-ന് അദ്ദേഹം രാജിവച്ചു. പിന്നീട് പറമ്പി ലോനപ്പനും കെ. ബാലകൃഷ്ണമേനോനും കൊച്ചിയിൽ മന്ത്രിമാരായി.

1946-ൽ മന്ത്രിമാരുടെ എണ്ണം നാലായി. ഓരോരുത്തർക്കും ഓരോ വകുപ്പുകൾ നല്കി. ആദ്യത്തെ ജനകീയമന്ത്രിസഭ എന്ന് ഇതിനെ വിശേഷിപ്പിക്കാം. പനമ്പള്ളി ഗോവിന്ദമേനോൻ, സി. ആർ. ഇയ്യുണ്ണി, കെ. അയ്യപ്പൻ, ടി. കെ. നായർ എന്നിവർ 1946 സെപ്തംബർ 9-ന് അധികാരമേറ്റു. സ്വാതന്ത്ര്യദിനത്തിനുതൊട്ടു തലേന്ന് (1947 ആഗസ്റ്റ് 14) പരിപൂർണ്ണ ഉത്തരവാദഭരണം സ്ഥാപിക്കുവാനും രാജാവ് തയ്യാറായി.

തിരുവിതാംകൂറിൽ, ഉത്തരവാദഭരണം പ്രഖ്യാപിക്കാൻ പിന്നെയും 20 ദിവസം കാത്തിരിക്കേണ്ടിവന്നു എന്നത് ചരിത്രം. പനമ്പള്ളി പ്രധാനമന്ത്രിയായി 1947 സെപ്തംബർ ഒന്നിന് അധികാരത്തിൽവന്ന മന്ത്രിസഭ ഒക്ടോബർ 22 വരെ തുടർന്നു. തുടർന്ന് ടി. കെ. നായർ പ്രധാനമന്ത്രിയായി. 1948 സെപ്തംബർ 20 വരെ അദ്ദേഹം തുടർന്നു. 1948-ൽ പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നു. കൗൺസിൽ, നിയമസഭയായി മാറുകയും ചെയ്തു. പൊതുതിരഞ്ഞെടുപ്പിനുശേഷം 1948 സെപ്തംബർ 20-ന് ഇക്കണ്ടവാര്യരുടെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചു. ഈ മന്ത്രിസഭ തിരുവിതാംകൂർ-കൊച്ചി സംയോജനംവരെ തുടരുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണത്തിൽ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നു 1800 മുതൽ മലബാർ ജില്ല. കാസർഗോഡ് താലൂക്ക് (ഇന്നത്തെ കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ അടങ്ങുന്ന കാസർഗോഡ് ജില്ല) മദ്രാസ് പ്രസിഡൻസിയിലെ സൗത്ത് കാനറാ ജില്ലയുടെ ഭാഗമായിരുന്നു. ബോംബെ പ്രസിഡൻസിയുടെ ഭാഗമായിരുന്ന സൗത്ത് കാനറാ ജില്ല 1882-ലാണ് മദ്രാസ് പ്രസിഡൻസിയിൽ ചേർത്തത്. 1909-ലെ ഇന്ത്യൻ കൗൺസിൽസ് ആക്ട് പ്രകാരം മദ്രാസ് ഗവർണ്ണറുടെ കൗൺസിലിലെ കൂട്ടിച്ചേർക്കപ്പെട്ട അംഗങ്ങളുടെ സംഖ്യ 42 ആയി വർദ്ധിപ്പിച്ചു. അതിൽ 1921 വരെ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. ഇതോടെയാണ് മലബാർ ഉൾപ്പെട്ട മദ്രാസ് പ്രസിഡൻസിയിൽ നേ



രിട്ടല്ലാത്തതാണെങ്കിലും ആദ്യ തിരഞ്ഞെടുപ്പ് നടന്നത്. 1919-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് അനുസരിച്ച് രൂപീകരിച്ച മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിൽ ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന 34 പേരും തെരഞ്ഞെടുക്കപ്പെടുന്ന 98 പേരും ഉൾപ്പെടെ 132 അംഗങ്ങൾ ഉണ്ടായിരുന്നു. 1921 ജനുവരി 9-ന് പ്രഥമ ലെജിസ്ലേറ്റീവ് കൗൺസിൽ ചേർന്നു. ഈ കൗൺസിലിലേക്ക് 1930 വരെ നാലു തെരഞ്ഞെടുപ്പുകൾ നടന്നു. ഒരു വർഷം 10 രൂപ നികുതി അടയ്ക്കുന്നവർക്കായിരുന്നു ജനറൽ നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിനുള്ള അവകാശം. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് അനുസരിച്ച് മദ്രാസ് പ്രവിശ്യയിൽ ദ്വിമണ്ഡല സംവിധാനം നിലവിൽവന്നു. ഇതോടെ ലെജിസ്ലേറ്റീവ് കൗൺസിലും ലെജിസ്ലേറ്റീവ് അസംബ്ലിയും രൂപീകൃതമായി. മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിൽ 31 നിയോജകമണ്ഡലങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 46 അംഗങ്ങളും ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന 810 വരെ അംഗങ്ങൾ ഉൾപ്പെടെ 5456 അംഗങ്ങളാണ് ഉണ്ടായിരുന്നത്. മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ 173 നിയോജകമണ്ഡലങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 215 അംഗങ്ങളാണുണ്ടായിരുന്നത്. 1937-ലെ ശ്രീ. സി. രാജഗോപാലാചാരി മന്ത്രിസഭയിൽ മലബാറിനെ പ്രതിനിധീകരിച്ച് ശ്രീ. കൊങ്ങാട്ടിൽ രാമൻമേനോൻ മന്ത്രിയായിരുന്നു. മദ്രാസ് സംസ്ഥാനത്ത് ഇന്ത്യൻ ഭരണഘടന പ്രകാരമുള്ള നിയമസഭയും ലെജിസ്ലേറ്റീവ് കൗൺസിലും ഒന്നാം പൊതുതെരഞ്ഞെടുപ്പിനുശേഷം 1952-ൽ നിലവിൽ വന്നു. ലെജിസ്ലേറ്റീവ് അസംബ്ലിയിൽ 309 നിയമസഭാ മണ്ഡലങ്ങൾ (375 സീറ്റ്) ഉണ്ടായിരുന്നു. പിന്നീട് കേരളത്തിന്റെ ഭാഗമായിത്തീർന്ന മലബാർ ജില്ലയും കാസർഗോഡ് താലൂക്കും ഉൾപ്പെടുന്ന ഭാഗത്ത് 27 നിയമസഭാ നിയോജകമണ്ഡലങ്ങൾ ഉണ്ടായിരുന്നു (31 സീറ്റ്). 1954-ലെ ഒന്നാം ഡീലിമിറ്റേഷൻ കമ്മീഷന്റെ ഉത്തരവ് പ്രകാരം ഇത് 31 നിയോജകമണ്ഡലങ്ങളായി (35 സീറ്റ്) ഉയർന്നു. നാലു നിയോജകമണ്ഡലങ്ങൾ ദ്വയാംഗമണ്ഡലങ്ങളായിരുന്നു.

തിരുവിതാംകൂർ കൊച്ചി സംയോജനം 1949 ജൂലൈ ഒന്നിനായിരുന്നു. തിരുവിതാംകൂറിലേയും കൊച്ചിയിലേയും നിയമനിർമ്മാണ സഭകളും ഒന്നായി. തിരുവിതാംകൂറിലെ പ്രധാനമന്ത്രി പറവൂർ ടി. കെ. നാരായണപിള്ള പുതിയ തിരു-കൊച്ചി മുഖ്യനായി. കൊച്ചിയിലെ മുഖ്യനായിരുന്ന ടി. എം. വറുഗീസ് നിയമസഭാ സ്പീക്കറുമായി. പറവൂർ ടി.



*ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കേരള സംസ്ഥാനത്തെ ആദ്യത്തെ മന്ത്രിസഭ*

കെ. യുടെ രാജിയെ (1951 ഫെബ്രുവരി 24) തുടർന്ന് മാർച്ച് മൂന്നിന് സി. കേശവൻ മുഖ്യനായി. അദ്ദേഹത്തിന്റെ മന്ത്രിസഭ 1952 മാർച്ച് 12 വരെ തുടർന്നു.

1951-ലെ പൊതുതിരഞ്ഞെടുപ്പിലൂടെ എ. ജെ. ജോൺ മുഖ്യമന്ത്രിയായി. മാർച്ച് 12-നാണ് അധികാരമേറ്റത്. 1953 സെപ്തംബർ 23-ന് അവിശ്വാസപ്രമേയത്തിലൂടെ അദ്ദേഹം പുറത്തായി. പിറ്റേന്നുതന്നെ നിയമസഭയും പിരിച്ചുവിട്ടു.

തുടർന്ന് 1954 ജനുവരിയിൽ നടന്ന തിരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്കും തനിയെ ഭൂരിപക്ഷം ലഭിച്ചില്ല. പട്ടം താണുപിള്ള കോൺഗ്രസ് സഹായത്തോടെ 1954 മാർച്ച് 16ന് മന്ത്രിസഭയുണ്ടാക്കി. പട്ടത്തിന്റെ പ്രജാസോഷ്യലിസ്റ്റ് പാർട്ടിക്ക് 19-ഉം കോൺഗ്രസ്സിന് 45-ഉം അംഗങ്ങളുണ്ടായിരുന്നു. 1955 ഫെബ്രുവരി 14 വരെ പട്ടം തുടർന്നു. തുടർന്ന് കോൺഗ്രസ്സിലെ പനമ്പിള്ളി ഗോവിന്ദമേനോൻ മുഖ്യമന്ത്രിയായി. 1956 മാർച്ച് 23 വരെ അദ്ദേഹം തുടർന്നു. ഭരണകക്ഷിയിലെ ആറ് അംഗങ്ങൾ രാജിവച്ചതിനാൽ, അദ്ദേഹത്തിന് തുടരാനായില്ല. നിയമസഭയും പിരിച്ചുവിടപ്പെട്ടു. ആദ്യമായി പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുന്നത് അന്നാണ്.

1956 നവംബർ ഒന്നിന് കേരളം രൂപീകൃതമായി. തിരുവിതാംകൂർ, കൊച്ചി, മലബാർ സംയോജനത്തോടെയാണ് കേരളം രൂപീകൃതമായത്. കേരളപ്പിറവിയിൽ നമുക്ക് നിയമസഭ നിലവിലില്ലായിരുന്നു എന്നത് കൗതുകകരമായ അനുഭവമാണ്. പ്രസിഡന്റ് ഭരണമായിരുന്നു അപ്പോൾ. കേരള സംസ്ഥാനത്തെ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പ് 1957 ഫെബ്രുവരി-മാർച്ച് മാസങ്ങളിലായിരുന്നു. 126 അംഗങ്ങൾ. ഏപ്രിൽ അഞ്ചിന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലേറി. ആർ. ശങ്കരനാരായണൻ തമ്പിയായിരുന്നു ആദ്യ സ്പീക്കർ. 1959 ജൂലൈ 31-ന് ഈ മന്ത്രിസഭയെയും നിയമസഭയെയും പ്രസിഡന്റ് പിരിച്ചുവിടുകയും പ്രസിഡന്റ് ഭരണം വീണ്ടും ഏർപ്പെടുത്തുകയും ചെയ്തു.

1960 ഫെബ്രുവരിയിലായിരുന്നു അടുത്ത പൊതുതിരഞ്ഞെടുപ്പ്. പട്ടം മുഖ്യമന്ത്രിയായി. കെ. എം. സീതി സാഹിബ് ആയിരുന്നു സ്പീക്കർ. അദ്ദേഹം പെട്ടെന്ന് നിര്യാതനായതോടെ സി. എച്ച്. മുഹമ്മദ് കോയ സ്പീക്കറായി. അദ്ദേഹം ഇടയ്ക്കുവെച്ച് രാജിവെച്ചതോടെ അലക്സാണ്ടർ പറമ്പിത്തറ സ്പീക്കറായി.

പഞ്ചാബ് ഗവർണറായി നിയമിതനായതോടെ പട്ടം സ്ഥാനം ഒഴിഞ്ഞു. തുടർന്ന് ആർ. ശങ്കർ മുഖ്യമന്ത്രിയായി. 1964-ൽ ആർ. ശങ്കർ മന്ത്രിസഭ അവിശ്വാസപ്രമേയം പാസ്സായതിനെ തുടർന്ന് ഒഴിയുകയും സെപ്തംബർ 10-ന് അസംബ്ലി പിരിച്ചുവിടുകയും വീണ്ടും പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുകയും ചെയ്തു. 1965-ൽ പൊതുതിരഞ്ഞെടുപ്പ് നടന്നെങ്കിലും ആർക്കും ഭൂരിപക്ഷമില്ലാത്തതിനാൽ, അസംബ്ലി രൂപീകരിച്ചില്ല. പ്രസിഡന്റ് ഭരണം 1967 വരെ നീണ്ടു.

1967 മാർച്ചിൽ നടന്ന തിരഞ്ഞെടുപ്പിൽ മുന്നണികൾ തമ്മിലായി മത്സരം. വീണ്ടും ഇ.എം.എസ്. മുഖ്യമന്ത്രിയായി. ഡി. ദാമോദരൻ പോറ്റിയായിരുന്നു സ്പീക്കർ. 1969 നവംബർ ഒന്നിന് മന്ത്രിസഭ രാജിവെച്ചു. തുടർന്ന് നിയമസഭാംഗമല്ലാതിരുന്ന, രാജ്യസഭാംഗമായിരുന്ന സി. അച്യുതമേനോൻ മുഖ്യമന്ത്രിയായി. 1970 ജൂൺ 26-ന് അസംബ്ലി പിരിച്ചുവിട്ട് പുതിയ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. സെപ്തംബർ 17-നായിരുന്നു തിരഞ്ഞെടുപ്പ്. വീണ്ടും അച്യുതമേനോൻ ഒക്ടോബർ 4-ന് മുഖ്യമന്ത്രിയായി. മൊയ്തീൻകുട്ടി ഹാജിയായിരുന്നു സ്പീക്കർ. സ്പീക്കർ രാജിവെച്ചതോടെ ആദ്യം ഡപ്യൂട്ടി സ്പീക്കറായിരുന്ന ആർ. എസ്. ഉണ്ണി സ്പീക്കറുടെ ചുമതല വഹിച്ചു. തുടർന്ന് ടി. എസ്. ജോൺ സ്പീക്കറായി. അടിയന്തിരാവസ്ഥാ



*ഇ.എം.എസ് നമ്പൂതിരിപ്പാട്* *ആർ. ശങ്കർ* *സി. അച്യുതമേനോൻ* *കെ.കരുണാകരൻ*

സമയമായതിനാൽ, അഞ്ചുവർഷ കാലാവധിക്കു ശേഷം 18 മാസംകൂടി അച്യുതമേനോൻ മന്ത്രിസഭ തുടർന്നു 1977 മാർച്ച് 22 വരെ.

1977 മാർച്ചിലെ തിരഞ്ഞെടുപ്പിൽ, കെ. കരുണാകരൻ മുഖ്യമന്ത്രിയായി. ചാക്കീരി അഹമ്മദ് കുട്ടിയായിരുന്നു സ്പീക്കർ. ഏപ്രിൽ 25-ന് കരുണാകരൻ രാജിവെച്ചു. എ. കെ. ആന്റണി മുഖ്യമന്ത്രിയായി. അദ്ദേഹം 1978 ഒക്ടോബർ 27-ന് രാജിവെച്ചു. തുടർന്ന് പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായി. അദ്ദേഹം 1979 ഒക്ടോബർ 7-ന് രാജിവെച്ചു. തുടർന്നുവന്ന സി.എച്ച്. മുഹമ്മദ് കോയ ഒക്ടോബർ 12-ന് സ്ഥാനമേറ്റു. ഡിസംബർ ഒന്നിന് രാജിവെക്കുകയും ചെയ്തു. അസംബ്ലി പിരിച്ചുവിടുകയും വീണ്ടും പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുകയും ചെയ്തു.

1980 ജനുവരി 21-ന് വീണ്ടും പൊതുതിരഞ്ഞെടുപ്പ് നടന്നു. ജനുവരി 25-ന് ഇ. കെ. നായനാർ മുഖ്യമന്ത്രിയായി. എ. പി. കുര്യനായിരുന്നു സ്പീക്കർ. 1981 ഒക്ടോബർ 20 വരെയേ അദ്ദേഹത്തിന് ഭരിക്കാനായുള്ളൂ. അദ്ദേഹം രാജിവച്ചതോടെ വീണ്ടും പ്രസിഡന്റ് ഭരണമായി-നിയമസഭ പിരിച്ചുവിട്ടിരുന്നില്ല. 1981 ഡിസംബർ 28-ന് കെ. കരുണാകരന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ രൂപീകരിച്ചു. എ. സി. ജോസായിരുന്നു സ്പീക്കർ. ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും 70 അംഗങ്ങൾ വീതമായിരുന്നു എന്നതാണതിന്റെ പ്രത്യേകത. സ്പീക്കറുടെ വോട്ടിനായിരുന്നു പ്രാധാന്യം. ഈ മന്ത്രിസഭയും പെട്ടെന്ന് അവസാനിച്ചു-മാർച്ച് 17-ന്. വീണ്ടും പ്രസിഡന്റ് ഭരണത്തിലായി സംസ്ഥാനം.

1982 മെയ് 19-നായിരുന്നു അടുത്ത പൊതുതിരഞ്ഞെടുപ്പ്. കെ. കരുണാകരൻ വീണ്ടും മുഖ്യമന്ത്രിയായി. വക്കം പുരുഷോത്തമനായിരുന്നു സ്പീക്കർ. വക്കം, ലോക്സഭാംഗമായതോടെ 1985 മാർച്ചിൽ വി. എം. സുധീരൻ സ്പീക്കറായി. 1987 വരെ ഈ മന്ത്രിസഭ തുടർന്നു. അഞ്ചുവർഷവും തുടർച്ചയായി ഭരിക്കാൻ ആ മന്ത്രിസഭയ്ക്ക് സാധിച്ചു.

അടുത്ത പൊതുതിരഞ്ഞെടുപ്പ് 1987 മാർച്ച് 23-നായിരുന്നു. എട്ടാം നിയമസഭയാണ് ആ തിരഞ്ഞെടുപ്പിലൂടെ രൂപീകൃതമായത്. മാർച്ച് 26-ന് ഇ. കെ. നായനാർ മുഖ്യമന്ത്രിയായി. വർക്കല രാധാകൃഷ്ണനായിരുന്നു സ്പീക്കർ. 1991 ഏപ്രിൽ 5-ന് കാലാവധി തീരുംമുമ്പേ ഈ മന്ത്രിസഭയും മാറി. 1991 ജൂൺ 12-നായിരുന്നു അടുത്ത തിരഞ്ഞെടുപ്പ്. ജൂൺ 21-ന് കെ. കരുണാകരൻ മുഖ്യമന്ത്രിയായി. ഒൻപതാം നിയമസഭയുടെ സ്പീക്കർ പി. പി. തങ്കച്ചനായിരുന്നു. 1995 മാർച്ച് 16-ന് കെ. കരുണാകരൻ രാജിവെച്ചു. തുടർന്ന് എ. കെ. ആന്റണി മുഖ്യമന്ത്രിയായി. പി. പി. തങ്കച്ചൻ മന്ത്രിയായതോടെ തേറമ്പിൽ രാമകൃഷ്ണൻ സ്പീക്കറായി. 1996 മെയ് 9 വരെ ആ മന്ത്രിസഭ തുടർന്നു.

പത്താം നിയമസഭ 1996 മെയ് 14-ന് നിലവിൽവന്നു. ഇ. കെ. നായനാരായിരുന്നു മുഖ്യമന്ത്രി. മെയ് 20-ന് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തു. എം. വിജയകുമാർ സ്പീക്കറായി. 2001 മെയ് വരെ ആ മന്ത്രിസഭ നിലവിലുണ്ടായിരുന്നു. തുടർന്ന് മെയ് 10-ന് പുതിയ തിരഞ്ഞെടുപ്പ് നടന്നു. പതിനൊന്നാം നിയമസഭ മെയ് 16-ന് നിലവിൽ വന്നു. എ. കെ. ആന്റണിയായിരുന്നു മുഖ്യമന്ത്രി. വക്കം പുരുഷോത്തമൻ സ്പീക്കറായി. 2004 ആഗസ്റ്റ് 29-ന് എ. കെ. ആന്റണി രാജിവെക്കുകയും 31-ന് ഉമ്മൻചാണ്ടി മുഖ്യമന്ത്രിയാവുകയും ചെയ്തു. വക്കം പുരുഷോത്തമൻ മന്ത്രിയായതിനെ തുടർന്ന്, തേറമ്പിൽ രാമകൃഷ്ണൻ സ്പീക്കറായി. പന്ത്രണ്ടാം നിയമസഭയിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2006 ഏപ്രിൽ 22, 29, മെയ് 3 എന്നീ ദിവസങ്ങളിൽ നടന്നു. മെയ്



*എ.കെ.ആന്റണി* *പി.കെ വാസുദേവൻനായർ* *സി എച്ച് മുഹമ്മദ് കോയ* *ഇ.കെ.നായനാർ* *വി എസ് അച്യുതാനന്ദൻ* *ഉമ്മൻചാണ്ടി*



*സ്പീക്കർമാർ: ആർ. ശങ്കരനാരായണൻ തമ്പി, കെ.എം.സീതിസാഹിബ്, സി.എച്ച് മുഹമ്മദ് കോയ, അലക്സാണ്ടർ പറമ്പിത്തറ, ഡി. ദാമോദരൻ പോറ്റി, മൊയ്തീൻകുട്ടി ഹാജി, ടി.എസ്.ജോൺ, ചാക്കീരി അഹമ്മദ് കുട്ടി, എ.പി. കുര്യൻ*

18-ന് വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായി. കെ. രാധാകൃഷ്ണനായിരുന്നു സ്പീക്കർ.

പതിമൂന്നാം നിയമസഭയാണ് ഇപ്പോൾ നിലവിലുള്ളത്. പൊതുതിരഞ്ഞെടുപ്പ് 2011 ഏപ്രിൽ 13-നായിരുന്നു. മെയ് 14-ന് പുതിയ നിയമസഭ നിലവിൽ വന്നു. മെയ് 18-ന് ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി. ജൂൺ 2-ന് ജി. കാർത്തികേയൻ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടര വർഷംകൊണ്ട് ഈ നിയമസഭാചരിത്രത്തിൽ സ്ഥാനംപിടിച്ചുകഴിഞ്ഞു. ചരിത്രപ്രസിദ്ധമായേക്കാവുന്ന 'സേവനാവകാശ നിയമം, യുവജന കമ്മീഷൻ നിയമം, ന്യൂനപക്ഷ കമ്മീഷൻ നിയമം, തുടങ്ങിയവ ഈ സഭ പാസ്സാക്കി. മറ്റൊരു പ്രധാന മാറ്റം സഭാനടപടികളുടെ പൂർണ്ണമായ 'വെബ്കാസ്റ്റിംഗ്' സാദ്ധ്യമാക്കിയതാണ്. ചോദ്യോത്തരസമയം മാത്രമേ ഇതുവരെ നേരിട്ടുള്ള സംപ്രേഷണം ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ എല്ലാ നടപടികളും വെബ്സൈറ്റിൽ ലഭ്യമാകുന്നു. കൂടാതെ, സഭാനടപടികൾ ആവശ്യാനുസരണം കാണുന്നതിനുള്ള 'വീഡിയോ ഓൺ ഡിമാന്റ്' സംവിധാനവും നിലവിൽവന്നു. സഭാനടപടികൾ കൂടുതൽ സുതാര്യമാകുകയാണ് ഇതുമൂലം സാധിക്കുന്നത്.

അഭിമാനകരമായ അനേകം നേട്ടങ്ങൾ ഈ 125 വർഷത്തെ പ്രവർത്തനംമൂലം സംസ്ഥാനത്തിനുണ്ടായിട്ടുണ്ട്. ദൂരവ്യാപകഫലങ്ങൾ ഉണ്ടാക്കുന്ന 1500 ഓളം നിയമങ്ങൾ ഈ സഭകൾ പാസാക്കിയിട്ടുണ്ട്. ഭൂപരിഷ്കരണ നിയമങ്ങൾ, വിദ്യാഭ്യാസ നിയമങ്ങൾ, വിവിധ വിഭാഗങ്ങൾക്കുള്ള സാമൂഹ്യസുരക്ഷ നിയമങ്ങൾ, ക്ഷേമനിധി നിയമങ്ങൾ തുടങ്ങി ഏറ്റവും പുതിയ സേവനാവകാശ നിയമം, യുവജന കമ്മീഷൻ നിയമം, ന്യൂനപക്ഷ കമ്മീഷൻ നിയമംവരെ ഇതിൽപെടുന്നു. മറ്റു സംസ്ഥാന നിയമസഭകൾക്കും പാർലമെന്റിനുതന്നെയും മാതൃകയായി സബ്ജക്ട് കമ്മിറ്റി രൂപീകരണം നടത്തിയത് നമ്മുടെ സഭയാണ്. മറ്റു സംസ്ഥാനങ്ങളിൽ ഇല്ലാത്ത വിവിധ വിഭാഗം ജനങ്ങൾക്കുള്ള ക്ഷേമസമിതികൾക്കും നമ്മുടെ സഭ രൂപംനല്കി. എല്ലാ സഭകളും ജനങ്ങളുടെ യഥാർത്ഥ പ്രതിഫലനമായിട്ടാണ് കാണപ്പെടുന്നത്.

ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനാണ് എപ്പോഴും സഭ ശ്രമിച്ചിട്ടുള്ളത്. ജനങ്ങളുടെ വികാരം പൂർണ്ണമായും പ്രതിഫലിപ്പിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് സഭാസമ്മേളനം സാക്ഷ്യം വഹിക്കുക. ഓരോ സഭയും ജനകീയ മുന്നേറ്റങ്ങളുടെ കഥയാണ് പറയുന്നത്.

നിയമനിർമ്മാണസഭക്ക് 125 വയസ്സ് പൂർത്തിയായി. എന്നതുകൊണ്ട് അതിന്റെ ചെറുപ്പം ഒരിക്കലും മായുന്നില്ല. ഓരോ ഇടവേളകളിൽ പുതിയതായി പുതിയ സഭ വരികയാണല്ലോ. അങ്ങിനെ എപ്പോഴും ചെറുപ്പം സൂക്ഷിക്കാൻ സാധിക്കുന്നു. ജനാധിപത്യത്തിന്റെ വിജയവും ഇവിടെയാണ്-ഒരിക്കലും പ്രായമാകാത്ത, ചെറുപ്പം സൂക്ഷിക്കുന്ന നിയമനിർമ്മാണ സഭ. ഇനിയും അനേകം വിപ്ലവകരമായ മാറ്റങ്ങൾക്ക് നമുക്ക് കാത്തിരിക്കാം.



*സ്പീക്കർമാർ: എ.സി. ജോസ്, വക്കം പുരുഷോത്തമൻ, വി.എം. സുധീരൻ, വർക്കല രാധാകൃഷ്ണൻ, പി.പി. തങ്കച്ചൻ, തേറമ്പിൽ രാമകൃഷ്ണൻ, എം. വിജയകുമാർ, കെ.രാധാകൃഷ്ണൻ, ജി. കാർത്തികേയൻ*

# പ്രവാസി ഭാരതീയ ദിവസ് 2014



**കെ. സി. ജോസഫ്**

7, 8, 9, 10, 11, 12, 13 കേരള നിയമസഭകളിൽ അംഗം.

2011 മുതൽ ഗ്രാമവികസനം, ആസൂത്രണം, സാംസ്കാരികം വകുപ്പു മന്ത്രി.

അന്താരാഷ്ട്ര മനുഷ്യവിഭവ സൂചികയിൽ കേരളത്തിന്റെ സ്ഥാനം വികസിത രാജ്യങ്ങൾക്കൊപ്പമാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിലുണ്ടായ മാറ്റങ്ങൾ വിശകലനംചെയ്താൽ കേരളത്തിലുണ്ടായ മാറ്റങ്ങൾ അത്ഭുതകരമാണെന്ന കാര്യം കാണാൻ കഴിയും. ഈ മാറ്റങ്ങളാണ് 'കേരള മോഡൽ' എന്ന പേരിൽ കേരളത്തിന്റെ വികസനം അന്താരാഷ്ട്ര തലങ്ങളിൽ ചർച്ചചെയ്യപ്പെടുവാൻ വഴിയൊരുക്കിയത്. ലോകം ശ്രദ്ധിച്ച 'കേരള മോഡൽ' സൃഷ്ടിക്കുന്നതിനു പിന്നിൽ പ്രവാസികളായ മലയാളികളുടെ അദ്ധ്വാനത്തിന്റെ ചരിത്രം വിസ്മരിക്കുവാൻ കഴിയുകയില്ല. മണിയോർഡർ എക്കണോമി എന്ന കേരളത്തിന്റെ സമ്പദ്ഘടനയാണ് കേരളത്തെ ആധുനീകമാക്കുന്നതിലും ഏറ്റവും പിന്നിൽ നിൽക്കുന്ന ഗ്രാമങ്ങളിൽപ്പോലും വികസനത്തിന്റെ വെളിച്ചമെത്തിക്കുന്നതിനും പ്രധാന പങ്കുവഹിച്ചത്.

തൊഴിൽതേടിയും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ അന്വേഷിച്ചും പിറന്ന നാടും ബന്ധുക്കളെയുംവിട്ട് അന്യദേശങ്ങളിൽ പോയി പണിയെടുക്കുവാൻ നിർബന്ധിതരാകുന്ന പ്രവാസി മലയാളികൾ കേരളത്തിന്റെ സമ്പദ്ഘടനയുടെ 'നട്ടെല്ലാണ്'. 70,000 കോടി രൂപയിലധികമാണ് അവർ കേരളത്തിലേക്ക് പ്രതിവർഷം അയയ്ക്കുന്നതെന്നാണ് ഇപ്പോൾ കണക്കാക്കുന്നത്. ഇതിൽ ഗണ്യമായ പങ്കും ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന സാധാരണക്കാരായ പ്രവാസിമലയാളികളുടേതാണെന്നതാണ് വസ്തുത.

സംസ്ഥാനത്തിന്റെ വികസനത്തിന്റെ മേഖലയിൽ മാറ്റങ്ങൾ പ്രകടമാണ്. കേരളത്തിന്റെ വികസനത്തിനും ക്ഷേമത്തിനും സമാധാനത്തിനും സംസ്ഥാന സർക്കാർ കൈക്കൊണ്ട ക്രിയാത്മക നടപടികളും സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഇച്ഛാശക്തിയും ഏവരുടെയും അംഗീകാരവും പ്രശംസയും നേടിയെടുത്തിട്ടുള്ളതാണ്. സംസ്ഥാന വികസനത്തിൽ വിദേശമലയാളികളുടെ സജീവമായ പങ്കാളിത്തം ഉറപ്പിക്കുന്നതിനും പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനും വേണ്ട പ്രവർത്തനങ്ങളും പദ്ധതികളുമാണ് സംസ്ഥാന സർക്കാർ നോർക്കവകുപ്പുവഴി നടപ്പി

ലാക്കിവരുന്നത്.

ഗൾഫ് രാജ്യങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വദേശിവത്ക്കരണം, പ്രത്യേകിച്ചും സൗദി അറേബ്യയിൽ നടപ്പിലാക്കിയ നിതാഖത്ത് നിയമം അവിടെ പണിയെടുക്കുന്ന കേരളീയർക്ക് വളരെ ആശങ്ക ഉളവാക്കിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഇടപെടൽമൂലം സൗദി സർക്കാരിൽനിന്നും ആറുമാസത്തെ സാവകാശം നേടിയെടുക്കുന്നതിനും ആ സമയംകൊണ്ട് അനേകരുടെ വിസകൾ ക്രമവൽക്കരിക്കുന്നതിനും ശിക്ഷകൂടാതെ എക്സിറ്റ് വിസ ലഭ്യമാക്കുന്നതിനും കഴിഞ്ഞതിനാൽ പ്രസ്തുത നിയമംകൊണ്ട് ഉണ്ടാകുമായിരുന്ന കനത്ത ആഘാതം ലഘൂകരിക്കുവാൻ കഴിഞ്ഞുവെന്നത് വളരെ വലിയ നേട്ടമായി കരുതുന്നു. എംബസിയിൽ രജിസ്റ്റർചെയ്ത എല്ലാവർക്കും എക്സിറ്റ് പെർമിറ്റ് ലഭിച്ചിട്ടില്ലെന്ന പരാതി പരിശോധിച്ച് നടപടി സ്വീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചു. നിതാഖത്ത് കർശനമാക്കിയതുമൂലം തിരികെ നാട്ടിലേക്ക് മടങ്ങിവരേണ്ടിവന്ന സൗദിയിലുള്ള മലയാളികൾക്ക് അവരുടെ സംശയങ്ങളുടെ ദുരീകരണത്തിനും എംബസിയുമായി ബന്ധപ്പെട്ടു ചെയ്യേണ്ട കാര്യങ്ങൾ, പുനരധിവാസം, എയർപോർട്ടിലെ ക്രമീകരണങ്ങൾ എന്നിവ 24 മണിക്കൂറും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ നോർക്ക കോൾ സെന്ററിൻെറ പ്രവർത്തനം 'ട്വന്റി ഫോർ ബൈ സെവൻ' സമ്പ്രദായത്തിലേക്ക് ദീർഘിപ്പിച്ചിരുന്നു. നിതാഖത്ത് മൂലം തിരികെയെത്തിയവരെ പുനരധിവസിപ്പിക്കുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതിയെത്തന്നെ സർക്കാർ നിയോഗിക്കുകയും പ്രസ്തുത സമിതി വിശദമായ പദ്ധതികൾക്ക് രൂപംനൽകുകയും ചെയ്തുകഴിഞ്ഞു. സർക്കാർ തീരുമാനപ്രകാരമുളള പുനരധിവാസ പാക്കേജിന്റെ തുടർ നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചു കഴിഞ്ഞു.

നിതാഖത്ത്മൂലം തിരികെയെത്തിയ പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും ആരംഭിച്ച നോർക്ക സഹായക കേന്ദ്രങ്ങളിൽ തിരികെയെത്തുന്നവരെ രജിസ്റ്റർ ചെയ്ത് അവരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയാണ് ഒരു സമാഹൃത വിവരസഞ്ചയം തയ്യാറാക്കിയത്. ഇവർക്കായി പ്രത്യേകം തയ്യാറാക്കിയിട്ടുളള പുനരധിവാസപദ്ധതികൾ രൂപീകരിക്കുന്നതിന് പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിട്ടുളളത്. സംസ്ഥാന സർക്കാരിന്റെ കണക്കുകൾ പ്രകാരം ഡിസംബർ 31 വരെ 19000 ത്തോളം പേർ എത്തിയിട്ടുണ്ട്.

പ്രവാസജീവിതംകഴിഞ്ഞ്തിരികെയെത്തുന്ന ഭൂരിഭാഗം പ്രവാസി മലയാളികൾക്കും മതിയായ സാമ്പത്തികഭദ്രത പ്രവാസജീവിതംകൊണ്ടു നേടാനാവാത്ത സാഹചര്യത്തിലും തിരികെയെത്തിയ ശേഷം നാട്ടിൽ കുടുംബവുമൊത്ത് ജീവിക്കുന്നതിന് ഒരു സുസ്ഥിരവരുമാനം കണ്ടെത്തുന്നതിനും ഒരു കൈ സഹായമെന്ന നിലയിലാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പ്രവാസി പുനരധിവാസ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി കൂടുതൽ വിപുലീകരിച്ച് പുനരധിവാസ പാക്കേജിന്റെ ഭാഗമായി നടപ്പാക്കുന്നതാണ്. ഇതിനായി സംസ്ഥാനത്ത് നിലവിലുള്ള സ്വയംസംരംഭകമേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ക്ഷീരവികസനം, മത്സ്യകൃഷി, ചെറുകിട വ്യാപാരം, പച്ചക്കറികൃഷി, കോഴിവളർത്തൽ, കാർഷികമേഖലയിലെ ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ തയ്യാറുള്ളവരും, ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും വിദേശത്ത് ജോലിചെയ്ത് മടങ്ങിയെത്തിയവരുമായ പ്രവാസികളും അത്തരം പ്രവാസികൾ ഒത്തുചേർന്ന് ആരംഭിക്കുന്ന സംഘങ്ങളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധനം ചെലവുവരുന്ന പദ്ധതികൾക്ക് സംസ്ഥാനത്തെ വാണിജ്യബാങ്കുകളിൽനിന്നോ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കെ.എഫ്.സി, കെ.എസ്.എഫ്.ഇ. തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളിൽനിന്നോ വായ്പകൾ അനുവദിക്കപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക് മൊത്തം മൂലധനത്തുകയുടെ 10% 'ബാക്ക് എൻഡ്' സബ്സിഡിയായി ബാങ്ക് വായ്പയിൽ ക്രമീകരിച്ചു നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പ്രസ്തുത പദ്ധതിയിൽ ലഭിച്ച അപേക്ഷകളെ കാർഷിക വ്യവസായം, കച്ചവടം, സേവനം, ഉത്പാദനസംരംഭം എന്നീ മേഖലകളിലായി തരംതിരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനകംതന്നെ കനറ ബാങ്കുമായി ചേർന്ന് പദ്ധതിയിൽ ഉൾപ്പെട്ട സംരംഭമായ ടാക്സി സർവ്വീസിന് 90% വായ്പ ലഭ്യമാക്കുന്ന ഒരു സ്കീം

വിഭാവനം ചെയ്ത് നോർക്ക റൂട്ട്സ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ചെറുകിട കച്ചവടം, ഉത്പാദന സംരംഭങ്ങൾ തുടങ്ങിയവയ്ക്ക് താത്പര്യമുള്ള സംരംഭകരെ കണ്ടെത്തി പദ്ധതി ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യത്തിന് പരിഗണിക്കാവുന്നവർക്ക് അനുയോജ്യമായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കാനറ ബാങ്കുമായി ചേർന്ന് പദ്ധതികൾ രൂപപ്പെടുത്തുന്നതിന് ചർച്ചകൾ ആരംഭിച്ചുകഴിഞ്ഞു.

കാർഷിക വ്യവസായ മേഖലയിൽ പദ്ധതികൾ ആരംഭിക്കുവാൻ താത്പര്യം പ്രകടിപ്പിച്ചുള്ളവർക്ക് കൃഷിവകുപ്പിൽ നിലവിലുള്ള പദ്ധതികളുമായി ഏകോപിപ്പിച്ച് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് സംരംഭകരെ സഹായിക്കുന്നതാണ്. ഇതിനുപുറമെ, ഗൾഫ് രാജ്യങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന പ്രവാസി മലയാളികളുടെ സഹായത്തോടെ നിതാഖത്ത് മൂലം തിരികെയെത്തുന്നവരെ തിരികെ അനുയോജ്യമായ ജോലിക്കായി വിദേശത്തുതന്നെ തിരികെ അയക്കുന്നതിനും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ താത്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകി Kerala State Entrepreneur Development Mission (KSEDM) മുഖാന്തിരം സ്വയംസംരംഭങ്ങൾ ആരംഭിക്കുന്നതിന് എല്ലാ സാഹചര്യങ്ങളും ധനസഹായവും അനുവദിക്കുന്നതാണ്.

തിരികെയെത്തിയ നിർദ്ധനരും രോഗികളുമായ പ്രവാസികളെ സഹായിക്കുന്നതിനായി രൂപീകരിച്ച സ്വാന്തനപദ്ധതിയിലെ സഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. പദ്ധതിയിൽ ഗുരുതര രോഗങ്ങൾക്കും വർദ്ധിപ്പിച്ച സഹായം ലഭ്യമാകും. ഈ പദ്ധതിയിൽ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള വാർഷിക വരുമാനം ഒരു ലക്ഷം രൂപയായി ഉയർത്തി. ഈ വർഷം ഇതുവരെ 1135 പേർക്ക് 365 ലക്ഷം രൂപ സഹായധനമായി സർക്കാർ അനുവദിച്ചുകഴിഞ്ഞു. വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ, നോർക്കയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ബഹ്റൈനിൽ ആരംഭിച്ച മാതൃകയിൽ നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിക്കുന്നതാണ്. പ്രവാസി മലയാളികൾ വിദേശരാജ്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാതൃകപരമായ ചുവടുവെയ്പ്പുകളാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതെന്ന കാര്യം ശ്രദ്ധേയമാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിർദ്ധനരായ പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'പ്രവാസി ലീഗൽ എയ്ഡ് സെൽ' എന്ന നിയമസഹായനിധിക്ക് രൂപം നൽകിക്കഴിഞ്ഞു. അതുപോലെതന്നെ ചെറിയകുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ കഴിയുന്നവർക്ക് നിയമസഹായം നൽകി മോചിപ്പിക്കാനും ശിക്ഷ പൂർത്തിയാക്കിയവരെ തിരികെ നാട്ടിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. ശിക്ഷ പൂർത്തിയാക്കിയവരെ നാട്ടിലെത്തിക്കുന്നതിന് സൗജന്യ വിമാനടിക്കറ്റ് നൽകുന്ന സ്വപ്നസാഫല്യം പദ്ധതിയും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.


ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങളിൽ മുതൽ മുടക്കാൻ പ്രവാസികൾക്ക് വളരെ താത്പര്യമുണ്ട്. ഇത്തരം കാര്യങ്ങളിൽ പ്രവാസികളെ കൈതാങ്ങുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി നോർക്ക വകുപ്പിന്റെ കീഴിൽ വ്യവസായ സംരംഭക സഹായക കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സമഗ്രമായ വികസനമാണ് കേരളം ആഗ്രഹിക്കുന്നത്. പ്രവാസി മലയാളികൾ ആഗ്രഹിക്കുന്നത് വികസനസ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനാണ്. സ്വദേശത്തേയും വിദേശത്തേയും മലയാളികൾ ഒന്നിച്ചുനിന്നാൽ കേരളത്തിന്റെ വികസനസ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇൻഫർമേഷൻ ടെക്നോളജി, ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം, ക്ഷീരവ്യവസായം തുടങ്ങി നിരവധി മേഖലകളിൽ പണം ലാഭകരമായി നിക്ഷേപിക്കാൻ പ്രവാസി മലയാളികൾക്ക് കഴിയും. കേരളം ഒരു നിക്ഷേപ സംരംഭ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യവും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ പ്രവാസികൾക്ക് കഴിയുമെന്നാണ് പ്രതീക്ഷ. വിദേശത്ത് ജീവിച്ച് കുടുംബത്തിനും നാടിനുംവേണ്ടി പണിയെടുക്കുന്ന ഭാരതീയരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും പുതിയ പദ്ധതികൾ രൂപംനൽകുന്നതിനും ഭാരത സർക്കാർ സംഘടിപ്പിക്കുന്ന 12-ാമത് പ്രവാസി ഭാരതീയ ദിവസ് വേദിയാകട്ടെയെന്ന് ആശംസിക്കുന്നു.

*(09.01.2014 ന് ന്യൂഡൽഹിയിൽ നടന്ന ഭാരതീയ പ്രവാസി ദിവസ് 2014 ചടങ്ങിൽ നടത്തിയ അദ്ധ്യക്ഷപ്രസംഗം)*

# FOCUS ON CARE GIVING AS FUNDAMENTAL TO JUVENILE JUSTICE






**ഡോ. എം.കെ. മുനീർ**

9, 10, 11, 13 കേരള നിയമസഭകളിൽ അംഗം.
2001-2006 കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്നു.
2011 മുതൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി.


My experience as Minister in charge of the Dept. of Social Justice, Govt. of Kerala is that the civil society has to intervene very seriously in matters concerning juvenile justice. The existing system very seriously lacks atmosphere for refinement of children put in juvenile homes. During a casual visit to a Juvenile Home in Trivandrum, I noticed that four children are sheltered in a large room. I saw amazing paintings and pictures drawn by one of the children on the walls of the room with a footnote – 'my life would be here so also my death'. After a few days I heard that he jumped out of the Home along with three other friends. His paintings had been brutally rubbed off by a caretaker. The care was taken away and the boy was not taken care of. Untrained and unskilled care givers who have least concern about the trauma or how to reform them are the defacto authorities of juvenile homes. A drastic change with strong community involvement is a felt necessity to come out of such a situation.

Article 15 (3) of the Constitution of India provides for provisions enabling the State for making special provision for children and Article 39 (e) & (f) provides for principles of policy to be followed by the State that the tender age of the children

are not abused and the children are given opportunities and facilities to develop in a healthy manner and in conditions of freedom and dignity and that childhood are protected against exploitation and against moral and material abandonment. Articles 45 and 47 provide for provisions for early childhood care and education to children below the age of 6 and duty of the State to raise the level of the nutrition and the standard of living and improve the public health.Holding that Juvenile Homes in the Country are not being run in a manner consistent with the spirit of Juvenile Justice Act. Justice Verma said, "there was a need to provide psychological, moral and educational support to juveniles." The Juvenile Justice System in India contemplates two categories of children viz those who are 'in conflict with law' and those 'in need of care and protection'.

Child in conflict with law is an individual under the age of 18 years who is alleged to have committed an offense. Child in need of care and protection is a child who is found without any home or settled place or abode and without any ostensible means of subsistence; who is found begging, a street child or working child; who resides with a person whether a guardian or not who has threatened to kill or injure the child or there is reasonable likelihood of the same and a child who is mentally or physically challenged or ill children or children suffering from terminal or incurable diseases having no one to support or look after or who has a parent or guardian who is unfit or incapacitated to exercise control over the child or abandoned child or a missing or run away child whose parents cannot be found or a child who is being or likely to be abused, tortured or exploited for the purpose of sexual abuse or other illegal acts or who is found vulnerable and is likely to be inducted into drug abuse or trafficking; or who is likely to be abused for unconscionable gains; or who is victim of any armed conflict, civil commotion or natural calamity. A child in need of care and protection can be produced before the Child Welfare Committee constituted by the State Government in terms of Juvenile Justice (Care and Protection of Children) Act, 2000 by persons referred to in Section 32 of the Act including any police officer, any public servant, registered voluntary Organisation or other voluntary Organisation or agency recognized by State Government or by any social worker or public spirited citizen or by the child himself. On being produced before the Committee if the Committee is of the opinion that the child so produced is in need of care and protection he be sent the child to the Children's Home or Shelter Home till suitable rehabilitation is found for him or till he attains the age of 18 years.

A highly structured emphasis on development of basic skills and individual counseling would address behaviors. It is important that family members are involved in rehabilitation of such children. The location of juvenile facilities far away from home community may further alienate children. There should be opportunity to raise the standard of care for youth by providing effective and focused care. The entire community has to play a constructive role in shaping the adolescent children as assets to the society. It is essential that valuable children are diverted away from crime at early stage so that youngsters in conflict with the legal system do not fall upon the hands of antisocial and terrorist organisations. The Government of Kerala has established a Child Rights' Commission in the State. Further a Hot Line for missing Children will start functioning in the State shortly. Govt. have already formed the Integrated Child Protection Society and as per the guide lines of ICPS. Constitution of State level, District level, Block level and Panchayat level Committees are mandatory for proper implementation of the Scheme for protection of children.


In terms of the Juvenile Justice (Care and Protection of Children) Act, 2000 the Government of Kerala has formulated the Kerala Juvenile Justice (Care and Protection of Children) Rules, 2003 providing for how a child is to be dealt with on being found to be a child in need of care and protection by the Child Welfare Committee. In terms of the Juvenile Justice (Care and Protection of Children) (Amendment Act, 2006), the Government of Kerala has established for every District in Kerala, Child Welfare Committees for exercising the powers and for discharging the duties conferred on such Committees in relation to child in need of care and protection under the Act. The Government of Kerala has provided Children's Home and Shelter Homes in every District and has provided assistance to various capable and reputed voluntary organizations to set up and administer Shelter Homes for Juveniles or Children. As provided under the Act the Government of Kerala is monitoring and evaluating the functioning of Children's Home so established. Further, the Government of Kerala has recognized certain voluntary organizations in each District as special adoption agencies for giving in adoption of children through Courts. The Government of Kerala has also taken steps for after-care- Organisation of the Juvenile or the child. The Government of Kerala has taken initiative to form Bala Sabha to instill civic duties and responsibilities in children. Today there are more than 50538 Bala Sabhas in the State having more than 9.25 lakhs children as members. The Government has also established special schools called 'Buds' for rehabilitation of physically and mentally challenged children. Under the Integrated Child Development Scheme (ICDS) about 33,000 Anganwadies are functioning throughout the State.

The existing juvenile justice system focused on correctional approach has been found to be not fully beneficial. Sometimes negative tendencies among such youth are often reinforced after a stint at juvenile homes. There fore focus should be on behavioural impulses. In short we have our Responsibility to Children. I am happy to declare here that the Social Justice Department, Govt. of Kerala has already taken a decision to start this programme - Our Responsibility to Children - to prevent our children from landing in Juvenile Homes in the State of Kerala. This will be introduced in ten schools in each District of the State. Actually, the State Govt. got the input for such a scheme from a casual study made on child offenders in certain Calicut based schools. The offences included abuse, theft and robbery, destruction of public property, association with criminal gangs etc. In 2010, the Calicut City Police arrested more than 60 teenagers involved in theft of motorbikes, gold, computers, mobiles and cash. Boys and girls alike included in these cases. The need of the hour is a safe and conducive environment for wholesome development of youth for which a community stake holder involvement is necessary. The Departments of Police, Education, Social Justice, NGOs, caring individuals, students, parents, teachers and those who directly involved will form the community stake holders. In close liaison with the local self government institutions, this will be implemented in the State and we hope that through this we are accepting and implementing the idea, Care giving is fundamental to Social Justice and Kerala is going to be yet another model for other Indian States.

*(Excerpts of the speech delivered at a function organised on Juvenile Justice at the High Court of Kerala. Mr. Justice Altamas Kabir, then Chief Justice of India, Justice P.Sathasivam, present Chief Justice of India, Shri. Oommen Chandy, Hon. Chief Minister of Kerala, Justice Smt. Manjula Chellur, Chief Justice of the High Court of Kerala, Justice Hema, Justice K.M.Joseph, Excecutive Chairman, KELSA and other dignitaries were present at the function.)*



# ദുരൂഹമരണം



ജി. സുധാകരൻ

10, 12, 13 കേരള നിയമസഭകളിൽ അംഗവും 2006-2011 കാലയളവിൽ സഹകരണം, കയർ, ദേവസ്വം വകുപ്പു മന്ത്രിയുമായിരുന്നു.

ഹന്ത ദുരൂഹമരണമേ!
*പി. ടി തൻ അന്ത്യംകുറിച്ച
ദുരൂഹമരണമേ!
പൊന്തിപ്പതഞ്ഞ വിവാദത്തിരകളിൽ
ഉന്തിയും തള്ളിയും നിൻ
നാമമെത്രയോ പീഡിതം!
ഇന്നു നീ ഉണ്ടായിരുന്നെങ്കിൽ
ജനസഞ്ചയം തോളിലേറ്റീടുന്ന വാദത്തെ
സത്യസമത്വ വാദത്തെ
സാമൂഹ്യവിപ്ലവത്തെ
ഉയർത്തുന്നൊരാവാദത്തെ
രണ്ടു കരവും ഉയർത്തി
വന്ദിക്കുന്നനിൻ കാഴ്ച
ഈ നാടു കാണുമാ കാഴ്ച
കണ്ടുല്ലസിച്ചനേയീ കേരളീയം!
നിന്റെ ഗംഭീരം ശിരസ്സും
മുടിമീശയും ഒത്തഗർവ്വും
സത്യസന്ധത തിങ്ങിയ
അത്യുന്നതം ഭാവ
ഗംഭീര രീതിയും,
തന്നെ എതിർക്കുകയും
താനെയെതിർക്കുകയും
ചെയ്തൊരാ കീഴാളവർഗ്ഗ
പ്രതിഭതൻ ഭാഗത്തു നിന്നു
നിന്നോമന പുത്രന്റെ
ഭാഗധേയം കണ്ടു നീ ചിരിച്ചീടവേ
ഹർഷപുളകിതരാകയോ
നിന്നുടെ നിത്യസ്മരണയെ
പുൽകുന്ന മാനുഷർ!

* പി.റ്റി. ചാക്കോയുടെ സ്മരണാർത്ഥം



# Luzern Delight




എം.വി. ശ്രേയാംസ് കുമാർ

12, 13 കേരള നിയമസഭകളിൽ അംഗം


ഏറ്റവും സുന്ദരമായ ഒരു കാഴ്ച. അതിൽനിന്ന് രണ്ട് വഴികൾ ഒരേ സമയം പിരിഞ്ഞുപോകും. ഒന്ന് തീവ്രമായ അനുഭൂതിയിലേക്ക്. മറ്റൊന്ന് അകാരണമായ വേദനയിലേക്കും. ഏകാന്തമായ യാത്രകൾക്കിടയിൽ എവിടെയോ ഒരിടത്ത് രണ്ടനുഭവങ്ങളും ഒരുപോലെ പകരുന്ന ഒരിടം നമ്മെ കാത്തിരിക്കുന്നുണ്ടാവും. അത് എവിടെയാണെന്ന് നമുക്കറിയില്ല. എപ്പോഴാണ് നാമവിടെ എത്തുകയെന്നും. എത്ര യാദൃച്ഛികമായിട്ടാണെങ്കിലും അവിടെ നാം എത്തിച്ചേരുക തന്നെ ചെയ്യും. ലുസേണിലെ ഈ താടാകക്കരയിൽ എത്തിച്ചേർന്നതിന് അല്ലെങ്കിൽ എന്താണ് വിശദീകരണം?

സ്വിറ്റ്സർലൻഡിൽ മുമ്പും പോയിട്ടുണ്ട്. സഞ്ചാരിയായും ഔദ്യോഗികാവശ്യങ്ങൾക്കും. ആരെയും വശീകരിക്കുന്ന സൗന്ദര്യം വാരിക്കോരി നൽകി പ്രകൃതി അനുഗ്രഹിച്ച രാജ്യം. സംസ്കാരം കൊണ്ടും നന്മകൊണ്ടും ഭാവനകൊണ്ടും ആ സൗന്ദര്യത്തെ ഇരട്ടിപ്പിക്കുന്ന ജനങ്ങൾ. സ്വിറ്റ്സർലൻഡ് ഭൂമിയിലെ സ്വർഗമാകുന്നത് മറ്റെവിടെയും ശരിയാവാത്ത ഈ അനുപാതം എങ്ങിനെയോ ശരിയായി വന്നതുകൊണ്ടാവണം. ഇന്ന് ലോകത്തെ എല്ലാ സഞ്ചാരികളുടെയും ലക്ഷ്യം ഒരിക്കലെങ്കിലും സ്വിറ്റ്സർലൻഡ് കാണുക എന്നതായിരിക്കുന്നു. അതിൽ അത്ഭുതമില്ല. സഞ്ചാരികളുടെ പറുദീസ എന്നൊക്കെ എല്ലാ രാജ്യങ്ങളും അവകാശപ്പെടുന്ന ബഹുമതിയാണെങ്കിലും അതിന് എല്ലാംകൊണ്ടും അർഹതയുള്ള രാജ്യം സ്വിറ്റ്സർലൻഡ്തന്നെയാണ്.

മഞ്ഞുമലകളുടെയും തടാകങ്ങളുടെയും നടുക്ക് തെക്കുവടക്കായി കിടക്കുന്ന ഒരു വലിയ താഴ്‌വരയെന്ന് സ്വിറ്റ്സർലൻഡിനെ വിശേഷിപ്പിക്കാം. കിഴക്കും പടിഞ്ഞാറും അതിരിടുന്ന മലനിരകൾ. മലകൾക്കിടയിൽ ചിലയിടത്തു വീതി കുറഞ്ഞും ചിലയിടത്ത് വീതി കൂടിയും കിടക്കുന്ന സമതലങ്ങൾ. അതിൽ ചിതറിക്കിടക്കുന്ന കായലുകളും നദികളും ചെറുനഗരങ്ങളും ഗ്രാമങ്ങളും. അവിടെ പശുവിനെ വളർത്തിയും കൃഷിചെയ്തും ജീവിക്കുന്ന ജനങ്ങൾ. ഓരോ സ്വിസ് ഗ്രാമവും ഒരു ഗോകുലംപോലെ. ഏതു ഗ്രാമത്തിലും കേൾക്കുന്നത് കുടമണിനാദങ്ങളാണ്. അത്രയേറെ പശുക്കൾ ഓരോ ഗ്രാമങ്ങളിലുമുണ്ട്. വർഷത്തിലേറെയും മഞ്ഞുമൂടിക്കിടക്കുന്ന നാടായിട്ടും അവർ പശുക്കളെ പോറ്റുന്നു. വേനലിൽ വെയിൽ തെളിയുമ്പോൾ പശുക്കളുമൊത്ത് മലമുകളിലെത്തുന്നു. ശീതകാലത്ത് എല്ലാ ശിഖരങ്ങളും മഞ്ഞിൽ മൂടുമ്പോൾ താഴ്‌വരകളിലേക്കിറങ്ങുന്നു.

സ്വിറ്റ്സർലൻഡിനു കുറുകെ യാത്രചെയ്യുന്നതുപോലെ സുന്ദരമായ അനുഭവം വേറെയില്ല. തടാകങ്ങളെയും മലകളെയും ചുറ്റിയും മുറിച്ചും കടന്നുപോകുന്ന രാജപാതകളിലൂടെ ഗ്രാമങ്ങളും പട്ടണങ്ങളും കടന്നുള്ള ഈ യാത്രയിൽ പ്രകൃതിയുടെ ധാരാളിത്തവും സൗന്ദര്യബോധവും കണ്ട് നാം അമ്പരന്നുപോകും. പുരാതനമായ മലമടക്കുകളിലൂടെയും കായലോരപാതകളിലൂടെയുമുള്ള സഞ്ചാരം, കലർപ്പില്ലാത്ത പ്രകൃതിയിലൂടെയുള്ള തീർത്ഥാടനമാണ്. മലമുകളിലെങ്ങും മഞ്ഞിന്റെ വെള്ളിക്കിരീടങ്ങൾ. കായലോരങ്ങളിൽ പച്ചപ്പിന്റെ സമൃദ്ധി. എവിടെയും വെള്ളം! നനച്ചെടുത്ത ഒരു സ്പോഞ്ചുപോലെയാണ് ഭൂമി. ഒന്നമർത്തി ചവുട്ടിയാൽ ഒരു നീരുറവയോ ഫൗണ്ടനോ പ്രത്യക്ഷപ്പെടുമെന്നു തോന്നിപ്പോകും. എവിടെ നോക്കിയാലും തടാകങ്ങളും അരുവികളും വെള്ളച്ചാട്ടങ്ങളും. എല്ലാം ശുദ്ധജലമാണ്. കൈക്കുമ്പിളിൽ കോരിക്കുടിക്കാം.

ചുണ്ണാമ്പുപാറകൾ നിറഞ്ഞ മലകളും അതു തുരന്ന് കടന്നുപോകുന്ന പാതകളും താണ്ടി തടാകങ്ങളെയും ഗ്രാമങ്ങളെയും വലംവെച്ച് മണിക്കൂറുകൾ ദീർഘിക്കുന്ന ഒരു യാത്രയായിരുന്നു അത്. സ്യൂറിക്കി (Zurich)ൽനിന്ന് ലുസേണിലേക്കുള്ള യാത്ര. ഈ യാത്രയാണ് സ്വിറ്റ്സർലൻഡിനെ അടുത്തറിയാൻ നിമിത്തമായത്. വഴിനീളെ തുരങ്കങ്ങളുള്ള പുരാതനമായ ഒരു പാതയിലൂടെയായിരുന്നു യാത്ര. തുരങ്കങ്ങളുടെ ഒരു രാജപാത എന്നു തോന്നിക്കുന്ന റോഡുതന്നെ വലിയ അനുഭവമാണ്. അമ്പതോ നൂറോ മീറ്റർ നീളമുള്ള ചെറിയ ടണലുകളും പത്തും ഇരുപതും കിലോമീറ്റർ നീളമുള്ള വലിയ തുരങ്കങ്ങളും ഇതിലുണ്ട്. മിക്കതിന്റെയും മുകളിൽ മരങ്ങൾ കാണാം. ഒരുപക്ഷെ, റോഡിന്റെ ലെവൽ വ്യതിയാനം വരാതിരിക്കാൻ ഗ്രീൻ ടോപ്പ് നഷ്ടപ്പെടുത്താതെ മരങ്ങൾക്ക് താഴെക്കൂടി തുരന്നെടുത്തതാവാം.

സ്വിറ്റ്സർലൻഡിലെ ഏറ്റവും വലിയ നഗരമായ സ്യൂറിക്കിൽ നാലുദിവസം തങ്ങിയശേഷമാണ് ഞങ്ങൾ ലൂസേണിലേക്ക് പുറപ്പെട്ടത്. സ്യൂറിക്ക് ഒരു സുന്ദരമായ അനുഭവമായിരുന്നു. ആൽപ്സിലേക്കുള്ള കവാടം എന്നാണ് സ്യൂറിക്ക് അറിയപ്പെടുന്നത്. മഞ്ഞുമലകളുടെ പശ്ചാത്തലത്തിൽ, വിശാലമായ ഒരു തടാകത്തിന്റെ കരയിൽ സ്ഥിതിചെയ്യുന്ന മൂന്നരലക്ഷംമാത്രം ജനസംഖ്യയുള്ള ഒരു മനോഹര നഗരം. 35 കിമീ ദൈർഘ്യമുള്ളതാണ് സ്യൂറിക്ക് തടാകം. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചും പല പ്രമുഖ കമ്പനികളുടെ ആസ്ഥാനങ്ങളുമുള്ള സ്യൂറിക്കിന് സ്വിറ്റ്സർലൻഡിന്റെ ധനകാര്യതലസ്ഥാനം എന്ന ഖ്യാതിയാണ് ഉണ്ടായിരുന്നത്. മുമ്പൊന്നും ഒരു സുഖവാസകേന്ദ്രമായി ഇത് അറിയപ്പെട്ടിരുന്നില്ല.

എന്നാൽ 1990-കൾക്കുശേഷം സഞ്ചാരികളെ ആകർഷിക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ ഏറെ നടന്നു. നൂറുകണക്കിന് ബാറുകളും റെസ്റ്റാറന്റുകളും ക്ലബുകളും തുറന്നു. നൈറ്റ്ലൈഫ് നിയമങ്ങൾ ഉദാരമാക്കി. വർഷത്തിലൊരിക്കൽ നടക്കുന്ന സ്ട്രീറ്റ് പാർട്ടി ആരംഭിച്ചു. ഇന്ന് അത് ലണ്ടൻ കാർണിവലിനേക്കാൾ ആകർഷണീയമായിരിക്കുന്നു. ഒരു വിനോദസഞ്ചാര കേന്ദ്രം എന്ന നിലയിൽ ഇന്ന് സ്യൂറിക്കിന്റെ പ്രശസ്തി ഏറെ ഉയരത്തിലാണ്. സ്വിറ്റ്സർലൻഡിലെത്തുന്ന ടൂറിസ്റ്റുകളിലധികവും ഇപ്പോൾ ആദ്യം വരുന്നത് സ്യൂറിക്കിലേക്കാണ്. വലിയ വിമാനത്താവളവും റെയിൽ നെറ്റ്‌വർക്കും ആൽപ്സ് മലനിരകളുടെ സാമീപ്യവും സ്യൂറിക്കിനെ സഞ്ചാരികളുടെ പ്രിയനഗരമാക്കുന്നു.

ആതിഥ്യംകൊണ്ട് നമ്മെ വശീകരിക്കുന്ന നഗരമാണ് സ്യൂറിക്ക്. ചെന്ന ദിവസം അതിഥേയർ ഞങ്ങൾക്കുവേണ്ടി ഇന്ത്യൻ ഭക്ഷണം കിട്ടുന്ന സ്ഥലംവരെ അന്വേഷിച്ചുവെച്ചിരുന്നു. എന്നാൽ എവിടെച്ചെന്നാലും അവിടത്തെ രുചികൾ പരീക്ഷിക്കുകയെന്നത് എന്റെ നിർബന്ധങ്ങളിലൊന്നാണ്. രുചികളിലൂടെ മാത്രമേ ഒരു രാജ്യത്തിന്റെ അഭിരുചികളറിയാനാവൂ. സ്വിസ് ഭക്ഷണം വേണമെന്നു

പറഞ്ഞപ്പോൾ അവർ ഞങ്ങളെ വലിയ ഒരു റെസ്റ്റാറന്റിൽ കൊണ്ടുപോയി. പ്രാചീനവും പുരാതനവും പ്രൗഢഗംഭീരവുമായ ഒരു റസ്റ്റൊറന്റ്. 400 വർഷമെങ്കിലും പഴക്കംകാണും അതിന്. വലിയ സ്പാനിൽ തൂണുകളില്ലാതെ കമാനാകൃതിയിലാണ് അതിന്റ നിർമ്മിതി. അതിലെ ശിൽപ്പകലാ വൈദഗ്ധ്യം ആരെയും വിസ്മയിപ്പിക്കും. സ്വിസ് ഭക്ഷണം ശരിക്കാസ്വദിച്ചത് ഇത്തവണയാണ്. നല്ല വെജിറ്റേറിയൻ ഭക്ഷണം. ഉരുളക്കിഴങ്ങുപയോഗിച്ചുള്ള പലതരം രുചിക്കൂട്ടുകൾ. പാരമ്പര്യഭക്ഷണങ്ങൾ. എല്ലാത്തിലുമെന്നപോലെ ഭക്ഷണത്തിലും അവർക്ക് അവരുടേതായ ഒരു ബെഞ്ച്മാർക്ക് ഉണ്ട്. ജീവിതച്ചെലവ് വളരെ കൂടുതലുള്ള നഗരമാണെങ്കിലും ഇന്ത്യൻ സഞ്ചാരികൾ ഈയിടെയായി ധാരാളം വരുന്നുണ്ട്. അതുകൊണ്ടുതന്നെ, ഇന്ത്യൻ ഭക്ഷണം കിട്ടുന്ന റെസ്റ്റാറന്റുകളും ധാരാളമുണ്ട്.

എല്ലാ പ്രായക്കാർക്കും പറ്റിയ നഗരമാണ് സ്യൂറിക്ക്. യുവാക്കളും പ്രണയമിഥുനങ്ങളും നിറഞ്ഞ തെരുവുകളിൽ ധാരാളം വൃദ്ധന്മാരെ ഞങ്ങൾ കണ്ടു. സന്ദർശകരാണ്. പേരമക്കളുമൊത്താണ് അവരുടെ വരവ്. വയസ്സ് വകവെക്കാതെ അവർ നഗരം ചുറ്റിസഞ്ചരിക്കുന്നു. കാഴ്ചകൾ ആസ്വദിക്കുന്നു. പ്രായമായവർക്ക് പ്രത്യേകം സൗകര്യങ്ങൾ നഗരത്തിലുണ്ട്. സ്യൂറിക്ക് ടൂറിസം സങ്കൽപ്പങ്ങളിൽ അങ്ങിനെ ഒരു ഊന്നൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുമയ്ക്കൊപ്പം പാരമ്പര്യവും ആ ഊന്നലിൽ ഉൾച്ചേർന്നിരിക്കുന്നു. അതാവണം, സൂറിക്കിലെവിടെയും പ്രൗഢഗംഭീരമായ പള്ളികൾ ഇപ്പോഴും കാലത്തെ അതിജീവിച്ച് നിലനിൽക്കുന്നു. കൗതുകമുള്ള കാര്യം എല്ലാ പള്ളികളിലും കാലത്തെ ഓർമ്മിപ്പിക്കുന്ന വലിയ ക്ലോക്ക് ടവറുകളുണ്ട് എന്നതാണ്. സ്വിറ്റ്സർലൻഡ് വാച്ചുകൾക്ക് ഖ്യാതികേട്ട രാജ്യമാണല്ലോ. ഒരു പള്ളിക്ക് മുകളിൽ കണ്ട ക്ലോക്കിന് ബിഗ് ബെന്നിനേക്കാൾ വലുപ്പമുണ്ടായിരുന്നു. കാലത്തെയും സമയത്തെയും ഓർമ്മിപ്പിച്ചുകൊണ്ട് ഘടികാരങ്ങൾ സദാ സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ഒരു നഗരം!

സ്വിറ്റ്സർലന്റിന്റെ വികസനസങ്കൽപ്പത്തെക്കുറിച്ചുകൂടി പറയണം. നദികളുടെയും കായലുകളുടെയും നാടായ ഇവിടെ പ്രകൃതിക്കോ പരിസ്ഥിതിക്കോ കോട്ടം വരുത്താത്ത വിധമാണ് എല്ലാ പദ്ധതികളും ആവിഷ്ക്കരിച്ചിരിക്കുന്നത്. ഒഴുകുന്ന വെള്ളത്തിൽപ്പോലും ജലവൈദ്യുതപദ്ധതികൾ കാണാം. അവിടത്തെ ഊർജ്ജോത്പാദനത്തിന്റെ 60 ശതമാനവും ഇത്തരം ചെറിയ ജലവൈദ്യുത പദ്ധതികളിലൂടെയാണ്. പുരോഗമനോന്മുഖമായ ഒരു വികസനസങ്കൽപ്പം അവർക്കുണ്ട് എന്നു സൂചിപ്പിക്കുന്നവയാണ് ഓരോ പദ്ധതികളും. ഏത് മേഖലയിലായാലും പെർഫെക്ഷനാണ് അവരുടെ മുഖമുദ്ര. അത് എങ്ങിനെയാണ് അവർ നേടുന്നത് എന്നറിയാനും ഈ യാത്രക്കിടെ അവസരമുണ്ടായി. യാത്രയിലെ രണ്ടുദിവസം ഔദ്യോഗികമായ ആവശ്യങ്ങൾക്ക് ഒരു കമ്പനിയിലും പോകേണ്ടതുണ്ടായിരുന്നു. അവരുടെ ക്ഷണംവരുന്ന സമയത്തുതന്നെ ഒരു കാര്യം ശ്രദ്ധിച്ചിരുന്നു. തങ്ങളുടെ സ്ഥാപനത്തിൽ ഇത്ര അപ്രന്റീസുകൾ ഉണ്ട് എന്ന ഒരു വാചകം. എന്താണ് അതിലിത്ര പ്രത്യേകത എന്ന് അത്ഭുതപ്പെട്ടു. അവിടെ ചെന്നപ്പോഴാണ് മനസ്സിലായത്, ഓരോ കമ്പനിയിലും നാലു വർഷമെങ്കിലും അപ്രന്റിസായി ജോലിചെയ്താൽമാത്രമേ അവിടെ എഞ്ചിനിയറിംഗ്പോലുള്ള ഉപരിപഠനത്തിന് അവസരം നൽകുകയുള്ളു. നമ്മുടെ നാട്ടിലെ എഞ്ചിനീയറിംഗ് പഠനരീതിയെക്കുറിച്ചോർത്ത് അപ്പോൾ സങ്കടം തോന്നി. പഠിക്കുന്ന സമയത്തെ ഒരു പ്രോജക്ട് വർക്കല്ലാതെ എന്തു പ്രായോഗികപരിശീലനമാണ് നമ്മുടെ എഞ്ചിനീയർമാർക്ക് ലഭിക്കുന്നത്? അപ്രിന്റീസ് എന്ന വാക്കിനുതന്നെ ആത്മാഭിമാനം നഷ്ടപ്പെട്ട നാടാണ് നമ്മുടേത്. എന്തിലും പൂർണ്ണതതേടുന്ന പരിശീലനമാണ് അവരുടെ വികസനത്തിന്റെ അടിത്തറ.

സ്യൂറിക്കിലെ പകൽനടത്തം അഹ്ലാദകരമായ ഒരനുഭവമായിരുന്നു. യാത്ര തടാകക്കരയിലൂടെയാണ്. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് പടർന്നുകയറുന്ന പാതകൾ. വേനലിലായിരുന്നു യാത്ര. നല്ല കാലാവസ്ഥ. എവിടെ നോക്കിയാലും പാലങ്ങളും ജലധാരകളും ഉല്ലാസനൗകകളും. 1200ലധികം ജലധാരകളുണ്ട് ഈ നഗരത്തിൽ. ഹെറിറ്റേജ് സൗധങ്ങളുടെ ഒരു പറുദീസ. മ്യൂസിയങ്ങളുടെയും ആർട്ട് ഗ്യാലറികളുടെയും തീയറ്ററുകളുടെയും നഗരം. സ്യൂറിക്കിലെ പൊലീസ് ആസ്ഥാനംപോലും ഒരു മ്യൂസിയത്തിന്റെ സ്വഭാവസവിശേഷതകളുള്ളതാണ്. അവിടെ ഞങ്ങൾ പോയി. മ്യൂസിയംപോലുള്ള പൊലീസ് ആസ്ഥാനം എന്നു കേട്ടപ്പോൾ തോന്നിയ കൗതുകം. വർണ്ണപ്പകിട്ടാർന്ന പെയിന്റിങ്ങുകളാണ് അതിന്റെ ചുമരുകൾ നിറയെ. പണ്ടാരോ ചെയ്തതാണ്. പൊലീസ് സ്റ്റേഷനുകൾ സൗഹാർദ്ദത്തിന്റെ സന്ദർശന കേന്ദ്രങ്ങളാക്കണമെന്ന ആശയത്തിന്റെ സാക്ഷാത്കാരം. എല്ലാം വളരെ കളർഫുൾ ആയ പെയിന്റിംഗ്സ്. എനിക്കാ നിറങ്ങൾ അത്ര ഇഷ്ടപ്പെട്ടില്ല. എങ്കിലും ആ കോൺസെപ്റ്റ് ഇഷ്ടപ്പെട്ടു.

സ്വിറ്റ്സർലന്റിലൂടെ സഞ്ചരിക്കുമ്പോൾ പല രാജ്യങ്ങളിലൂടെ കടന്നുപോകുന്നതുപോലെ തോന്നും. കാരണം, സംസ്ക്കാരങ്ങളുടെ സങ്കരഭൂമിയാണ് നാലു രാജ്യങ്ങളാൽ ചുറ്റപ്പെട്ട സ്വിറ്റ്സർലൻഡ്, ജർമ്മനി, ഇറ്റലി, ഫ്രാൻസ്, സ്പെയിൻ എന്നീ രാജ്യങ്ങൾക്ക് നടുക്ക്, ആൽപ്സിന്റെ മടിയിൽ കിടക്കുന്ന ഈ സുന്ദരഭൂമിയുടെ മനസ്സ് ജർമ്മൻ, ഫ്രഞ്ച്, ഇറ്റാലിയൻ എന്നിങ്ങനെ പലതായി വിഭജിക്കപ്പെട്ടാണ് കിടക്കുന്നത്. ഓരോ മേഖലയിലും ഭാഷയും സംസ്കാരവും ഭക്ഷണശീലംപോലും വ്യത്യസ്തമാണെന്നു കാണാം. സ്യൂറിക്ക് അതിൽ ജർമ്മൻ സ്വാധീനമുള്ള മേഖലയാണ്. ഞങ്ങളുടെ സുഹൃത്തും ഗൈഡുമായ തോമസ് ഓബ്നോർ ഒരു ജർമ്മൻകാരനായിരുന്നു. പതിവ് ജർമ്മൻകാരുടെ മുരടത്തരമില്ലാത്ത ഒരാൾ. ഞങ്ങൾക്കുവേണ്ടി സ്വിറ്റ്സർലൻഡിനെക്കുറിച്ച് എല്ലാം പഠിച്ചാണ് തോമസ് വന്നത്. ഒരാഴ്ചക്കാലം ഞങ്ങൾക്കൊപ്പം തോമസ് സ്വിറ്റ്സർലൻഡിൽ ചില വഴിക്കുകയും ചെയ്തു.

തോമസാണ് പറഞ്ഞത്, സ്യൂറിക്കിൽനിന്ന് ലൂസേണിലേക്ക് റോഡുമാർഗം ഒരു യാത്രപോകാം. അത് വലിയൊരനുഭവമായിരിക്കും. സത്യത്തിൽ ലൂസേൺ അതുവരെ ഞങ്ങളുടെ യാത്രാപ്ലാനിൽ ഉണ്ടായിരുന്നില്ല. തോമസ് അതു പറഞ്ഞപ്പോൾ പൊടുന്നനെ ഒരു കാര്യം ഓർമ്മവന്നു, സ്വിറ്റ്സർലന്റിലേക്ക് യാത്ര പുറപ്പെടുമ്പോൾ എവിടെയൊക്കെ പോകുന്നുണ്ടെന്ന് അച്ഛൻ ചോദിച്ചത്. സ്യൂറിക്കിൽ പോകുന്നുണ്ടെന്നു പറഞ്ഞപ്പോൾ എങ്കിൽ ലൂസേണിൽക്കൂടി പോകുന്നത് നന്നായിരിക്കുമെന്ന് അച്ഛൻ പറഞ്ഞു. 'ലോകത്തേറ്റവും സുന്ദരമായ സ്ഥലം എന്ന് പറയാൻ രണ്ടുവട്ടം ആലോചിക്കേണ്ടതില്ല. കഴിയുമെങ്കിൽ കാണുക. ഞാനും നിന്റെ അമ്മയുംകൂടി ഒരിക്കൽ അവിടെ പോയിട്ടുണ്ട്. ഇപ്പോൾ നീയും കവിതയും കൂടിയാണല്ലോ പോകുന്നത്. അതിനാൽ കഴിയുമെങ്കിൽ അവിടെ പോവുക.' അത്രമാത്രമേ അച്ഛൻ പറഞ്ഞുള്ളു.

തോമസിന്റെ വാക്കുകൾ പൊടുന്നനെ മനസ്സിൽ ഉടക്കി. അതൊരു നിയോഗംപോലെ തോന്നി. ലൂസേൺ വെറുമൊരു സ്ഥലമല്ല. അച്ഛൻ വെറുതെ നിർദ്ദേശിച്ചതുമല്ല. അച്ഛന്റെ ഓർമ്മക്കുറിപ്പുകളിൽ അതു വായിച്ചിട്ടുണ്ട്. മറന്നുപോയ ആ വരികൾ അപ്പോൾ എങ്ങിനെയെന്നറിയില്ല, ഒരു വെളിപാടുപോലെ ഓർമ്മയിലെത്തി. അമ്മയുമൊത്ത് ലൂസേണിൽ പോയതിന്റെ ഹൃദയസ്പൃക്കായ ആ വിവരണം ഏതാണ്ടിങ്ങനെയായിരുന്നു. അതിമനോഹരമായ സ്ഥലമാണ് ലൂസേൺ. നീലത്തടാകങ്ങൾ, പച്ചപുതച്ച താഴ്വരകൾ, ചുറ്റും മഞ്ഞുമലകൾ. പ്രകൃതി വരച്ച ഏറ്റവും റൊമാന്റിക്കായ ചിത്രംപോലെ അവിടെ എല്ലാംമറന്ന് പ്രകൃതിയിൽ ലയിച്ചുനിൽക്കെ അച്ഛൻ അമ്മയോട് ചോദിക്കുന്നു. 'ഇവിടെ നിൽക്കുമ്പോൾ എന്തുതോന്നുന്നു. ഇതൊക്കെ കാണാൻ സാധിച്ചതിൽ അഹ്ലാദം തോന്നുന്നില്ലേ?' അപ്പോൾ അമ്മ പറയുന്നു. 'എന്തോ, എനിക്കിപ്പോൾ ഇതിലൊന്നും അർത്ഥംതോന്നുന്നില്ല. ഇന്നു നിങ്ങളെന്റെ കൂടെയുണ്ട്. എന്നെ എവിടെയും കൊണ്ടുപോകുന്നുണ്ട്. എന്നാൽ ഞാനാഗ്രഹിച്ചപ്പോഴൊന്നും നിങ്ങൾ എന്റെകൂടെ ഉണ്ടായിരുന്നില്ല. നിങ്ങൾ ഓടിനടക്കുകയായിരുന്നു, രാജ്യസേവനവും രാഷ്ട്രീയവും സാമൂഹ്യപ്രവർത്തനവുമായി. അന്ന് ഞാനൊറ്റയ്ക്കായിരുന്നു. എന്റെ മകൻ മരിച്ചപ്പോഴായിരുന്നു എനിക്ക് നിങ്ങൾ കൂടെയുണ്ടാവണമെന്ന് ഏറ്റവും ആഗ്രഹം തോന്നിയത്. അന്നുപോലും നിങ്ങൾ എന്റെകൂടെ ഉണ്ടായിരുന്നില്ല. ഇപ്പോൾ ഇതൊന്നും ആസ്വദിക്കാൻ എനിക്കാവുന്നില്ല.' ഇടിമിന്നലെന്നപോലെ അച്ഛനെ അടിമുടി പൊള്ളിച്ച വാക്കുകളായിരുന്നു അത്. ഒരു വലിയ തിരിച്ചറിവിലേക്ക് വഴികാട്ടിയ വാക്കുകൾ. ജീവിതകാലം മുഴുവൻ നിഴൽപോലെ കൂടെ നടന്നവരെ നോക്കാൻ സമയംകണ്ടെത്താൻ കഴിയാതെപോയിട്ട് ഇപ്പോൾ ജീവിതത്തിന്റെ ആനന്ദങ്ങൾക്ക് നിറംമങ്ങിത്തുടങ്ങുന്ന സമയത്ത് ഇവിടെയൊക്കെ വന്നിട്ടെന്തുകാര്യം എന്ന അമ്മയുടെ ചോദ്യത്തിന് നൽകാൻ ഒരുത്തരവും അച്ഛനുണ്ടായിരുന്നില്ല. ബുദ്ധിയുടെയും ചിന്തയുടെയും ഉന്നതമായ ലോകത്തിന് പ്രായോഗികജീവിതത്തിന്റ സമസ്യകൾക്കുമുന്നിൽ ഉത്തരമില്ലാതാവുന്ന അവസ്ഥയുടെ നേരനുഭവമായിട്ടാണ് അച്ഛനാ രംഗം വിവരിച്ചിരിക്കുന്നത്.

എന്തുകൊണ്ടാണെന്നറിയില്ല, പൊടുന്നനെ ലൂസേണിലേക്ക് പോകണമെന്ന് എനിക്കു തോന്നി. ഉൽക്കടമായ ഒരാഗ്രഹം. അച്ഛനും അമ്മയും നിന്ന് സംസാരിച്ച സ്ഥലത്തുപോകണം. ആ തടാകക്കരയിൽ നിൽക്കണം. വെറുതെ, ഒന്നു കാണാൻ മാത്രം.

'എന്നാൽ നമുക്ക് കാറിൽ പോകാം.' തോമസ് പറഞ്ഞു. ആ തടാകക്കരയിലൂടെ പോകാൻ കാർയാത്രയാണ് നല്ലത്. സ്വിസ് ഗ്രാമങ്ങളിലൂടെ കടന്നുപോകുന്ന വളരെ പുരാതനമായ ആ വഴി അങ്ങനെയാണ് അദ്ദേഹം തിരഞ്ഞെടുത്തത്. സ്യൂറിക്ക് തടാകത്തിന്റെ കരയിലൂടെ നീളുന്ന വഴി.



35 കിലോമീറ്റർ നീളമുള്ള സ്യൂറിക്ക് തടാകവും പ്രാചീനമായ മുഖഭാവങ്ങളുള്ള ഒരു പട്ടണവും മനോഹരമായ നിരവധി ഗ്രാമദൃശ്യങ്ങളും പിന്നിട്ട് ലൂസേണിലേക്ക് നീളുന്ന വളഞ്ഞുപുളഞ്ഞ രാജപാത. തടാകങ്ങൾക്കു പിന്നാലെ തടാകങ്ങൾ. മലകൾക്ക് പിന്നാലെ മലകൾ. തുരുത്തുകൾക്കു പിന്നാലെ തുരുത്തുകൾ. തുരങ്കങ്ങൾക്ക് പിന്നാലെ തുരങ്കങ്ങൾ. എവിടെ നോക്കിയാലും ജലപാതങ്ങൾ. ശ്വാസമിടിപ്പുപോലും നിലച്ചുപോകുന്ന ലാൻഡ്സ്കേപ്പ്. ഇടയ്ക്കെപ്പോഴോ വഴി, തടാകം മുറിച്ചു കടക്കുന്നുണ്ട്. അപ്പുറം കടന്നപ്പോൾ അതാ, പിന്നെയും ഒരു തടാകം.

മണിക്കൂറുകൾ നീണ്ട യാത്രയ്ക്കൊടുവിൽ ലൂസേണിൽ ഞങ്ങളെത്തി. അച്ഛന്റെ വിവരണങ്ങൾക്കുമപ്പുറമുള്ള സൗന്ദര്യമുണ്ടായിരുന്നു ലൂസേണ്. ഇവിടെ വന്നില്ലെങ്കിൽ നഷ്ടമായേനെ എന്നുതോന്നി. തടാകവും മഞ്ഞുമലകളും മുട്ടിയുരുമ്മുന്ന സ്വർഗീയസൗന്ദര്യം വഴിയുന്ന ഭൂമി. സ്യൂറിക്കിനേക്കാളും ജനീവയേക്കാളുമൊക്കെ മനോഹരം. ഒരു പകലും രാത്രിയും ഞങ്ങൾ ലൂസേണിൽ ചിലവഴിച്ചു. നഗരവീഥികളിലും മലഞ്ചെരുവുകളിലും അലഞ്ഞുതിരിഞ്ഞു. കമനീയമായ പാലങ്ങളും പുരാതനമായ ഹെറിറ്റേജ് ഗൃഹങ്ങളും സന്ദർശിച്ചു. മ്യൂസിയങ്ങളും ഗ്യാലറികളും കണ്ടു. ലൂസേൺ സഞ്ചാരികളെ ഹൃദയംകൊണ്ടാണ് സ്വീകരിക്കുന്നത്.

അവ്യക്തമായ ഒരു വേദന അപ്പോഴെല്ലാം ഉള്ളിൽ തിങ്ങിനിന്നു. സുന്ദരമായ കാഴ്ച ഒരേ സമയം തീവ്രമായ അനുഭൂതിയിലേക്കും മനുഷ്യനെ നയിക്കുന്ന അനുഭവം ആദ്യമായി തിരിച്ചറിഞ്ഞു. തടാകക്കരയിൽ നിന്നപ്പോൾ മനസ്സ് വെറുതേ വിറകൊണ്ടു. അച്ഛനും അമ്മയും സംസാരിച്ചുനിന്നത് ഈ തടാകക്കരയിലെവിടെയോ ആവണം. തിരിച്ചറിവിന്റെ ഒരു മിന്നൽപ്പിണരിൽ വേദനിച്ച് അച്ഛൻ നിന്നത് ഇവിടെയാവണം. സ്വച്ഛസുന്ദരമായ ജലാശയത്തിൽ പോയകാലത്തിന്റെ വേദനകൾമാത്രം നിഴലിടുന്നത് നോക്കി നെടുവീർപ്പിട്ട് അമ്മ നിന്നതും ഇവിടെയാവണം. എനിക്കവിടെ കണ്ണുകളടച്ച് വെറുതെ നിൽക്കണമെന്നുതോന്നി. മുന്നിൽ കാലത്തിന്റെ നീലത്തടാകം. പിന്നിൽ മൗണ്ട് പീലാത്തിയൂസ്. ചുറ്റും ആൽപ്സിന്റെ ശിഖരങ്ങൾ. മേലേ വിങ്ങിപ്പൊട്ടാറായി നിൽക്കുന്ന മേഘങ്ങൾ. സാധാരണഗതിയിൽ ആരും വ്യാമുഗ്ദ്ധരായിപ്പോകുന്ന സ്ഥലം. പക്ഷെ മനസ്സ് അശാന്തമായിരുന്നു. എത്ര റൊമാന്റിക്കായ സ്ഥലത്തും മനുഷ്യന്റെ മനസ്സ് എങ്ങിനെയാണ് പെരുമാറുകയെന്നു പറയാൻ പറ്റില്ല. എല്ലാം പഠിച്ച അച്ഛനെ അദ്ദേഹം പഠിക്കാൻ മറന്നുപോയ ഒരുകാര്യം ഓർമ്മിപ്പിക്കാൻ വിധി കണ്ടുവെച്ച സ്ഥലം ഇതായിരുന്നു! ഇത്ര മനോഹരമായ സ്ഥലത്തുനിന്ന് പഠിക്കാൻ കഴിഞ്ഞതുകൊണ്ടാവുമോ പിന്നീട് കുറെക്കൂടി മികച്ച അച്ഛനാവാൻ അദ്ദേഹം ശ്രമിച്ചത് എന്നും ഇപ്പോൾ സംശയം തോന്നുന്നു. കാലം സുദീർഘമായ യാത്രകളിൽ നമ്മെ എവിടെയൊക്കെ കൊണ്ടുനിർത്തുന്നു. എന്തെല്ലാം പഠിപ്പിക്കുന്നു!

പൊടുന്നനെ ഉള്ളിൽ തിരതള്ളിവന്ന ഒരാന്തലോടെ ഞാൻ കവിതയെ ഒളികണ്ണിട്ട് നോക്കി. അവൾ തടാകത്തിലേക്കുനോക്കി നിൽക്കുകയായിരുന്നു. ഒന്നുംമിണ്ടാതെ. നിനക്കിപ്പോൾ എന്തു തോന്നുന്നു എന്നു ചോദിക്കാൻ അപ്പോൾ എനിക്ക് ധൈര്യംവന്നില്ല.

കടപ്പാട് *മാതൃഭൂമി-യാത്ര*, ജൂലൈ-ആഗസ്റ്റ് 2011.



# ചില്ലറ വ്യാപാരമേഖലയിലെ വിദേശനിക്ഷേപം നാടിന് ആപത്ത്



ഇ. പി. ജയരാജൻ
9, 13 കേരള നിയമസഭകളിൽ അംഗം.



ഇന്ത്യയിൽ കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽപേർക്ക് തൊഴിൽനൽകുന്നത് ചില്ലറ വ്യാപാരമേഖലയാണ്. സ്വയംതൊഴിൽ കണ്ടെത്തുന്നവർ നടത്തുന്ന പെട്ടിക്കട മുതൽ 20 തൊഴിലാളികൾവരെ ജോലിചെയ്യുന്ന കച്ചവടസ്ഥാപനങ്ങൾവരെ ഈ ഗണത്തിൽപ്പെടുന്നവയാണ്. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കാർഷികോല്പന്നങ്ങൾ, പലചരക്ക് സാധനങ്ങൾ, ഭക്ഷ്യവസ്തുക്കൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഗിഫ്റ്റ് ആർട്ടിക്കിൾസ് എന്നിവയെല്ലാമടങ്ങുന്ന ചെറുകിട വ്യാപാരമേഖല പത്തുകോടി ജനങ്ങളുടെ ജീവിതോപാധിയാണ്. 30 കോടിയിലധികം ഇടത്തരക്കാരായ ഉപഭോക്താക്കളുള്ള സുസജ്ജവും സുസ്ഥിരവുമായ വിപണന

ശൃംഖലയാണിത്. ലക്ഷക്കണക്കിന് കോടി രൂപയുടെ വിനിമയം നടക്കുന്ന നമ്മുടെ രാജ്യത്തിലെ ചില്ലറ വ്യാപാരമേഖല യഥേഷ്ടം വിദേശനിക്ഷേപത്തിന് തുറന്നുകൊടുക്കുവാൻ കേന്ദ്രഗവൺമെന്റ് തയ്യാറെടുക്കുകയാണ്. 121 കോടി ജനങ്ങളുള്ളതും പ്രതിവർഷം 21,60,000 കോടി രൂപയുടെ വ്യാപാരം നടക്കുന്നതുമായ ഇന്ത്യൻ ചില്ലറ വ്യാപാരമേഖല വിദേശകുത്തകകളെ വല്ലാതെ കൊതിപ്പിക്കുകയാണ്. അതിനാൽത്തന്നെയാണ് ഇന്ത്യയുടെ ചില്ലറ വ്യാപാരമേഖല ബഹുരാഷ്ട്രകമ്പനികൾക്ക് തുറന്നുകൊടുക്കണമെന്ന് ലോക വ്യാപാര സംഘടനയും ഐ.എം.എഫും നിരന്തരം ആവശ്യപ്പെടുന്നത്. അമേരിക്കയിലേയും യൂറോപ്യൻ രാജ്യങ്ങളിലേയും സാമ്പത്തികമാന്ദ്യം മറികടക്കുന്നതിനുള്ള തന്ത്രങ്ങളുമായി പ്രസിഡന്റ് ഒബാമയും ഫ്രഞ്ച് പ്രസിഡന്റായിരുന്ന നിക്കോളസ് സർക്കോസിയും ഇന്ത്യ സന്ദർശിച്ചപ്പോൾ അവർ മുന്നോട്ടുവച്ച പ്രധാന ആവശ്യം ചില്ലറ വ്യാപാരരംഗത്തെ വിദേശനിക്ഷേപത്തിന് അവരുടെ രാജ്യത്തെ വൻകിടകൾക്ക് അനുവാദം നൽകണമെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ഉല്പന്നംതന്നെ പല വിപണിയിൽ പല പേരിൽ വിൽക്കുന്ന മൾട്ടി ബ്രാന്റ് സമ്പ്രദായത്തിന് 51% വിദേശമൂലധനനിക്ഷേപം അനുവദിക്കുവാൻ ഇന്ത്യാ ഗവൺമെന്റ് തയ്യാറായിരിക്കുകയാണ്.

2007 മാർച്ചിൽ ചില്ലറ വ്യാപാരമേഖല വിദേശകുത്തകകൾക്ക് തുറന്നുകൊടുക്കുന്നതിന്റെ ഗുണദോഷഫലങ്ങൾ പഠിക്കുവാൻ കേന്ദ്രഗവൺമെന്റ് ഇന്ത്യൻ കൗൺസിൽ ഫോർ റിസർച്ച് ഓൺ ഇന്റർനാഷണൽ എക്കണോമിക് ക്രിയേഷൻസ് എന്ന ഏജൻസിയെ നിയോഗിക്കുകയുണ്ടായി. ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ എന്നീ വൻനഗരങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ പഠനറിപ്പോർട്ട് 2007 നവംബറിൽ കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. കുത്തകകൾ വന്നതോടെ വൻനഗരങ്ങളിലെ ചെറുകിട വ്യാപാരകേന്ദ്രങ്ങൾ പൂട്ടുകയാണെന്നും ഇത് സമ്പദ്‌വ്യവസ്ഥയെ ദോഷകരമായി ബാധിക്കുകയാണെന്നുമുള്ള റിപ്പോർട്ട് അംഗീകരിച്ച് നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകാതെ വന്നപ്പോൾ പാർലമെന്റിൽ ശക്തമായ പ്രതിഷേധം ഉയർന്നുവന്നു. അതിനെത്തുടർന്നാണ് റീട്ടെയിൽ രംഗത്തെ വിദേശ ആഭ്യന്തര നിക്ഷേപങ്ങളെക്കുറിച്ച് പഠിക്കുവാൻ ഡോ.മുരളീമനോഹർ ജോഷി ചെയർമാനായി ഒരു പാർലമെന്ററി സമിതിയെ നിയോഗിച്ചത്. 2009 ജൂൺ മാസം 8-ന് സമിതിയുടെ റിപ്പോർട്ട് രാജ്യസഭയിൽ സമർപ്പിക്കുകയുണ്ടായി. വിദേശനിക്ഷേപം മാത്രമല്ല, സ്വദേശി കുത്തകകളെക്കൂടി കാർഷികോൽപ്പന്നങ്ങൾ, പച്ചക്കറി, പഴവർഗ്ഗം, പലചരക്ക് ചില്ലറവ്യാപാരരംഗത്ത് പൂർണ്ണമായി നിരോധിക്കണമെന്നും വൻകിട ഷോപ്പിംഗ് മാളുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നുമാണ് സമിതി ശുപാർശചെയ്തത്. റീട്ടെയിൽരംഗത്ത് നേരിട്ടുള്ള വിദേശനിക്ഷേപം തൊഴിലിടങ്ങളിൽനിന്നും വൻതോതിൽ തൊഴിലാളികളെ തുടച്ചുനീക്കുകയാണ്. വൻകിട കമ്പനികളുടെ കടന്നുവരവ് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുകയും സാമ്പത്തികരംഗത്തെ സന്തുലനം തകർക്കപ്പെടുമെന്നും സമിതി മുന്നറിയിപ്പ് നൽകുന്നു. റീട്ടെയിൽ മേഖലയിൽ വ്യാപാരവിപുലീകരണത്തിനും ആധുനികവൽക്കരണത്തിനും സാമ്പത്തികസഹായപദ്ധതികൾ ആവിഷ്ക്കരിക്കുവാനും കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കുവാനും സമിതി ശുപാർശചെയ്തു. വൻകിട മാളുകളുടെ നിയമലംഘനങ്ങൾ തടയുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലങ്ങളിലും ചെറുകിട വ്യാപാരനിയന്ത്രണ അതോറിറ്റി രൂപീകരിച്ച് പ്രവർത്തിക്കണമെന്നും സമിതി ശുപാർശചെയ്യുകയുണ്ടായി. ഇതിനെയെല്ലാം അവഗണിച്ചുകൊണ്ട് ഇന്ത്യയിലെ ചെറുകിട വ്യാപാരികളെ തെരുവാധാരമാക്കുവാനുള്ള നയം നടപ്പിലാക്കുവാൻ ഗവൺമെന്റ് തയ്യാറെടുക്കുകയാണ്.

അമേരിക്കയിലും യൂറോപ്യൻ വിപണികളിലും കെട്ടിക്കിടക്കുന്ന ചരക്കുകൾ വൻകിട ഹൈപ്പർ മാർക്കറ്റുകളിലൂടെ ഇന്ത്യാക്കാരന്റെ തലയിൽ കെട്ടിവയ്ക്കപ്പെടും. സാധാരണക്കാർ ഉപയോഗിക്കുന്ന വിലകുറഞ്ഞതും ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങൾ ലഭ്യമാകുന്ന ഇന്ത്യയിലെ ചെറുകിടവിപണിയിൽ വിലകൂടിയ ബ്രാന്റുകൾ ആധിപത്യമുറപ്പിക്കും. ഏറ്റവും ചെറിയ കടകൾ മുതൽ ഇന്ത്യൻ നഗരങ്ങളിൽ സ്ഥിതിചെയ്യുന്ന വൻകിട വ്യാപാരസ്ഥാപനങ്ങളെന്ന് നാം കരുതുന്ന വാണിജ്യസമുച്ചയങ്ങളടക്കം അടച്ചുപൂട്ടും. 16,56,000 കോടി രൂപ വാർഷികവരുമാനമുള്ള വാൾമാർട്ടിനോട് പിടിച്ചുനിൽക്കാൻ ഇന്ത്യൻ കുത്തകകളായ വ്യാപാരശൃംഖലകൾക്കുപോലും കഠിനപ്രയത്നം നടത്തേണ്ടിവരും. അന്നന്നത്തെ ആഹാരത്തിനുവേണ്ടി പെട്ടിക്കടയിലും ഒറ്റമുറി പീടികയിലും തെരുവോരത്തും കച്ചവടംനടത്തുന്ന പാവപ്പെട്ട കച്ചവടക്കാരന്റെ ജീവിതം ശൂന്യത

യിലേക്ക് എടുത്തെറിയപ്പെടും. നമ്മുടെ കൊച്ചു കേരളത്തിന്റെ ആഭ്യന്തരവരുമാനത്തിന്റെ 23% വ്യാപാരമേഖലയിൽനിന്നാണ് ലഭിക്കുന്നത്. 0.5 ലക്ഷം മൊത്തവ്യാപാര സ്ഥാപനങ്ങളും 5.2 ലക്ഷം ചെറുകിട വ്യാപാരസ്ഥാപനങ്ങളും ഒരു ലക്ഷത്തോളം ഹോട്ടലുകളും കൂടാതെ പെട്ടിക്കടകളും തട്ടുകടകളും അടക്കമുള്ള ഇതരസ്ഥാപനങ്ങളും ചേർന്ന് 13 ലക്ഷത്തോളംപേരുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതോപാധിയാണ് കേരളത്തിലെ ചെറുകിട വ്യാപാരമേഖല. കേരളത്തിലെ ചില്ലറ വിൽപ്പന കമ്പോളം 10.8% വളർച്ചാനിരക്ക് കാണിക്കുന്നുവെന്ന് ഗവൺമെന്റിന്റെ കണക്കുകളും പഠനങ്ങളും വ്യക്തമാക്കുന്നു. അതിദ്രുതം വളരുന്ന ഈ മേഖലയെ വിദേശകുത്തകകൾക്ക് അടിയറവെയ്ക്കുന്നത് നമ്മുടെ സമ്പദ്ഘടനയുടെ നാഡീവ്യൂഹത്തെത്തന്നെ തളർത്തുന്ന നടപടിയായിരിക്കും.

കേന്ദ്രസർക്കാരിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായ കൗശിക്ബസുവിന്റെ നേതൃത്വത്തിലുള്ള പഠനസമിതി വിചിത്രമായ ഒരു കണ്ടെത്തൽ നടത്തിയിരിക്കുകയാണ്. ബഹുരാഷ്ട്രകമ്പനികൾക്ക് ചില്ലറ വ്യാപാരരംഗം യഥേഷ്ടം തുറന്നുകൊടുത്താൽ വിലക്കയറ്റവും നാണയപ്പെരുപ്പവും നിയന്ത്രിക്കാൻ കഴിയുമെന്നാണ് സമിതി കണ്ടെത്തിയിരിക്കുന്നത്. അമേരിക്കൻ കുത്തകയായ വാൾമാർട്ട്, യൂറോപ്പിലെ ഏറ്റവും വലിയ വിപണന ഗ്രൂപ്പായ കാരിഫോർ, ബ്രിട്ടീഷ് വ്യാപാരകുത്തക ടെസ്കോ, ജർമ്മൻ കമ്പനിയായ മെട്രോ എന്നിവ ഇന്ത്യൻ റീട്ടെയിൽ കമ്പനികളായ ഭാരതീ ഗ്രൂപ്പ്, റിലയൻസ്, ആദിത്യാ ബിർളാ ഗ്രൂപ്പ്, ടാറ്റാ, ഫ്യൂച്ചർ ഗ്രൂപ്പ്, സുഭിക്ഷ എന്നിവയുമായി സംയുക്ത സംരംഭങ്ങളുണ്ടാക്കി ഇപ്പോൾത്തന്നെ രാജ്യത്തെ ചില്ലറവിൽപ്പന മേഖലയിലെ ചെറിയൊരു ശതമാനം കൈപ്പിടിയിൽ ഒതുക്കിക്കഴിഞ്ഞിരിക്കുകയാണ്. ഇങ്ങനെയുള്ള സംഘടിത ചില്ലറ വില്പനമേഖല ഇന്ത്യയിൽ 40% വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

തുറന്ന വിപണിനയം പ്രയോഗിക്കുന്നതിലൂടെ ലാഭക്കൊതിയന്മാരായ ബഹുരാഷ്ട്ര ഭീമന്മാരുടെ കാൽകീഴിൽ ഞെരിഞ്ഞമർന്ന് ഇന്ത്യയിലെ ചില്ലറ വ്യാപാരരംഗം ചരമഗതി പ്രാപിക്കും. തകർന്നടിയാനും ജനസംഖ്യയുടെ 10%ത്തോളം വരുന്നവരും സ്വയംതൊഴിലിലൂടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നവരും രാജ്യത്തിന്റെ സാമ്പത്തികവളർച്ചയെ ദേശാഭിമാനബോധത്തിലൂടെ ക്രമീകരിക്കുന്നവരുമായ ഇന്ത്യൻ വ്യാപാരസമൂഹത്തിന് വിനയാകുന്ന ഈ നയപരിപാടി ഒരു പ്രകാരത്തിലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഇന്ത്യയിൽ ഇതിനകംതന്നെ സാമ്പത്തികമാന്ദ്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമാണ്. രണ്ട് ഘട്ടങ്ങളിലായി വികസനരാജ്യങ്ങളിൽ ഉണ്ടായ മാന്ദ്യവും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നടപ്പാക്കുന്ന പലിശനിരക്ക് വർദ്ധനവുകളും നിക്ഷേപത്തെയും വളർച്ചയെയും പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബഹുരാഷ്ട്ര കുത്തകകളായ ചില്ലറ വിൽപ്പനക്കാർക്ക് ഇന്ത്യൻ കമ്പോളം യഥേഷ്ടം തുറന്നുനൽകിയാൽ സാമ്പത്തികവളർച്ചയും തൊഴിലവസരങ്ങളും ഉണ്ടാവുകയില്ല. മറിച്ച് തളർവാതം പിടിപെട്ട് സമ്പദ്വ്യവസ്ഥയുടെ ശവക്കുഴി തോണ്ടലാകും ഫലം.



# ജനപ്രതിനിധിക്ക് മതപ്രതിനിധിയാകാൻ കഴിയുമോ ?



വി. ടി. ബലറാം
13-ാം കേരള നിയമസഭയിൽ അംഗമാണ്.

'ഹിന്ദു എം.എൽ.എ' എന്ന വിശേഷണത്തിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്ന് ദേവസ്വം ബോർഡ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞതായി വാർത്തകൾ വന്നതിനുശേഷം സംഘപരിവാർ ആഭിമുഖ്യമുള്ള ഹിന്ദുത്വവാദികളുടെ അതിരൂക്ഷമായ അസഭ്യവർഷങ്ങൾ സൈബർലോകത്ത് നടക്കുകയാണ്. ആർഷഭാരതസംസ്കാരത്തിന്റെ കാവലാളുകളായി നടിക്കുന്നവരുടെ യഥാർത്ഥ സംസ്കാരം എന്തെന്ന് ഒറ്റനോട്ടത്തിൽത്തന്നെ വെളിപ്പെടുത്തുന്ന തരത്തിലുള്ള ഭാഷാപ്രയോഗങ്ങളാണ് അവയിൽ ബഹുഭൂരിപക്ഷവും. പേരിനോടൊപ്പം സവർണ്ണ ജാതിപ്പേരുകൾകൂടി ചേർക്കുന്നവരാണ് ഇത്തരം കമന്റുകളിടുന്നവരുടെ വലിയൊരു ശതമാനമെന്നതും ശ്രദ്ധേയമാണ്. സൈബർലോകത്ത് വിഹരിക്കുന്നവരിൽ ഭൂരിഭാഗവും മദ്ധ്യവർഗ്ഗത്തിൽനിന്നുള്ളവരാണ് എന്നതുകൊണ്ട് നമ്മുടെ നാട്ടിലെ അരാഷ്ട്രീയവൽക്കരിക്കപ്പെട്ട മദ്ധ്യവർഗം അതിവേഗം ഹൈന്ദവതയുടെ പേരിലുള്ള സവർണ്ണതയെ വാരിപ്പുണരുകയാണെന്നുകൂടി ഇത്തരം പ്രതികരണങ്ങൾ സൂചിപ്പിക്കുന്നു.

ഞാൻ വിമർശിച്ചത് 'ഹിന്ദു എം.എൽ.എ' എന്ന രാഷ്ട്രീയ ശരികേടിനെയാണ്. മുസ്ലീം മന്ത്രി, ക്രിസ്ത്യൻ മുഖ്യമന്ത്രി, ഈഴവ പ്രതിപക്ഷ നേതാവ്, സിഖ് പ്രധാനമന്ത്രി എന്നിങ്ങനെ മതാന്ധത ബാധിച്ചവർ സൃഷ്ടിക്കുന്ന വർഗീയപദാവലികളോടും എന്റെ അഭിപ്രായം ഇതുതന്നെ. ഒരു മതേതരരാഷ്ട്രത്തിലെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നവർ പ്രതിനിധാനംചെയ്യുന്നത്, അവരവരുടെ വ്യക്തിപരമായ മതവിശ്വാസങ്ങളെയല്ല എന്ന രാഷ്ട്രശില്പി ജവഹർലാൽ നെഹ്രുവിന്റെ അഭിപ്രായമാണ് ഇക്കാര്യത്തിൽ നമുക്ക് സ്വീകാര്യമായിട്ടുള്ളത്. അതുകൊണ്ടുതന്നെ എന്റെ വ്യക്തിപരമായ മതവിശ്വാസവും (വിശ്വാസമില്ലായ്മയും) എം.എൽ.എ. എന്ന നിലയിലെ കർത്തവ്യനിർവ്വഹണവും തമ്മിൽ ഒരു ബന്ധവുമില്ല. വ്യത്യസ്ത ജാതിയിലും മതത്തിലും രാഷ്ട്രീയപ്പാർട്ടികളിലും ഉൾപ്പെട്ടവരും ഒന്നിലും ഉൾപ്പെടാത്തവരുമൊക്കെ വോട്ടുചെയ്ത് വിജയിപ്പിച്ച ഒരു വ്യക്തി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽപ്പിന്നെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെമാത്രം ആളായി മാറുന്നതാണ് യഥാർത്ഥത്തിൽ വിശ്വാസവഞ്ചന. രാഷ്ട്രീയപ്പാർട്ടിയുടെ ലേബലിൽ, അതിന്റെ ചിഹ്നത്തിൽ വോട്ടുതേടി വിജയിക്കുന്നതുകൊണ്ട് ജനപ്രതിനിധിയെ വേണമെങ്കിൽ ആ പാർട്ടിക്കാരനായി കാണാം. ആ അർത്ഥത്തിൽ എന്നെ 'കോൺഗ്രസ് എം.എൽ.എ' എന്നു വിളിക്കുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ അതിന്റെ പേരിൽപ്പോലും മറ്റുള്ള പാർട്ടിക്കാരോടും തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാത്തവരോടും അവഗണന കാണിക്കുകയോ അവർക്കർഹതപ്പെട്ടത് നിഷേധിക്കുകയോ ചെയ്യുന്നതും ഉചിതമല്ല. ജാതിയും മതവുമൊന്നും ജനപ്രതിനിധിയുടെ കർത്തവ്യനിർവ്വഹണത്തിന്

അത്രപോലും പരിഗണനാവിഷയമാവാൻ പാടില്ല. രണ്ടുവർഷത്തെ എന്റെ പ്രവർത്തനം വിലയിരുത്തുന്ന തൃത്താലയിലെ ജനങ്ങൾക്ക് ഇക്കാര്യം നന്നായിയറിയാം.

ദേവസ്വം ബോർഡ് തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യില്ല എന്ന ഒരു നിലപാടും ഞാനെടുത്തിരുന്നില്ല. എന്നാൽ ആ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ സാംഗത്യത്തെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാട് പാർട്ടി നേതൃത്വത്തോട് പങ്കുവെക്കുകയും കഴിയുമെങ്കിൽ വോട്ടുചെയ്യുന്ന സാഹചര്യത്തിൽനിന്ന് ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയുമായിരുന്നു ചെയ്തത്. എന്നാൽ നിയമസഭ ചേരുന്ന ആദ്യദിവസം തന്നെ തെരഞ്ഞെടുപ്പു വന്നതിനാലും വിശദമായ കൂടിയാലോചനകൾക്ക് സമയം കിട്ടാതിരുന്നതിനാലും തത്കാലം മുൻ നിശ്ചയപ്രകാരം പാർട്ടി വിപ്പ് അനുസരിച്ച് വോട്ടുചെയ്യണമെന്ന് നേതൃത്വം ആവശ്യപ്പെട്ടതനുസരിച്ചും അതനുസരിക്കാൻ നിയമപരമായി ബാദ്ധ്യതപ്പെട്ടയാൾ എന്ന നിലയ്ക്കും ഞാൻ വോട്ടുചെയ്തു എന്നതാണ് വസ്തുത. അഭിപ്രായങ്ങൾ പറയാനുള്ള അവസരങ്ങളിൽ അവ സധൈര്യം പറയുക, അതിന്റെയടിസ്ഥാനത്തിലുള്ള ആശയസംവാദങ്ങളെ മുന്നോട്ടുകൊണ്ടുപോകുക, എന്നാൽ പൊതുതീരുമാനങ്ങളെ അംഗീകരിക്കുക എന്ന പാർലമെന്ററി ജനാധിപത്യത്തിന്റെ സ്വാഭാവിക പ്രവർത്തനരീതി മനസ്സിലാകാത്ത ചിലരാണ് അതിനെതിരെ ബാലിശമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ സീറ്റ് കിട്ടുന്നതിനോ ജയിക്കുന്നതിനോ ഒരിക്കൽപ്പോലും ജനിച്ച വിഭാഗത്തിന്റെ പ്രത്യേകമായ ഒരു അഡ്രസും ഉപയോഗിക്കാത്തതിനാലും ആ സമുദായത്തിന്റെ പേരിലുള്ള സംഘടനയുടെ ആസ്ഥാനത്ത് ഒരിക്കൽപ്പോലും പോകാത്തതിനാലും അതിന്റെ നേതാവിനോട് ഫോണിൽപ്പോലും ഒരിക്കലും സംസാരിച്ചിട്ടില്ലാത്തതിനാലും എനിക്ക് സമുദായസംഘടനകളുടെ രാഷ്ട്രീയകാര്യങ്ങളിലുള്ള അമിതമായ ഇടപെടലുകളെ എതിർക്കുന്ന കാര്യത്തിൽ ഒരിക്കലും ഒരു മനഃസാക്ഷിക്കുത്തും അനുഭവിക്കേണ്ടിവന്നിട്ടില്ല. തെരഞ്ഞെടുപ്പുരംഗത്ത് ഏതൊരു വോട്ടറോടും ജാതിയോ മതമോ രാഷ്ട്രീയമോ നോക്കാതെ വോട്ട് അഭ്യർത്ഥിക്കാറുണ്ട്. എന്റെ എതിർസ്ഥാനാർത്ഥിയുടെ വീട്ടിൽപ്പോലും ഞാൻ പോയി വോട്ടു ചോദിച്ചിട്ടുണ്ട്. ഏതെങ്കിലും വോട്ടർ ഞാൻ ഒരു പ്രത്യേക സമുദായത്തിലെ അംഗമാണെന്ന് ധരിച്ചോ തെറ്റിദ്ധരിച്ചോ അതിന്റെ പേരിൽമാത്രം, എന്നെയോ എന്റെ രാഷ്ട്രീയത്തേയോ വിലയിരുത്താതെ, എനിക്കനുകൂലമായി വോട്ടുചെയ്തിട്ടുണ്ടെങ്കിൽ അത് ആ വോട്ടറുടെ രാഷ്ട്രീയപ്രബുദ്ധതയില്ലായ്മയെന്നു മാത്രമേ പറയാൻ കഴിയൂ. അങ്ങനെയുള്ള ആളുകളല്ല എന്റെ നാട്ടിലേതെന്ന് എനിക്കു നന്നായറിയാം.

എന്റെ വിശ്വാസമെന്നത് എന്റെ സ്വകാര്യതയുടെ ഭാഗമാണ്. എനിക്ക് ചില വിശ്വാസങ്ങളും കാഴ്ചപ്പാടുകളുമൊക്കെയുണ്ട്. അത് ഈ ഘട്ടത്തിൽ വിശദീകരിക്കേണ്ട കാര്യമില്ല. എന്നാൽ അതൊന്നും ഇന്നു നിലനിൽക്കുന്ന ഏതെങ്കിലും മതത്തിന്റെ ഭാഗമായുള്ളതല്ല. ആ അർത്ഥത്തിൽ ഞാനൊരു മതവിശ്വാസിയല്ല. എല്ലാ മതങ്ങളിലും നന്മയുടെ പ്രകാശകിരണങ്ങൾ കണ്ടെത്താൻ കഴിയുമെങ്കിലും പൊതുവിൽ ആധുനികലോകത്തിന്റെ വ്യത്യസ്തവും സങ്കീർണ്ണവുമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ ഏതെങ്കിലും മതത്തിന് കഴിയുമെന്ന കാര്യത്തിൽ എനിക്ക് പ്രതീക്ഷയില്ല. അതുകൊണ്ടുതന്നെ മതാചാരങ്ങളോട് സാമൂഹികാചാരങ്ങൾ എന്ന നിലയിലുള്ള പ്രതിപത്തിമാത്രമാണ് എനിക്കുള്ളത്. ആരാധനയുടെ ഭാഗമല്ലാതെതന്നെ അവയിൽ പലതിലും പങ്കെടുത്തുവരുന്നുമുണ്ട്. അവയിലെ അനാരോഗ്യകരമായ വശങ്ങളോട് പലപ്പോഴും വിയോജിപ്പ് തുറന്നുതന്നെ പ്രകടിപ്പിച്ചിട്ടുമുണ്ട്. അതാണ് ജനാധിപത്യത്തിൽ പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയപ്രവർത്തകന്റെ ചുമതല എന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ വിയോജിപ്പുകളോട് ആശയപരമായി സംവദിക്കാൻ കഴിവില്ലാതെ വരുമ്പോൾ എതിരാളിയുടെ മാതാപിതാക്കളുടെയൊക്കെ പേരുപറഞ്ഞ് അധിക്ഷേപവർഷം നടത്തുന്നവരുടെ ഹീനതയും സംസ്ക്കാരരാഹിത്യവുമോർത്ത് സഹതപിക്കാനേ കഴിയൂ. തങ്ങളുടെ വിശ്വാസങ്ങളിൽ ഒരു പ്രായത്തിനുശേഷം എന്റെ മേൽ അടിച്ചേൽപ്പിക്കാൻ എന്റെ മാതാപിതാക്കൾ ശ്രമിച്ചില്ല എന്നതിൽ ഒരു മകനെന്ന നിലയിൽ ഞാനഭിമാനം കൊള്ളുന്നു. എന്റെ കാഴ്ചപ്പാടുകൾ എന്റെ മക്കളിലേക്കും അടിച്ചേൽപ്പിക്കാതിരിക്കുക എന്ന നിലയിലാണ് അതിന് പ്രതിഫലം നൽകേണ്ടതെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ നാടിന്റെ സംസ്ക്കാരമാണ് 'ഹിന്ദുസംസ്ക്കാരം' എന്നതുകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അതിൽ ഞാനങ്ങേയറ്റം അഭിമാനിക്കുന്നു. എന്നാൽ അത് ഇന്ന് സംഘപരിവാർ ഉയർത്തുന്ന 'ഹിന്ദുത്വ'ത്തിൽനിന്ന് എത്രയോ വ്യത്യസ്തമാണ്.

നമ്മുടെ യഥാർത്ഥ സംസ്കാരത്തിന്റെ ഏറ്റവും വലിയ നന്മയായി കാണേണ്ടത് എല്ലാത്തരം അഭിപ്രായങ്ങളോടുമുള്ള സഹിഷ്ണുതയും അവയെ ഉൾക്കൊള്ളുന്നതിനുള്ള കഴിവുമാണ്. ചാർവാകരുടെ ദൈവനിഷേധവും യുക്തിവാദവുമടക്കമുള്ള ഒരുപാട് വ്യത്യസ്ത ആശയങ്ങളുടെ സൗഹാർദ്ദപരമായ സമന്വയത്തെ നമ്മുടെ പഴമയിൽനിന്ന് കണ്ടെടുക്കാനാകും. ബ്രാഹ്മണ ഹൈന്ദവതയേയും യാഗങ്ങളടക്കമുള്ള യജ്ഞ സംസ്ക്കാരത്തിലൂന്നിയ അതിന്റെ അധീശയുക്തിയേയും നിഷേധിച്ചുകൊണ്ട് വളർന്നുവന്ന ബൗദ്ധ, ജൈന പാരമ്പര്യവും നമ്മുടെ സംസ്കാരത്തിന്റെ ഭാഗംതന്നെയാണ്. നമ്മുടെ സാംസ്കാരികപാരമ്പര്യത്തിൽനിന്ന് നാം ആവേശത്തോടെ സ്വീകരിക്കേണ്ടതും ഇന്നത്തെ സാഹചര്യത്തിൽ ഉയർത്തിപ്പിടിക്കേണ്ടതും ബഹുത്വത്തെ അംഗീകരിക്കാനുള്ള ഈയൊരു മനോഭാവമാണ്. ഒരു ബഹുമതസമൂഹത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്തം കാട്ടേണ്ടത് എണ്ണത്തിൽ കൂടുതലുള്ളവതന്നെയാണെന്ന കാര്യത്തിൽ സംശയമില്ല.

എന്നാൽ മറ്റേതൊരു സംസ്ക്കാരത്തേയും പോലെ നമ്മുടേതിനും നല്ലതും ചീത്തയുമായ വശങ്ങളുണ്ട്. നമ്മുടേതെല്ലാം ശരി, പഴയതെല്ലാം മഹത്തരം എന്നൊക്കെയുള്ള മനോഭാവങ്ങൾ കപടവും അടിസ്ഥാനരഹിതവുമായ ചരിത്രനിഷേധങ്ങളാണ്. പഴമയെ കാൽപ്പനികവൽക്കരിച്ച് അതിന്റെ മറവിൽ ചരിത്രത്തിലെ ക്രൂരമായ നീതിനിഷേധങ്ങളെ മൂടിവെക്കാനുള്ള വ്യഗ്രത മതപുനരുത്ഥാനത്തിന്റെ സ്വഭാവമാണ്. നാം കൈവരിച്ച നവോത്ഥാനമൂല്യങ്ങളുടെ നേരെ എതിർദിശയിലാണ് ഈ പുനരുത്ഥാനത്തിന്റെ ഗതി. പഴമയുടെയും സംസ്കാരത്തിന്റെയും പേരിൽ അടിച്ചേൽപ്പിക്കപ്പെടുന്ന സവർണ്ണത തിരിച്ചറിയാൻ അവയുടെ ഇരകളായിരുന്ന അവർണ്ണ, പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർക്കുപോലും കഴിയുന്നില്ല എന്നയിടത്താണ് മതവാദികൾ വിജയിക്കുന്നത്. അങ്ങനെയാണ് 'വിശാല ഹിന്ദു ഐക്യം'പോലുള്ള മുദ്രാവാക്യങ്ങൾക്ക് സംഘപരിവാറിന്റേയും ജാതി സംഘടനകളുടേയും കാർമ്മകത്വത്തിൽ കളമൊരുങ്ങുന്നത്. ഹിന്ദു സംസ്കാരത്തിന്റെ പേരിൽ ആക്രമോത്സുക രാഷ്ട്രീയ പ്രത്യയശാസ്ത്രമായ 'ഹിന്ദുത്വം' പ്രചരിപ്പിക്കുന്ന മോഡിയിസ്റ്റുകളും ഇസ്ലാമിന്റെ പേരിൽ മതരാഷ്ട്രവാദം പ്രചരിപ്പിക്കുന്ന ഇസ്ലാമിസ്റ്റുകളും ഉയർത്തുന്ന ഇടുങ്ങിയതും കാലഹരണപ്പെട്ടതും അപകടകരവുമായ കാഴ്ചപ്പാടുകളെ തുറന്നെതിർക്കുകയെന്നത് ജനാധിപത്യ, മതേതരവിശ്വാസങ്ങൾ പുലർത്തുന്ന ഏതൊരാളുടേയും ചുമതലയാണ്.

ഇത്തരം കാര്യങ്ങൾ തുറന്നുപറയുന്നതുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിൽ തോൽപ്പിക്കുമെന്നാണ് ചിലരുടെ ഭീഷണി. ഞാൻ 'ഹിന്ദു'ക്കൾക്കെതിരെ സ്ഥിരമായി വിമർശനമുന്നയിക്കുന്നെന്നും അത് മുസ്ലീം വോട്ടുബാങ്ക് ലക്ഷ്യംവെച്ചിട്ടാണെന്നുമാണ് അവരുടെ വാദം. അങ്ങനെയാണെങ്കിൽ ഈ 'ബുദ്ധി' ബാക്കിയെല്ലാവരും സ്വീകരിക്കാത്തതെന്തേ എന്ന മറുചോദ്യമൊന്നും അവർക്ക് പ്രസക്തമല്ല. ജനങ്ങളെ മനുഷ്യരായല്ല, മറിച്ച് ജാതിയുടേയും മതത്തിന്റേയുമൊക്കെ അടിസ്ഥാനത്തിലേ അവർക്ക് കാണാൻ കഴിയൂ എന്നതാണ് യഥാർത്ഥപ്രശ്നം. ഹിന്ദുക്കളെ ആക്ഷേപിച്ചാൽ അതിന്റെ പേരിൽ ആഹ്ലാദിക്കുന്നവരാണ് മുസ്ലീങ്ങളെന്നതും തിരിച്ചും ഇരുഭാഗത്തുമുള്ള മതഭ്രാന്തന്മാരുടെ വികലബുദ്ധിയുടെമാത്രം ഭാവനയാണ്, എനിക്കാതെറ്റിദ്ധാരണയില്ല. വെറും 3200 വോട്ടിന്റെമാത്രം നേരിയ ഭൂരിപക്ഷമുള്ള എന്റെ മണ്ഡലത്തിൽ ഏതെങ്കിലും ഒരു സമുദായംമാത്രം വിചാരിച്ചാൽ തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിച്ചേക്കാമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് മതാന്ധതയ്ക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയുമൊക്കെ പല ഘട്ടങ്ങളിലും നിലപാടുകളെടുക്കുന്നത്.

അതുകൊണ്ടുതന്നെ മതവാദികളോട് വിനീതമായി പറയട്ടെ, എനിക്ക് ഹിന്ദുക്കളുടെ വോട്ടുമതി, ഹിന്ദുത്വവാദികളുടെ വോട്ടു വേണ്ട, മുസ്ലീങ്ങളുടെ വോട്ടു മതി ഇസ്ലാമിസ്റ്റുകളുടെ വോട്ടുവേണ്ട. ക്രിസ്ത്യാനികളുടെ വോട്ടു മതി അവരിലെ വർഗ്ഗീയവാദികളുടെ വോട്ടു വേണ്ട. നമ്പൂതിരിയും നായരും ഈഴവനും മറ്റു പിന്നോക്കക്കാരും മുസ്ലീങ്ങളും ക്രിസ്ത്യാനികളും മതരഹിതരുമൊക്കെ വോട്ടുചെയ്താണ് എന്നേപ്പോലെ ഒരു പുതുമുഖം തെരഞ്ഞെടുപ്പിൽ ജയിച്ചത്. തൃത്താലയുടെ നല്ല ഭാവിയാണ് അവരെയെല്ലാം അങ്ങനെയൊരു തീരുമാനത്തിനു പ്രേരിപ്പിച്ചത്. അഞ്ചുവർഷത്തിനൊടുവിൽ ആ പ്രതീക്ഷ ഒരു ജനപ്രതിനിധയെന്ന നിലയിൽ സഫലീകരിക്കാൻ എനിക്കു കഴിഞ്ഞാൽ അവർ വീണ്ടും എനിക്ക് വോട്ടുചെയ്തുകൊള്ളും. കേരളത്തിലൊട്ടാകെ സാമൂഹ്യമാറ്റത്തിന്റെ സിംഹഗർജ്ജനം മുഴക്കിയ വി.ടി. ഭട്ടതിരിപ്പാടിന്റെ *കിനാവും കണ്ണീരും* ഇന്നും ഹൃദയത്തിൽ സൂക്ഷിക്കുന്ന തൃത്താലയുടെ മണ്ണിന് ആ രാഷ്ട്രീയ പ്രബുദ്ധത കൈമോശം വരില്ല.

# ജീവിതം എന്നെ എന്തു പഠിപ്പിച്ചു?



**എം. കെ.സാനു**
8-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

പണ്ടൊരിക്കൽ വായിച്ച ഒരുപുസ്തകത്തിലെ ആശയങ്ങൾ പലതും എന്റെ മനസ്സിൽ ഇപ്പോഴും തങ്ങിനില്ക്കുന്നു. *ജീവിതം എന്നെ എന്തു പഠിപ്പിച്ചു?* (*What Life Has Taught Me*) എന്ന പുസ്തകമാണത്. 1948-ൽ പ്രകാശിതമായ ആ പുസ്തകത്തിൽ ഇരുപത്തഞ്ചു പേരുടെ ലേഖനങ്ങളുണ്ട്. ജീവിതത്തിന്റെ വിഭിന്ന മേഖലകളിൽ പ്രവർത്തിച്ച് തനതു വൈഭവം വെളിപ്പെടുത്തിയതാണവരെല്ലാവരും. വാർദ്ധക്യസീമകളിലെത്തിയ അവർ സ്വയം തിരിഞ്ഞുനോക്കി, സ്വന്തം ജീവിതത്തിൽ കണ്ടതും അനുഭവിച്ചതും പഠിച്ചതുമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, ആ വലിയ ചോദ്യത്തിന് ഉത്തരംനല്കുന്നു: 'ജീവിതം എന്ത് പഠിപ്പിച്ചു?'- അതൊരു വലിയ ചോദ്യമാണെന്നറിഞ്ഞുകൊണ്ടുതന്നെയാണ് എഡിറ്ററായ സർ ജെയിംസ് മർച്ചന്റ്, കെ.ബി.ഇ. (Sir James Merchant, K.B.E) ഉത്തരംതേടി വ്യത്യസ്ത വ്യക്തിത്വങ്ങളെ സമീപിച്ചത്. മതം, ശാസ്ത്രം, കല, സാഹിത്യം, തത്ത്വശാസ്ത്രം മുതലായ മണ്ഡലങ്ങളിൽ പ്രാവീണ്യം തെളിയിച്ചവരോടൊപ്പം അദ്ധ്യാപനത്തിലും പട്ടാളത്തിലും നയതന്ത്രവിദ്യയിലും രാഷ്ട്രീയത്തിലും വിജയം വരിച്ചവരും പ്രബന്ധകാരന്മാരിലുൾപ്പെടുന്നു.

അവരുടെ വാക്കുകളിൽ ഉപദേശത്തിന്റ സ്വരമില്ലെന്നുള്ളതാണ് എന്നെ ആദ്യമായി ആകർഷിച്ച ഗുണം. പ്രായം കുറഞ്ഞവർക്ക് ഉപദേശം നല്കിക്കൊണ്ടിരിക്കുക എന്നത് വാർദ്ധക്യത്തിന്റ ദൗർബ്ബല്യമാണ്. ആ ദൗർബ്ബല്യത്തിൽനിന്ന് വിമുക്തരായതുകൊണ്ട് സമചിത്തതയോടുകൂടി വിഷയം വിശകലനം ചെയ്തവതരിപ്പിക്കാൻ ഇവർക്ക് സാധിക്കുന്നു. മറ്റൊരു ഗുണംകൂടി അതിൽ നിന്നുരുത്തിരിഞ്ഞുവരുന്നു. ലോകം ഒന്നിനൊന്നു മെച്ചപ്പെട്ട് വളർന്നു കാണണമെന്നാഗ്രഹിക്കുന്ന ഗുണമാണത്. സൗഹൃദത്തിലും സമാധാനത്തിലുംകൂടി സുഖം നുകരുന്ന അവസ്ഥയിലേക്ക് മാനവരാശി വളരുമെന്ന പ്രതീക്ഷ അവരെല്ലാവരും പുലർത്തുന്നു.

ക്രൂരത, ആധിപത്യമോഹം, അധികാരാസക്തി മുതലായ വാസനകൾ മനുഷ്യമനസ്സുകളിൽ പ്രബലമാണെന്ന ലേഖകരിലൊരാളായ ബർട്രാൻഡ്റസ്സലിനെപ്പോലെ, അവരധികം പേരും കാണാതിരിക്കുന്നില്ല. സംഘർഷത്തിനും യുദ്ധത്തിനും വഴിതെളിച്ച് ആ ദുർവ്വാസനകൾ അപകടകരമായിത്തീരാവുന്നതാണ്. പക്ഷേ, സർവ്വത്തെയും നശിപ്പിക്കാൻ കെല്പുള്ള ആണവായുധങ്ങൾ മാനവരാശിയെ മാത്രമല്ല, ജീവലോകത്തെ മുഴുവൻ നശിപ്പിക്കുമെന്ന യാഥാർത്ഥ്യം കണ്മുന്നിലുള്ളതുകൊണ്ട് ആ അപകടം ഒഴിവാക്കുന്നതിന് ജീവസന്ധാരണ വാസനയും വിവേകവും മനുഷ്യനെ പ്രാപ്തനാക്കുമെന്ന ശുഭാപ്തിവിശ്വാസം അവരെല്ലാവരും പ്രായേണ പുലർത്തുന്നു.

ആ ശുഭാപ്തിവിശ്വാസം അവലംബിക്കാതെ 'ജീവിതം എന്തു പഠിപ്പിച്ചു?' എന്ന വിഷയത്തെക്കുറിച്ചെഴുതാൻ ആർക്കും സാധിക്കയില്ലെന്ന് ഞാൻ വിചാരിക്കുന്നു. (ലോകം മുഴുവൻ നാളെ മുടിഞ്ഞു പോകുമെന്നാണ് തോന്നുന്നതെങ്കിൽ, പിന്നെ ഈ

ചോദ്യത്തിന് പ്രസക്തിയില്ല). ലോകത്തിന് ശോഭന മായ ഭാവിയുണ്ടെന്ന വീക്ഷണമവലംബിച്ചുകൊണ്ട് ഈ വിഷയത്തെ സമീപിക്കാനാണ് ഇവിടെ ഞാൻ തുനിയുന്നത്. എന്റെ ജീവിതത്തിലെ ചെറിയ ചെറിയ അനുഭവങ്ങളിൽനിന്ന് ഞാനെന്ത് മനസ്സിലാക്കിയെന്ന ചോദ്യത്തിന് ഉത്തരം കാണാനാണ് ഇവിടെ ഞാൻ ശ്രമിക്കുന്നത്.

ഏതു സാധാരണക്കാരനെയുംപോലെ ഞാനും ജീവിതത്തെ കാണുന്നത് ജനനംമുതൽ മരണംവരെയുള്ള യാത്രയായിട്ടാണ്. ഈ പ്രസ്താവത്തെ നിഷേധിക്കുന്ന വിശ്വാസങ്ങൾ പലരുടെയും മനസ്സുകളിലുണ്ടെന്ന വാസ്തവം ഞാൻ ഓർക്കാതിരിക്കുന്നില്ല. അവരുടെ വിശ്വാസമനുസരിച്ച് ജന്മം നിത്യമാണ്. അവസ്ഥാന്തരങ്ങളിലൂടെ- ജനനമരണങ്ങളിലൂടെ- അത് തുടരുന്നു. സ്വർഗ്ഗനരകങ്ങളെക്കുറിച്ച് മതങ്ങൾ പ്രസ്താവിക്കുന്നതിന്റെ അർത്ഥം മരണശേഷവും ജീവിതമുണ്ടെന്നാണല്ലോ. അതുപോലെ, ജനനത്തിനു മുൻപും ജീവിതമുണ്ടായിരുന്നുവെന്ന വിശ്വാസം മതങ്ങൾ പുലർത്തുന്നു. നമ്മുടെ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ഈ രണ്ട് അഭിപ്രായങ്ങളിലും വിശ്വസിക്കുന്നു. മരണാനന്തര ജീവിതത്തെപ്പറ്റി അദ്ദേഹമെഴുതിയ ഗ്രന്ഥത്തിൽ അദ്ദേഹം തന്റെ വിശ്വാസവും അതിന് പിൻബലം നല്കുന്ന കാര്യങ്ങളും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. (*Death and After* എന്നാണ് ഗ്രന്ഥത്തിന്റെ പേര്). യുക്തിവാദത്തിന്റ ആചാര്യന്മാരിലൊരാളായ ഇംഗോർബോൾപോലും ഒരിടത്ത് ഇതേപ്പറ്റി സംശയം ഉന്നയിക്കുന്നതേയുള്ളു. "Every cradle asks us whence, every coffin whither. Is death a wall or a door?'

ചിന്താശീലമുള്ള മനസ്സുകളിൽ ഈ സമസ്യ ഇടയ്ക്കിടെ ഉയർന്നുകൊണ്ടിരിക്കുന്നു. സഹസ്രാബ്ദങ്ങളിലൂടെ മനുഷ്യമനസ്സുകളെ അന്വേഷണോത്സുകമാക്കിക്കൊണ്ടിരിക്കുന്ന ഈ സമസ്യക്ക് ഒരുകാലത്തും ഉത്തരം ലഭിക്കുകയില്ല. ഉത്തരമില്ലാത്തതാണ് നല്ലതെന്ന് ഞാൻ കരുതുന്നു. ഈ സമസ്യയിൽനിന്നും കവികൾക്കും തത്ത്വജ്ഞാനികൾക്കും സിദ്ധിക്കുന്ന ഉന്മേഷം അളവറ്റതാണ്. മനസ്സിന്റെ വ്യാപാരങ്ങളെയെല്ലാം ഉണർത്തി ഭാവനയുടെയും ചിന്തയുടെയും അപാരതയിൽ സഞ്ചരിക്കുന്നതിന് ഈ സമസ്യ അവരെ എപ്പോഴും പ്രേരിപ്പിക്കുന്നു.

ഉത്തരമില്ലാത്ത ചോദ്യങ്ങളാണ് ജീവിതം അതിന്റെ സമഗ്രതയിലവശേഷിപ്പിക്കുന്നതെന്ന പാഠം ഈ വാർദ്ധക്യത്തിൽ ഞാൻ പഠിച്ചിരിക്കുന്നു. അതിനാൽ വാദപ്രതിവാദങ്ങളിലേർപ്പെടാനും വാശിപിടിക്കാനും എനിക്ക് താല്പര്യമില്ലാതായി. സത്യമേത് അസത്യമേത്, ധർമ്മമേത് അധർമ്മമേത്, നന്മയേത് തിന്മയേത് എന്നും മറ്റും കൃത്യമായി വേർതിരിച്ചറിയാൻ പലപ്പോഴും കഴിയാതെവരുന്നു. അങ്ങനെയാവുന്നതാണ് നല്ലതെന്ന് ഞാൻ കരുതുന്നു. മതത്തിന്റെയും ദേശത്തിന്റെയും അഭിപ്രായത്തിന്റെയും പേരിൽ ഭ്രാന്തുപിടിക്കുന്ന പ്രവണതയിൽനിന്ന് ഈ അവസ്ഥ എന്നെ രക്ഷിച്ചുനിർത്തുന്നു.

എൺപതു വയസ്സിലേറെ ജീവിച്ചു കഴിഞ്ഞപ്പോൾ മാറ്റവും സ്ഥിരതയും ജീവിതത്തിലൊരുമിച്ച് പോകുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. മാറ്റമില്ലാത്തതായി ലോകത്തിൽ മാറ്റം മാത്രമേയുള്ളു എന്ന് മാർക്സ് പ്രസ്താവിക്കുന്നത് സത്യമാണ്. സർവ്വവും നിരന്തരം മാറികൊണ്ടിരിക്കുന്നു. നദിയിലെ ഒഴുക്കാണ്, ഒഴുക്കിലൂടെയുണ്ടാകുന്ന മാറ്റമാണ്, സത്യമെന്ന ബുദ്ധസിദ്ധാന്തത്തിലും ഇതേ ആശയമാണുള്ളത്. അതേസമയംതന്നെ, മനഷ്യസ്വഭാവത്തിൽ അനേകം അംശങ്ങൾ മാറ്റമില്ലാത്തതായി തുടരുകയും ചെയ്യുന്നു. ആക്രമണേച്ഛയും ക്രോധവും അസൂയയും അധികാരമോഹവും മറ്റും ജന്മവാസനകളെന്ന നിലയിൽ, മാറ്റമില്ലാതെ, മനുഷ്യനിൽ നിലനില്ക്കുന്നു. ആദർശസുരഭിലമായ ഒരു ലോകക്രമം സൃഷ്ടിക്കാൻ പ്രയാസമുണ്ടാകുന്നതിന്റെ കാരണം മറ്റൊന്നുമല്ല.

അതോടൊപ്പം, മാതൃകാലോകം സൃഷ്ടിച്ച് ഭൂമിയെ സ്വർഗ്ഗതുല്യമാക്കി മാറ്റണമെന്ന അഭിനിവേശവും, മാറ്റമില്ലാതെ, മനുഷ്യനിൽ തുടരുന്നു. പ്രവാചകന്മാരും ലോകഗുരുക്കന്മാരും ആ അഭിനിവേശമാണ് അനുയായികളിലുണർത്തിയത്. പക്ഷേ, അനുയായികൾ പ്രായേണ ആ അഭിനിവേശത്തെ വികൃതമാക്കിത്തീർക്കുകയാണുണ്ടായതെന്ന വാസ്തവവും ചരിത്രം നമ്മെ പഠിപ്പിക്കുന്നു. പടുകൂറ്റൻ സ്ഥാപനങ്ങൾ, അവയോടു ബന്ധപ്പെട്ട നിക്ഷിപ്തതാല്പര്യങ്ങൾ, ആ താല്പര്യങ്ങൾക്കുറപ്പേകുന്ന അന്ധവിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, സാമൂഹ്യഘടന, നിയമവ്യവസ്ഥ - ഇവയൊക്കെയും പടുർത്തുയർത്തി ആചാര്യന്മാരുടെയും പ്രവാചകന്മാരുടെയും മഹനീയ സ്വപ്നങ്ങൾക്ക് ശൈഥില്യം വരുത്തികൊണ്ടിരിക്കുന്ന അവസ്ഥ തുടർന്നുകൊണ്ടിരിക്കുന്നു.

ഈ വൈരുദ്ധ്യത്തിൽനിന്ന് മാനവരാശിക്ക് മോചനമില്ലെന്ന വീക്ഷണം എന്നെ ആകർഷിക്കുന്നില്ല. ശുഭപ്രതീക്ഷയുടെ ദീപം എന്റെ മനസ്സിൽ

ഇപ്പോഴും തെളിഞ്ഞുനില്ക്കുന്നു. ബാഹ്യാഭ്യന്തര പരിവർത്തനങ്ങൾക്കുവേണ്ടി, ആസൂത്രിത പദ്ധതികളോടെ, ബോധപൂർവ്വം പരിശ്രമിച്ചാൽ സ്വന്തം കൈകളാൽ ഈ ഭൂമിയിൽ മാതൃകാലോകം സൃഷ്ടിക്കാൻ മനുഷ്യന് കഴിയുകതന്നെ ചെയ്യും. ചൂഷണനിർമ്മുക്തമായ സാമൂഹ്യഘടനയ്ക്ക് രൂപം നല്കുകയെന്നതാണ് ബാഹ്യമായ പരിവർത്തനം. അതിനനുസരണമായി ആന്തരികസംസ്കാരം വികസിപ്പിക്കുകയെന്നത് ആന്തരികപരിവർത്തനവും. ഇവ രണ്ടും ഏകോപിച്ചെങ്കിൽ മാത്രമേ നാളിതുവരെ നാം നേടിയെടുത്ത പുരോഗതി അനുക്രമം വികാസംപ്രാപിക്കുകയുള്ളു.

മാനവചരിത്രത്തിൽ പുരോഗതിയുടെ ധാരകൾ എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. (ചില ഘട്ടങ്ങളിൽ അവ പരീക്ഷണമാകുമെന്നു മാത്രം). അതിന്റെ ഫലമായിട്ടാണ് സ്വാതന്ത്ര്യത്തിന്റെ മേഖലകൾ ഒന്നിനൊന്ന് വികസ്വരമായിക്കൊണ്ടിരുന്നത്. അടിമത്തം ഇന്നില്ല. അടിമവേലമിക്കവാറുമില്ലാതായി. അയിത്തം, തീണ്ടൽ, സതി സമ്പ്രദായം മുതലായ അനാചാരങ്ങളും അവയ്ക്കാധാരമായ അന്ധവിശ്വാസങ്ങളും ഇന്ത്യയിൽ പ്രായേണ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. നീതിന്യായ വ്യവസ്ഥകൾ അനുക്രമം ഉദാരമായിത്തീർന്നുകൊണ്ടിരിക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന്റെ സീമകൾ വിപുലമായി. ഭരണകൂടങ്ങളെ ഒരതിർത്തിയോളം നിയന്ത്രിക്കാൻ ജനങ്ങൾ കഴിവുനേടിയിട്ടുണ്ട്. അജ്ഞതയുടെ ആഴങ്ങളിൽനിന്ന് വെളിച്ചത്തിലേക്കുയരാനുള്ള സാദ്ധ്യതകൾ ഒന്നിനൊന്ന് വർദ്ധിച്ചുവരുന്നു. സ്ഥിതിസമത്വത്തിലേക്ക് ശുഭാപ്തിവിശ്വാസത്തോടെ നീങ്ങാൻ ഇതൊക്കെയും പ്രേരകമാണ്. സോഷ്യലിസമെന്ന പദത്തിന് അതിന്റെ മോഹനകാന്തി നഷ്ടപ്പെട്ടിട്ടില്ല. ആ കാന്തിവിശേഷം ഒന്നിനൊന്ന് വളരുകയേയുള്ളു. 'ഒരു മനുഷ്യന്റെ വർത്തമാനം മറ്റൊരു മനുഷ്യൻ സംഗീതംപോലെ കേട്ടാസ്വദിക്കുന്ന ഒരു കാലം' - സ്വർഗ്ഗീയമായ ആ അവസ്ഥയിലേക്ക് മാനവരാശി ഒരൊറ്റ കുടുംബമായി വളരണമെന്ന സ്വപ്നം ഏതു ഹൃദയത്തെയാണ് വശീകരിക്കാത്തത്? അതിനാൽ പുരാതനകാലത്ത് കരകാണാതെ നടുക്കടലിൽ സഞ്ചരിച്ച നാവികരെ ഭാസുരനക്ഷത്രങ്ങളെന്നപോലെ, സോഷ്യലിസം ഇനിയും യുവചേതനകൾക്ക് മാർഗ്ഗദർശകമായി ഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

മനുഷ്യസ്വാതന്ത്ര്യം പടിപടിയായി നേടുന്നതിന് പ്രേരകമായത് ശാസ്ത്രവും ശാസ്ത്രീയവീക്ഷണവുമാണെന്ന് ചരിത്രം എന്നെ പഠിപ്പിക്കുന്നു. യുക്തിബദ്ധമായി ചിന്തിക്കാനുള്ള കഴിവ് അതിന്റെ ഭാഗമാകുന്നു. വിശ്വാസം സംഘടിതമായ രൂപത്തിൽ അതിന് പ്രതിബന്ധം സൃഷ്ടിച്ചുപോന്നു. വ്യക്തികളിൽ ദൈവീകമായ വളർച്ച സൃഷ്ടിക്കുന്നതിൽ വിശ്വാസം ചെലുത്തിയ സ്വാധീനം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ, സംഘടിതരൂപത്തിൽ ഘനീഭൂതമാകുമ്പോൾ വിശ്വാസം മാനവസ്വാതന്ത്ര്യത്തിനും പുരോഗതിക്കും വിഘാതമായ രൂക്ഷശിലയായി മാറുന്നതായിട്ടാണ് കാണുന്നത്. ഈ വർത്തമാനകാലം അതിനൊരു ദൃഷ്ടാന്തമാണ്.

അതുകൊണ്ട് ശാസ്ത്രവും ശാസ്ത്രീയവീക്ഷണവും സ്വതന്ത്രചിന്തയും വളർത്തുന്നതിനാണ് മനുഷ്യസ്നേഹികൾ പരിശ്രമിക്കേണ്ടത്. അതോടൊപ്പം മനുഷ്യന്റെ - ജീവന്റെ - വിശുദ്ധിയിലുള്ള വിശ്വാസം അതിനു പൂരകകമായി വർത്തിക്കുകയും വേണം. കലയും സാഹിത്യവും തത്ത്വശാസ്ത്രവും മറ്റും എപ്പോഴും സജീവമായിരുന്നെങ്കിലേ അത് സംഭവിക്കൂ.

മനുഷ്യൻ എന്ന ജീവിയുടെ ഏകാന്തമായ സവിശേഷതയെക്കുറിച്ച് ഇവിടെ ഞാൻ ഓർമ്മിച്ചുപോകുന്നു. അനേകമാനങ്ങൾ ഏകകാലത്ത് പുലർത്തുന്നു എന്നതാണ് അത്ഭുതകരമായ ആ സവിശേഷത. മനുഷ്യൻ സാമൂഹ്യജീവിയാണ്; ഏകാന്തജീവിയുമാണ്. അവൻ യുക്തിബോധമുള്ളവനാണ്; യുക്തിരഹിതവും യുക്ത്യതീതവുമായ അംശങ്ങളും അവനിലുണ്ട്. അവൻ സൗന്ദര്യം ആസ്വദിക്കുകയും സൗന്ദര്യം സൃഷ്ടിക്കുകയും ചെയ്യുന്നവനാണ്. പ്രായോഗിക ബുദ്ധിയോടൊപ്പം സ്വപ്നാടനവാസനയും അവൻ പ്രകടമാക്കുന്നു. നിത്യതയുമായി അവൻ സല്ലപിക്കുന്നു. ആ സല്ലാപത്തിലൂടെ അവൻ ജഗദീശ്വരന്റെ പാദാന്തികത്തിലെത്തിയെന്നുവരാം. ഇപ്രകാരം അനേകമാനങ്ങളാർന്ന ഗഹനജീവിയെന്ന നിലയിൽ മനുഷ്യനെ ദർശിക്കുന്ന സമീപനമവലംബിക്കാൻ കഴിഞ്ഞാൽ ശാസ്ത്രത്തിന്റെ രചനാത്മകമായ സിദ്ധികൾ മനുഷ്യക്ഷേമത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കും. ആ സമീപനമവലംബിക്കാൻ ജനമനസ്സുകളെ പ്രാപ്തമാക്കുകയെന്ന കർത്തവ്യം ഏറ്റെടുക്കേണ്ടത് വിദ്യാഭ്യാസമേഖലയാണ്. ലോകത്തിലെ മികച്ച ധിഷണകൾ വിദ്യാഭ്യാസരംഗത്ത് സത്വരമായി ശ്രദ്ധിക്കുകയും ഈ വലിയ വെല്ലുവിളി ഏറ്റെടുക്കുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

# BUDGET – THOUGHT AND VISION



എം. പി. ഗംഗാധരൻ
3, 4, 5, 6, 7, 11 കേരള നിയമസഭകളിൽ
അംഗവും 1982–1986 കാലയളവിൽ
ജലസേചനവകുപ്പു മന്ത്രിയുമായിരുന്നു. 31.10.2011 ന് അന്തരിച്ചു.

**Introduction**

Budget of the home is fundamentally different from the State Budget. The former is wholly an economic document, whereas the latter is a combination of the economic policy and a political document as well. In both the cases, the economic policy and plan are the same, whereas in the State Budget, combination of the political achievements through economic policies is an inevitable factor.

**Essentials and Priorities**

The fundamental and basic needs of budgeting are:

1) Maximum resource revenue mobilization.
2) Minimum reduced expenditure
3) Utilisation of Welfare Schemes for humanity.

At this point of time, a mention and comparison of the outline adopted by the United Progressive Alliance (UPA) in line with the envisaged national common minimum programme and the policies and programes accepted by the Government of the State of Kerala are absolutely necessary.

The budget speech of the Finance Minister, address of Rashtrapathi to Parliament and address of Prime Minister to the nation later on periodical stages, reveals the most important doctrine, say, the social and economic programmes with. "Human Face". This deviation from 1991-92 is of course a strong emphasis, made no results as expected in the later budgetary periods and hence, the periods ended (sorry to submit) without the "Human Face".

Now, let us analyse the basic principles of Budgeting one by one.

**1. Resource Revenue Mobilisation:**

Without Revenue Mobilisation, especially Kerala State cannot move forward towards economic progress and prosperity. This could be achieved only by National and International investment in large scale.

The Essential fields of investments are to be exercised through two major basic heads, namely, Agriculture and Industry; besides, fortunately for Kerala's nature's blessing has bestowed two more channels, viz, Fisheries and Tourism.

The economic sceneries of the State is to be dealt with in a war footing style and courageous steps. We have to revitalize both the public sector and private sector to tide over the challenges posed by the global challengers.

The blessed factors of Kerala State has to be rightly exploited for the growth, namely, Arabian Sea throughout on the western boundary, 44 rivers, flowing from East to West and hills continuously heading in the high range of Eastern boundary and long stretched water fed in the middle flowing in all directions.

The planning process has to be carefully analysed by the State Government especially on identifying the priorities and provide their inputs and responses to the Planning Commission of India well in time.

There are three components of Demand, viz, investment consumption and external demands according to economists. Hence any negative growth would certainly hit states economy.

Balanced development of the State economy, policy and culture require a sense of priorities and actions; then only the desired result could be drawn.

It is understood, that in Kerala State, about 86,000/- corers of rupees or more are deposited in various banks and out of this huge amount, about 1/3rd are from the pockets of foreign countries living Malayalees. If Government of Kerala, with the co-operation and active support of Government of India, endeavor to prepare plans and its executions in different branches of economic fields, Kerala will definitely develop and stand with other developed state like Gujarat, Punjab, Haryana, Delhi.etc.

It may be taken as a most important representation of Kerala State, that, the responsibility vests with the Central Government of India from their total income being taken from State resources must be shared minimum half of the total that is 50% towards the budgetary position of the State.

Matters of State administration, Nations security, states boundary safety, and also the debt relief actions fallen on the shoulders of the State, should be taken into account by the Government of India; for which, the debts and relief must be analysed with positive and scientific methods through the co-operation of the State of Kerala.

Now, let us examine the present position of Agriculture, Industry, Tourism and Fisheries in the State of Kerala.

### *A. Agriculture*

With all the blessings of the Nation embraced with in Kerala, the production sectors and export sectors regarding Agriculture are falling down year by year. It is a fact that agriculture growth is going down on 2.5%; this is an alarming situation!

As M.S.Swaminathan said once "Food production is alarming in all countries of the world; hence more awareness and encouragement measures are needed.

The land Reforms Act of the State Government is certainly a stumbling bloc to the prosperity of agriculture. Every body knows that rubber, tea, coffee, cardamom and cinnamon are the most important items of agriculture in the State. But for these items there is exemption in the Act and result being that major portions of such cultivation are in the hands of few monopolists.

The other cultivations like coconut, aracanut, pepper, plantains which are widely cultivated in the State are not given benefits of ceiling provisions; the result being, such cultivation has gone back from the hands of such cultivators; sorry to mention that, even Sri. M.S.Swaminathan recommendations on Idukki and Moolamattom projects are not tried to implement in the State yet.

The total population of the State of Kerala is estimated as 3.27 cores; out of this, 74% ie, 2.42 cores are depending on agriculture and living in the rural villages.

It is a naked truth, that Kerala State is facing a crisis in agriculture production and a serious threat on food scarcity.

It is not of short if water or lack of monsoon, Kerala is set behind. Wider national policies and effective programmes are to be implemented without wasting time for the boosting of agriculture progress in the State.

*B. Industry*

Strong stress must be taken for the development of Industries mainly in Small-scale, medium scale and conventional industries like textiles, Cashew, Khadi and Coir. It is a fact that these industries are diminishing its importance in world markets and Indian markets as well.

The encouragement on investments in the above channels and a careful scrutiny for the progress of production and marketing system must be taken up by the State Government with the active support of the Central Government.

Now, the major industries also in idling back benches. The production is lesser and lesser especially now on the eve of global recession unexpectedly fallen.

For import of industrial production of other international countries are year by year, the import duty is lessened to 25% so that the industrial products manufactured in Kerala and India as well, is gone to down unparallel extend and the result is the state production of industrial venture is gone to the feet. It is evident that in the above context, the customs duty must be raised to 300% by the Government of India for the progress of Industries.

It is a fact that, in India, 80 cores of people are not having any job for their means, so also in Kerala, 80 lakhs not having any job for their living because of with the fall of global recession, the calculation is three times over, that means, 80 lakh of people in Kerala are in poverty stricken and day by day cooping down to poverty.

It is also a fact, that in Kerala State, public debt has increased to Rs.20,000 crores or more and every citizen is immersed in the debt well for an alarming Rs.20,000 per head. When one baby breaths, when he is born to the earth, he comes with a debt of Rs.20,000!

Another important factor in Kerala is that 85% of the State income set apart in the annual budget is towards salary, pension and loan interest for having the balance of 15% towards developments.

No doubt, the aims for all the governments for achieving economic prosperity must be on the doctrines "increase the income and decrease the expenditure." Then only there will be balance money to provide for growth factors and channels for all its branches.

*C. Fisheries*

Kerala is also blessed with approximately 590 kms of sea cost line on the Western boundary which is very peaceful and free of any sort of calamities. Needless to say that the Arabian sea is rich enough for its fishery wealth, which is not fully - not even 2% - been exploited.

It is a fact, that once, Kerala was ranking first in India in fish products and exports, but now, because of the carelessness of the State Government and the partial encouragement of the Center for developing other sea cost states in India, Kerala remains 6th or 7th in India – Gujarat and Bengal stand one and two.

The encouragement and active monetory assistance towards materials and marketing from the Central Government in 'co-operation with Kerala is very pertinent and the most import factor on economic prosperity of India and Kerala alike.

*D. Tourism*

No doubt, tourism is another attractive channel of revenue mobilization. Nature showers its kindness for Kerala, the most beautiful and enchanting spot in the world. Lakhs and lakhs of people visiting Kerala every year and enjoy the natural sea-cost tourism as well as hill-track tourism and back water tourism.

The mobilization could have been resulted 100% increase provided a well-planned strategy is envisaged and undertaken with the most modern methods and careful planning. These steps should considerably add our nation's foreign exchange position also.

The Government of India has got high role in the field of tourism and the State of Kerala with the assistance of central government could prosper to a larger extend than any other states in India.

**2&3 Expenditure Reduction and utilization of Welfare Schemes for Humanity.**

The most important and noteworthy steps taken by Government of Indian former budgets is the decision to reduce and cut the revenue deficits. Unfortunately the revenue deficits in Kerala State is alarming and desperate to the economists and financial experts.

The establishment expenses, interest, and pension in 1996 figures as 29.8% whereas to the agony and surprise for us in 2008, it culminates to 92% of the total revenue in Kerala State.

If the above serious point is true, how the State will successfully move forward in the future years unless the State government and central government seriously pond over the issues. It cannot be ignored the fact that the State Government spends money towards weaker sections, education, health, transport and other humanitarian fields which are not dreamed of by other states in India and also the fact, that the National Government is not appropriately in a mood to help Kerala State on a particular style.

**IV&V Global Recession and Terrorism**

In this contest, it may not be possible to swallow the destruction factors hanging over India and States like Kerala, Maharashtra, Madras, West Bengal, Andhra Pradesh etc. The global recession of world economy and terrorism are bursting out almost all countries of the world.

The Global economic recession has adversely affected the Glorious background of the Indian economy – the result of "Mixed Economy Theory" enunciated by Pandit Jawaharlal Nehru in 1952 onwards and strengthened and consolidated by Indiraji and Rajivji in Nationalisation and IT field.

Global recession has deprived their bread and butter about 24 to 30 lakhs of employees in America alone and like wise in other European countries and Japan etc. including India about 5 lakhs or more suffering day by day.

A very careful and analytical steps must be adopted like "stimulus – like – packages" to help various sectors to tide over the down-trend current of global economy recession should be adopted and worked out in India and especially in Kerala. It is certain that the Global economy is today going through choppy waters!

National and international terrorism is spread up in rampant style every where and India and Kerala are not in exception – Bombay, Madras, Calcutta and Cochin are their points of aims like New York, London, Japan, etc. in international routes.

The above noted terrorist attacks also contributed for the hindrance and down fall of privatization and the planned economic development schemes in the countries.

**Conclusion**

The struggle of the people of India to solve the social and economic salvation (in some areas it is unimaginable!) within the frame work of a plural and liberal democracy and if formed to be corrected; the Indian constitution has to undergo several amendments hereafter copping for the needs of the present and future generations.

The time factor is very important in all fields of life. As once said, "A week is a long time in politics to survive or fall down, but in economics, the time frame would be finally longer period to 'destroy or to flourish'."

It is certain, that if economic reforms are to save for its perception and achievements, the benefits of growth have to reach to the poor and the marginalized. If that is the clear objective of the plan emphasized, the State will prosper on economic growth.

On perusing history of the world from early onwards, starting from Rousseau, Abraham Lincoln, Mahatma Gandhiji and Jawaharlal Nehru, the various stages of human uprising towards liberalism and independence for harmonious living could be again started especially from India to the world abroad.





## വി. സി. കബീർ

6, 7, 9, 10, 11 കേരള നിയമസഭകളിൽ അംഗവും
2000–2001 കാലയളവിൽ ആരോഗ്യം,
കായികക്ഷേമ വകുപ്പു മന്ത്രിയുമായിരുന്നു.




1. കാലത്തു കഞ്ഞിക്കിണ്ണം
   മേശമേലൊരുക്കവേ,
   മുഖവും വീർപ്പിച്ചെന്റെ-
   യുണ്ണികളിരിക്കുന്നു.
2. ചമ്മന്തിക്കരയ്ക്കുവാൻ
   തേങ്ങയില്ലല്ലോ വീട്ടി-
   ലെന്നെന്റെ പ്രിയതമ-
   പതുക്കെയുരക്കവേ,
3. ഓർത്തുപോയഞ്ചാം ക്ലാസ്സിൽ
   ലീഡറാം സതീർത്ഥ്യനെ
   തെങ്ങുകേറുവാനന്നേ
   മിടുക്കു കാണിച്ചവൻ!
4. നാട്ടിലെക്കേരംതോറും
   കേറിയുമിറങ്ങിയും
   നാളുപോക്കുന്നോനാകും
   പ്രിയനാം രാമേട്ടനെ.
5. നിത്യവും മൊബീലിന്മേ
   'ലെസ്സെമ്മെസ്സ്'യച്ചു ഞാൻ
   കാത്തിരിക്കയാണല്ലീ
   മറുവാക്കെത്താനായി!
6. ഒരുനാൾ കിട്ടിപ്പോയീ
   തോഴനാം രാമേട്ടനെ
   നേതാവിൻ തെങ്ങിൻമേ-
   ലിരിപ്പാണയാളപ്പോൾ
7. കുശലംചൊല്ലി ലേശം
   വീട്ടിലെ സ്സുഖാസ്സുഖ-
   മൊക്കെയും തിരക്കിക്കൊ-
   ണ്ടിങ്ങിനെയുരക്കവേ
8. 'തെങ്ങുകേറുവാനൊന്നു
   വരുമോ ഭവാനെന്റെ
   വീട്ടിലേക്കടുത്തെങ്ങാ-
   നെ'ന്നു ഞാൻ തിരക്കവേ
9. 'താഴത്തുവന്നിട്ടെന്റെ
   ഡയറി തുറക്കട്ടേ,
   മാഷൊരു 'മിസ്സ്' കാൾ തരു
   തീയതി കുറിച്ചേക്കാം'
10. നിമിഷംപാറിപ്പോകെ
    ക്കാളുകളടിക്കവേ,
    'എൻഗേജിഡാണദർക്കാളി'ൽ
    കിളിയാൾ മൊഴികയായ്
11. പിന്നെയും തെരുതെരെ
    ഞെക്കവേ കിട്ടിപ്പോയി
    യുത്തര,മടുത്താഴ്ച
    'വെള്ളിയിലുച്ചക്കെത്താം'
12 കാത്തിരിക്കണം നേരിൽ
    കാണണ മുറപ്പായും
    നാട്ടുകാര്യവും ചൊല്ലി
    യിരിക്കാനുറക്കവേ,
13. കറിക്കുമുറിച്ചും കൊ-
    ണ്ടിരിക്കും വീട്ടമ്മയെ
    വിളിച്ചു ചൊല്ലീ വേഗം
    രാമേട്ടനെത്തും കാര്യം!
14. ചായവെക്കണം, പിന്നെ
    ക്കടിക്കാനെന്തെങ്കിലു-
    മൊരുക്കിവെച്ചീടേണ-
    മെന്നു ഞാനുണർത്തിക്കേ,
15. നിറയും ചിരിയാലെ
    കറിക്കത്തിയും ചൂണ്ടി
    വിളിച്ചുചൊന്നാനവർ
    'ചമ്മന്തിയെന്നിട്ടാകാം'
16. വെള്ളിയിലുണർന്നതും
    കുളിച്ചുമുടുപ്പിട്ടു
    കാത്തിരുന്നേനല്ലോ
    മിത്രമെത്തുവതും നോക്കി
17. കാളുവന്നുപോയ്-കൃഷ്ണൻ
    വിളിച്ചു ചൊല്ലിവേഗം
    പേറ്റുനോവായീ വീട്ടിൽ
    പിന്നെ വന്നീടാം വീട്ടിൽ'
18. പേറുതീരട്ടേ, പിന്നെ
    തേങ്ങയില്ലാതേ വീട്ടിൽ
    നാളുകൾ പൊഴിയട്ടേ
    യെന്നു താനുറപ്പിക്കേ
19. ഉടുപ്പുമൂരി മന്ദം
    വിയർപ്പുതുടക്കയായ്
    നിവർന്നുകിടപ്പല്ലി
    കവിയോ മയങ്ങിപ്പോയ്.

നിന്നോർമ്മയെന്നിൽ
ത്തുടിക്കുന്ന വേളയിൽ
കോരിത്തരിക്കുന്നു ചെപ്പേ!

ഒരിത്തിരി നേര-
മുരുമ്മിയിരിക്കുവാൻ
മാനസംവെമ്പുന്നു മുത്തേ!

നീവന്നു നിൽക്കുകെൻ
ചാരത്തൊരിത്തിരി
ചന്തത്തിലോമൽക്കിടാവേ!

തേനും വയമ്പും
സമാസമം ചാലിച്ചു
ചേർത്തൊരീ ജീവൽത്തുടിപ്പിൽ

ആവോളമാർത്തയായ്
നർത്തനം ചെയ്ക നീ
ഭക്തനിൽ സത്യമായ്മുത്തേ!

നിന്നോർമ്മയെന്നിൽ-
ത്തുടിക്കുന്ന വേളയിൽ
മെച്ചത്തിലായിരം
പുത്തൻ കവിതകൾ
വാർത്തെടുക്കട്ടെ ഞാൻ തന്നേ
അതും പാടിനടക്കട്ടെ ചൊവ്വേ



# ഭരണഘടനാ ഭേദഗതികളിലൂടെ വിഭാവനംചെയ്യുന്ന
# തദ്ദേശഭരണകൂടം



**കുട്ടി അഹമ്മദ് കുട്ടി**

9, 10, 11, 12 കേരള നിയമസഭകളിൽ അംഗവും 2004-2006 കാലയളവിൽ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുമായിരുന്നു.

എല്ലാ അധികാരങ്ങളുമുള്ള സ്വയംപര്യാപ്തമായ ഒരു പഞ്ചായത്തായിരിക്കണം ഓരോ ഗ്രാമവും എന്നതായിരുന്നു മഹാത്മാഗാന്ധിയുടെ 'ഗ്രാമസ്വരാജ്' എന്ന സങ്കൽപം. തികച്ചും ആദർശപരമായ ഈ സങ്കൽപം അതേപടി സാക്ഷാത്കരിക്കുന്നതിന് തടസ്സംനിൽക്കുന്ന നിരവധി സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങൾ സ്വാതന്ത്രത്തിന്റെ പുലരിയിൽ ഭാരതസമൂഹത്തിൽ നിലനിന്നിരുന്നു. ജന്മിത്വ-അടിമത്ത വ്യവസ്ഥിതി, ജാതി-മതവ്യത്യാസങ്ങൾ, അതിൽ അധിഷ്ഠിതമായ ഉച്ചനീചത്വം, അന്ധവിശ്വാസങ്ങൾ അനാചാരങ്ങൾ താഴ്ന്ന വിദ്യാഭ്യാസനിലവാരം, ദാരിദ്ര്യം ഇവ ഒരു ഭാഗത്ത് വച്ചുപൊറുപ്പിച്ചുകൊണ്ട് ഗ്രാമസ്വരാജ് എന്ന സങ്കൽപം സാക്ഷാത്കരിക്കാനാവില്ല. വിഭജനംമൂലമുണ്ടായ അസ്വാസ്ഥ്യങ്ങളും കലാപങ്ങളും ഈ വിഷയത്തിൽ കൂടുതൽ പഠനങ്ങൾ നടത്തുന്നതിനും തീരുമാനം എടുക്കുന്നതിനും തടസ്സമായി. എങ്കിലും ഗ്രാമസ്വരാജ് എന്ന സങ്കൽപം അനതിവിദൂരഭാവിയിൽ യാഥാർത്ഥ്യമാക്കുന്നതിന് ഉതകുമാറ് ഭാരത ഭരണഘടനയിൽ ഒരു വാതായനം തുറന്നിടുകയുണ്ടായി. അതാണ് ഭാരത ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിൽ എഴുതിച്ചേർത്ത അനുഛേദം 40. അത് ഇപ്രകാരം:

"ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായുള്ള നടപടികൾ സംസ്ഥാനങ്ങൾ എടുക്കേണ്ടതും സ്വയം ഭരണകൂടത്തിന്റെ ഘടകമായി പ്രവർത്തിക്കാൻ ആവശ്യമായ അധികാ

രശക്തിയും പ്രവർത്തനാധികാരവും അവയ്ക്ക് ന ൽകേണ്ടതുമാണ്."

കൂടാതെ ഭരണഘടനയുടെ ഏഴാമത് പട്ടി കയിൽ, സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം നടത്താവുന്ന വിഷയങ്ങളിൽ 'തദ്ദേശഭരണകൂ ടങ്ങൾ' ഇങ്ങനെ നിർവചിക്കപ്പെട്ടു. "തദ്ദേശഭര ണകൂടം എന്നു പറഞ്ഞാൽ മുനിസിപ്പൽ കോർപ്പറേഷനുകൾ, ഇംപ്രൂവ്മെന്റ് ട്രസ്റ്റുകൾ, ജില്ലാ ബോർഡുകൾ, മൈനിങ്ങ് സെറ്റിൽമെന്റ് അധികാരസ്ഥാനങ്ങൾ എന്നിവയുടേയും തദ്ദേ ശസ്വയംഭരണത്തിനായോ ഗ്രാമഭരണത്തിനായോ ഉദ്ദേശിച്ചുകൊണ്ടുള്ള മറ്റു തദ്ദേശ അധികാര സ്ഥാപനങ്ങളുടേയും രൂപവൽക്കരണവും അധികാ രങ്ങളും." ഇന്ത്യൻ ഭരണഘടനയുടെ ഏഴാമത് പട്ടി കയിൽ ഈ വ്യവസ്ഥ ചേർത്തതോടുകൂടി ഭാരത ഭരണഘടന പഞ്ചായത്ത്‌രാജ് സംവിധാനത്തെ കൈപിടിച്ച് സംസ്ഥാന നിയമസഭ ഏൽപ്പിക്കുക യാണുണ്ടായത്.

1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് പ്രകാരം പ്രവിശ്യകൾക്ക് വിട്ടുകൊടുത്ത അധികാ രങ്ങളിൽ 13-ാം ഇനത്തിൽ പെട്ടിരുന്നതാണ് ഈ അധികാരമെന്നത് ഇവിടെ ഓർത്തെടുക്കേണ്ടതാ ണ്. ഭാരത ഭരണഘടനയുടെ കരട് തയ്യാറാക്കുന്ന ഘട്ടത്തിൽ നിലനിന്നിരുന്ന ചില വിപരീതസാഹച ര്യങ്ങളുടെ സമ്മർദ്ദത്താൽ 1948 നവംബർ നാലിന് സഭയിൽ അവതരിപ്പിച്ച കരടിൽ, ഗ്രാമസ്വരാജിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് വ്യവസ്ഥകൾ ചേർക്കാൻ സാധിച്ചിരുന്നില്ലാ എങ്കിലും, ശ്രീ. കെ. സന്താനം അവതരിപ്പിച്ച ഒത്തുതീർപ്പ് ഭേദഗതി അംഗീകരിച്ചുകൊണ്ട്, ഒരു സമവായം ഉരുത്തി രിച്ചു. അതാണ് അനുഛേദം 40. വിപരീത സാഹ ചര്യങ്ങൾ സാവധാനം കെട്ടടങ്ങുന്നതോടുകൂടി ഭാവിയിൽ സമ്പൂർണ്ണ ഗ്രാമസ്വരാജ് ഘട്ടംഘട്ടമായി സാക്ഷാത്കരിക്കുന്നതിന് ഭാരത ഭരണഘടനയെ പ്രാപ്തമാക്കുന്നതിന് കളമൊരുക്കികൊണ്ടുള്ള ഒരു വ്യവസ്ഥ, അതായത് പഞ്ചായത്ത് സംവിധാനത്തെ സംസ്ഥാന സർക്കാരിനെ ഏൽപ്പിച്ചുകൊണ്ടുള്ള ഒരു വ്യവസ്ഥ. അങ്ങനെ അനുഛേദം 40 ഉൾപ്പെ ടുത്തിക്കൊണ്ടുള്ള ഭാരത ഭരണഘടന അംഗീകരി ക്കപ്പെട്ടതായി സഭാദ്ധ്യക്ഷനായ ഡോ. രാജേന്ദ്രപ്ര സാദ് 1949 നവംബർ 26ന് പ്രഖ്യാപിച്ചു.

ഇതിലേക്കായി തുറന്നിട്ട ഈ വാതായനത്തി ലൂടെ ഗ്രാമസ്വരാജ് സാക്ഷാത്കരിക്കുന്നതിനുള്ള ശ്രമങ്ങളാണ് സ്വതന്ത്രഭാരതത്തിൽ പിന്നീടു നടന്ന ത്. ഇതിന്റെ ഭാഗമായി പല സംസ്ഥാനങ്ങളിലും പഞ്ചായത്ത് രൂപീകരിക്കുന്നതിന് നിയമനിർമ്മാണ പരിപാടികൾ സമാരംഭിച്ചു. തിരുവിതാംകൂർ, കൊച്ചി ഉൾപ്പെടെ 20-ൽ അധികം സംസ്ഥാനങ്ങളിൽ 1954- ഓടു കൂടി പഞ്ചായത്തുകൾ രൂപീകരിച്ചു. അഖിലേ ന്ത്യതലത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കൗൺസിൽ രൂപീകരിച്ചു. തദ്ദേശഭരണസ്ഥാപന ങ്ങളുടെ സാമ്പത്തികപ്രശ്നങ്ങൾ റിപ്പോർട്ട്ചെയ്യു ന്നതിന് കേന്ദ്രസർക്കാർ 1951ൽത്തന്നെ ലോക്കൽ ഫിനാൻസ് കമ്മിറ്റിയെ നിയോഗിക്കുകയും 1954 -ൽ കമ്മിറ്റികൾ ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ആസൂത്രണപ്രക്രിയയിൽ ജനങ്ങ ളുടെ പങ്കാളിത്തമുണ്ടായാൽ അവയുടെ വിജയ ത്തിനും അവർ ദത്തശ്രദ്ധരായിരിക്കുമെന്ന ജവ ഹർലാൽ നെഹ്രുവിന്റെ ആശയം ഉൾക്കൊണ്ട് ഇതു സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണെന്ന് ദേശീയ വികസനസമിതിയോട് പ്ലാനിങ്ങ് കമ്മീ ഷൻ ശുപാർശചെയ്തു. പഞ്ചായത്തുതലത്തിലുള്ള പദ്ധതിരൂപീകരണം പ്ലാനിങ്ങ് കമ്മീഷൻ തലത്തിൽ നടത്തുന്നതിനുള്ള അനിശ്ചിതത്വവും കമ്മീഷന്റെ ചിന്താവിഷയമായി. തുടർന്ന് 1957 ജനുവരിയിൽ ദേശീയ വികസനസമിതി സാമൂഹ്യവികസന പ്രോജക്ടുകളുടെ പ്രവർത്തനം സംബന്ധിച്ചും ജില്ലാ ഭരണത്തിന്റെ പുനഃസംഘടനയെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. ബൽവന്തറായ് മേത്ത അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിച്ചു. 1958-ൽ ഈ കമ്മിറ്റി കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു.

സാമൂഹികനീതിയും സാമ്പത്തിക ഉന്നമന വും ഉറപ്പാക്കുന്ന പദ്ധതികളും പരിപാടികളും ഫലപ്രദമാക്കുന്നതിന് അധികാരവികേന്ദ്രീകരണം അനിവാര്യമാണെന്ന് ഈ റിപ്പോർട്ട് കണ്ടെത്തി. ഇതിലേക്ക് താഴേത്തട്ടിൽ ഗ്രാമപഞ്ചായത്തും ഇട തട്ടിൽ ബ്ലോക്ക് പഞ്ചായത്തും മേൽത്തട്ടിൽ ജില്ലാ പഞ്ചായത്തും അടങ്ങുന്ന ത്രിതല പഞ്ചായത്ത്‌രാജ് സംവിധാനമാണ് ബൽവന്ത്റായ് മേത്ത വിഭാ വനം ചെയ്തത്. 'പഞ്ചായത്തിരാജ് ലോക്താന്ത്രിക് വികേന്ദ്രീകരൺ' (പഞ്ചായത്തിരാജ് ജനായത്ത വികേന്ദ്രീകരണം) എന്ന ആശയമാണ് ശ്രീ. മേത്ത മുന്നോട്ടുവച്ചത്.

ജനായത്ത വികേന്ദ്രീകരണത്തിന്റെ മാർഗ രേഖയായിത്തീർന്ന ബൽവന്ത് റായ് മേത്ത കമ്മിറ്റി റിപ്പോർട്ട് 1958 ൽ ദേശീയ വികസനസമിതി അംഗീ കരിച്ചു. 1959 ഓരോ സംസ്ഥാനങ്ങൾക്കും ചേരുന്ന തരത്തിൽ പഞ്ചായത്ത് സമിതികൾ രൂപപ്പെട്ടു. ത്രിതല സമ്പ്രദായത്തിലുള്ള പഞ്ചായത്തുകൾ

രാജസ്ഥാനിൽ 1959ൽത്തന്നെ നിലവിൽവന്നു. തുടർന്ന് മറ്റു സംസ്ഥാനങ്ങളിലും ഏകതലം, ദ്വിതലം, ത്രിതലം എന്ന മട്ടിൽ വിവിധ സംസ്ഥാനങ്ങളിൽ വിവിധ തലങ്ങളിലാണ് പഞ്ചായത്തുകൾ ഉടലെടുത്തതെങ്കിലും ഭൂരിപക്ഷം സംസ്ഥാനങ്ങളും ത്രിതല പഞ്ചായത്ത് രീതിയാണ് പൊതുവേ അംഗീകരിച്ചത്.

പഞ്ചായത്ത് തലങ്ങളിൽ പദ്ധതി ആസൂത്രണവും നടത്തിപ്പും സാദ്ധ്യമാക്കുന്നതിന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണല്ലോ രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് (1956-61) ബൽവന്ത് റായ് മേത്ത കമ്മിറ്റിയെ നിയോഗിച്ചത്. 1960കളുടെ ആരംഭത്തിൽത്തന്നെ ഈ റിപ്പോർട്ടനുസരിച്ചുള്ള പഞ്ചായത്ത് പ്രസ്ഥാനങ്ങൾ ഭാരതത്തിലാകമാനം പടർന്നു പന്തലിച്ചുതുടങ്ങി. വികസനപ്രക്രിയയിൽ സ്ഥാനവും ലഭിച്ചുതുടങ്ങി. ഈ കാലയളവിൽ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെയും പരമ്പരാഗതവ്യവസായം പരിപോഷിപ്പിക്കുന്നതിലൂടെയും സഹകരണപ്രസ്ഥാനവും ദുർബലവിഭാഗങ്ങളെ ശാക്തീകരിക്കുന്നതിലൂടെയും പഞ്ചായത്ത് പ്രസ്ഥാനങ്ങൾ വൻനേട്ടങ്ങളാണ് പദ്ധതിനടത്തിപ്പിൽ കൈവരിച്ചത് എന്നാൽ ഭരണഘടനയനുസരിച്ച് തദ്ദേശഭരണം സംസ്ഥാന ലിസ്റ്റിൽപെട്ട കാര്യമായതിനാൽ ബൽവന്ത് റായ് കമ്മിറ്റി ഉൾപ്പെടെയുള്ള കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ഓരോ സംസ്ഥാനങ്ങളും നടപ്പിലാക്കിയത് അതാത് സംസ്ഥാനങ്ങൾക്ക് അനുയോജ്യമെന്നു തോന്നിയ രീതിയിലും അവർക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തിയുമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ ഘടനയിലും അധികാരങ്ങളിലും ചുമതലകളിലും വിവിധ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഐക്യരൂപം ഉണ്ടായിരുന്നില്ല. പഞ്ചായത്ത് കമ്മിറ്റികൾക്ക് സംസ്ഥാനനിയമം നിയമത്തിലൂടെ നൽകപ്പെട്ട അധികാരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാറുകൾ അറച്ചുനിന്നു. ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് സംസ്ഥാനങ്ങൾ തെരഞ്ഞെടുപ്പുകൾ സമയത്തിന് നടത്തുകയോ നടത്താതിരിക്കുകയോ ചെയ്തു. ഈ അവസ്ഥാവിശേഷം പഞ്ചായത്ത് സംവിധാനത്തിന്റെ പ്രസക്തിയെത്തന്നെ ചോദ്യംചെയ്തു തുടങ്ങി.

സ്വതന്ത്രഭാരതത്തിൽ രാഷ്ട്ര പുനർനിർമ്മാണത്തിന് രാഷ്ട്രനേതാക്കൾ പ്രാധാന്യം നൽകി. പഞ്ചവത്സരപദ്ധതികൾക്കും ഘനവ്യവസായങ്ങൾക്കും കൂടുതൽ തുക മുടക്കേണ്ടിവന്നു. ചേരിചേരാനയവും ലോക സമാധാനസ്ഥാപനത്തിനുമായി യത്നിക്കുന്നതിനിടയ്ക്ക് 1960കളിൽ ഇന്ത്യാ-ചൈന യുദ്ധം തുടർന്ന് പാകിസ്ഥാന്റെ ആക്രമണം എന്നിവയും വൻ പ്രശ്നങ്ങളായി. ജനസംഖ്യാവർദ്ധനവും ഒരു കീറാമുട്ടി പ്രശ്നവുമായിത്തീർന്നു. ഇതോടെ 1960-70കളിൽ പഞ്ചായത്ത്രാജ് പ്രസ്ഥാനത്തിന്റെ വളർച്ച ശ്രദ്ധലഭിക്കാത്ത വിഷയമായി. ഈ കാലഘട്ടത്തിൽ കേന്ദ്രാവിഷ്കരണ വികസനപദ്ധതികൾ പലതും ബ്ലോക്തലത്തിൽ ജില്ലാ കളക്ടർമാർ മുഖാന്തിരം നടപ്പിലാക്കി, സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ വികസനപ്രവർത്തനത്തിന്റെ നടത്തിപ്പുകാരുമായി; പഞ്ചായത്തുകൾ നോക്കുകുത്തികളുമായിത്തീർന്നു. ത്രിതല പഞ്ചായത്ത് വ്യവസ്ഥതന്നെ നിരർത്ഥകമായിത്തുടങ്ങി. പ്രധാനമന്ത്രി മൊറാർജി ദേശായിയുടെ കാലത്ത് പഞ്ചായത്ത് രാജ് സംവിധാനത്തിന് ഒരു ഉണർവ് ലഭിക്കുന്നതിലേക്ക് ഗ്രാമീണജനതയുടെ ആവശ്യങ്ങൾ കണക്കിലെടുത്ത്, പഞ്ചായത്ത് സംവിധാനം ഊർജസ്വലമാക്കുന്നതിനായി വിഷയം ആഴത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അശോക് മേത്ത കമ്മിറ്റിയെ നിയോഗിച്ചു. ഭരണഘടനാപരമായി പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അംഗീകാരം നൽകണമെന്നും ജില്ലാതല ആസൂത്രണ ബോർഡുകൾക്ക് മുഖ്യ സ്ഥാനം നൽകണമെന്നും കമ്മിറ്റി ശുപാർശ ചെയ്തു. പഞ്ചായത്ത് രാജ് പ്രസ്ഥാനങ്ങൾ വികസനപ്രക്രിയയിൽ ഭാഗഭാക്കാകണമെന്ന് കമ്മിറ്റി ശുപാർശചെയ്തു. 1984-ൽ പ്ലാനിങ്ങ് കമ്മീഷൻ നിയോഗിച്ച സി. എച്ച്. ഹമുനന്തയ്യ കമ്മിറ്റിയും ജില്ലാതലത്തിലുള്ള പ്ലാനിങ്ങ് കോ-ഓർഡിനേഷനാണ് മൂൻതൂക്കം നൽകിയത്. എന്നാൽ 1988-ൽ ശ്രീ. പി.കെ. തുംഗൻ ചെയർമാനായുള്ള പാർലമെന്റിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റി പഞ്ചായത്തീരാജ് സംവിധാനം ശക്തിപ്പെടുത്തണമെന്നും അവയ്ക്ക് ഭരണഘടനാപരമായ അംഗീകാരംനൽകണമെന്നും അഭിപ്രായപ്പെട്ടു.

1989-ൽ രാജീവ്ഗാന്ധിയുടെ കാലത്താണ് പഞ്ചായത്ത്/മുനിസിപ്പാലിറ്റി മേഖലകളിൽ വമ്പിച്ച കുതിച്ചുചാട്ടത്തിന് കളമൊരുക്കിക്കൊണ്ട് വിപുലമായ ഭരണഘടനാഭേദഗതികൾക്ക് ഒരുക്കമായത്. ഗ്രാമവികസനകാര്യങ്ങളിൽ വിദഗ്ദ്ധനായ ശ്രീ മണിശങ്കർ അയ്യർ ഗ്രാമവികസനമന്ത്രിയായിരുന്ന കാലത്താണ് ബീജാവാപം നടന്നത്. അശോക് മേത്ത കമ്മിറ്റിയുടെ ത്രിതല പഞ്ചായത്ത് സമ്പ്രദായം നടപ്പാക്കുന്നതിനും മഹാത്മാഗാന്ധിയുടെ

ഗ്രാമസ്വരാജ് സങ്കൽപം സാക്ഷാത്കരിക്കുന്നതിനും ഭരണഘടനാവ്യവസ്ഥകളുടെ അകമ്പടിയോടുകൂടി നിയമനിർമ്മാണം തുടങ്ങിവച്ചു. 1989-ൽ പഞ്ചായത്ത് രാജ് ബിൽ 64-ാം ഭരണഘടനാഭേദഗതിയായി പാർലമെന്റിൽ അവതരിപ്പിച്ചു. ഈ ബിൽ ലോകസഭ പാസാക്കിയെങ്കിലും ചില വകുപ്പുകളുടെ കാര്യത്തിലുള്ള വിയോജിപ്പുമൂലം രാജ്യസഭയിൽ പാസാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 1992-ൽ ശ്രീ. പി.വി. നരസിംഹ റാവു സർക്കാരിന്റെ കാലത്ത് അവതരിക്കപ്പെട്ട 73-ാം ഭരണഘടനാഭേദഗതി ബിൽ (പഞ്ചായത്ത് രാജ് ബിൽ) 1992 ഡിസംബർ 22ന് ലോകസഭയും ഡിസംബർ 23ന് രാജ്യസഭയും പാസാക്കി) പതിനേഴ് സംസ്ഥാന നിയമസഭകൾ ഈ ബില്ലുകൾ അംഗീകരിച്ചു. 1993 ഏപ്രിൽ 20-ന് ഇന്ത്യൻ പ്രസിഡന്റ് പാസായ ഭേദഗതിബിൽ ഒപ്പുവച്ച് നിയമമാക്കി.

ഭേദഗതിനിയമത്തിലെ 2-ാം പട്ടിക പ്രകാരം പഞ്ചായത്തുകൾ പട്ടികയിൽ വിവരിച്ച വിഷയങ്ങളിൽ ഭരണഘടനാപദവിയിലേക്ക് ഉയർത്തപ്പെട്ടു. ഭരണഘടനാഭേദഗതികളിലെ അനുഛേദം 243 ജി അനുസരിച്ച് സാമൂഹ്യനീതിയും സാമ്പത്തിക ഉന്നമനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികളും പരിപാടികളും തൃണമൂലതലത്തിൽ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളെ പ്രാപ്തമാക്കുംവിധം നിയമനിർമ്മാണം സംസ്ഥാന നിയമസഭ നിർവഹിക്കണമെന്ന് നിഷ്കർഷിക്കുന്നു. 1994-ൽ കേരള നിയമസഭ പാസാക്കിയ 1994-ലെ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് പദ്ധതികളും പരിപാടികളും രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന പതിനഞ്ചാം അദ്ധ്യായത്തിലെ വകുപ്പുകളിൽ വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. ഈ വകുപ്പുകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കണമെന്നും നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. വികേന്ദ്രീകൃത ആസൂത്രണം നടപ്പാക്കാൻ ഇതനുസരിച്ചുള്ള ചട്ടങ്ങൾ ആവശ്യമായിരിക്കെ, സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാർഗനിർദ്ദേശങ്ങളനുസരിച്ചുള്ള ജനകീയാസൂത്രണമാണ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനസമിതികളുടെ സ്ഥാനത്ത് മാർഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളാണ് പദ്ധതി രൂപീകരണവും നടത്തിപ്പും നിർവഹിക്കുന്നത്. വികേന്ദ്രീകൃത ആസൂത്രണംകൊണ്ട് ഉദ്ദേശിക്കുന്നത് ഔപചാരിക ആസൂത്രണമാണെങ്കിൽ ജനകീയാസൂത്രണംകൊണ്ട് ഉദ്ദേശിക്കുന്നത് അനൗപചാരിക ആസൂത്രണമാണ്. ഈ വസ്തുത മനസ്സിലാക്കി ഭരണഘടനാ ഭേദഗതികളിലും അതനുസരിച്ച് പാസാക്കിയ സംസ്ഥാനനിയമത്തിലും നിഷ്കർഷിക്കുന്ന ചട്ടങ്ങൾ താമസംവിനാ ഉണ്ടാക്കുവാൻ ഗവൺമെന്റ് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1992-ൽ 23-ാം 24-ാം ഭരണഘടനാഭേദഗതികൾ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ജനങ്ങൾക്ക് അവരുടെ ഗുണഫലം നേരിട്ട് ലഭ്യമാക്കുന്ന ഒരു സംവിധാനമല്ലെന്ന ഒരു തിരിച്ചറിവ് ഏവർക്കും ഉണ്ടാകണം. ഉപകരണങ്ങളാണ് ഭേദഗതികളിലൂടെ ലഭ്യമാക്കിയിരിക്കുന്നത്. ഉൽപന്നങ്ങൾ പണിപ്പെട്ട് ഉണ്ടാക്കിയെടുക്കണം. അതിനാണ് സംസ്ഥാനസർക്കാരുകൾ അതിനു താഴെയുള്ള ചട്ടങ്ങളും സംവിധാനങ്ങളും ഉണ്ടാക്കണമെന്നും ഭരണഘടനാ ഭേദഗതികൾ ആവശ്യപ്പെടുന്നത്. ഉദാഹരണത്തിന് അനുഛേദം 243 എച്ച് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് നികുതി, ഫീസ്, സെസ്സ് തുടങ്ങിയവ ചുമത്താനും പിരിക്കാനും പ്രാപ്തിനൽകണമെന്നാണ്. ഇതനുസരിച്ച് 1994-ലെ പഞ്ചായത്ത് രാജ് ആക്ടിൽ വകുപ്പ് 200 പ്രകാരം നാലുതരം നികുതികൾ പിരിക്കാൻ പഞ്ചായത്തിനെ അധികാരപ്പെടുത്തി. ഭരണഘടനാഭേദഗതികൾക്ക് വളരെ മുമ്പേ നിലനിൽക്കുന്നവയാണ് ഇവ നാലും. അവയിൽ പലതും ഇപ്പോൾ വേണ്ടവിധം പിരിച്ചെടുക്കപ്പെടാനുള്ള സംവിധാനമെങ്കിലും സംസ്ഥാന സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.

മുകളിൽപ്പറഞ്ഞ സാഹചര്യത്തിൽ ഭരണഘടനാഭേദഗതികൾ യുക്തവും ശക്തവുമായ രീതിയിൽ നടപ്പിലാക്കുകയെന്നത് ഒരു തുടർനടപടിയാണ്. ഏതു വിധത്തിൽ ഭരണഘടനാഭേദഗതികളുടെ ഓരോ വ്യവസ്ഥയും ശക്തമായും യുക്തമായും നടപ്പിൽവരുത്താമെന്നും വികേന്ദ്രീകൃത ആസൂത്രണവും അധികാര വികേന്ദ്രീകരണവും ഒരു ഒറ്റത്തവണ അഭ്യാസം (one time exercise) അല്ലാത്തതുകൊണ്ട്, അവയെ എങ്ങനെ സൂക്ഷ്മമായി നിരീക്ഷിച്ച് ഒരു തുടർപരിപാടിയായി വളർത്തിയെടുക്കാമെന്നും സർക്കാർ ഗൗരവമായി പരിഗണിക്കേണ്ടിയിരിക്കുന്നു.

വികേന്ദ്രീകൃത ആസൂത്രണവും അധികാരവികേന്ദ്രീകരണവും വിജയിച്ചാൽ ജനങ്ങൾക്ക് ലഭ്യമാകുന്നത് ഏതൊരു വൻവിപ്ലവത്തിലൂടേയും ലഭ്യമാകുന്നതിലധികം സമ്പത്തും സുഭിക്ഷതയുമായിരിക്കും.

# ഇരിങ്ങാലക്കുടയുടെ ജനപ്രതിനിധികൾ





## പ്രൊഫ. സാവിത്രി ലക്ഷ്മണൻ

9, 10 ലോകസഭകളിലും
10, 11 കേരള നിയമസഭകളിലും
അംഗമായിരുന്നു.

പഴയ തിരുവിതാംകൂറും പഴയ കൊച്ചിയും പഴയ മലബാറും ചേർന്ന് 1956 നവംബർ ഒന്നാംതീയതി കേരളം ഉണ്ടാകുന്നതുവരെ, ഇരിങ്ങാലക്കുട പഴയ കൊച്ചീരാജ്യത്തിന്റെ കീഴിലായിരുന്നു. ഇന്ത്യ സ്വതന്ത്രയാവുന്നതിനുമുമ്പുള്ള കാലഘട്ടങ്ങളിൽ, തിരുവിതാംകൂർ, തിരുവിതാംകൂർ മഹാരാജാവിന്റെയും കൊച്ചി, കൊച്ചി മഹാരാജാവിന്റെയും, മലബാർ, മദ്രാസ് പ്രൊവിൻസിന്റെയും ഭരണത്തിലുമായിരുന്നു.

പ്രബുദ്ധമായ കേരളത്തിൽ നമുക്കുമുമ്പേ ജീവിച്ചിരുന്നവരും പ്രബുദ്ധരായിരുന്നു. ഒരു ലെജിസ്ലേറ്റീവ് കൗൺസിലിന് 1888 മാർച്ച് 30-ാം തീയതി രൂപംകൊടുത്തുകൊണ്ട് തിരുവിതാംകൂറിൽ എട്ട് അംഗങ്ങളും ആറ് ഉദ്യോഗസ്ഥരും രണ്ട് നോമിനേറ്റഡ് അംഗങ്ങളുമായി മൂന്നുകൊല്ലത്തെ കാലാവധിയോടെ ഒരു സഭ രൂപീകരിച്ചത് ഇന്ത്യയിലെതന്നെ ആദ്യത്തെ അനുഭവമായിരുന്നു. 1881 ആഗസ്റ്റ് 25-ാം തീയതി മൈസൂർ മഹാരാജാവിന്റെ ആഗ്രഹമനുസ

രിച്ച് ഒരു റെപ്രസെന്റീവ് അസംബ്ലിക്ക് രൂപംനൽക പ്പെട്ടുവെങ്കിലും 1907-ൽ മാത്രമാണ് അവിടെയും ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ ആധികാരിക മായി നിലവിൽവന്നത് എന്ന വസ്തുത മറക്കാതി രിക്കുക. ഇന്ത്യയിലെ ആദ്യത്തെ ആധികാരികമായ ലെജിസ്ലേറ്റീവ് കൗൺസിൽ തിരുവിതാംകൂറിന്റേതു തന്നെ. ആ മാതൃക പിന്തുടർന്നുകൊണ്ട്, 1923-ൽ പു റത്തിറക്കിയ കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ റഗുലേഷൻപ്രകാരം 1925 ഏപ്രിലിൽ കൊച്ചിയിലെ ആദ്യത്തെ ലെജിസ്ലേറ്റീവ് കൗൺസിൽ നിലവിൽ വന്നു. തെരഞ്ഞെടുക്കപ്പെട്ട 30 പേരും നോമിനേ റ്റ് ചെയ്യപ്പെട്ട 15 പേരും അടങ്ങുന്നതായിരുന്നു പ്ര സ്തുത കൗൺസിൽ.

1932 ആയപ്പോൾ ഈ അംഗസംഖ്യയിൽ, തെരഞ്ഞെടുക്കപ്പെടുന്നവർ 36 എന്നും നോമിനേ റ്റ് ചെയ്യപ്പെടുന്നവർ 18 എന്നും മാറ്റംവരുത്തി. 1935 ആയപ്പോഴേക്കും നാല് സ്റ്റാൻഡിങ്ങ് അഡ്വൈസറി കമ്മിറ്റികളും നിലവിൽവന്നു. ഈ കൗൺസിലിന് ആദ്യമായി ഒരു മന്ത്രിയെ കിട്ടുന്നത് 1938-ൽ ആണ്. അമ്പാട്ട് ശിവരാമമേനോനാണ് റൂറൽ ഡെവലപ് മെന്റിന്റെ ചുമതലയുമായി 1938-ൽ ആദ്യ മന്ത്രിയാ വുന്നത്. പക്ഷേ, അധികം താമസിയാതെ അദ്ദേഹം മരിച്ചുപോയി. 5.9.1938 മുതൽ ഡോ. എ. ആർ. മേനോൻ മന്ത്രിയായി. അവിശ്വാസപ്രമേയത്തെ ത്തുടർന്ന് 25.2.1942-ൽ ഡോ. എ.ആർ. മേനോൻ രാജിവച്ചു. പിന്നീട് ടി.കെ. നായർ മന്ത്രിയായി.

1946 ആയപ്പോഴേക്കും കൊച്ചിക്ക് നാലു മന്ത്രിമാരെ കിട്ടി. 9.9.1946-ൽ അധികാരത്തിലേ റിയ നാലു മന്ത്രിമാർ പനമ്പിള്ളി ഗോവിന്ദമേനോ ൻ, സി. ആർ. ഇയ്യുണ്ണി, കെ. അയ്യപ്പൻ, ടി.കെ. നായർ എന്നിവരായിരുന്നു. 14.8.1947-ലാവട്ടെ, പനമ്പിള്ളി ഗോവിന്ദമേനോൻ കൊച്ചിയിലെ പ്ര ധാനമന്ത്രിയായി അവരോധിക്കപ്പെട്ടു. 22.10.1947 വരെ അദ്ദേഹം കൊച്ചിയിലെ പ്രധാനമന്ത്രിയായി തുടർന്നു. പിന്നാലെ 27.10.1947 തൊട്ട് 20.10.1948 വരെ ടി.കെ. നായർ ആയിരുന്നു പ്രധാനമന്ത്രി.

1948-ൽ ലെജിസ്ലേറ്റീവ് കൗൺസിൽ ലെജി സ്ലേറ്റീവ് അസംബ്ലിയായി. 20.9.1948-ൽ ഇക്ക ണ്ടവാര്യർ തലവനായി മന്ത്രിസഭ രൂപീകൃതമാ വുകയും ചെയ്തു. 1.7.1949-ലെ തിരുക്കൊച്ചി സംയോജനം വരെ ഇക്കണ്ടവാര്യരുടെ മന്ത്രിസഭ അധികാരത്തിലുണ്ടായിരുന്നു. 1.7.1949-ൽ തിരു ക്കൊച്ചി സംയോജനത്തോടെ, തിരുവിതാംകൂർ മഹാരാജാവ് രാജപ്രമുഖനായതും മറ്റും 65 കൊല്ലം കഴിയുന്നതിനുമുമ്പുതന്നെ പഴങ്കഥയാവുന്നു. തിരു ക്കൊച്ചിയിലെ ആദ്യത്തെ മുഖ്യമന്ത്രി പറവൂർ ടി.കെ. നാരായണപിള്ളയാണെന്നും ആദ്യത്തെ സ്പീക്കർ ടി.എം. വർഗ്ഗീസ് ആണെന്നും അധി കമാർക്കും ഇപ്പോൾ അറിയില്ല. 1951 ഡിസംബറിലാ ണിവിടെ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് നടന്ന ത്. 12.3.1952-ൽ എ. ജെ. ജോണിന്റെ മന്ത്രിസഭ രൂപംകൊള്ളുകയും 23.9.1953-ൽ അവസാനിക്കു കയും ചെയ്തു. 1954 ജനുവരിയിൽ നടന്ന അടുത്ത തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയപാർട്ടിക്കും കൃത്യമായ ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. എങ്കിലും 19 അംഗങ്ങളുള്ള പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിലെ പട്ടം താണുപിള്ള 45 അംഗങ്ങളുള്ള കോൺഗ്ര സ്സിന്റെ പിന്തുണയോടെ അധികാരത്തിൽ കയറു കയും 1955 ഫെബ്രുവരിയിൽ താഴെ വീഴുകയും ചെയ്തു. തുടർന്ന് 23.3.1956ൽ ആറുപേർ കാലുവാ രുന്നതുവരെ പനമ്പിള്ളി ഗോവിന്ദമേനോന്റെ നേ തൃത്വത്തിലായിരുന്നു ഭരണം. 23.3.1956-ൽ പനമ്പി ള്ളിയും വീണതോടെ രാജപ്രമുഖന്റെ ശുപാർശ യുടെ ബലത്തിൽ നമ്മുടെ നാട്ടിൽ ആദ്യത്തെ പ്രസിഡന്റുഭരണം വന്നു. 1956 നവംബർ ഒന്നിന് കേരളപ്പിറവിവരെ ഇതായിരുന്നു ഇരിങ്ങാലക്കുട യുൾക്കൊള്ളുന്ന പ്രദേശത്തിന്റെ അധികാരപശ്ചാ ത്തലം.

1957 ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി ട്ടാണ് കേരള സംസ്ഥാനത്തിന്റെ ആദ്യത്തെ പൊ തുതെരഞ്ഞെടുപ്പ് നടക്കുന്നത്. 126 അംഗങ്ങളായി രുന്നു ആദ്യത്തെ അസംബ്ലിയിൽ. ഇന്നത് നോമി നേറ്റഡ് അംഗം ഉൾപ്പെടെ 141 ആണ്. 1957 ഏപ്രിൽ 5-ാം തീയതി ലോകത്തിലെതന്നെ ആദ്യത്തെ തെര ഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധി കാരത്തിൽവന്നെങ്കിലും 31.7.1959-ൽ വിമോചന സമരത്തെത്തുടർന്ന് പ്രസിഡന്റുഭരണമായി. 1960 ഫെബ്രുവരിയിൽ പി.എസ്.പി.യും കോൺഗ്രസ്സും മുസ്ലീംലീഗും ചേർന്ന ആദ്യത്തെ കൂട്ടുമന്ത്രിസഭ. പട്ടം താണുപിള്ള പഞ്ചാബ് ഗവർണ്ണറായതിനെത്തു ടർന്ന് ആർ. ശങ്കറുടെ മന്ത്രിസഭയ്ക്കായി അധികാ രം. 1964 സെപ്തംബറിൽ ഈ മന്ത്രിസഭയും താഴെ വീണു. പ്രസിഡന്റുഭരണമായി വീണ്ടും. 1965ൽ ഇലക്ഷൻ നടന്നെങ്കിലും ആർക്കും ഭൂരിപക്ഷമില്ലാ ത്തതിനെത്തുടർന്ന് പ്രസിഡന്റുഭരണം 1967 മാർച്ച് വരെ നീണ്ടു. 1967 മാർച്ചിൽ ഒരിക്കൽക്കൂടി ഇ. എം.എസ്സിന്റെ നേതൃത്വത്തിലുള്ള കൂട്ടുമന്ത്രിസഭ വന്നു.പക്ഷേ 1969 നവംബർ ഒന്നിന് കാലാവധി തികയ്ക്കാതെ ഇ.എം.എസ്സിനു രാജിവക്കേണ്ടിവ

ന്നു. അസംബ്ലിക്ക് പിരിയേണ്ടിവന്നില്ല. സി. അച്യുതമേനോന്റെ മന്ത്രിസഭ അധികാരത്തിൽ കയറി. എങ്കിലും തെരഞ്ഞെടുപ്പിനെ നേരിടാൻവേണ്ടി 26.6.1970ൽ അച്യുതമേനോൻ രാജിവച്ചതോടെ ഒരിക്കൽക്കൂടി പ്രസിഡന്റുഭരണത്തിന്റെ രുചിയറിയാനായി കേരളീയർക്ക്. 17.9.1970-ൽ ഇലക്ഷൻ നടന്നു. 4.10.1970-ൽ സി. അച്യുതമേനോൻതന്നെ അധികാരത്തിൽ കയറി. ചരിത്രം സൃഷ്ടിച്ചുകൊണ്ട് ഈ മന്ത്രിസഭ കാലാവധിയും കഴിഞ്ഞ് 18 മാസം കൂടി, അഥവാ 22.3.1977 വരെ നാടുഭരിച്ചു.

1977 മാർച്ചിൽ അധികാരത്തിൽ കയറിയ കെ. കരുണാകരൻ 25.4.1977-ൽ ത്തന്നെ കസേര വിട്ടൊഴിഞ്ഞു. 27.4.1977-ൽ എ.കെ. ആന്റണി മുഖ്യമന്ത്രിയായി. അധികം താമസിയാതെ 27.10.1978-ൽ എ.കെ. ആന്റണി രാജിവച്ചു. തുടർന്ന് മുഖ്യമന്ത്രിയായത് പി.കെ. വാസുദേവൻ നായരാണ്. 7.10.1979ൽ ത്തന്നെ പി.കെ.വിയും സ്ഥാനമൊഴിഞ്ഞു. 12.10.1979-ൽ മുഖ്യമന്ത്രിയായ സി.എച്ച്. മുഹമ്മദ് കോയ 1.12.1979-ൽത്തന്നെ രാജിവച്ചു. 5.12.1979-ൽ വീണ്ടുമൊരു പ്രസിഡന്റുഭരണം.പക്ഷേ 21.1.1980 -ൽത്തന്നെ ഇലക്ഷൻ നടന്നു. 25.1.1980 ൽ ഇ.കെ. നായനാർ മുഖ്യമന്ത്രിയായി. 20.10.1981ൽ നായനാർ ഭൂരിപക്ഷം നഷ്ടപ്പെട്ടതിനെത്തുടർന്ന് രാജിവച്ചു. പ്രസിഡന്റുഭരണമല്ലാതെ പിന്നെ വേറെയൊരു രക്ഷയുമില്ല. എന്നാൽ അസംബ്ലി പിരിച്ചുവിട്ടില്ല. 28.12.1981-ൽ കെ. കരുണാകരന്റെ നേതൃത്വത്തിൽ വീണ്ടുമൊരു അധികാരമാറ്റം. ഇരുകൂട്ടർക്കും ഒപ്പത്തിനൊപ്പം അംഗസംഖ്യയുള്ള വിചിത്രമായ ഒരു അസംബ്ലി. 17.3.1982-ൽ ഈ മന്ത്രിസഭ മറിഞ്ഞുവീണു. അപ്പോൾ അസംബ്ലി പിരിച്ചുവിടുകയും പ്രസിഡന്റുഭരണം നിലവിൽവരികയും ചെയ്തു.

19.5.1982-ൽ തെരഞ്ഞെടുപ്പ് നടക്കുകയും 24.5.1982-ൽ കെ. കരുണാകരൻ മൂന്നാമതും മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞചെയ്യുകയും ചെയ്തു. 25.3.1987-ൽ രാജിവെച്ച കരുണാകരൻ മന്ത്രിസഭ കാലാവധി പൂർത്തിയാക്കി. 23.3.1987ൽ നടന്ന തിരഞ്ഞെടുപ്പോടെ അധികാരത്തിൽവന്നത് 26.3.1987 -ൽ ചുമതലയേറ്റ ഇ.കെ. നായനാരാണ്. 1991-ൽ വീണ്ടും തെരഞ്ഞെടുപ്പ് നടക്കുകയും ചെയ്തു. നിയമസഭ കാലാവധി പൂർത്തിയാക്കിയെങ്കിലും 1995ൽ രാജിവച്ച കെ. കരുണാകരന്റെ സ്ഥാനത്ത് എ.കെ. ആന്റണിയാണ് മുഖ്യമന്ത്രിയായത്. 1996-ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ ഒരുവട്ടംകൂടി ഇ.കെ. നായനാർക്ക് 14.5.1996-ൽ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ നടത്താൻ സാധിച്ചു. ഇത്തവണയും നിയമസഭ കാലാവധി പൂർത്തിയാക്കി. 2001ൽ ആണ് തെരഞ്ഞെടുപ്പ് നടന്നത്. 2001 ൽ എ.കെ. ആന്റണി വീണ്ടും മുഖ്യമന്ത്രിയാവുകയും ചെയ്തു. 2004 വരെ മാത്രമേ എ.കെ. ആന്റണിക്ക് മുഖ്യമന്ത്രിയായിരിക്കാൻ കഴിഞ്ഞുള്ളൂ. ഉമ്മൻചാണ്ടിയാണ് തുടർന്നുള്ളകാലം മുഖ്യമന്ത്രിയായത്. 2006 ൽ അടുത്ത തെരഞ്ഞെടുപ്പ് നടന്നപ്പോൾ വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായി. കാലാവധി തികച്ചും ഭരിച്ച് 2011 ആയപ്പോഴേ പിന്നീട് തെരഞ്ഞെടുപ്പ് നടന്നുള്ളൂ. 2011ൽ മുഖ്യമന്ത്രിയായത് ഒരിക്കൽക്കൂടി ഉമ്മൻചാണ്ടിയാണ്.

1982-നു ശേഷം ഇവിടെ പ്രസിഡന്റുഭരണം വേണ്ടിവന്നിട്ടില്ല. പക്ഷേ, ഏഴാം മന്ത്രിസഭ 1982-ൽ അധികാരം ഏല്ക്കുന്നതിനുമുമ്പ് ഏഴുപ്രാവശ്യം കേരളത്തിൽ പ്രസിഡന്റുഭരണം വേണ്ടിവന്നു. 1925 തൊട്ട് നാളിതുവരെ ഇരിങ്ങാലക്കുടയിൽനിന്ന് നിയമനിർമ്മാണസഭയെ പ്രതിനിധാനം ചെയ്തവരുടെ ലിസ്റ്റുണ്ടാക്കാൻ ഒരു പശ്ചാത്തലം വേണം. ആ പശ്ചാത്തലമാണ് കാലാനുസാരിയായി മിനഞ്ഞെടുക്കാൻ ശ്രമിച്ചത്. ഇനി ആരൊക്കെ, എന്നൊക്കെ, എവിടെയൊക്കെ എത്തി എന്നു നോക്കാം.

## കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ

കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ എന്ന പേരിൽ 1925 തൊട്ട് 1948 വരെ മൂന്നുവർഷം വീതം കാലാവധി ഉണ്ടായിരുന്ന അഞ്ച് കൗൺസിലുകളും ഏഴുവർഷം നീണ്ട ഒരു കൗൺസിലും ഉണ്ടായിരുന്നു. ഓരോ കൗൺസിലിലും ഇരിങ്ങാലക്കുടയെ പ്രതിനിധാനംചെയ്തിരുന്നവർ താഴെ പേരുചേർക്കുന്നവരാണ്.

1-ാം കൗൺസിൽ (1925-1928)
- അമ്പാട്ട് രാവുണ്ണിമേനോൻ

2-ാം കൗൺസിൽ (1928-1931)
- വി. അച്യുതമേനോൻ

3-ാം കൗൺസിൽ (1931-1934)
- കെ. പി. കണ്ണൻ നായർ

4-ാം കൗൺസിൽ (1935-1938)
- കെ. എസ്. മാണിക്കം

5-ാം കൗൺസിൽ (1938-1945 )
- എ. എൽ. ആന്റണി

6-ാം കൗൺസിൽ (1945-1948 )
- പറമ്പി ലോനപ്പൻ

ഈ കാലഘട്ടത്തിൽ 1938 തൊട്ട് 1945 വരെയുള്ള അഞ്ചാം കൗൺസിലിൽ 17.6.1938 തൊട്ട്

21.10.1942 വരെയും ആറാം കൗൺസിലിൽ 1.6.1945 തൊട്ട് 12.4.1948 വരെയും ഇരിങ്ങാലക്കുടയ്ക്ക് തൊട്ടുകിടക്കുന്ന കാട്ടൂരിനെ പ്രതിനിധാനം ചെയ്തിരുന്നത് പുതൂർ അച്യുതമേനോൻ ആയിരുന്നു. അഞ്ചാം കൗൺസിലിൽ 1942-ൽ ഗവൺമെന്റിന്റെ നയത്തിനെതിരെ പ്രതിഷേധിച്ച് അദ്ദേഹം രാജിവയ്ക്കുകയായിരുന്നു. പക്ഷേ, അതേ നിയോജകമണ്ഡലത്തിൽനിന്നുതന്നെ ആറാം കൗൺസിലിൽ അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

### കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലി

കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലി എന്ന പേരിൽ 1948 തൊട്ട് 1949 വരെ ഒരു സഭയുണ്ടായി. ഈ സഭയിൽ അംഗമായിരുന്നത് ഡോ. സി.എൽ. ജോസഫാണ്.

### തിരുവിതാംകൂർ-കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലി

തിരുക്കൊച്ചി സംയോജനത്തെത്തുടർന്ന് കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലി ഇല്ലാതാവുകയും തിരുവിതാംകൂർ-കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലി രൂപംകൊള്ളുകയുംചെയ്തു. മൂന്ന് അസംബ്ലികളാണ് 1956 വരെയുള്ള കാലഘട്ടത്തിൽ ഉണ്ടായത്. ഓരോ അസംബ്ലിയിലും താഴെ പേരുചേർക്കുന്നവർ ഇരിങ്ങാലക്കുടയുടെ പ്രതിനിധികളായി.

1-ാം അസംബ്ലി 1949-1952
- ഡോ. സി.എൽ. ജോസഫ്

2-ാം അസംബ്ലി 1952-1953
- കെ. വി. കൃഷ്ണൻകുട്ടി വാര്യർ

3-ാം അസംബ്ലി 1954-1956
- കെ. കെ. ബാലകൃഷ്ണൻ

### കേരള നിയമസഭ

കേരള സംസ്ഥാനം ഉടലെടുത്തതിനെത്തുടർന്ന് കേരള നിയമസഭയാണ് തുടർന്നുവരുന്നത്. 12 നിയമസഭകളുടെ കാലാവധി കഴിഞ്ഞു. ഇത് പതിമൂന്നാമത്തെ നിയമസഭയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഓരോ നിയമസഭയിലേക്കും ഇരിങ്ങാലക്കുടയുടെ ശബ്ദം കേൾപ്പിക്കാൻ എത്തിച്ചേർന്നവരുടെ വിവരം താഴെ ചേർക്കുന്നു.

1. 1957-1959 - സി. അച്യുതമേനോൻ
2. 1960-1964 - സി. അച്യുതമേനോൻ
3. 1967-1970 - സി.കെ. രാജൻ
4. 1970-1977 - സി.എസ്. ഗംഗാധരൻ
5. 1977-1979 - സിദ്ധാർത്ഥൻ കാട്ടുങ്ങൽ
6. 1980-1982 - ജോസ് താനിക്കൽ
7. 1982-1987 - ലോനപ്പൻ നമ്പാടൻ
8. 1987-1991 - ലോനപ്പൻ നമ്പാടൻ
9. 1991-1996 - ലോനപ്പൻ നമ്പാടൻ
10. 1996-2001 - ലോനപ്പൻ നമ്പാടൻ
11. 2001-2006 - അഡ്വ. തോമസ് ഉണ്ണിയാടൻ
12. 2006-2011 - അഡ്വ. തോമസ് ഉണ്ണിയാടൻ
13. 2011 - അഡ്വ. തോമസ് ഉണ്ണിയാടൻ

സി. അച്യുതമേനോൻ ആറുകൊല്ലവും സി.കെ. രാജൻ മൂന്നുകൊല്ലവും സി.എസ്. ഗംഗാധരൻ ഏഴുകൊല്ലവും സിദ്ധാർത്ഥൻ കാട്ടുങ്ങലും ജോസ് താനിയ്ക്കലും രണ്ടുകൊല്ലംവീതവും ലോനപ്പൻ നമ്പാടൻ 19 കൊല്ലവും ഇരിങ്ങാലക്കുട എം.എൽ.എ. ആയി. തോമസ് ഉണ്ണിയാടൻ 13-ാം നിയമസഭയിൽ ഇപ്പോൾ, 13-ാം കൊല്ലവും ഇരിങ്ങാലക്കുടയുടെ എംഎൽ.എ ആയി തുടരുന്നു.

ആറു കൊല്ലങ്ങൾക്കുള്ളിൽ ഇ.എം.എസ്, പട്ടം താണുപിള്ള, ആർ. ശങ്കർ എന്നീ മൂന്നു മുഖ്യമന്ത്രിമാരെ നിയമസഭയ്ക്കകത്തു കണ്ട ആളാണ് സി. അച്യുതമേനോൻ. ഇദ്ദേഹം പിന്നീട് രണ്ടുപ്രാവശ്യം മൂന്നും നാലും നിയമസഭകളിലായി കേരളത്തിന്റെ മുഖ്യമന്ത്രിയാവുകയും ഒരു പ്രാവശ്യം രാജ്യസഭാംഗമാവുകയും ചെയ്തിട്ടുണ്ട്. ഇരിങ്ങാലക്കുടയിൽ ജനിച്ചുവളർന്നവരാരും ഇരിങ്ങാലക്കുടയെ പ്രതിനിധാനം ചെയ്തിട്ടില്ല എന്ന പഴി കേൾക്കാതിരിക്കാൻമാത്രം സി. അച്യുതമേനോൻ ഇരിങ്ങാലക്കുടയിലാണ് ജനിച്ചത് എന്നുമാത്രം പറയാൻ സാധിക്കുന്നുണ്ട്.

മൂന്നു കൊല്ലത്തിനിടയ്ക്ക് ഇ.എം.എസ്സും അച്യുതമേനോനും മുഖ്യമന്ത്രിയാവുന്നത് സി.കെ. രാജൻ കണ്ടു. ഇരിങ്ങാലക്കുടയിൽ വീടുവച്ച് മരിക്കുംവരെ ഇരിങ്ങാലക്കുടക്കാരനായി ജീവിക്കുകയുംകൂടി ചെയ്ത എം.എൽ.എ. ആയിരുന്നു സി.കെ. രാജൻ. ഏഴുകൊല്ലം കിട്ടിയ സി.എസ്. ഗംഗാധരന്റെ നിയമസഭാകാലം മുഴുവൻ സി. അച്യുതമേനോൻ മാത്രമായിരുന്നു മുഖ്യമന്ത്രി. തനിക്കു കിട്ടിയ രണ്ടുകൊല്ലങ്ങൾക്കിടയിൽ കരുണാകരൻ, എ.കെ. ആന്റണി, പി.കെ. വാസുദേവൻനായർ, സി. എച്ച്. മുഹമ്മദ്കോയ എന്നീ നാലു മുഖ്യമന്ത്രിമാരെ പരിചയപ്പെട്ട ആളാണ് സിദ്ധാർത്ഥൻ കാട്ടുങ്ങൽ. ജില്ലാ കൗൺസിൽ അംഗമായും കൊച്ചിൻ ദേവസ്വം പ്രസിഡന്റായുമൊക്കെ സിദ്ധാർത്ഥൻ കാട്ടുങ്ങൽ പിന്നീട് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

രണ്ടുവർഷമുണ്ടായിരുന്ന ജോസ് താനി

ക്കലും ഇ.കെ. നായനാർ, കെ. കരുണാകരൻ എന്ന രണ്ടു മുഖ്യമന്ത്രിമാരെക്കണ്ടു. കെ. കരുണാകരൻ, എ.കെ. ആന്റണി, ഇ.കെ. നായനാർ എന്നിവർമാത്രം മുഖ്യമന്ത്രിമാരാവുന്നത് കണ്ടുകൊണ്ടാണ് 19 കൊല്ല ക്കാലം ലോനപ്പൻ നമ്പാടൻ എം.എൽ.എ. ആയിരു ന്നത്. ഇ.കെ. നായനാരോടൊപ്പം രണ്ടുപ്രാവശ്യം അദ്ദേഹം മന്ത്രിയായിരുന്നത് ഇരിങ്ങാലക്കുടയുടെ പ്രതിനിധിയായിരുന്ന കാലത്താണ്. കൊടകര യിലും അദ്ദേഹം എം.എൽ.എ. ആയിരുന്നിട്ടുണ്ട്.

13 കൊല്ലങ്ങൾക്കിടയ്ക്ക് അഡ്വ. തോമസ് ഉണ്ണിയാടൻ, എ.കെ. ആന്റണി, ഉമ്മൻ ചാണ്ടി, അച്യുതാനന്ദൻ എന്നീ മുഖ്യമന്ത്രിമാരുമായി ഇട പഴകിക്കഴിഞ്ഞു. ഇരിങ്ങാലക്കുടയിൽ ജനിച്ചുവ ളർന്ന ആളല്ലെങ്കിലും കുടുംബസമേതം ഇരിങ്ങാ ലക്കുടയിൽ താമസിച്ച് ഇരിങ്ങാലക്കുടക്കാരാനാ യി മാറിക്കഴിഞ്ഞു അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ. ഒൻപതാം ലോക്സഭയിലും പത്താം ലോക്സഭയിലും (1889-1991, 1991-1996) ഇരിങ്ങാ ലക്കുടകൂടി ഉൾക്കൊള്ളുന്ന മുകുന്ദപുരത്തെ പ്ര തിനിധാനംചെയ്ത പ്രൊഫ. സാവിത്രിലക്ഷ്മണൻ ഇരിങ്ങാലക്കുടയിൽ സ്ഥിരതാമസമാക്കിയിട്ട് അര നൂറ്റാണ്ടാവാറായി.

1952 തൊട്ട് 2014 വരെ ഇരിങ്ങാലക്കുട ഉൾപ്പെടെയുള്ള പാർലമെന്റ് നിയോജകമണ്ഡല ത്തിൽനിന്ന് ജയിച്ച് ലോക്സഭയിലെത്തിയവരുടെ ഒരു ലിസ്റ്റ് പരിശോധിയ്ക്കുന്നതും രസാവഹമാണ്. ഇതുവരെ 15 ലോക്സഭകളുണ്ടായി. 11 പേർ ഇരി ങ്ങാലക്കുടയുടെ എം.പി. മാരാവുകയും ചെയ്തു. ഒന്നിൽക്കൂടുതൽ പ്രാവശ്യം ഇരിങ്ങാലക്കുടയുടെ എം.പി. മാരായിരുന്നിട്ടുള്ളത് പനമ്പിള്ളി ഗോവി ന്ദമേനോൻ, എ.സി. ജോർജ്ജ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, പി.സി. ചാക്കോ എന്നിവരാണ്. ആദ്യ ത്തെ മൂന്നുപേർ മുകുന്ദപുരത്തിന്റെ പ്രതിനിധിക ളായും പി.സി. ചാക്കോ ഒരുപ്രാവശ്യം മുകുന്ദപുര ത്തിന്റെയും അടുത്തപ്രാവശ്യം തൃശ്ശൂരിന്റെയും പ്ര തിനിധിയായും ഇരിങ്ങാലക്കുടയെ ലോകസഭയിൽ പ്രതിനിധീകരിച്ചു. ഇരിങ്ങാലക്കുടയെ പ്രതിനി ധാനംചെയ്ത ആദ്യത്തെ ലോകസഭാംഗം കെ. ടി. അച്യുതൻ കൊടുങ്ങല്ലൂർ എം.പി. ആയാണ് ഇരി ങ്ങാലക്കുടയെ പ്രതിനിധാനം ചെയ്തത്.

| ലോക സഭ | പേര് | കാലം |
|---|---|---|
| 1 | കെ.ടി. അച്യുതൻ | 1952-1957 |
| 2 | ടി.സി.എൻ. മേനോൻ | 1957-1962 |
| 3 | പനമ്പിള്ളി ഗോവിന്ദമേനോൻ | 1962-1967 |
| 4 | പനമ്പിള്ളി ഗോവിന്ദമേനോൻ | 1967-1970 |
| 4 | എ.സി. ജോർജ്ജ് | 1970-1971 |
| 5 | എ.സി. ജോർജ്ജ് | 1971-1977 |
| 6 | എ.സി. ജോർജ്ജ് | 1977-1979 |
| 7 | ബാലാനന്ദൻ | 1980-1984 |
| 8 | കെ. മോഹൻദാസ് | 1984-1989 |
| 9 | പ്രൊഫ. സാവിത്രി ലക്ഷ്മണൻ | 1989-1991 |
| 10 | പ്രൊഫ. സാവിത്രി ലക്ഷ്മണൻ | 1991-1996 |
| 11 | പി.സി. ചാക്കോ | 1996-1997 |
| 12 | എ.സി. ജോസ് | 1998-1999 |
| 13 | കെ. കരുണാകരൻ | 1999-2004 |
| 14 | ലോനപ്പൻ നമ്പാടൻ | 2004-2009 |
| 15 | പി. സി. ചാക്കോ | 2009-2014 |

1982 വരെ ഇരിങ്ങാലക്കുടയെ പ്രതിനി ധാനം ചെയ്തിരുന്നവരെല്ലാവരും കാലയവനിക യ്ക്കുള്ളിൽ മറഞ്ഞുപോയി. കൊച്ചിൻ ലെജിസ്ലേ റ്റീവ് കൗൺസിലിലും കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലിയിലും തിരുവിതാംകൂർ കൊച്ചി ലെജി സ്ലേറ്റീവ് അസംബ്ലിയിലും അംഗമായി അമ്പാട്ട് രാവുണ്ണിമേനോൻ, വി. അച്യുതമേനോൻ, കെ.പി. കണ്ണൻ നായർ, കെ.എസ്. മാണിക്കം, എ.എൽ. ആന്റണി, പറമ്പി ലോനപ്പൻ, ഡോ. സി.എൽ. ജോസഫ്, കെ.വി.കെ. വാര്യർ, കെ.കെ. ബാലകൃ ഷ്ണൻ, കാട്ടൂരിനെ പ്രതിനിധാനംചെയ്തിരുന്ന ഇരിങ്ങാലക്കുടക്കാരനായിരുന്ന പുതൂർ അച്യു തമേനോൻ എന്നിവരിൽ ബഹുഭൂരിപക്ഷം പേ രും സ്മൃതിപഥത്തിൽനിന്നുപോലും മാഞ്ഞുതുട ങ്ങിയിരിക്കുന്നു. മാടായിക്കോണത്ത് ജനിച്ചുവ ളർന്ന പി.കെ. ചാത്തൻ മാസ്റ്റർ, പഞ്ചായത്ത് പ്ര സിഡന്റ്, തിരുവിതാംകൂർ കൊച്ചി ലെജിസ്ലേറ്റീവ് അംഗം 1957 ലും 1970 ലും 1977 ലും നിയമസഭാം ഗം, മന്ത്രി എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുടയുടെ തനിമ പുറത്തുകൊണ്ടുവരാനുള്ള ഇരിങ്ങാലക്കുട എം.എൽ.എ. അഡ്വ. തോമസ് ഉണ്ണിയാടന്റെ നേതൃ ത്വത്തിലുള്ള 'തനിമ'യുടെ ശ്രമം പതുക്കെപ്പതുക്കെ മൺമറഞ്ഞുപോയ പലരെയും ഓർമ്മയുടെ നിലാ വെളിച്ചത്തിൽ കുളിപ്പിക്കുമായിരിക്കും.

## ബിനോയ് വിശ്വം

11, 12 കേരള നിയമസഭകളിൽ അംഗവും
2006-2011 കാലയളവിൽ വനം-ഭവനനിർമ്മാണ
വകുപ്പു മന്ത്രിയുമായിരുന്നു.



# കാട്

കല്ലല്ല, മണ്ണല്ല, മരമല്ല
കാട്
ജലമാണ്, പുഴയാണ്,
വിളയാണ് കാട്

എണ്ണിയാൽ തീരാത്ത
ജീവൻ തുടിക്കുന്ന
ഭൂമിതൻ നേരിന്റെ
പേരാണ് കാട്

കാടിനുണ്ടാത്മാവ്,
സ്നേഹവും ജീവനും
ആരും കൊതിക്കുന്ന
സൗന്ദര്യദീപ്തിയും
മിഴിയൂന്നുകിൽ
നിങ്ങൾ കണ്ടിരിക്കാമതിൽ
കാലങ്ങൾ കൺപാർത്ത
സൗന്ദര്യവിസ്മയം

കാടിന്റെ ഗർഭ-
ഗൃഹങ്ങളിൽനിന്നാണ്
സർഗചൈതന്യങ്ങളൊ-
ക്കെയും പൂവിട്ടു
മണ്ണും മനുഷ്യനും
ഭൂമിയും ഭാവിയും
കാടിന് മുന്നിൽ
കടംകൊണ്ടു നിൽക്കയായ്

കണ്ണേ മടങ്ങുകെന്നോതു-
വാനാകുമോ?
വശ്യമീ ചാരുത
നമ്മെത്തലോടവേ
ഇല്ലില്ല വിട്ടേച്ചു-
പോകുവാനാകില്ല
പിൻവിളി കേട്ടു നാം
വീണ്ടുമിങ്ങെത്തിടും.

# മഹത്തായ ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ളത് നടപ്പിൽവരുത്തിയേ മതിയാകൂ




**ദാമോദരൻ കാളാശ്ശേരി**

4, 5 കേരള നിയമസഭകളിൽ അംഗവും 1978-1979 കാലയളവിൽ ഹരിജനക്ഷേമ വകുപ്പു മന്ത്രിയുമായിരുന്നു.


പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അർഹതപ്പെട്ട അവകാശാധികാരങ്ങൾ നിഷേധിക്കുന്നതിനെതിരെ നേതാക്കൾ ശബ്ദമുയർത്തിയിട്ടുണ്ടെങ്കിലും അതർഹിക്കുന്നനിലയിൽ ബന്ധപ്പെട്ടവർ കണക്കിലെടുത്തിട്ടില്ല. ചാതുർവർണ്യവ്യവസ്ഥിതി പുലർത്തിപ്പോന്നിരുന്ന ഭാരതത്തിലെ സാമൂഹികഘടനയിൽ അവകാശങ്ങളും അധികാരങ്ങളും നിഷേധിക്കപ്പെട്ട് അവഗണനയിലും അതിക്രമങ്ങൾക്കും വിധേയമായി കഴിയാൻ വിധിക്കപ്പെട്ടവരായിരുന്നു ജനസംഖ്യയിൽ 20% വരുന്ന പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗം. ആ ഹതഭാഗ്യസമൂഹത്തിൽനിന്നും ഉയർത്തെഴുന്നേറ്റ മഹാനായ ഡോ. ബീംറാവു അംബേദ്കർ, മഹാത്മാ അയ്യങ്കാളി തുടങ്ങി നിരവധി പട്ടികജാതി പട്ടികവർഗ്ഗ നേതാക്കളുടേയും മഹാന്മാരുടെയും ജീവന്മരണപോരാട്ടത്തിന്റെ പരിണിതഫലമായി മഹത്തായ നമ്മുടെ ഭരണഘടനാ വ്യവസ്ഥകൾമുഖേന സ്ഥാപിതമായ അവകാശാധികാരങ്ങൾ ഇന്ന് നിർദ്ദയം നിഷേധിക്കപ്പെടുകയും ഈ ജനവിഭാഗങ്ങളെ മറ്റുള്ളവരോടൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തപ്പെടുന്നതിനുദ്ദേശിച്ച് ഏർപ്പെടുത്തിയ വ്യവസ്ഥകൾ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യംലഭിച്ച് നീണ്ട 63 വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ തുരങ്കംവയ്ക്കുന്ന പ്രവർത്തനത്തിനെതിരെ ഈ സമൂഹം സന്ധിയില്ലാത്ത സമരംചെയ്യുന്നതിനായി ശക്തമായി അണിനിരക്കാൻ തയ്യാറായേ മതിയാവു.

പ്രതിഭാശാലിയും കർമ്മധീരനുമായ ഡോ. അംബേദ്ക്കർ ഭരണഘടന നിർമ്മാണസമിതി യോഗത്തിൽ സാമുദായികസംവരണം എതിർത്തവർക്ക് നൽകിയ മറുപടി ഇവിടെ ശ്രദ്ധേയമാണ്. സാമുദായികസംവരണം ആർക്കുംനൽകുന്ന ആരുടേയും സൗജന്യമല്ല. അത് നൂറ്റാണ്ടുകളായി അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്ക് നൽകുന്ന ദേശീയമായ കടംവീട്ടലാണ്. ഈ വസ്തുത യഥാവിധി മനസ്സിലാക്കാതെയാണ് സാമ്പത്തികസംവരണവാദവും ക്രീമിലെയർ സമ്പ്രദായവുമൊക്കെ ഒരു വിഭാഗം മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ട്, ആർ.എസ്. ഗവായി പറഞ്ഞതുപോലെ, ജാതിസമ്പ്രദായം എത്രകാലം നിലനിൽക്കുന്നോ അത്രയുംകാലം സാമുദായികസംവരണവും തുടരേണ്ടിവരും.

ഇന്ത്യൻ ഭരണഘടനയിൽ, പ്രത്യേകിച്ച് ആർട്ടിക്കിൾസ് 14, 15, 16(4എ), 335 എന്നിവ, പൗരാവകാശസംരക്ഷണനിയമം പട്ടികജാതി പട്ടികവർഗ്ഗക്കാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള സംരക്ഷണനിയമങ്ങൾ എന്നിവയെല്ലാം ഉണ്ടെങ്കിലും ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ വേണ്ടവിധം പാലിക്കപ്പെടുന്നില്ല. എന്നുമാത്രമല്ല നിയമ വ്യവസ്ഥകൾ ലംഘിക്കുന്നവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരികയോ മാതൃകാപരമായി ശിക്ഷിക്കപ്പെടുകയോ ഉണ്ടാകുന്നില്ല. അതിനാൽ വേണ്ട സംരക്ഷണം കിട്ടുന്നുമില്ല.

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം, ഉദ്യോഗങ്ങളിൽ നിയമനം, ലോകസഭ, രാജ്യസഭ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, നിയമസഭ എന്നിവയ്ക്കെല്ലാം സ്ഥാനാർത്ഥിനിർണ്ണയങ്ങൾ ജനസംഖ്യാനുപാതികമാണ്. പ്രത്യേകിച്ച് സംവരണതത്വം പാലിക്കുന്നതിനായി. എന്നാൽ ജന

സംഖ്യാകണക്ക്, പ്രത്യേകിച്ച് പട്ടികജാതി പട്ടിക വർഗ്ഗങ്ങളെക്കുറിച്ചുള്ളത്, പൂർണ്ണമായും ശരിയല്ല. ആയതിനാൽ ഒരുതരത്തിലും അവർക്ക് അർഹതപ്പെട്ട അവസരമോ പ്രാതിനിധ്യമോ ലഭിച്ചിട്ടില്ല, ലഭിക്കുന്നുമില്ല എന്നതാണ് സത്യം. ഇത് ദൂരികരിക്കുന്നതിനും നീതി ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഗവൺമെന്റ് തലത്തിൽ ചെയ്യുന്നുമില്ല.

ഇന്ത്യൻ പാർലമെന്റിൽ 545 എം.പിമാരുള്ളതിൽ ഏതാണ്ട് 116 അംഗങ്ങളാണ് എസ്.സി.&എസ്.റ്റി വിഭാഗത്തിൽനിന്നുള്ളത്. ഈ അടുത്തകാലത്ത് യു.പി.എ. സർക്കാർ നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 330, 332 വ്യവസ്ഥകൾപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പാർലമെന്റിലും അസംബ്ലികളിലും സംവരണം 10 വർഷത്തേക്കുകൂടി നീട്ടിക്കൊണ്ട് തീരുമാനം എടുക്കുകയുണ്ടായി. ഇതിനായി മുൻകൈയെടുത്ത യു.പി.എ. ഗവൺമെന്റിന്റെ ആത്മാർത്ഥതയേയും ധൈര്യത്തേയും അധസ്ഥിതസമൂഹം ഹൃദയപൂർവ്വം ആദരിക്കുകയും അഭിനന്ദിക്കുകയുമുണ്ടായി. ഒരു പ്രധാനപ്പെട്ട കാര്യം ഗവൺമെന്റിനെ ഈ തീരുമാനത്തിന് പ്രേരിപ്പിച്ച കാരണങ്ങൾ ആദ്യകാലത്ത് ഇങ്ങനെയൊരു വ്യവസ്ഥ ഭരണഘടനയിൽ ഉൾക്കൊള്ളിക്കാൻ നിലവിലുണ്ടായിരുന്ന അപകടകരമായ സാഹചര്യം ഇപ്പോഴും നിലനിന്നുപോരുന്നു എന്നുള്ളതാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ദുഃഖകരമായ മറ്റൊരു യാഥാർത്ഥ്യം, ഇങ്ങനെ അവസരം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങൾ ഓരോരോ പാർട്ടികളുടെ പിണിയാളുകളായിട്ടാണ് പ്രവർത്തിക്കുന്നത്. അതിനാൽ ഈ പ്രക്രിയയുടെ ഉദ്ദേശശുദ്ധി കൈവരിക്കാൻ സാധിക്കുന്നില്ല. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ലോക്സഭയിലും രാജ്യസഭയിലും സംസ്ഥാന നിയമസഭകളിലും പട്ടികജാതി-പട്ടികവർഗ്ഗ പുരോഗതിക്കുവേണ്ടി വസ്തുതകൾ പഠിച്ച് അവകാശങ്ങൾ നടപ്പിൽവരുത്തണം. അത് ഇന്ന് വേണ്ടനിലയിൽ ഇല്ല.

സാമ്പത്തികരംഗത്ത് ആർ.ബി.ഐ., ഇന്ത്യയുടെ വിദേശരാജ്യങ്ങളിലുള്ള ഓഫീസുകൾ, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള എല്ലാ വേദിയിലും, പ്രത്യേകിച്ച് നമ്മുടെ മന്ത്രാലയങ്ങളിലും, നിരവധി വകുപ്പുകളുണ്ട്. അവിടെയെല്ലാം അർഹിക്കുന്ന പ്രാതിനിധ്യം എസ്.സി./എസ്.ടി.ക്കും കിട്ടിയേ മതിയാകു. വളരെയധികം പൊതുമേഖലാസ്ഥാപനങ്ങളുണ്ട്. അവിടെയെല്ലാം ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും ചെയർമാന്മാരുടെയും പ്രാതിനിധ്യം വേണ്ടത്ര കിട്ടിയേ മതിയാകു. ഇന്ന് അവിടെയെല്ലാം മുന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർക്കും സമ്പന്നവർഗ്ഗത്തിനും ഗവൺമെന്റ് സർവ്വീസിൽനിന്നും പെൻഷൻ പറ്റിപ്പിരിഞ്ഞ ചിലർക്കുമാണ് പുനർനിയമനം ലഭിച്ചുപോരുന്നത്. എന്നാൽ വിദ്യാസമ്പന്നരായ, പ്രഗത്ഭരായ പട്ടികജാതി-പട്ടികവർഗ്ഗക്കാരായ, പെൻഷൻപറ്റിയ സേവനസന്നദ്ധരായ, ധാരാളം ആളുകളുണ്ടെങ്കിലും അവസരനിഷേധവും അവഗണനയുംമാത്രമാണ് ഈ വിഭാഗങ്ങൾ അഭിമുഖീകരിക്കുന്നത്. ഇനിയെങ്കിലും ഈ വൈകിയവേളയിൽ അനീതിക്ക് അറുതിവരുത്തണം. ഭാരതത്തിലുടനീളം ചില രാഷ്ട്രീയപാർട്ടികളുടെ നേതൃത്വം സമ്പന്നവർഗ്ഗത്തിൽപ്പെട്ട വ്യക്തികളും സവർണ്ണരും കൈയടക്കി. അവരുടെ ആജ്ഞാനുവർത്തികളായി താഴ്ന്ന ജാതിക്കാർ സേവനം അർപ്പിക്കുകയാണ്. ജാതിചിന്ത മനസ്സിൽ പൊതിഞ്ഞുവെച്ചുകൊണ്ടുള്ള സേവനമാണ് മേലാളന്മാരായ നേതാക്കൾക്കുള്ളത്. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഇന്ന് ജാതി ഒളിഞ്ഞോ തെളിഞ്ഞോ നിലനിൽക്കുന്നു. ജാതിഭ്രാന്തും മതഭ്രാന്തും മനുഷ്യമനസ്സുകളിൽനിന്ന് നീങ്ങുന്നതിനുവേണ്ടി രാഷ്ട്രപിതാവായ മഹാത്മജിയും രാഷ്ട്രശില്പിയായ പണ്ഡിറ്റ്ജിയും ഭരണഘടനാശില്പിയായ ഡോ.അംബേദ്കർജിയും ശ്രീനാരായണ ഗുരുദേവനും മഹാനായ അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും കറുപ്പൻ മാസ്റ്റർജിയെപ്പോലുള്ള നിരവധി പ്രതിഭാശാലികളായ രാഷ്ട്രീയ-സാമൂഹ്യ-ബുദ്ധിജീവികളും അർപ്പിച്ച സേവനങ്ങൾ വിലപ്പെട്ടതും ആദരണീയവുമാണ്.

ഈ ആധുനികകാലഘട്ടത്തിൽ ആഗോളവത്ക്കരണം, സ്വകാര്യവത്ക്കരണം, ഉദാരവത്ക്കരണം തുടങ്ങിയ തത്വങ്ങൾ സ്വീകരിച്ച് നടപ്പിലാക്കുന്നതിനാൽ പരമ്പരാഗത തൊഴിലവസരങ്ങളും ജീവിതമാർഗ്ഗങ്ങളും നഷ്ടപ്പെട്ട് കഷ്ടപ്പെടുന്ന നിരാശ്രയരായ തൊഴിലാളികൾക്ക് ജീവിക്കാൻവേണ്ട വരുമാനദായകമായിട്ടുള്ള മറ്റു തൊഴിൽദാന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

സ്വകാര്യവത്ക്കരണത്തിന്റെ ഫലമായി ഗവൺമെന്റ് സർവ്വീസുകളിലുണ്ടായിരുന്ന ജോലി സംവരണം ഏതാണ്ട് നല്ല ശതമാനം നഷ്ടപ്പെട്ടിരിക്കുകയാണ്. അതേസമയം സ്വകാര്യമേഖലകളിൽ ഇന്ന് നടത്തുന്ന സ്ക്കൂൾ, കോളേജ് മറ്റ് വ്യവസായങ്ങൾ, കമ്പനികൾ എല്ലാംതന്നെ, ഭാഗീകമായോ പൂർണ്ണമായോ പൊതുഖജനാവിൽ, ബാങ്കുകളിൽ നിന്നുള്ള സാമ്പത്തികം സ്വീകരിച്ചുകൊണ്ടാണ് നടത്തിപ്പോരുന്നത്. ആയതിനാൽ അങ്ങനെയുള്ള എല്ലാ സ്ഥാപനങ്ങളിലും നിർബ്ബന്ധമായും ജോലി സംവരണം ഏർപ്പെടുത്തണം.

സ്വയംതൊഴിലവസരവും സാമൂഹ്യപുരോഗ

തിയും ഉദ്ദേശിച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ ഒരു സദുദ്ദേശസംരംഭമായിരുന്നു എസ്.സി. & എസ്.റ്റി. വിഭാഗങ്ങൾക്ക് അനുവദിച്ചുനൽകിയ Diesel/Petrol Outlets/Gas Outlets എന്നിവ. അപ്രധാന വിദൂര ഇടങ്ങൾ പമ്പ് ആസ്ഥാനമായി തെരഞ്ഞെടുക്കുന്ന രീതി, അപര്യാപ്തമായ പ്രവർത്തന മൂലധനം, ബാഷ്പീകരണനഷ്ടം നികത്തി ഇടതടവില്ലാതെ പ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ ഉപയുക്തമായ സഹായധനത്തിന്റെ പോരായ്മ എന്നിവ അവയെ ബാധിച്ചിട്ടുണ്ട്. പുതിയ ഒരു പ്രവർത്തനമേഖല ആയതിനാൽ സംരംഭം തുടങ്ങുന്നതിനുമുമ്പ് പമ്പിന്റെ പ്രവർത്തനപ്രക്രിയകൾ, ധനവിനിയോഗം, പൊതുജനസമ്പർക്കരീതി എന്നിവയെക്കുറിച്ചെല്ലാം അടിസ്ഥാനപരമായ അറിവുണ്ടാകുന്നതിനുള്ള ഒരു പരിശീലനപരിപാടി എന്നിവയും നൽകേണ്ടിയിരുന്നു. ഇതിന്റെയെല്ലാം അഭാവത്തിന്റെ പരിണിതഫലം അനുവദിക്കപ്പെട്ട പമ്പ് ഔട്ട്ലെറ്റുകളിൽ ഏതാണ്ട് നല്ലശതമാനം ബിനാമി കൈകളിൽ എത്തിക്കഴിഞ്ഞു. നടത്തിപ്പുകാർ വൻതോതിൽ കടക്കെണിയിൽപ്പെട്ട് വലയുകയാണ്. അതിന് ശാശ്വതമായ പരിഹാരം ഉടനടി ഉണ്ടായേ മതിയാവൂ.

ബില്ലാ, രംഗാ, കായംകുളം കൊച്ചുണ്ണി എന്നീ കുപ്രസിദ്ധരായ ആൾക്കാരെക്കുറിച്ചുള്ള ഒട്ടേറെ ചലച്ചിത്രങ്ങൾ നിർമ്മിച്ച് താമസംവിനാ സെൻസർ ബോർഡിന്റെ അംഗീകാരവും ലഭിച്ച് റിലീസ് ചെയ്തുകൊണ്ടിരുന്ന ഈ മണ്ണിൽ, അടിമത്വത്തിലും അരാജകത്വത്തിലും കഴിഞ്ഞുകൂടിയിരുന്ന ഒരു ജനതയെ അതിൽ നിന്നും ജീവൻമരണ പോരാട്ടത്തിലൂടെ അവരെ വിടുതൽ ചെയ്യിച്ച് മഹത്വം സിദ്ധിച്ച ഒരു പുണ്യപുരുഷനെക്കുറിച്ചുള്ള *ഡോ.അംബേദ്കർ ജീവചരിത്രസിനിമ* വർഷങ്ങൾക്കുമുമ്പ് തയ്യാറാക്കി ഇരുട്ടറയിൽ വെച്ചിരിക്കുകയാണ്. അത് പൊതുജനങ്ങൾക്ക് കാണുന്നതിനും ചരിത്രമുറങ്ങുന്ന ഒരു കാലത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവുനൽകുന്നതിനും അവസരം ഉണ്ടാക്കാതെ ആ വലിയ മനുഷ്യനെ അവഹേളിക്കുന്നതിനാണ് ബന്ധപ്പെട്ട അധികാരികൾ തുനിഞ്ഞിരിക്കുന്നത് അത് നീക്കംചെയ്യുകതന്നെ വേണം.

ഈ നാടിനുവേണ്ടി ഐശ്വര്യപൂർണ്ണമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനും സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ഉത്തമ തത്വസംഹിതകളിൽ അടിത്തറപാകി ഇന്ത്യൻ ഭരണഘടനയ്ക്ക് (മാഗ്നാക്കാർട്ട) അമൂല്യമായ സംഭാവന ചെയ്ത ഒരു ചരിത്രപുരുഷന് അർഹിക്കുന്ന ആദരവ് നൽകാത്തതും അദ്ദേഹം മുന്നോട്ടുവച്ച പുരോഗമനാശയങ്ങൾ നടപ്പിലാക്കാത്തതും ഈ മണ്ണിന്റെ മക്കളായ, ആത്മാർത്ഥതയും സത്യസന്ധതയും മാതൃസ്നേഹവും കൈമുതലായുള്ള ഒരു ജനസമൂഹത്തെ ഒന്നടങ്കം അവഹേളിക്കുന്നതിനും അവരെ പൊതുജീവിതത്തിന്റെ മുഖ്യധാരയിൽനിന്നും പുറന്തള്ളപ്പെടുന്നതിനു തുല്യമാണ്.

ജനാധിപത്യസംവിധാനത്തിൽ മഹത്തായ നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 334 അനുസരിച്ച് 30 വർഷത്തിനുള്ളിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ് ദലിതവസ്ഥ. എന്നാൽ ഭരണത്തിൽ വന്ന ഒരുപറ്റം അവസരവാദികളും സമ്പന്ന സവർണ്ണാധിപത്യവും അതർഹിക്കുന്ന ആത്മാർത്ഥതയില്ലായ്മ പ്രശ്നം രൂക്ഷമാക്കുകയാണ്. മഹത്തായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റേയും മറ്റു ചില ദേശീയ പ്രസ്ഥാനങ്ങളുടേയും ജാതിവിരുദ്ധതയിലുണ്ടായ സമരമായിരുന്നു നവോത്ഥാന പ്രസ്ഥാനത്തിന്റെ വിജയം. മഹത്തായ നമ്മുടെ ജനാധിപത്യസംവിധാനം മതങ്ങൾക്കും ജാതിക്കും രാഷ്ട്രത്തിനും അതിനുപരിയായി പവിത്രമായി സമാധാനപരമായി കാത്തുസൂക്ഷിക്കുവാൻ സമൂഹത്തിലെ ദുർബലജനത ഒറ്റക്കെട്ടായി മുന്നേറുമെന്നുള്ള പ്രതീക്ഷയാണ് ഈ ലേഖകനുള്ളത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പട്ടികജാതി-പട്ടികവർഗ്ഗ മതന്യൂനപക്ഷങ്ങളുടെ പുരോഗതിക്കായി നിരവധി ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്ത് വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും നിർഭാഗ്യമെന്നു പറയട്ടെ, ഇത്തരം പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ഈ വിഭാഗം ജനതയ്ക്ക് പൂർണ്ണമായും ലഭ്യമല്ലാതാക്കുന്നതിനും സർക്കാരിന്റെ പ്രതിച്ഛായ നഷ്ടപ്പെടുത്തുന്നതിനും ഭരണ സിരാകേന്ദ്രങ്ങളിൽ ഒരുപറ്റം സമ്പന്നവർഗ്ഗങ്ങളും സവർണ്ണമേധാവികളായ അവസരവാദികളും കാരണമാകുന്നു. ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥർ വേണ്ടത്ര താല്പര്യം കാണിക്കാത്തതിനാൽ വൻതോതിലുള്ള നഷ്ടമാണ് കോടിക്കണക്കിന് ദലിത്-പിന്നോക്ക ജനത നേരിടുന്നത്. ഇതുവരെയുള്ള എല്ലാവിധ ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ചും ഒരു സമയബന്ധിതമായ ഇവാല്യുവേഷൻ (വിലയിരുത്തൽ) നടത്തി പ്രശ്നപരിഹാരം അടിയന്തിരമായി ഉണ്ടാക്കിയേ മതിയാകൂ. ഇക്കാര്യത്തിലുള്ള സാമ്പത്തികവിനിയോഗം ജനകോടികൾ അറിഞ്ഞേ മതിയാവൂ. അതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉടൻ നടപടികൾ സ്വീകരിച്ചു കാണുവാൻ സമാധാനകാംക്ഷികളും ജനാധിപത്യവിശ്വാസികളും ആഗ്രഹിക്കുന്നുണ്ട്. അതിനായി വിനയാദരപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് തികഞ്ഞ ശുഭപ്രതീക്ഷകളോടെ, പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.



# ജീവിതത്തിന്റെ നൂൽപ്പാലത്തിലൂടെ



**ജോസഫ് എം. പുതുശ്ശേരി**
9, 11, 12 കേരള നിയമസഭകളിൽ അംഗമായിരുന്നു.

ഓർക്കുമ്പോൾ ഇപ്പോഴും പേടിപ്പെടുത്തുന്ന ഒരനുഭവം. എം.എൽ.എ. ആയിരിക്കേ ഞാൻ അംഗമായ നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി ഒരു അഖിലേന്ത്യാ പഠനപര്യടനത്തിന് പോയിരുന്നു. രണ്ടുവർഷം കൂടുമ്പോൾ എല്ലാ നിയമസഭാ കമ്മറ്റികളും ഇങ്ങനെ പോകുന്നത് പതിവാണ്. വി. സുരേന്ദ്രൻപിള്ള ചെയർമാനായ ഞങ്ങളുടെ സമിതിയുടെ പര്യടനത്തിൽ കാശ്മീരും ഉൾപ്പെട്ടിരുന്നു.

കാശ്മീർ സന്ദർശിക്കുന്ന ആരെയും ആകർഷിക്കുന്ന കാര്യമാണ് 6500 അടി ഉയരത്തിലുള്ള ഗുൽമാർഗിലെ റോപ്പ് വേ. പർവ്വതാരോഹകരല്ലാത്ത സാധാരണക്കാർക്ക് എത്തിപ്പെടാവുന്ന ഏറ്റവും വലിയ ഉയരം. അതുകൊണ്ടുതന്നെ മഞ്ഞുവീണുകിടക്കുന്ന ഈ ഭൂപ്രദേശം വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നു.

രണ്ടു ദിവസമാണ് ഞങ്ങൾ കാശ്മീരിൽ ഉണ്ടായിരുന്നത്. നിയമസഭാ സ്പീക്കറുമായുള്ള കൂടിക്കാഴ്ചയും അവിടുത്തെ നിയമസഭാ കമ്മറ്റിയുമായുള്ള സംയുക്തയോഗവും ക്രമീകരിച്ചിരുന്നു. ലോകമെങ്ങുമുള്ള സഞ്ചാരികളുടെ സ്വപ്നഭൂമിയായ കാശ്മീരിലെ ഉദ്യാനങ്ങൾ കാണാനും തടാകങ്ങളിൽ ബോട്ട് യാത്ര നടത്താനുമുള്ള സൗകര്യങ്ങളും ഒരുക്കിയിരുന്നു.

കുറെക്കാലമായി നിലനിൽക്കുന്ന സംഘർഷാവസ്ഥയാണ് സഞ്ചാരികളുടെ ഒഴുക്കു കുറച്ചത്. ചരിത്രവും മഞ്ഞും കെട്ടുപ്പിണഞ്ഞുകിടക്കുന്ന ഈ പ്രദേശത്തിന്റെ ദുര്യോഗമെന്നല്ലാതെ എന്തു പറയാൻ?

റോപ്പ് വേയിൽ കയറാൻ ഞങ്ങൾ ഗുൽമാർഗിൽ എത്തി. ഭാര്യ ലൈലയും മക്കളായ വരുൺ, ഇരട്ടകളായ മന്നാ, അപ്പു എന്നിവരും എന്നോടൊപ്പമുണ്ട്. മറ്റ് എം.എൽ.എ.മാരോടൊപ്പം അവരുടെ കുടുംബാംഗങ്ങളുമുണ്ട്. കുട്ടികളുടെത്രിൽ ഒന്നു പറയാതെ വയ്യ. യഥാർത്ഥത്തിൽ അതാണ് ആ പേടിപ്പെടുത്തുന്ന ഓർമ്മയുടെ അനുഭവത്തിലേക്ക് എത്തിച്ചതും.

2004 മേയിൽ അന്നത്തെ നിയമസഭാ കമ്മറ്റിയോടൊപ്പം കാശ്മീരിൽ എത്തിയിരുന്നു. അന്ന് എന്റെ മൂത്ത മകൻ വരുൺ എന്നോടൊപ്പം ഉണ്ടായിരുന്നു. റോപ്പ് വേ സഞ്ചാരം ക്രമീകരിച്ചിരുന്നുവെങ്കിലും ഞാൻ മകനെ സമാധാനിപ്പിച്ച് അതിൽ കയറാതെ, മറ്റ് സംഘാംഗങ്ങൾ പോയിവരുന്നതുവരെ അവിടെ കാത്തുനിൽക്കുകയായിരുന്നു. കടുത്ത തണുപ്പും മഞ്ഞുവീഴ്ചയുമാണ് എനിക്ക്

തടസ്സമായത്.

എന്നാൽ ഇത്തവണ സംഘാംഗങ്ങളായ കുട്ടികളുടെ ആവേശത്തിമിർപ്പിൽ വേണ്ടെന്ന് ചിന്തിക്കുവാൻപോലും കഴിഞ്ഞില്ല. എപ്പോൾ വേണമെങ്കിലും സംഘർഷം ഉണ്ടാവാമെന്നതിനാൽ ഞങ്ങൾക്ക് കനത്ത പോലീസ് സുരക്ഷ ഏർപ്പെടുത്തിയിരുന്നു. അതിൽ തലപ്പാവു ധരിച്ച സിക്കുകാരനായ സോനു എന്നൊരു പോലീസുകാരനുമുണ്ടായിരുന്നു. തുടക്കത്തിൽത്തന്നെ പരിചയപ്പെട്ട സോനു എപ്പോഴും എന്നോടൊപ്പമുണ്ടായിരുന്നു. റോപ്പ് വേയിലും സോനു സഹയാത്രികനായി. യാത്രയിലെ പ്രതിസന്ധിയുടെ ഘട്ടത്തിൽ പ്രതീക്ഷയുടെ നാളമായിനിന്ന സോനുവിനെ മറക്കാൻ കഴിയില്ല.

റോപ്പ് വേ സഞ്ചാരം രണ്ടു ഘട്ടങ്ങളായിട്ടാണ്. താഴത്തെ സ്റ്റേഷനിൽനിന്നു കയറിയാൽ 3000 അടി ഉയരത്തിലെത്തി അവിടെ ഇറങ്ങും. അതിന് 300 രൂപയാണ് ടിക്കറ്റ് നിരക്ക്. ആ സ്റ്റേഷനിൽനിന്നും അടുത്ത റോപ്പ് വേയിൽ കയറിയാണ് 6400 അടി മുകളിലത്തെ സ്റ്റേഷനിലെത്തുക. അതിന് 450 രൂപയും. മഞ്ഞുകാലത്ത് ഇത് യഥാക്രമം അഞ്ഞൂറും ആയിരവുമാകും. അവിടെനിന്ന് കുറച്ച് നടന്നുകയറിയാണ് മഞ്ഞുപുതച്ചുകിടക്കുന്ന ഏറ്റവും മുകൾപരപ്പിലെത്തുക. തൊട്ടപ്പുറം പാകിസ്ഥാനാണ്. ഇവിടെ നിന്നാൽ അതിർത്തി കാണാം. പട്ടാളക്കാരുടെ ടെന്റുകളും. യാത്ര തുടങ്ങുന്ന താഴത്തെ സ്റ്റേഷനിൽത്തന്നെ, മുകളിലേക്ക് പോകുന്തോറും ഓക്സിജൻ കുറവുണ്ടാകുമെന്ന മുന്നറിയിപ്പു കാണാം. കെട്ടിയുയർത്തിയിരിക്കുന്ന വലിയ ടവറുകളിൽ സ്ഥാപിച്ചിരിക്കുന്ന കമ്പികളിൽ (വൈദ്യുതി ലൈൻപോലെ) തൂക്കിയിട്ടിരിക്കുന്ന ട്രാംകാറി (Tram Car)ലാണ് നമ്മൾ കയറിയിരിക്കുന്നത്. രണ്ടു വശത്തായി നാലുപേർക്കിരിക്കാം. നിശ്ചിത അകലത്തിൽ ഇത് കമ്പിയിൽ തൂങ്ങിക്കിടക്കും. ഗൊണ്ടോള (Gondola) എന്ന കമ്പനിയാണ് ഇത് ചെയ്തിരിക്കുന്നത്.

നാലുപേർ വീതം ഞങ്ങളുടെ സംഘാംഗങ്ങൾ ഓരോന്നിലായി പ്രവേശിച്ചു യാത്രതുടങ്ങി. ഞങ്ങളുടെ പേടകത്തിൽ ഒരാൾ സോനുവാണ്. മുകളിലേക്ക് പൊയ്ക്കൊണ്ടിരിക്കുമ്പോൾ കാട് ഇടതൂർന്ന് നിൽക്കുന്നതു കാണാം. താഴേക്കു നോക്കിയാൽ ആരും ഭയപ്പെടും. നോക്കെത്താത്ത ദൂരം! അഗാധഗർത്തം!

ഞങ്ങൾ താഴെനിന്ന് 3000 അടി ഉയരത്തിലുള്ള ആദ്യത്തെ സ്റ്റേഷനിലെത്തി. മുന്നിൽ ചെന്നവർ അവിടെ നിന്നുള്ള കാഴ്ചകൾ കാണുകയാണ്. നിയമപരമായ മുന്നറിയിപ്പ് ബോർഡ് അവിടെ കുറച്ചുകൂടി വലിപ്പത്തിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ അവിടെ ബുദ്ധിമുട്ടൊന്നും അനുഭവപ്പെട്ടില്ല. ഞങ്ങളിൽ കുറച്ചുപേർ അവിടെ യാത്ര അവസാനിപ്പിച്ചു. കുറച്ചുപേർ മുകളിലേക്കുള്ള അടുത്ത യാത്രയ്ക്കുള്ള തയ്യാറെടുപ്പിലാണ്. കുട്ടികളൊക്കെ പോകണമെന്ന വാശിയിൽ. എന്റെ മകൾ മന്നയ്ക്ക് ചെറിയ പനിയും കഫവുമൊക്കെ ഉണ്ടായിരുന്നതിനാൽ ഞാൻ വിലക്കിനോക്കി. എന്നാൽ മറ്റുളളവർ പോകുമ്പോൾ അവൾ പോകാതിരിക്കുമോ? ഭവിഷ്യത്ത് ആലോചിക്കാനുള്ള വിവേകം ആ എട്ടുവയസ്സുകാരിയുടെ നിർബന്ധത്തിനുമുന്നിൽ അലിഞ്ഞു.

ഞങ്ങൾ അടുത്തഘട്ടത്തിലേക്ക് യാത്രയായി. ലോകത്തിന്റെ നെറുകയിലേക്കുള്ള യാത്ര. ഈ ജീവിതത്തിൽ നേടാവുന്ന ഒരു അസുലഭ അവസരം. വിസ്മയിപ്പിക്കുന്ന ചിന്തകൾ മനസ്സിലൂടെ കടന്നുപോകുന്നതിനിടയിൽ ഞങ്ങൾ മുകളിലത്തെ സ്റ്റേഷനിലെത്തി. ഉയരം 6400 അടി. അവിടെയിറങ്ങി ചുറ്റും വീക്ഷിക്കുകയാണ് ഞങ്ങൾ. ആൺകുട്ടികളും ബാബു എം. പാലിശ്ശേരി എം.എൽ.എയും ചില ഉദ്യോഗസ്ഥരും മുകളിലേക്ക് കയറിത്തുടങ്ങി. പാറക്കെട്ടുകളിൽ ചവുട്ടി മുകളിലേക്ക് കയറണം. ശ്രമകരമായ യാത്ര. സ്റ്റേഷൻ സ്ഥിതിചെയ്യുന്ന മലഞ്ചെരുവ് പിന്നിട്ടാൽപ്പിന്നെ മുമ്പേ പോയവരെ ഇവിടെനിന്നു കാണാനാവില്ല. എന്റെ ആൺമക്കൾ മുന്നിലുള്ളവരോടൊപ്പം പോയിക്കഴിഞ്ഞു. ടെൻസിങ്ങും ഹിലാരിയും എവറസ്റ്റ് കീഴടക്കിയതുപോലെ.

ഞാനും ഭാര്യയും അവിടെ ഇരിക്കുകയാണ്. അൽപ്പം ക്ഷീണിതയായതുകൊണ്ടാവാം മകൾ മന്നയും. മറ്റുകുട്ടികൾ പോയതുകൊണ്ടാവാം അവൾക്കും പോകണമെന്ന് മോഹമുണ്ട്. ഞാൻ എടുത്തുകൊണ്ട് ചില ചുവടുകൾ നടന്നു. പെട്ടെന്ന് മകൾ കൂടുതൽ ക്ഷീണിതയാവുകയാണ്. കഫമുള്ള കാര്യം ഞാൻ പറഞ്ഞല്ലോ. ശ്വാസം കിട്ടാത്ത അവസ്ഥ. ഞാൻ തിരിഞ്ഞുനടന്ന് ഭാര്യ ഇരിയ്ക്കുന്ന സ്ഥലത്തുവന്നു. അപ്പോഴേക്കും അവൾ കൂടുതൽ അവശയാവുകയാണ്. വിളിച്ചിട്ട് വിളികേൾക്കാതെ തളർന്നുകിടക്കുകയാണ് മോൾ. വല്ലാത്ത അവസ്ഥ. കടുത്ത പരീക്ഷണം. എന്തു ചെയ്യാൻ പറ്റും? ഈശ്വരാ... മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു. താഴെ എത്തിയെങ്കിലേ എന്തെങ്കിലും ചെയ്യാൻ പറ്റു.

സോനുവിനോട് തിരികെ പോകാൻ റോപ്പ് വേ ക്രമീകരിക്കാൻ പറഞ്ഞു. പോയ കുട്ടികൾ വന്നിട്ടില്ല. അവരെ കാത്തുനിന്നാൽ എന്തെങ്കിലും

സംഭവിച്ചാലോ. ഒരു നിമിഷംപോലും കളയാനില്ല. അവർ വരട്ടെയെന്ന് തീരുമാനിച്ച് ഞങ്ങൾ റോപ്പ് വേയുടെ അടുത്തേക്കെത്തി. കരഞ്ഞുകൊണ്ടാണ് ഭാര്യ മോളെയുംകൊണ്ട് വരുന്നത്. മുന്നിൽ വന്നവർ താഴേക്ക് പോകുവാനുള്ള ക്യൂവിലാണ്. വിവിധ ഭാഷക്കാർ; വിവിധ സംസ്ഥാനക്കാർ. അവരുണ്ടോ ഞങ്ങളുടെ വ്യഥ അറിയുന്നു. ആരും മാറിത്തരുന്നില്ല. സോനു കയർത്തുകൊണ്ട് ഹിന്ദിയിൽ എന്തോ പറഞ്ഞു. ഞങ്ങളെ കറങ്ങിവന്ന പേടകത്തിൽ കയറ്റി താഴേക്ക് പോരുകയാണ്. മോളേ... മോളേ... എന്നു വിളിച്ചിട്ടും അവൾക്കൊരനക്കവുമില്ല. എല്ലാം നഷ്ടപ്പെട്ട അവസ്ഥ. ദൈവത്തെ ആത്മാർത്ഥമായി വിളിച്ച സന്ദർഭം.

ആദ്യ സ്റ്റേഷനിലെത്തി. യാത്ര മതിയാക്കി അവിടെ നിന്നവർ ഞങ്ങളെ കണ്ടമാത്രയിലെ അമ്പരന്നു. എന്താണ് സംഭവിച്ചത്? വിവരം കേട്ടപാടെ എം.എൽ.എ. മാരായ സുരേന്ദ്രൻപിള്ളയും വി.കെ. ഇബ്രാഹിംകുഞ്ഞും അഡ്വ. കെ. രാജുവുമെല്ലാം ചേർന്ന് അവിടെ കയറാൻനിന്നവരെ വകഞ്ഞുമാറ്റി ഞങ്ങളെ കയറ്റിയയച്ചു. ഓരോ നിമിഷം കഴിയുന്തോറും ഞങ്ങളുടെ വേവലാതി കൂടുകയാണ്. അൽപ്പം മുന്നോട്ടു നീങ്ങിയപ്പോൾ അതാ പെട്ടെന്ന് പേടകം നിൽക്കുന്നു. മുന്നോട്ടു നീങ്ങുന്നില്ല. അക്ഷരാർത്ഥത്തിൽ ത്രിശങ്കുസ്വർഗത്തിൽ. ഞങ്ങളുടെയും ജീവൻപോയ സന്ദർഭമായിരുന്നു അത്. മോൾ അനക്കമില്ലാതെ കിടക്കുന്നു. ഒരു നിമിഷമെങ്കിലും നേരത്തെ താഴെയെത്താൻ ആഗ്രഹിച്ചപ്പോൾ ഒരടി മുന്നോട്ടുപോവാൻ കഴിയാതെ യാത്ര നിലയ്ക്കുന്നു. മുന്നോട്ടും പുറകോട്ടും റോപ്പ് വേയുടെ കമ്പികളല്ലാതെ ഒന്നും കാണാനില്ല. താഴെ മരങ്ങളുടെ മുകളിലത്തെ പച്ചപ്പ്. ഈശ്വരാ... എന്ന് ഉറക്കെ വിളിച്ചുകൊണ്ടിരുന്നു. പത്തുപതിനഞ്ചു മിനിറ്റോളമായിക്കാണും. പേടകം വീണ്ടും ചലിച്ചു തുടങ്ങി.

വൈദ്യുതി നിലച്ചതായിരുന്നു സംഭവം. സാധാരണ ഇങ്ങനെ സംഭവിച്ചാൽ വൈദ്യുതി വരുന്നതുവരെ കുറെനേരം കാത്തിരിക്കും. കൂടുതൽ സമയം എടുത്തെങ്കിൽ മാത്രമേ ജനറേറ്റർ ഓൺ ചെയ്യു. ആ രീതിയാണ് ഇവിടെയും അവലംബിച്ചത്. എന്നാൽ മുകളിലത്തെ സ്റ്റേഷനിലുണ്ടായിരുന്ന എം.എൽ.എ.മാർ വിവരംപറഞ്ഞ് ബഹളം വച്ചതുകൊണ്ടാണ് ചുമതലക്കാർ അപ്പോൾ ജനറേറ്റർ ഇട്ടത്. അപ്പോഴെങ്കിലും മുന്നോട്ട് നീങ്ങിയിരുന്നില്ലെങ്കിൽ ഞങ്ങളുടെ കുടുംബകഥ മാറ്റിയെഴുതേണ്ടിവരുമായിരുന്നു.

താഴേക്ക് എത്തേണ്ടതാമസം അവിടെ അടുത്തുകിടന്ന പോലീസ് വാഹനത്തിലേക്ക് സോനു ഞങ്ങളെ പിടിച്ചുകയറ്റി. പിന്നെ വണ്ടി ലൈറ്റിട്ട് പറക്കുകയായിരുന്നു. തൊട്ടടുത്ത സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക്. ഞങ്ങൾ പടികയറി എത്തിയപ്പോഴേക്ക്, മുന്നിൽ ഓടിയ സോനു ഡോക്ടറെ സർവ്വസജ്ജനാക്കി നിർത്തിയിരുന്നു. കട്ടിലിൽ കിടത്തിയതും ഓക്സിജൻ സിലിണ്ടറിൽനിന്ന് ട്യൂബെടുത്ത് മൂക്കിലേക്ക് വച്ച് ശ്വാസംനൽകിയതും ഒരുമിച്ചായിരുന്നു. കുറെനേരം അങ്ങനെ കിടന്നു. നാഡിമിടുപ്പുകൾ പരിശോധിച്ച ഡോക്ടർ നിർദ്ദേശം നൽകിക്കൊണ്ടിരുന്നു. പൾസ് നോക്കിക്കൊണ്ടിരുന്ന ഡോക്ടറുടെ കൈ മോളുടെ കൈത്തണ്ടയിൽനിന്ന് പിടിവിട്ടപ്പോഴാണ് ശ്വാസം നേരെവീണത്. ഡോക്ടർ ഹിന്ദിയിൽ പറഞ്ഞു. 'ഭാഗ്യംകൊണ്ട് കഷ്ടിച്ച് രക്ഷപ്പെട്ടു. അൽപ്പം കൂടി താമസിച്ചിരുന്നുവെങ്കിൽ സ്ഥിതി മറ്റൊന്നാകുമായിരുന്നു'. ഭാര്യയുടെ കുടുംബം രാജസ്ഥാനിലായിരുന്നതുകൊണ്ട് ഹിന്ദി വശമായിരുന്നു. അതുകൊണ്ട് ഡോക്ടറുടെ വാക്കിലെ ഗൗരവം തിരിച്ചറിഞ്ഞു. എം.എൽ.എ.മാർ ബഹളംവച്ച് ജനറേറ്റർ ഓൺചെയ്തില്ലായിരുന്നുവെങ്കിൽ... ഇപ്പോൾപോലും അത് ചിന്തിക്കാനാവുന്നില്ല.

മുകളിൽ പോയവർ തിരിച്ചുവന്നയുടൻ ഞങ്ങളുടെ സംഘത്തിലെ മറ്റുള്ളവർ താഴേക്കു കുതിച്ചു. എല്ലാവർക്കും ഭയമായിരുന്നു. എന്തു സംഭവിച്ചു? എല്ലാവരും ആശുപത്രിയിലേക്ക് ഓടിക്കയറുകയാണ്. കട്ടിലിൽ ഓക്സിജൻ മാസ്ക് വെച്ചുകിടക്കുന്ന മോൾ. കുഴപ്പമില്ല; അപകടഘട്ടം കഴിഞ്ഞെന്ന് ഡോക്ടർ പറഞ്ഞപ്പോഴാണ് എല്ലാവർക്കും സമാധാനമായത്. ഡോക്ടർ എല്ലാവരെയും പരിചയപ്പെട്ടു. പരിചയം സൗഹൃദ സംഭാഷണത്തിലേക്ക് കടന്നു. അപ്പോഴാണ് ഒരു വിവരംകൂടി വെളിപ്പെട്ടത്. തലേന്ന് മദ്ധ്യവയസ്കനായ ഒരാൾക്ക് ഇതുപോലെ മുകളിൽ എത്തിയപ്പോൾ അസ്വസ്ഥത അനുഭവപ്പെട്ടു. പെട്ടെന്ന് താഴേക്കു കൊണ്ടുവന്നെങ്കിലും ഇവിടെ എത്തുംമുമ്പ് ജീവിതത്തിന്റെ റോപ്പ് വേ നിലച്ചിരുന്നു. പലപ്പോഴായി പല മരണങ്ങളും ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. അപ്പോഴാണ് സംഭവത്തിന്റെ ഗുരുതരാവസ്ഥ ഒരിക്കൽകൂടി ബോദ്ധ്യപ്പെട്ടത്; ഈശ്വരാനുഗ്രഹം തിരിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അത്. മറക്കാൻ ആഗ്രഹിച്ചാലും മറക്കാത്ത ജീവിത അനുഭവമായി അതു മാറി.



# ചിതറിയ ചിന്തകൾ




പി. വിശ്വൻ

10, 12 കേരള നിയമസഭകളിൽ അംഗമായിരുന്നു.


'എനിക്കും കാണണം... നിങ്ങളനുവദിച്ചില്ലെങ്കിലും ഞാൻ പോകും. സഖാവിനെ അവസാനമായി ഒന്നു കാണണം.'

ആശുപത്രി വാർഡിൽ സോമു ക്യാൻസർ ചികിത്സയിലായിരുന്നു. കാലത്തുമുതൽ ജനം സ്റ്റേഡിയത്തിലേക്കു വരുന്നത് അവൻ കിടക്കുമ്പോഴും കാണുന്നുണ്ട്. അവന്റെ മനസ്സിൽ ചികിത്സയ്ക്കുമുമ്പ് യാത്രപറയുമ്പോൾ വിങ്ങിപൊട്ടിയ പച്ചയായ മനുഷ്യൻ. 'ലാൽസലാം' പറയുമ്പോൾ കണ്ണു കലങ്ങിയത് ടി.വി.യിലൂടെ കണ്ടതാണ്.

കാലത്തുമുതൽ മിനിസ്റ്റേഡിയത്തിലേക്ക് ആൾക്കൂട്ടം പ്രവഹിക്കുകയായിരുന്നു. എവിടെയും അടക്കിപ്പിടിച്ച സംസാരം. ജനനായകന്റെ ഫോട്ടോ പതിച്ച ബാഡ്ജും കറുത്തതുണിയും ഗോപു എല്ലാവർക്കും കൊടുക്കുന്നുണ്ടായിരുന്നു.

നെഹ്റു കയറിയ സ്റ്റേജ് നിന്നിടം പാർക്കിൽനിന്നും കൊണ്ടുവെച്ച ഗാന്ധിയുടെ പ്രതിമയാണ്. അരവിന്ദ് പ്രതിമയുടെ തെക്കുഭാഗം തെക്കോട്ട് കണ്ണുംനട്ട് ആരോടൊന്നുംപറയാതെ നില്ക്കുന്നു.

'മുഖ്യമന്ത്രിയായിരുന്നപ്പോൾ സഖാവ് ഇവിടെ വന്നിരുന്നൊ?' സുലോചനയുടെ ചോദ്യം അരവിന്ദനോടായിരുന്നു.

'അതെ... ഓർമ്മയില്ലെ. മൂന്ന് റെയിൽവേ

മേൽപ്പാലത്തിന് തറക്കല്ലിടാൻ' സോമനാണ് മറുപടി.

'കേന്ദ്രമന്ത്രി അദ്ധ്യക്ഷൻ... മറ്റു മന്ത്രിമാർ, എം.എൽ.എ.മാർ...'

'മുഖ്യമന്ത്രിയുടെ പ്രസംഗം ഇന്നും ഓർമ്മ വരുന്നു' രവി കൂട്ടിച്ചേർത്തു.

കെട്ടിയുണ്ടാക്കിയ സ്റ്റേജിന്റെ വടക്കു പടിഞ്ഞാറെ മൂലയിൽ ഒളിമ്പ്യൻ കലങ്ങിയ കണ്ണുമായി നില്ക്കുന്നു. അവർ അടുത്തുനില്ക്കുന്നവരോടായി പറഞ്ഞു.

'കഴിഞ്ഞവർഷം ഒരുദിവസം ഡൽഹിയിൽനിന്ന് നാട്ടിലേക്ക് വരുമ്പോൾ അദ്ദേഹവും കുടുംബവും ഉണ്ടായിരുന്നു.'

'എല്ലാവരും...?'

'ഇല്ല. ടീച്ചറും ഉണ്ടായിരുന്നു.'

അദ്ദേഹം പറഞ്ഞു... 'ഇരിക്ക്.... ഡൽഹിയിന്നോടി വന്നതല്ലേ. എഡോ കേട്ടോ ഞാൻ സി.എം. ആയപ്പോൾ ഓക്ക് 25 ലക്ഷം കൊടുത്തു. നന്നാകാനാണെങ്കിൽ നന്നായ്ക്കോട്ടെ.'

'എങ്ങനെയുണ്ട് ഓട്ടം?'

'കുട്ട്യോളോട് സ്വർണ്ണംനേടാൻ പറയണം'

'സ്ക്കൂളിന്റെ പേരെന്താ? ഉഷാ സ്ക്കൂളോ?'

ചങ്കിലെവിടെയോ വാക്കുകൾ കുടുങ്ങിയതുപോലെ അവർ ഒന്നുംപറയാതെ അരവിന്ദന്റെ അരികിലേക്ക് നീങ്ങുകയായിരുന്നു.

'ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ഭരണാധികാരി'. രവീന്ദ്രൻ മാസ്റ്ററും തുറന്നു പറഞ്ഞു.

'പുതിയ സാഹിത്യസൃഷ്ടികൾപോലും വായിച്ചുതീർക്കും. നിങ്ങൾ കേട്ടതല്ലെ ലൈബ്രറി കെട്ടിടം ഉദ്ഘാടനത്തിന്.' രാധികയ്ക്കും പറയാനുണ്ട്.

അരവിന്ദൻ വീണ്ടും ഓർക്കാൻ ... നിയമസഭാ ലൈബ്രറി എന്നും കേമൻതന്നെയായിരുന്നു. പുതിയ നിയമസഭാ സമുച്ചയത്തിലെ ലൈബ്രറി, ആധുനിക സജ്ജീകരണങ്ങളുള്ളത്. ചിരിച്ച് എല്ലാവരേയും സ്വീകരിക്കുന്ന ലൈബ്രേറിയൻ. അരവിന്ദൻ സ്ഥിരം വായനക്കാരനായിരുന്നു.

'ലിറ്ററേച്ചർ പുതിയതൊന്നുമില്ല' തടിച്ച മീശക്കാരൻ അരവിന്ദനെ സമാധാനിപ്പിക്കും.

ദക്ഷിണാഫ്രിക്കൻ എഴുത്തുകാരൻ, ജെ. എം. കുറ്റ്സിയുടെ ബുക്കർ പുരസ്ക്കാരം നേടിയ *ഡിസ്ഗ്രേസു*മായി സി.എംനെ കാണാൻ പോയത് അരവിന്ദൻ ഓർത്തു.

അരവിന്ദന്റെ കൈവശമുള്ള പുസ്തകം നോക്കി ഒരു ചിരിയോടെ സി.എം.

'വായിച്ചാൽപ്പോരാ. വിവരംവേണം ട്ടോ' എല്ലാവരും പൊട്ടിച്ചിരിച്ചു.

'ചിരിക്കാൻ വരട്ടെ ഓന്റെ *ഡിസ്ഗ്രേസ്സ്*, മാഷായിരുന്ന ഡേവിഡ് ല്യൂറിന്റെ കഥയാ... തന്റെ ശിഷ്യയുമായി ആവേശഭരിതമായ പ്രണയത്തിലാകുന്ന കഥ.'

'എടോ മാർക്സും ജന്നിയും തമ്മിലുള്ളത് The love of eternal. അനശ്വരം. ഇത് അതുപോലല്ല.' അവസാനത്തെ സാഹിത്യസൃഷ്ടിയും തേടിപ്പിടിച്ച് വായിക്കുന്ന പോരാളി.

അരവിന്ദന്റെ മനസ്സിൽ ആയിരം ഓർമ്മകൾ തിക്കിത്തിരക്കി എത്തുകയായിരുന്നു.

"കലയ്ക്ക് യാഥാർത്ഥ്യവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള സംവാദം. സാഹിത്യത്തിലും കലയിലുമുള്ള വിരുദ്ധചേരികളെ തുറന്നുകാട്ടുന്നതാണ്." വർഷങ്ങൾക്കുമുമ്പെ ഒരു യുവജന സംസ്ഥാന ക്യാമ്പിലെ ഉദ്ഘാടന പ്രസംഗമായിരുന്നു. "പലർക്കും കലയുടെ കടമ ജനകീയപ്രശ്നങ്ങളെക്കുറിച്ചു ചിന്തിച്ചിരിക്കുന്ന അധഃപതനവാദികളുടെ അനുഭവദർശനങ്ങളെ 'ആസ്വദിക്കാ'നവർക്കവസരം കൊടുക്കുകയാണ്" പ്രസംഗം നീണ്ടുപോകുന്തോറും ഉജ്ജ്വലമായിരുന്നു.

സി.എം സ്പീക്കറുടെ മുമ്പെ അസംബ്ലിയിലുണ്ടാവും. 'ഓർഡർ ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ കാലത്ത് 8.30 ന് വീണ്ടും ചേരുന്നതുമാണ്.' സ്പീക്കറുടെ അവസാനത്തെ വാക്ക് കഴിയുമ്പോൾ പിറകോട്ട് ഒന്നുനോക്കും. മൂന്നാമത്തെ നിരയിലെ ഒന്നാമൻ സർവ്വീസ്സ് സംഘടനയുടെ അമരക്കാരനായിരുന്ന എല്ലാവരുടേയും ഏട്ടൻ. ഓടിപ്പായുന്ന രാത്രിവണ്ടിയിൽ ഉറങ്ങാൻ കിടന്നതിനുശേഷം ഉണർന്നില്ല. അഷ്ടമുടിക്കായലിലെ ഓളങ്ങളോ തിരുവല്ലയിലെ കൊച്ചുകാറ്റോ ... അദ്ദേഹത്തിന്റെ അവസാനനിമിഷങ്ങളിൽ പങ്കുചേർന്നിട്ടുണ്ടാവും.

'എന്താഡോ... പോഗ്വാല്ലെ?'

സഭയുടെ ഓരോ ചലനങ്ങളും നെഞ്ചോടു ചേർത്തുപിടിക്കുന്ന സഭയുടെ നായകൻ.

പൊതുവിതരണത്തെക്കുറിച്ചു ആധികാരികമായിപ്പറയാൻ കമ്മ്യൂണിസ്റ്റുകാരുടെ മാത്രമല്ല എല്ലാവരുടേയും ഭക്ഷ്യമന്ത്രി നിയമമന്ത്രിയോടുള്ള ആദരപൂർവ്വമായ അടുപ്പം ഉജ്ജ്വലംതന്നെ.

കയറിന്റെ മന്ത്രി, വ്യവസായ വകുപ്പ് കൈകാര്യംചെയ്യുമ്പോഴും തൊണ്ടുതല്ലുമ്പോഴുണ്ടാവുന്ന സംഗീതത്തെ നീലജലാശയത്തിലെ ഒരിക്കലും അടങ്ങാത്ത ഓളങ്ങളെപ്പോലെ തന്നെ

നെഞ്ചിലേറ്റിയിരുന്നു.

ഭരണകക്ഷിയെ സംരക്ഷിക്കാനെത്തുന്ന റെവല്യൂഷണറി പാർട്ടിയുടെ നേതാവും സി.എംന്റെ ശക്തിയാണ്. ഒരിക്കലും ക്ഷോഭിക്കാതിരിക്കാൻ ശ്രദ്ധിക്കുന്ന ആസ്വാദകൻ കൂടിയായ കർഷകനേതാവും തന്റെ മന്ത്രിസഭയിലെ അംഗമായിരുന്നു.

'അരവിന്ദ്, ബോഡിയെത്താൻ ഇനിയും രണ്ടുമണിക്കൂർ കഴിയും' വേലു പുറത്തുതട്ടിയപ്പോഴാണ് അരവിന്ദ് തലയുയർത്തി നോക്കിയത്.

സ്റ്റേഡിയം ജനനിബിഡമായി മാറി. 'ഒരു നോക്കുകാണാൻ' കാരയാടുക്കാനും സഖാവ് സ്വന്തമാണ്.

'ഞങ്ങൾ നേരത്തേയെത്തി. ജീപ്പ് വിളിച്ചതാ...'

അബുവും ആമിനയും ബസ്സിന്ന് വന്നു. ഏഷ്യാനെറ്റിലെ സി.എം.നോട് ചോദിക്കാൻ വിടാതെ കേട്ടവളാണ്. 'മറുപടിക്ക് ശേഷം ഫോൺ താഴെ വെച്ചാലുള്ള കമന്റ്' ആമിന ഓർത്തു.

'ജമീലെ...വീടെവിട്യാ....... കണ്ണൂരോ? ഓ എനിക്കറിയാം ഓന് ഒന്നും പറ്റൂല്ല. കണ്ടുകിട്ടും. അവിടെ എംബസ്സിയിലും കൊടുത്തിട്ടുണ്ട്. ഓനെ തിരഞ്ഞ് പിടിക്കും'

ആമിന ഓർത്ത് ചിരിച്ചു. റിസീവർ വച്ചതിനു ശേഷമുള്ള സി.എംന്റെ വാക്കുകൾ... 'തട്ടിപ്പോയിട്ടുണ്ടാവും' എല്ലാവരിലും ചിരിപടരും.

വെളുത്തുമെലിഞ്ഞ പുതിയ ഭരണകക്ഷിയംഗം ഓട്ടോയിൽ നേരെ സെക്രട്ടേറിയറ്റിന്റെ മുൻ ഗേറ്റിലൂടെ കടന്നുവരാനുള്ള ശ്രമം പോലിസ് തടഞ്ഞത് സഭയിലൊരു കോലാഹലമായിരുന്നു.

'എന്നെത്തടഞ്ഞ പോലീസുകാരുടെ പേരിൽ നടപടിവേണം' അവർ സഭയിൽ കത്തിക്കാളുകയായിരുന്നു.

'പുതിയ മെമ്പറാണ്. സംഗതി മനസ്സിലായിട്ടുണ്ടാവില്ല. തുടക്കമല്ലേ... ഇതിന്റെ അകം പിടിച്ചു വരുന്നേയുള്ളു.' സഭയിലെ പൊട്ടിച്ചിരിയിൽ ആ വനിതാ സഭാംഗവും ഉണ്ടായിരുന്നു.

'പച്ചയായ മനുഷ്യൻ സഭയിൽ പൊട്ടിക്കരഞ്ഞതും വാർത്തയായിരുന്നു.'

അരവിന്ദ് പറയുമ്പോൾ ചായക്കടക്കാരൻ ഗോപിയുടെ പ്രതികരണം എല്ലാവരും ശ്രദ്ധിച്ചു.

'ഒരു റിപ്പോർട്ട് ഞാനിപ്പോഴും സൂക്ഷിച്ചിട്ടുണ്ട്.'

'ഏത് റിപ്പോർട്ട്?'

'മുഖ്യമന്ത്രി സഭയിൽ കരഞ്ഞത് വാർത്തയല്ലായിരുന്നൊ?'

ഒരു കലാലയ സംഘട്ടനത്തിൽ, കുത്തിയൊഴുകുന്ന പമ്പാനദി മുറിച്ചുകടന്ന് രക്ഷപ്പെടാൻ നോക്കിയവരുടെ മരണം. സഭ ഒരു കൊടുംകാറ്റായി മാറിയ ദിവസം. വാദകോലാഹലങ്ങൾ, വെല്ലുവിളികൾ. സംസ്ഥാന ഭരണസിരാകേന്ദ്രത്തിലെ അംഗം പൂർണ്ണ ആരോഗ്യവാനായ കറുത്ത് തടിച്ച് ചന്ദനക്കുറിയുടെ ഉടമ സംഹാരതാണ്ഡവമാടിയ ദിവസം.

'മരിച്ചവർ നിങ്ങളുടെ മക്കളാണെങ്കിൽ' പ്രതിപക്ഷ ബെഞ്ചിലെ സീനിയർ അംഗത്തിന്റെ ചോദ്യം.

മുഖ്യമന്ത്രി പൊട്ടിക്കരഞ്ഞപ്പോൾ എല്ലാവരുടെയും കണ്ണു കലങ്ങിയിരുന്നു. വടക്കെ ഗേറ്റിലൂടെ കടന്ന് കോഫി ഹൗസിന്റെ മുമ്പിലൂടെ ചരിത്രപ്രസിദ്ധമായ ഹാളിലേക്ക് കടന്ന ദിവസം അരവിന്ദന്റെ മനസ്സിലൂടെ മിന്നിമറഞ്ഞു. ഹാളിന്റെ മുമ്പിൽ നിയമനിർമ്മാണ പ്രക്രിയയിൽ വലിയ പങ്കുവഹിച്ചിരുന്ന പാലയുടെ അംഗവും പ്രതിപക്ഷ നേതാക്കളും സൗഹൃദം പങ്കുവെക്കുന്നു. അസംബ്ലി ഹാളിലേക്ക് കടന്നപ്പോൾ ഇ.എം.എസ്സിന്റെ ഓർമ്മ അരവിന്ദന്റെ മനസ്സിൽ തത്തിക്കളിച്ചിരുന്നു.

"ഞാൻ രൂപീകരിക്കാൻ പോകുന്ന സർക്കാർ ജനങ്ങൾക്കുവേണ്ടി അടിയന്തിര പരിപാടി നടപ്പിലാക്കുന്ന സർക്കാറായിരിക്കും. അല്ലാതെ ഒരു കമ്മ്യൂണിസ്റ്റ് സമുദായം കെട്ടിപ്പെടുക്കുന്ന സർക്കാരായിരിക്കില്ല. ഞാൻ ശ്വസിക്കുന്നതുപോലും കമ്മ്യൂണിസം സ്ഥാപിക്കുന്നതിനാണ്. എന്നാൽ ഈ ഗവൺമെന്റ് ഇത്തരം ഒരു സമുദായം സ്ഥാപിക്കില്ല. ഇ.എം.എസ്. ഇരുന്ന ഇരിപ്പടത്തിൽ ജനനായകൻ. കോഫിഹൗസിൽനിന്നും ഇറങ്ങിവന്ന് ആദ്യത്തെ ബെല്ലടിക്കുമ്പോൾത്തന്നെ സീറ്റിലിരിക്കുന്ന വൈദ്യർ. പ്രതിപക്ഷനേതാവിനോട് സ്വകാര്യംപറഞ്ഞ് പിന്നോട്ടുപോകുന്ന ഏറേ അംഗങ്ങൾ. പ്രഥമ മന്ത്രിസഭയിലെ അംഗംമുതൽ നിയമജ്ഞൻമാരും, തർക്കശാസ്ത്രജ്ഞന്മാരും, എല്ലാമടങ്ങുന്ന പ്രതിപക്ഷനിര. മുൻനിരയിൽ ചിരിച്ചുകൊണ്ടിരിക്കുന്ന നല്ല മനസ്സിന്റെ ഉടമയായ ഹാജിയാർവരെ.

'അരവിന്ദ്, എല്ലാവരും നിന്നെ അന്വേഷിക്കുന്നു. ഞാനും വന്നപാടെ അന്വേഷിച്ചു.' മുഹമ്മദ് പരിഭവക്കാരനാണ്. മുഖ്യമന്ത്രിയെ കാണാൻ തലസ്ഥാനത്തെത്തും. താമസം അരവിന്ദന്റെ കൂടെ. സെക്രട്ടറിയേറ്റിന്റെ മുമ്പിലെ വെജിറ്റേറിയൻ ഹോട്ടലിലെ ശീതീകരിച്ച മുറിയിൽനിന്നും ഉച്ചയൂണ് നിർബന്ധമാണ്. സൂപ്പ് കുടിക്കാൻ. ആദ്യം ലഭി

ക്കുന്ന ഒരു ചപ്പാത്തി പോരാ. ഒന്നുകൂടി ചോദിച്ചു വാങ്ങും. തമിഴ്നാട്ടുകാരൻ വേലുവിനറിയാം മുഹമ്മദിന്റെ സ്വഭാവം.

'മൊഹമ്മദ് 1998 മാർച്ച് 19 ഓർക്കുന്നുണ്ടോ?'

'അന്നാണ് ഐക്യകേരളത്തിന്റ പ്രഥമ മുഖ്യമന്ത്രിയുടെ മരണം.'

വൈകിട്ട് 3.40-ന് സഭയൊന്നടങ്കം കോസ്മോപൊളിറ്റൻ ആശുപത്രിയിലെത്തിയിരുന്നു. സെന്ററിന്റെ പൂമുഖത്ത് പാവങ്ങളുടെ പടത്തലവന്റെ ഫോട്ടോവിന് താഴെ ഭൗതികശരീരം ഏറെനേരം കിടത്തിയിരുന്നു.

ഈറനണിഞ്ഞ കണ്ണുമായി മൃതദേഹത്തിനരികെയിരിക്കുന്ന സി.എം. അരവിന്ദൻ അസ്വസ്ഥനായിരുന്നു. സി.എം.ന്റെ വലത് ഭാഗം പാർട്ടിക്കുവേണ്ടി മന്ത്രിസ്ഥാനം രാജിവെച്ച പോരാളി, ഇടതുഭാഗം പുന്നപ്രവയലാർ സേനാനി.

മുൻ സുപ്രീംകോടതി ജഡ്ജിയുടെ വാക്കുകളിൽ.... 'ജീവിതത്തിൽ നാടൻഭാഷയിൽ, നാടൻ ചിന്താഗതിയിലും ഇങ്ങനെ പൂർണ്ണമായും നാടൻ മലയാളിയായ കമ്മ്യൂണിസ്റ്റുകാരൻ. അധികാര ധാർഷ്ട്യം തീണ്ടാത്ത നേതാവ്.'

നഗരത്തിന്റ തെക്കുഭാഗത്തുനിന്നും നാഷണൽ ഹൈവേയിലൂടെ വടക്കോട്ട് ഒഴുകുന്ന മനുഷ്യപ്രവാഹം ഏതാനുംനിമിഷം ആ വിപ്ലവകാരിയുടെ ഭൗതികശരീരവുമായി ആ പട്ടണത്തിൽ നിശ്ചലമായി.

പുഷ്പചക്രങ്ങളുമായി കടന്നുവരുന്ന ജീവിതത്തിന്റെ നാനാതുറകളിലുമുള്ളവരെ ഇമവെട്ടാതെ നോക്കിനില്ക്കുന്ന അരവിന്ദ് ആ ജനസമുദ്രത്തെ സാക്ഷിനിർത്തി പറഞ്ഞു...

'മാനവികതയുടെ മഹനീയതയെ വിളിച്ചറിയിക്കുന്ന വ്യക്തിബന്ധങ്ങളുള്ള ജനനായകൻ സമൂഹത്തിലെ ഓരോ വ്യക്തിയുടെയും അജീവനാന്ത സുഹൃത്തുതന്നെ'

പൊതുദർശനത്തിന് പ്രത്യേകം ഒരുക്കിയ സ്റ്റേജിൽ അല്പനേരത്തേക്ക് സഖാവിന്റെ മൃതദേഹം ജനങ്ങൾക്ക് ഒരുനോക്കുകാണാൻവേണ്ടി വെച്ചിരുന്നു.

അരവിന്ദ് ശീതീകരിച്ച മുകൾഭാഗം തൊട്ടുവന്നിച്ചു. വീണ്ടും വീണ്ടും മുഖത്തേക്ക് തുടർച്ചയായി നോക്കുമ്പോൾ ആ മുഖം ഒരു കള്ളച്ചിരിയോടെ പറയുന്നതുപോലെ തോന്നി... 'ലാൽസലാം സഖാക്കളെ.'



# നിയമസഭയെ ദുഃഖത്തിലാഴ്ത്തുകയും നടുക്കുകയുംചെയ്ത ഹൃദയഭേദകമായ സംഭവങ്ങൾ



പി. ഉണ്ണികൃഷ്ണ പിള്ള
3, 4 കേരള നിയമസഭകളിൽ അംഗമായിരുന്നു.

1972 ഏപ്രിൽ മാസം മൂന്നാം തീയതി (03.04.1972) രാവിലെ, ധനകാര്യ മന്ത്രി ശ്രീ. കെ.റ്റി. ജോർജ്ജ് പ്രസംഗം ആരംഭിച്ചു. സശ്രദ്ധം ഞങ്ങൾ പ്രസംഗം കേട്ടുകൊണ്ടിരുന്നു. പെട്ടെന്നാണത് സംഭവിച്ചത്. ആജാനുബാഹുവായ ശ്രീ. ജോർജ്ജ് മുമ്പിലുള്ള മേശപ്പുറത്തേക്ക് തളർന്നുവീണു. പിന്നീട് നടന്നതെല്ലാം ഇന്നും എന്നെ വേട്ടയാടുന്ന ദുരന്തനാടകമായിരുന്നു. മിനിട്ടുകൾക്കകം മന്ത്രിയെ ആശുപത്രിയിലാക്കി. പരമാവധി ശ്രമിച്ചെങ്കിലും രക്ഷിക്കാനായില്ല. അല്പസമയത്തിനകം അദ്ദേഹം ഞങ്ങളെ വിട്ടുപിരിഞ്ഞു; എന്നെന്നേക്കുമായി.

എന്റെ അഭിപ്രായത്തിൽ, നിയമസഭ കണ്ട, പ്രഗത്ഭനായ ഒരു ധനകാര്യ മന്ത്രിയായിരുന്നു അദ്ദേഹം. ഒരു നല്ല സാമാജികനവശ്യംവേണ്ട കഴിവും യോഗ്യതയും കൈമുതലായുണ്ടായിരുന്നു ശ്രീ. ജോർജ്ജിന്. മാത്രവുമല്ല; ഒരു ഗായകൻകൂടിയായിരുന്നു അദ്ദേഹം - അദ്ദേഹവും കുടുംബവുമൊത്ത് എം.എൽ.എ.മാരുടെ വാർഷികസമ്മേളനത്തിന്, അവതരിപ്പിച്ച ഗാനമേള അത്യുജ്ജ്വലമായിരുന്നു. ശാസ്ത്രീയ സംഗീതത്തിലും നാടൻപാട്ടുകളിലും സിനിമാഗാനങ്ങളിലും, അന്യാദൃശ്യമായ പാടവം അദ്ദേഹത്തിനുണ്ടായിരുന്നു. 'മാണിക്യ വീണയുമായെൻ...' എന്ന സിനിമാഗാനം ഇന്നും മനസ്സിൽ മുഴങ്ങിക്കേൾക്കുന്നു.

അസാമാന്യ പ്രതിഭാശാലിയായിരുന്ന ശ്രീ. കെ. റ്റി. ജോർജ്ജ് കക്ഷിഭേദമന്യേ എല്ലാ സാമാജികന്മാരുടെയും സൗഹൃദം നേടിയിരുന്നു.

മറ്റൊരു ദുരന്താനുഭവംകൂടി ഓർത്തുപോകുന്നു. മെമ്പർ കുഞ്ഞാലിയുടെ കൊലപാതകം. അദ്ദേഹം ക്രൂരമായി വധിക്കപ്പെടുകയായിരുന്നു. പ്രസ്തുത വധം ഇന്നും ഒരു കടങ്കഥയായി അവശേഷിക്കുകയാണ്. 1969 ലാണ് സംഭവം.

നിയമസഭാ സാമാജികരുടെ കടമകളെപ്പറ്റിയും പ്രവർത്തനശൈലിയെപ്പറ്റിയുമൊക്കെ വളരെയേറെ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. ഫലപ്രദമായ ഒരു ചർച്ചയ്ക്ക് അവസരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.



# വൃക്ഷത്തണലിലെ അഭയം



**കല്ലടി മുഹമ്മദ്**
8, 9 കേരള നിയമസഭകളിൽ അംഗമായിരുന്നു.

ഒരു ആൽമരം - അതിന്റെ ശാഖോപ ശാഖകൾ അതിന് സൗന്ദര്യമേകുന്നു. കൂടാതെ അത് പക്ഷികൾക്ക് ആശ്രയവും വഴിപോക്കന് തണലും വിശ്രമസ്ഥലവും ഇഴജന്തുക്കൾക്ക് വാസസ്ഥലവും ആകുന്നു. ശാന്തത ആഗ്രഹിക്കുന്നവർക്ക് ഈ വൃക്ഷച്ചുവട് ഒരനുഗ്രഹമാണ്.

ഒന്നിനെക്കുറിച്ചും ചിന്തിക്കുകയോ വിചാരപ്പെടുകയോ പരിഭവിക്കുകയോ ചെയ്യാത്ത ആളുകൾ നമുക്കുചുറ്റും ഉണ്ട്. അവരുടെ സ്വപ്നങ്ങൾ ദൈർഘ്യം കുറഞ്ഞതാണ്.

നമ്മിലേക്ക് നോക്കിയാൽ, എന്തെല്ലാമോ നിറഞ്ഞു തികഞ്ഞവർ എന്നു തോന്നാം. നമ്മുടെ വിശ്വാസം, മാതാപിതാക്കൾ, ഗുരുക്കന്മാർ, സാങ്കേതികജ്ഞാനം, കാലാകാലങ്ങളിൽ ആർജ്ജിച്ച അനുഭവസമ്പത്ത് പ്രതികരണശേഷി, സാമൂഹ്യവും രാഷ്ട്രീയവുമായ വീക്ഷണങ്ങൾ, സൗന്ദര്യം, ആരോഗ്യം, പ്രാഗത്ഭ്യം എന്നിവ നമ്മെ മറ്റുള്ളവരിൽനിന്ന് വേർതിരിക്കുന്നു.

എന്റെ കഴിവുകളും അധികാരവും മറ്റുള്ളവരുടെ പ്രയത്നങ്ങൾക്ക് കൂച്ചുവിലങ്ങാകരുത്. ഗുണകരമാവണം. ഞാൻ പിടിച്ച മുയലിന് മൂന്നു കൊമ്പ് എന്ന നയം പലതിനും വിഘാതമാകും. പിടിവാശി വൻ നഷ്ടങ്ങൾ ഉണ്ടാക്കും. സ്വന്തം പരിമിതി മനസ്സിലാക്കണം. ചുരുക്കത്തിൽ ഞാൻ എന്നതിന് പകരം നാം എന്നതാകണം ചിന്ത.

കലാപവും യുദ്ധവും ആവശ്യമുണ്ടോ? മതവിദ്വേഷം, വർണ്ണ-വർഗ്ഗ-ഗോത്ര-ലിംഗ-ഭാഷാവഴക്കുകൾ എന്നിവ ലോകത്തിന്റെ സ്വസ്ഥത തകർക്കുന്ന പ്രതിസന്ധികളാണ്. അത് കലാപത്തിൽ കൊണ്ടെത്തിക്കും.

സമൂഹനന്മ ലക്ഷ്യമിടുമ്പോൾ സഹനമാർഗ്ഗത്തിന് പ്രാധാന്യം നൽകണം. മഹാത്മാഗാന്ധി, നെൽസൺമണ്ടേല എന്നിവർ സ്വീകരിച്ചത് ഈ മാർഗ്ഗമാണ്. ശപിക്കപ്പെട്ട യുദ്ധങ്ങൾ രാഷ്ട്രങ്ങൾ കൈവിടണം. സമാധാനത്തിന് വേണ്ടി എല്ലാവരും ഉണർന്ന് പ്രവർത്തിക്കണം.

എല്ലാ മതങ്ങളും ദൈവസ്നേഹം പഠിപ്പിക്കുകയും എന്നാൽ അതിനു വിരുദ്ധമായി തെരുവിൽ കലാപം കൂട്ടുകയും ചെയ്യുന്നു. മതത്തിന്റെ പേരിലുള്ള ഈ അക്രമങ്ങളും, ലഹളകളും അവസാനിപ്പിക്കണം.

ഒരു ആൽമരത്തിന്റെ ഹൃദയ വിശാലതയും മഹത്ത്വവും നമുക്കിവിടെ പാഠമാകേണ്ടതാണ്. സർവ്വമത നേതാക്കന്മാരും നമ്മെ പഠിപ്പിച്ചത് മതമൈത്രിയാണ്. അതിനുവേണ്ടി നാം പ്രയത്നിക്കണം.

സർവ്വശക്തൻ നമ്മെ അനുഗ്രഹിക്കട്ടേ!



# ഞാനും 'എം എൽ എ' ആയി




**പ്രൊഫ. നബീസാ ഉമ്മാൾ**

8-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.


കേരളത്തിലെ അഞ്ചു ജില്ലകളിലെ (തിരുവനന്തപുരം, എറണാകുളം, പട്ടാമ്പി, പാലക്കാട്, മലപ്പുറം) ഗവൺമെന്റ് കോളേജുകളിൽ ലക്ചറർ, പ്രൊഫസർ, പ്രിൻസിപ്പാൾ എന്നീ സ്ഥാനങ്ങളിൽ 31 വർഷക്കാലം സേവനമനുഷ്ഠിച്ചിരുന്ന എനിക്ക് കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാർത്ഥിയായി മത്സരിക്കാൻ അവസരംലഭിച്ചത്, കേവലം യാദൃച്ഛികമായിട്ടാണ്. സ്ഥാനാർത്ഥിയായി എന്റെ പേര് നിർദ്ദേശിച്ചത് സഖാവ് ഇ.എം.എസ്. ആയിരുന്നു. ക്ഷണിക്കാനായി എന്റെ വസതിയിലെത്തിയത്, സഖാവ് കാട്ടായിക്കോണം ശ്രീധറും അരുവിപ്പുറം പ്രഭാകരനും സഖാവ് സുശീലാ ഗോപാലനുമായിരുന്നു. യൂണിവേഴ്സിറ്റി കോളേജിൽ ബി.എ എക്കണോമിക്സ് വിദ്യാർത്ഥിനിയായി കഴിഞ്ഞിരുന്ന 1952 ൽ 'ഡയലക്ടിക്കൽ മെറ്റീരിയലിസം' എന്ന വിഷയത്തെ അധികരിച്ച് കോളേജ് മാഗസീനിൽ ഒരു ലേഖനമെഴുതിയതിന്റെ പേരിൽ എനിക്ക് നിർബ്ബന്ധിത വിടുതൽ സർട്ടിഫിക്കറ്റ് നൽകുമെന്ന് അന്ന് പ്രിൻസിപ്പളായിരുന്ന ശ്രീനിവാസയ്യർ ഭീഷണിപ്പെടുത്തുകയുണ്ടായി. ഇടതുപക്ഷ ചിന്താഗതിക്കാരിയായിരുന്നു, പഠിക്കുന്നകാലത്ത് ഞാനെന്നതൊഴിച്ചാൽ മറ്റു സജീവ രാഷ്ട്രീയപ്രവർത്തനങ്ങളൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ സ്ഥാനാർത്ഥിയായി മത്സരിച്ചാലുള്ള വിജയസാദ്ധ്യതയെക്കുറിച്ചെനിക്കാശങ്കയുണ്ടായിരുന്നു. എന്നാൽ എന്റെ സഹപാഠികളും സഹപ്രവർത്തകരും അദ്ധ്യാപകരും പ്രോത്സാഹിപ്പിക്കുകയും പ്രൊഫസർ കൃഷ്ണപിള്ള, ഗുപ്തൻ നായർ, നമ്പൂതിരി സാർ തുടങ്ങിയവർ എന്നെ ആശീർവദിക്കുകയും ചെയ്തപ്പോൾ എനിക്കും വീറും വാശിയുമൊക്കെ തോന്നുകയായി. മാത്രവുമല്ല സി.വിയുടെ ചരിത്രാഖ്യായികകൾ, വിദഗ്ധമായി ഞങ്ങളെ പഠിപ്പിച്ച കൃഷ്ണപിള്ള സാറിന്റെ ക്ലാസ്സുകളിൽനിന്ന്, എട്ടുവീട്ടിൽപിള്ളമാരെക്കുറിച്ചും വിശിഷ്യാ കഴക്കൂട്ടത്തുപിള്ളയുടെ കുടുംബവിശേഷങ്ങളെക്കുറിച്ചും നല്ലൊരവഗാഹം സിദ്ധിച്ചത്, കഴക്കൂട്ടത്തുനിന്നു മത്സരിക്കാൻ ഒരു പ്രത്യേക ഊർജ്ജംതന്നെ നൽകുകയുണ്ടായി. കോളേജ് അദ്ധ്യാപികയായി പ്രവർത്തിച്ചിരുന്ന സമയത്ത് കഴക്കൂട്ടത്തിലെ ഏഴു പഞ്ചായത്തുകളിലും ഞാൻ പല പ്രസംഗ പരിപാടികളുമായി ബന്ധപ്പെട്ട് പോയിട്ടുണ്ടായിരുന്നു. ശ്രീകാര്യം പഞ്ചായത്തിൽ നാരായണഗുരുദേവൻ ജനിച്ചു വളർന്ന ചെമ്പഴന്തി വയൽവാരം വീട്, ചെമ്പഴന്തി സ്കൂളും കോളേജും

ആറ്റിപ്ര പഞ്ചായത്തിലെ കോലത്തുകരക്ഷേത്രം, മംഗലപുരത്തെ ആശാൻ സ്മാരകം എന്നിവിടങ്ങളിലൊക്കെ 'പലമതസാരവുമേകം' എന്ന ആദർശം പ്രചരിപ്പിക്കാനായി ഞാൻ പല വേദികളിൽ പങ്കെടുത്തിട്ടുണ്ട് - *കേരളകൗമുദി* പത്രാധിപർ, കെ. ദാമോദരൻ, എം. കെ. കുമാരൻ, കെ. ബാലകൃഷ്ണൻ, പ്രൊഫ. എൻ. ഗോപാലപിള്ള, ബാലരാമപ്പണിക്കർ, മന്മഥൻ നായർ, സി.ഐ. ഗോപാലപിള്ള, ശൂരനാട്ടു കുഞ്ഞൻപിള്ള എന്നീ മഹദ്വ്യക്തികളുടെ സാന്നിദ്ധ്യവും പ്രോത്സാഹനവും ഇക്കാര്യത്തിൽ എനിക്കു ലഭിച്ചിട്ടുണ്ടെന്നതും ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു.

മാതൃഭാഷ തമിഴും പിതൃഭാഷ ഉറുദുവുമായി ജനിച്ച എനിക്ക് മലയാളഭാഷയോട് ആഭിമുഖ്യവും മമതയും നേടിത്തന്നത് SSLC ക്ക് എന്നെ മലയാളം പഠിപ്പിച്ച അദ്ധ്യാപകൻ ശ്രീ വരിഞ്ഞം ഗോപിനാഥൻ നായരായിരുന്നു. 1952 ൽ എക്കണോമിക്സ്, പോളിറ്റിക്സ് ബിഎ പാസ്സായ ഞാൻ എം.എയ്ക്കു മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ഐച്ഛികമായെടുക്കാൻ പ്രേരിപ്പിച്ചത് പ്രൊഫ. ഗോദവർമ്മയും കോന്നിയൂർ മീനാക്ഷിയമ്മയുമായിരുന്നു. സ്വർണ്ണ മെഡൽനേടി ഡിസ്റ്റിംഗ്ഷനോടുകൂടി എം.എ പാസ്സാകാൻ കഴിഞ്ഞത് ദൈവനിയോഗം കൊണ്ടു മാത്രമാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു.

കാട്ടായിക്കോണം ശ്രീധറിന്റെ മേൽനോട്ടത്തിൽ ചിട്ടയായ പ്രവർത്തനമാണ്, സി.പി.ഐ (എം) എനിക്കുവേണ്ടി കഴക്കൂട്ടത്ത് സംഘടിപ്പിച്ചത്. പാർട്ടിയുടെ ശക്തമായ പിന്തുണയും സ്വതന്ത്രസ്ഥാനാർത്ഥി ചിഹ്നമായ 'ത്രാസും' വൻഭൂരിപക്ഷത്തോടെ വിജയിക്കാൻ സഹായിച്ച ഘടകങ്ങളാണ്. ശ്രീകാര്യം, കഴക്കൂട്ടം, ആറ്റിപ്ര, കണിയാപുരം, കഠിനംകുളം, മംഗലപുരം, പോത്തൻകോട് എന്നീ പഞ്ചായത്തുകളിൽ സി.പി.ഐ (എം) പ്രസിഡന്റുമാരായിരുന്നു. നാലു പഞ്ചായത്തുകളിൽ അവരൊക്കെ സ്ഥാനാർത്ഥിയായ എനിക്കുവേണ്ടി കഠിനാദ്ധ്വാനംതന്നെ നടത്തുകയുണ്ടായി. ഞാനും പ്രവർത്തകരോടൊപ്പം നൂറുശതമാനവും സഹകരിച്ച് വോട്ടർമാരെ കാണാനും സംസാരിക്കാനുമൊക്കെ തയ്യാറായിത്തന്നെ സഞ്ചരിച്ചു. സഖാവ് ഇ.എം.എസിന്റെ അദ്ധ്യക്ഷതയിൽ വി.പി സിങ്ങാണ് തെരഞ്ഞെടുപ്പ് ഉദ്ഘാടനം നടത്തിയത്. തുടർന്ന് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തുടനീളമുള്ള മേഖലകളിൽനിന്നും നേതാക്കന്മാരും സാഹിത്യനായകന്മാരുമൊക്കെ പങ്കെടുത്ത് വൻതോതിൽ സമ്മേളനങ്ങളും കുടുംബങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള കൂട്ടായ്മകളുമൊക്കെ നടത്തി. വിജയിച്ചു എന്നറിഞ്ഞത് അതീവ സന്തുഷ്ടിയൊടെയായിരുന്നു. ഒരു ഇലക്ഷൻ നടക്കുമ്പോൾ എത്രമാത്രം കഠിനാദ്ധ്വാനവും മനുഷ്യപ്രയത്നവും ചിട്ടയായ രീതികളും പൈസാച്ചെലവുമാണ് എന്ന കാര്യമൊക്കെ ബോദ്ധ്യമായത് അപ്പോഴാണ്. അതേക്കുറിച്ച് ഉത്തമ ബോദ്ധ്യമുള്ളവർക്ക് ഒരിക്കലും സഹായിച്ച പാർട്ടിയിൽനിന്ന് കൂറുമാറാനോ കാലുവാരാനോ സാദ്ധ്യമല്ല. എന്നെ സഹായിച്ച പാർട്ടിയോടും പ്രവർത്തകരോടും എനിക്കു മരണംവരെ കൂറുണ്ടായിരിക്കുമെന്ന കാര്യം ഉറപ്പാണ്.

ഭരണകക്ഷി എം.എൽ.എയായി നിയമസഭയിൽ കയറിയാൽ നമുക്കു പ്രത്യേകിച്ചൊന്നും ചെയ്യാനുണ്ടാവില്ല. പാർലമെന്ററി പാർട്ടി തീരുമാനമനുസരിച്ചാണ് ഏതു വിഷയത്തിൽ സംസാരിക്കണമെന്ന് സാമാജികർ തീരുമാനിക്കുന്നത്. പാർട്ടി വിപ്പനുസരിച്ച് വോട്ടിങ്ങിൽ പങ്കെടുക്കണം. ബില്ലുകൾ ചർച്ചയ്ക്കെടുക്കുമ്പോൾ പ്രതിപക്ഷ എം.എൽ.എ. മാർക്കാണ് ഭേദഗതികൾ അവതരിപ്പിക്കാൻ അവസരം കിട്ടുന്നത്. ഗ്രന്ഥശാലാ ബിൽ, വനിതാ കമ്മീഷൻ ബിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൈമാറുന്ന ബിൽ എന്നിവ നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ടു മന്ത്രിമാരായ ശ്രീ. ചന്ദ്രശേഖരൻ, ഗൗരിയമ്മ, വി.ജെ. തങ്കപ്പൻ എന്നിവർ നടത്തിയ പ്രസംഗങ്ങൾ ഏറെ ശ്രദ്ധേയമായി അനുഭവപ്പെട്ടു. നിയമസഭയിലെ നല്ലൊരു ഗ്രന്ഥശേഖരമുള്ളത്, പലപ്പോഴും ശരിയാംവണ്ണം വിനിയോഗിക്കാനെത്തിയിരുന്ന ശ്രീ. ടി. എം. ജേക്കബ്, പി. രവീന്ദ്രൻ, വി. എം. സുധീരൻ, പത്മ തുടങ്ങിയവർ ബില്ലുകൾക്ക് നിരവധി ഭേദഗതികൾ നിർദ്ദേശിച്ചു കൊണ്ടു നടത്തിയ പ്രസംഗങ്ങളും അതീവ ഹൃദ്യമായിരുന്നു. ഏതാണ്ട് പ്രഭാതംവരെ അത്തരം സന്ദർഭങ്ങളിൽ സമ്മേളനം നീണ്ടുപോയിരുന്നു.

എട്ടാം നിയമസഭയിൽ ഞങ്ങൾ എട്ടു സ്ത്രീകളാണ് ജയിച്ചുവന്നത്. ഭരണകക്ഷിയിലെ അംഗങ്ങളായ ഗൗരിയമ്മ, ഭാർഗ്ഗവി തങ്കപ്പൻ, റോസമ്മ പുന്നൂസ്, മേഴ്സിക്കുട്ടിയമ്മ തുടങ്ങിയവരും പ്രതിപക്ഷകക്ഷിയിലെ ലീലാ ദാമോദരമേനോൻ, റോസമ്മ ചാക്കോ, പത്മ തുടങ്ങിയവരും വളരെ സൗഹാർദ്ദമായിട്ടാണ് എന്നോട് പെരുമാറിയിട്ടുള്ളത്. വെയിറ്റിങ്ങ് റൂമിൽ തമ്മിൽ കാണുമ്പോൾ ഞാൻ പറയുമായിരുന്നു, സ്ത്രീകളെക്കുറിച്ചുള്ള പൊതുചർച്ചകൾ വരുമ്പോഴെങ്കിലും നമ്മൾ ഒറ്റക്കെട്ടായി നിലകൊള്ളണമെന്ന്. അപ്പോൾ സമ്മ

തിക്കുമെങ്കിലും സഭയ്ക്കകത്തു കയറിയാൽ ഇരുകൂട്ടരും തനിസ്വഭാവം കാണിക്കുകതന്നെയാണ് പതിവ്. നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങളെക്കുറിച്ച് സബ്മിഷൻ അവതരിപ്പിക്കാനും പൊതുവായ കാര്യങ്ങൾക്ക് 'ശ്രദ്ധ ക്ഷണിക്കൽ' നടത്താനും അംഗങ്ങൾക്ക് അവസരം കിട്ടുമെങ്കിലും തെരഞ്ഞെടുപ്പുവേളയിൽ വോട്ടർമാർക്കു നല്കിയ പല വാഗ്ദാനങ്ങളും നിറവേറ്റാൻ സാധിക്കാതെ പരുങ്ങലിലായ സന്ദർഭങ്ങളുമുണ്ട്. ബഡ്ജറ്റ് സമ്മേളനത്തിന്റെ സമാപനത്തിൽ സരസവും സാരസമ്പുഷ്ടങ്ങളുമായ പ്രസംഗം മുഖ്യമന്ത്രി നായനാർ നടത്തിയിട്ടുള്ളത് അത്ഭുതത്തോടുകൂടി കേട്ടിരുന്നിട്ടുണ്ട്. തനി മലപ്പുറം ശൈലിയിൽ ലളിതഭാഷണം കൊണ്ട് സഭയിൽ ചിരിയും ചിന്തയും പടർത്തിയ സീതിഹാജി, ബാവാ ഹാജി, ഇസഹാക്ക് കുരുക്കൾ ഇവരെക്കുറിച്ചൊക്കെ പലപ്പോഴും ചിന്തിക്കാറുണ്ട്. 204-ാം നമ്പർ ഫാമിലി ബ്ലോക്കിലെ താമസവും അയൽക്കാരായിരുന്ന പി.ആർ. കുറുപ്പ്, വി.എം. സുധീരൻ, ബാവാ ഹാജി എന്നിവരുടെ സ്നേഹമസൃണമായ പെരുമാറ്റവും തികച്ചും സ്മർത്തവ്യമാണ്.

സാനുമാസ്റ്റർ ചെയർമാനായ ലൈബ്രറി കമ്മറ്റിയിൽ ഞാനും ഒരംഗമായിരുന്നു. റോസമ്മ പുന്നൂസ്, ഉണ്ണിക്കൃഷ്ണപിള്ള, സി.പി. കുഞ്ഞ് തുടങ്ങിയ അംഗങ്ങളും ഒരുമിച്ച് മദ്രാസ്, ഹൈദ്രബാദ്, മൈസൂർ, ഡൽഹി, ആന്റമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലെ ലൈബ്രറി പ്രവർത്തനങ്ങൾ നേരിട്ടുകണ്ടു പഠിക്കാനായി നടത്തിയ യാത്രകൾ അവിസ്മരണീയമാണ്. ആന്റമാൻ നിക്കോബാർ ദ്വീപിലെ മെഗാപോഡ് നെസ്റ്റിലെ താമസവും റോസമ്മ പുന്നൂസിന്റെ നർമ്മംനിറഞ്ഞ കമന്റുകളും സെല്ലുലാർ ജയിലിലെ കാഴ്ചകളും അവിടുത്തെ ആളുകളുടെ പെരുമാറ്റത്തിലെ മതസൗഹാർദ്ദവും എല്ലാം ഞങ്ങളെ ആകർഷിക്കുകയുണ്ടായി. ഇ. അഹമ്മദിന്റെ അദ്ധ്യക്ഷതയിലുള്ള Public Undertaking Committee അംഗമായിട്ട് റോസമ്മ പുന്നൂസ്, സി.പി. കുഞ്ഞ് തുടങ്ങിയവരുടെ അകമ്പടിയോടെ ഫാറൂക്ക് അബ്ദുല്ലായുടെ അതിഥിയായി കഴിയാനവസരം ലഭിച്ചതും അദ്ധ്യക്ഷൻ ഇ. അഹമ്മദിന്റെ സഹായത്തോടെ കാശ്മീർ ചുറ്റിക്കണ്ട്, ഹസ്രത്തുബാൽ പള്ളിയിൽ പോയതും റോപ് വേയിൽ സഞ്ചരിച്ചതുമൊക്കെ മറക്കാനാവാത്ത സംഭവങ്ങളാണ്. ഇന്ന് എം.എൽ.എ.മാർക്ക് കിട്ടുന്ന ആനുകൂല്യങ്ങളോ സാമ്പത്തികമായി വോട്ടറന്മാരെ സഹായിക്കാൻ കഴിയുന്നവിധം എം.എൽ.എ.ഫണ്ടോ ഒന്നും 1987ൽ ഉണ്ടായിരുന്നില്ല. 'നരിക്കൽ-പുല്ലാന്നിവിള എം.എൽ.എ. റോഡ്' പണിയാൻ കഴിഞ്ഞു ശ്രീകാര്യം പഞ്ചായത്തിലെന്നതൊഴിച്ചാൽ കാര്യമായ പ്രവർത്തനങ്ങൾക്കൊന്നും ഫണ്ടു ലഭിച്ചിരുന്നില്ല.

നാവായിക്കുളം റഷീദും റേച്ചൽ മത്തായിയും എതിർ സ്ഥാനാർത്ഥികളായി മത്സരിച്ച 1987 ൽ പതിമൂവായിരത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ച എനിക്ക് 1991 ൽ എം.വി. രാഘവൻ എതിർസ്ഥാനാർത്ഥിയായി മത്സരിച്ച 'രണ്ടാമൂഴ' ത്തിൽ 500 നു താഴെ വോട്ടിന് പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. എനിക്കതിൽ ദുഃഖമില്ല. കാരണം 1995-2000 അഞ്ചു വർഷക്കാലം നെടുമങ്ങാട് മുനിസിപ്പൽ ചെയർപേഴ്സനായി സേവനമനുഷ്ഠിക്കാൻ കഴിഞ്ഞു. അഞ്ചുവർഷത്തിനിടയിൽ മൂന്നുസെന്റ് പുരയിടം സ്വന്തമായിട്ടുള്ള ഏതാണ്ടു മൂവായിരത്തോളം പാവപ്പെട്ടവർക്ക് തിരിച്ചടവില്ലാത്ത ലോൺ ഭവനനിർമ്മാണത്തിന് നൽകാൻ കഴിഞ്ഞു. വകുപ്പുമന്ത്രിമാരുടേയും തദ്ദേശഭരണവകുപ്പിലെ മറ്റുദ്യോഗസ്ഥരുടെയും സഹായത്താൽ, സ്കൂളുകൾക്ക് ചുറ്റുമതിൽ, ലാവട്ടറി സൗകര്യം, ഉച്ചക്കഞ്ഞി പരിപാടികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, കുടിവെള്ളം തുടങ്ങി ഒരുപിടി നല്ല കാര്യങ്ങൾ ചെയ്യാനുള്ള തുക ബജറ്റ് വിഹിതമായി ലഭിച്ചു. സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് 2000-ലെ കേന്ദ്ര ഗവൺമെന്റിന്റെ അവാർഡും പ്രശസ്തിപത്രവും എനിക്കു ലഭിച്ചു. മാനവ സേവയാണ് മാധവ സേവ എന്ന് മനസ്സിലാക്കിയത് മുനിസിപ്പാലിറ്റി ഭരണം ഏറ്റതുമൂലമാണ്. എന്നാലും എം.എൽ.എ. ആയിരുന്നപ്പോഴുണ്ടായിരുന്നതിനേക്കാൾ അംഗീകാരവും ബഹുമാനവും എക്സ് എം.എൽ.എ എന്ന രീതിയിൽ ജനങ്ങളിൽനിന്നും ലഭിക്കുന്നു. മോശമല്ലാത്ത എം.എൽ.എ. പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നു. ഒരു കാര്യത്തിൽമാത്രം വിഷമം തോന്നാറുണ്ട്. കഠിനാദ്ധ്വാനത്തിലൂടെ വിജയിപ്പിച്ചെടുക്കുന്ന എം.എൽ.എ.മാരെ പാർട്ടിയും സർക്കാരും കാലാവധി കഴിഞ്ഞാൽ തീരെ അവഗണിക്കുകയാണ്. ചുമതലയുള്ള ജോലികളൊന്നും അവരെ ഏല്പിക്കുന്നില്ല. സർക്കാർകാര്യങ്ങളിൽ അവർക്ക് യാതൊരു പരിഗണനയും ലഭിക്കുന്നുമില്ല. ഇതൊക്കെയാണെങ്കിലും സന്തോഷിക്കാൻതന്നെയാണ് തോന്നുന്നത്. 'സഫലമീയാത്ര' എന്ന് സ്വയം വിശ്വസിച്ച് വിശ്രമജീവിതം നയിക്കുന്നതുതന്നെയാണ് കരണീയം.

# മറന്നുപോയത്...



**ജോൺ ഫെർണാണ്ടസ്**
10-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

ആ കണ്ണുകളിൽ വിഷാദമായിരുന്നോ? അതോ നിസ്സംഗതയായിരുന്നോ? യാദൃച്ഛികമായാണ് ആ പെൺകുട്ടിയുടെ മുന്നിലെ കസേരയിൽ ചെന്നിരുന്നത്... അലക്ഷ്യമായി കൈയ്യിലെ മൊബൈലിൽ എന്തൊക്കെയോ ചിത്രപ്പണികൾ ചെയ്തുകൊണ്ടിരുന്ന പെൺകുട്ടി... ആ ഇടനാഴിയിൽ കാത്തിരിക്കുന്നവർ ഏറെയുണ്ടായിരുന്നു. ഒഴിഞ്ഞ കസേര അതൊന്നുമാത്രമായിരുന്നു. അവിടെ അയാളിരുന്നു. മുന്നിലെ കസേരയിൽ ആ പെൺകുട്ടിയും.

എവിടെ വച്ചാണ് കണ്ടിട്ടുള്ളത്...?

ഓർമ്മവരുന്നില്ല. മദ്ധ്യവയസ്കന്റെ ഓർമ്മക്കുറവ്. കുറച്ചുനാളായി അതെല്ലാം പതിവായിക്കഴിഞ്ഞു... ഓർമ്മകൾക്ക് മങ്ങൽ. ചിലതെല്ലാം ഒട്ടും വായിക്കാനാവുന്നില്ല. പേരുകൾ... അവയ്ക്കൊപ്പമുള്ള ഇനിഷ്യലുകൾ... അക്കങ്ങൾ... തീയതികൾ... ഫോൺ നമ്പറുകൾ...

ചിലപ്പോഴെല്ലാം ഉച്ചഭാഷിണിക്കു മുന്നിൽ നില്ക്കുമ്പോൾ ഉചിതവാക്കുകൾ കിട്ടാതെ, പേരുകൾ പറയാതെ നിമിഷങ്ങളോളം മരവിച്ചു നില്ക്കേണ്ടിവരുന്നു.

പലരും ചോദിച്ചു 'ഏയ്... എന്താണിങ്ങനെ?' അടുത്ത സുഹൃത്തുക്കൾ ഉപദേശിച്ചു: 'നീയൊരു ഡോക്ടറെ കാണണം! രോഗം പിടിമുറുക്കുംമുമ്പ് ചികിത്സ തുടങ്ങുന്നത് നല്ലതാണ്.'

സഹപ്രവർത്തക സൗദാമിനി ഒട്ടൊരു നൊമ്പരത്തോടെ അടുത്തിടെ പറഞ്ഞു, 'സാറിന്റെ വർത്തമാനങ്ങൾക്ക് അടുത്തിടെ ഇടർച്ച അനുഭവപ്പെടുന്നു.' എന്നിട്ടവർ വേദനകലർന്ന ഭാവത്തിൽ വീണ്ടും മൊഴിഞ്ഞു, 'ആ വാക്ധോരണി കേട്ട എത്രയോ ഇടങ്ങളിൽ ഞാൻ നിർന്നിമേഷ



മായി ഇരുന്നിട്ടുണ്ട്. സാറിന്റെ പ്രസംഗമുണ്ടെന്നറിഞ്ഞാൽ മറ്റെല്ലാം മാറ്റിവച്ച് ഞാൻ അവിടെയെത്തുമായിരുന്നു. ആരുടെയും ശ്രദ്ധയിൽപ്പെടാതെ ഒഴിഞ്ഞുമാറിനിന്ന് സാറിനെ കേൾക്കും; വാക്കുകൾ ഉള്ളിലേക്കാവാഹിക്കും. ഈയിടെ ടൗൺ ഹാളിലെ പ്രസംഗവേദിയിൽ വാക്കുകൾ കിട്ടാതെ മൈക്കിന് മുന്നിൽ കണ്ണടച്ച്... എന്നാൽ, മുഖത്ത് വികാരങ്ങൾ മിന്നിമറഞ്ഞ് സാറ് നില്ക്കുന്നത് കണ്ടപ്പോൾ, ഞാനറിയാതെ വിങ്ങിപ്പൊട്ടി...'

സൗദാമിനി എന്നും ഇങ്ങനെയായിരുന്നു. എല്ലാ പ്രശ്നങ്ങളേയും വളരെ വൈകാരികമായി കണ്ടിരുന്നവൾ... സ്നേഹിച്ച പുരുഷൻ വഞ്ചിച്ചപ്പോഴും അയാൾക്കൊപ്പം ജീവിക്കണമെന്ന് വാശിപിടിച്ചവൾ... ഒടുവിൽ, ഇനിയൊരിക്കലുമൊരു പുരുഷന്റെ അടിമയും ആശ്രിതയുമായി കഴിയില്ലെന്ന് ശപഥം ചെയ്തവൾ.

തനിച്ച് താമസിക്കുന്ന സൗദാമിനി. അവൾ പറഞ്ഞു. 'സാറിന് പ്രായമേറെയൊന്നുമായിട്ടില്ലല്ലോ... ഒന്ന് ഡോക്ടറെ കാണുന്നത് നല്ലതാ.. ക്ലാസ്മുറിക്കുളളിൽ നിന്ന് കുട്ടികളോട് സംസാരിക്കുമ്പോൾ... വാക്കുകൾ കിട്ടാതെ വരിക! ഈശ്വരാ.. ആർക്കും അത്തരമൊരു ജന്മം നല്കരുതേ... നല്ലൊരു ഡോക്ടറെ കാണണം!

നഗരത്തിലെ പ്രസിദ്ധ മനോരോഗവിദഗ്ദ്ധന്റെ പേര് നിർദ്ദേശിച്ചതും അപ്പോയ്മെന്റിന് സമയം വാങ്ങിയതുമെല്ലാം സൗദാമിനി ആയിരുന്നു. രാത്രി വിളിച്ചു ചോദിക്കും; ഡോക്ടറെ കണ്ടില്ലേയെന്ന്.

പെൺകുട്ടി ഇടയ്ക്കിടെ തന്റെ മുഖത്തേക്ക് നോക്കുന്നുണ്ട്. ഒരുപക്ഷെ; തന്റെ ക്ലാസ്സിൽ പഠിച്ചുപോയ ഏതെങ്കിലും... ഇല്ല... ഈ മുഖം ഓർമ്മയിലെങ്ങുമില്ല. പത്തിരുപത്തിരണ്ട് വർഷത്തെ കോളേജദ്ധ്യാപനത്തിൽ ഒട്ടേറെ മുഖങ്ങൾ കടന്നുപോയി. ചിലർ ചിരപരിചിതർ... ചിലർ നേരിൽ കാണുമ്പോഴേ ഓർമ്മിപ്പിക്കും, 'സർ...ഞാൻ സാറിന്റെ ക്ലാസ്സിൽ...' പക്ഷെ; ഈ മുഖം...

വാക്കുകൾക്ക് മുറിവേറ്റ് പിടഞ്ഞ് പ്രസംഗവേദിയിൽ നിശബ്ദനാകുംപോലെ തന്റെ ഓർമ്മകൾക്കും മുറിവേറ്റു തുടങ്ങിയോ?

അയാൾ ഇടതുകൈകൊണ്ട് മുഖം തടവി... ഒക്കെ തോന്നലുകളാണ്. ഓരോ തോന്നലുകളും അവിശ്വസനീയമായ ഒരിടത്ത് എത്തിക്കുന്നു.

ആ പെൺകുട്ടിയുടെ ചുണ്ടുകൾ ശബ്ദിച്ചോ... ഇല്ല; തനിക്ക് തോന്നിയതാവാം... തന്നെ നോക്കിയാണോ ആ ചുണ്ടുകളിൽ പുഞ്ചിരി പൊഴിഞ്ഞത്..?

വെറുതെയാണ് തന്റെ തോന്നലുകൾ... തന്റെ ചിന്തകൾ കാടുകയറുന്നോ..?

ഇപ്പോളാ, പെൺകുട്ടി എഴുന്നേറ്റ് പതിയെ നടക്കുകയാണ്; മൃദുവായി, നിശ്ശബ്ദമായി... വീണ്ടുമവൾ അവളുടെ കസേരയിൽ വന്നിരുന്നു. ഛെ! താനവളെ ശ്രദ്ധിക്കുന്നത് അവൾ മനസ്സിലാക്കിക്കാണുമോ?

അല്ലെങ്കിലുമതെ- ഈ മദ്ധ്യവയസ്കൻമാർക്ക് കൊച്ചു പെൺപിള്ളേരെ കാണുമ്പോൾ ഇളക്കം കൂടുമെന്ന് നാട്ടിലൊരു പറച്ചിലുണ്ട്. താനുമങ്ങനെ... പെൺകുട്ടിയങ്ങനെ വിചാരിച്ചാലോ? ഒക്കെ തന്റെ തോന്നലാണ്.

ചെറുപ്പത്തിൽ താൻ ഇങ്ങനെയായിരുന്നു. ആരുടെയും ശ്രദ്ധയിൽപ്പെടാതെ അവരെ ശ്രദ്ധിക്കുക. അവരെ സൂക്ഷ്മം പരിശോധിക്കുക. ഒക്കെ ചെറുപ്പത്തിന്റെ ചാപല്യമായി കരുതി. മുതിർന്നപ്പോഴും അങ്ങനെതന്നെ. മാറ്റം ഉണ്ടായിരുന്നുവെങ്കിൽ താനിങ്ങനെ ഏകനായി മനോരോഗവിദഗ്ധന്റെ മുറിക്കുമുമ്പിൽ ഊഴം കാത്തിരിക്കേണ്ടിവരില്ലായിരുന്നു.

കൂട്ടിരിക്കാൻ, കൂടെ ജീവിക്കാൻ ആരുമില്ലാത്ത ഏകാന്തൻ.

തന്റെവാക്കുകൾക്കായി ശ്രോതാക്കൾ കാതുകൂർപ്പിച്ചിരിക്കുമ്പോഴും താൻ തന്റെ ലോകത്ത് ഏകനായിരുന്നു...

സൗദാമിനി ഒരിക്കൽ ചോദിച്ചു.

'മാഷിന് എന്നും പ്രേമം വാക്കുകളോടായിരുന്നില്ലേ...?'

സൗദാമിനി പറഞ്ഞത് ശരിയാണ്. വാക്കിനെ ആരാധിച്ചവൻ... സ്നേഹിച്ചവൻ... വാക്കിനാൽ മാന്ത്രികലോകം തീർത്തവൻ... പക്ഷെ; ഒരു വാക്ക്... ഓർമ്മയിൽ ഓടിയെത്തിയില്ല. ആ വാക്ക്... ഉച്ചരിക്കാനാവാതെ... കുനിഞ്ഞ ശിരസ്സോടെ തിരിഞ്ഞു നടന്നപ്പോൾ അവൾ...

തന്റെ വാക്കു കേൾക്കാതെ... നിശ്ശബ്ദം തേങ്ങിയതിന്റെ കുറുകൽ തന്റെ ഹൃദയം കേട്ടുവോ?

വാക്കുകൾക്ക് പഞ്ഞമില്ലാതിരുന്ന മാഷിന് ഒരു വാക്ക് ഒരിക്കലെങ്ങനെ ഓർമ്മിക്കാനാവാതെ വന്നു? സൗദാമിനി അത്ഭുതംകൂറി...

ഒക്കെ മാഷിന്റെ തോന്നലാവും.

'എന്നാലും മാഷ് ഒറ്റാംതടിയായി ഇങ്ങനെ കഴിയാന്നുവച്ചാൽ...'

അതും ഒരു വാക്കു മറന്നുപോയതിന്റെ പേരിൽ. ഇങ്ങനെ ജീവിക്കാമെന്നു വച്ചാൽ...

സൗദാമിനിക്കെന്നും ആശങ്കയായിരുന്നു. പെൺകുട്ടി എഴുന്നേറ്റു. ഡോക്ടറുടെ മുറിക്കകത്തേക്ക് പോയി...

അവൾക്ക് മനോരോഗമുണ്ടോ?

തന്നെപ്പോലെ...

ഏയ് ഒക്കെ ഓരോ തോന്നലുകളല്ലേ? നിരത്തിയിട്ട കസേരകളിലൊക്കെ ഓരോരുത്തർ... നില്ക്കുന്ന ഏറെപേർ. എല്ലാവരുടെയും ശ്രദ്ധ ഡോക്ടറുടെ മുറിയുടെ വാതിലിലേക്കാണ്.

ഇവരെല്ലാം തന്നെപ്പോലെ മറവിയുള്ളവർ തന്നെയാണോ? ഛെ! താനെന്തെല്ലാമാണ് ചിന്തിച്ചുകൂട്ടുന്നത്.

ക്ലാസ്സ് മുറിയിലായാലും പ്രസംഗവേദിയിലായാലും വാക്കുകൾ കിട്ടാതെ നിസ്സഹായനായി നില്ക്കേണ്ടിവരിക... ഹോ കഷ്ടംതന്നെ!

കഴിഞ്ഞാഴ്ച കണ്ടപ്പോൾ വൈസ് ചാൻസലറും പറഞ്ഞു: 'അപ്പോൾ... തന്റെ മറവി തന്റെ വാക്കുകൾക്കുവേണ്ടിയുള്ള തപസ്സ്. അല്ല വാക്കുകൾ മറന്നുള്ള തപസ്സ്... പലരും ചർച്ച ചെയ്തിരിക്കുന്നു...'

നാടു മുഴുവനും തന്റെ മുറിഞ്ഞുപോയ പ്രസംഗങ്ങളാണ്. ഇടറിനിന്ന വാക്കുകളാണ് ചർച്ച ചെയ്യുന്നത്.

അപ്പോൾ, താൻ മറന്നുപോയ ആ വാക്കോ?

വാതിൽ തുറന്നടയ്ക്കുന്ന ശബ്ദം

തന്റെ പേര് വിളിച്ചോ?

ആ പെൺകുട്ടിയല്ലേ നടന്നു നീങ്ങുന്നത്!

തന്റെ ഊഴം വിളിച്ചു കഴിഞ്ഞോ?

തീർച്ചയായും സൗദാമിനി രാത്രി ഫോണിൽ വിളിക്കും: 'ഡോക്ടറെ കണ്ടോ? എന്തു പറഞ്ഞു? മരുന്നുവല്ലതും തന്നോ?'

സൗദാമിനിയോട് എന്ത് മറുപടിയാണ് പറയേണ്ടത്?

തന്റെ പേര് വിളിച്ചോ...?

ഇനി അകത്തേക്ക് ചെന്നാലോ? എന്താണ് പ്രശ്നമെന്ന് ഡോക്ടർ ചോദിച്ചാൽ... വാക്കുകൾ മറന്നുപോകുന്നുവെന്നാണോ പറയേണ്ടത്?

ഏതുവാക്കാണ് മറന്നുപോയത്.

ആ പെൺകുട്ടി ദൂരേക്ക് പോയ്പോയി. താൻ...വാക്കുകൾ പരതി ശിരസ് കുനിച്ചിരുന്നു; മറന്നുപോയ വാക്കേതാണെന്നാലോചിച്ച്!

# കർഷകബന്ധനിയമം
# യഥാവിധി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത




**കെ. പി. രാഘവപൊതുവാൾ**
3-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.
18.10.2012 ന് അന്തരിച്ചു.


നമ്മുടെ നാടും നമ്മുടെ നാട്ടാരും ഇന്ന് ദുർഘടംപിടിച്ച സ്ഥിതിയെ നേരിട്ടു കൊണ്ടിരിക്കുകയാണ്. നാളിതുവരെ സംഭവിച്ചപ്രകാരം നാം അതിനെ ശുഭമായി നേരിടാം.

മദിരാശി സംസ്ഥാനത്തിലെ മലബാർ, കൊച്ചി, തിരുവിതാംകൂർ സ്റ്റേറ്റുകൾ കൂട്ടിയോജിപ്പിച്ച് കേരളസംസ്ഥാനം രൂപീകരിച്ചതിനുശേഷം നിയമം, ഭാഷ തുടങ്ങിയ കാര്യങ്ങളിന്മേൽ പ്രദേശങ്ങൾ വ്യത്യസ്തമായതിനാൽ ഭരണകർത്താക്കൾക്ക് ആദ്യ കാലങ്ങളിൽ വിഷമമുണ്ടായി എന്നത് സത്യമാണ്. എങ്കിലും സമർത്ഥരായ നമ്മുടെ ആദ്യകാലത്തെ ഭരണകർത്താക്കൾ അവകളെ സമർത്ഥമായി നേരിട്ട് വിജയിച്ചു. ഈ പ്രദേശങ്ങളിലുണ്ടായിരുന്ന നിയമവ്യവസ്ഥ ഏകീകരിച്ച് ബഹു.മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.എം.എസ്. മന്ത്രിസഭ കേരള കർഷകബന്ധനിയമം പാസ്സാക്കിയെടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. ആയത് 1963-ൽ അവതരിപ്പിച്ച് 1970-ൽ പാസ്സാക്കി, താമസിയാതെ നടപ്പിൽവരുത്തി കേരളജനത വിജയകരമായി ആസ്വദിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ അതിനുശേഷം ജന്മിത്വം, രാജാധിപത്യം അവസാനിച്ചിരിക്കുകയാണ്. കേരളം ഇന്ന് കേരളീയരുടെ കൈയിലാണ്. നിയമംമൂലം കൃഷിക്കാരൻ അവർ കൈവശംവെക്കുന്ന സ്ഥലത്തിന്റെ അധികാരിയാണ്. കുടികിടപ്പുകാരൻ അവന് അവകാശപ്പെട്ടുകിട്ടിയ 10 സെന്റ് ഭൂമിയുടേയും അനുഭവങ്ങളുടെയും ഉടമയാണ്. മഹാകവി ചങ്ങമ്പുഴയുടെ 'വാഴക്കുല'യിലെ കാര്യസ്ഥൻ നിയമം വന്നതിനുശേഷം നാട്ടിൽ ഇറങ്ങിയിട്ടില്ല. പന്ത്രണ്ട് ഏക്കർ കഴിച്ച് ബാക്കിയുള്ള കൈവശക്കാരന്റേയും ജന്മിയുടേയും രാജാക്കന്മാരുടേയും തോട്ടം ഉടമകളുടേയും, കുടുംബങ്ങളുടേയും കൈവശമുള്ള മിച്ചഭൂമിസ്ഥലം കേരള ഗവൺമെന്റിന്റെ കൈവശമായിക്കഴിഞ്ഞു. അപ്രകാരമുള്ള മിച്ചഭൂമിസ്ഥലം തിട്ടപ്പെടുത്തി കേരള ഗവൺമെന്റ് കൈവശംവച്ച് വരുന്നുണ്ട്.

ആയത് പാവപ്പെട്ട കർഷകതൊഴിലാളിക്കും ഭൂമിയില്ലാത്ത, തൊഴിലില്ലാത്ത തൊഴിലാളിക്കും ചെറുജന്മിമാർക്കും പതിച്ചുകൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൊല്ലങ്ങൾ 50 കഴിഞ്ഞുവെങ്കിലും ജനാധിപത്യവ്യവസ്ഥപ്രകാരം അധികാരത്തിൽവന്ന ഗവൺമെന്റുകൾ നിലവിൽവന്നെങ്കിലും ഇന്നും മിച്ചഭൂമികൾ തിട്ടപ്പെടുത്തിയില്ല. തിട്ടപ്പെടുത്തിയ ഭൂമി ഭൂരഹിതർക്ക് കൈവശം കൊടുത്തിട്ടില്ല. കൈയ്യേറ്റക്കാരിൽനിന്ന് ഒഴിപ്പിച്ചെടുത്തില്ല. രേഖയില്ലാതെ വാക്കാൽ രേഖപ്രകാരം കൈവശംവെക്കുന്ന മലയോര കൃഷിക്കാരനിൽനിന്നും ഒഴിപ്പിച്ചെടുത്ത ഭൂമികൾ ഇന്ന് 'ഭൂമാഫിയ'ക്കാരുടെ കൈയിലിരിക്കയാണെന്ന് വേദനയോടുകൂടി ഓർക്കുകയാണ്. ഇന്നും ചതിവായി പട്ടയംനിർമ്മിച്ച് മന്ത്രിമാർ വിതരണംചെയ്ത് ജനങ്ങളെ വഞ്ചിക്കുകയാണ്. ഇതിന് പരിഹാരം നമ്മുടെ ബഹു. റവന്യൂ മന്ത്രി കണ്ടെത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഭാഷാപരമായും മറ്റുമുള്ള പ്രശ്നങ്ങൾ നമ്മുടെ നാട്ടുകാർതന്നെ വളരെ എളുപ്പത്തിൽ പരിഹരിച്ചുകഴിഞ്ഞു. സിവിൽ നിയമങ്ങൾ മൂന്ന് പ്രദേശങ്ങൾക്കും വ്യത്യസ്തമായിരുന്നുവെങ്കിലും ആയതും പരിഹരിക്കപ്പെട്ടിരിക്കുകയാണ്.

കേരളത്തിലിന്ന് മൊത്തത്തിൽ മേൽ വിവരിച്ചപ്രകാരം കേരളാ കർഷകബന്ധ നിയമം എല്ലാവരാലും കക്ഷിരാഷ്ട്രീയത്തിന് അതീതമായി അംഗീകരിച്ച് പാസ്സാക്കി 50 കൊല്ലത്തിലധികമായി കേരളജനത അനുഭവിച്ച് വരുന്നതിനാൽ ഭൂമാഫിയാക്കാരിൽനിന്ന് കേരളത്തെ രക്ഷിക്കണം.



എം.കെ.പ്രേംനാഥ്
12-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

# വേണം, ഒരു സ്നേഹവിപ്ലവം

"സ്നേഹമാണഖിലസാരമൂഴിയിൽ'' എന്ന് മഹാകവി കുമാരനാശാൻ പാടിയത് എത്ര അർത്ഥവത്താണ്. സ്നേഹമില്ലാതെ ഒരു ചരാചരങ്ങൾക്കും മുന്നോട്ടുപോകുവാൻ കഴിയില്ല. മനുഷ്യൻ മാത്രമല്ല മറ്റു ജന്തുക്കളും ജീവിതസ്പർശിയായ സാന്ത്വനത്തിലൂടെ സ്വന്തം മക്കളെ മുലയൂട്ടുന്ന ചിത്രം നമുക്ക് എങ്ങും കാണാൻ സാധിക്കും. സ്നേഹത്തിന്റെ വിപ്ലവമാണ് മനുഷ്യജീവിതത്തിന്റെ ചരിത്രം. അതേയവസരത്തിൽ നീചനും ചതിയനുമായ മനുഷ്യന്റെ ചരിത്രം നമ്മെ വ്യാകുലപ്പെടുത്തുകയാണ്. Love is God and God is love എന്നരുളിയ ക്രിസ്തുദേവൻ സ്നേഹത്തിന്റെ സന്ദേശവാഹകനാണ്. ഗാന്ധിജിയും പറഞ്ഞത് ക്രിസ്തുദേവന്റെ വചനങ്ങൾതന്നെയാണ്. സ്വന്തം അയൽക്കാരനെ പട്ടിണിക്കിടുവാൻ പാടില്ലെന്ന മുഹമ്മദിന്റെ ആശയവും 'ലോകാസമസ്താ സുഖിനോ ഭവന്തു' എന്ന ഹൈന്ദവധർമ്മവും മനുഷ്യസ്നേഹത്തിന്റെ വലിയ ഉദാഹരണങ്ങളാണ്.

അമേരിക്കൻ പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കനെയും ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെയും ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയെയും മതതീവ്രവാദത്തിന്റെ പേരിൽ ഉന്മൂലനം ചെയ്യപ്പെട്ടതാണ്. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ഇത്തരത്തിൽ മതഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവർക്കെതിരെ കൊലക്കത്തി പ്രയോഗിക്കുന്ന ചരിത്രം നമുക്കു കാണാൻ സാധിക്കും. മതങ്ങൾ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി രൂപപ്പെട്ട പ്രസ്ഥാനങ്ങളാണ്. ആത്മീയതയുടെ പരിവേഷമാണ് മതത്തിന്റെ രൂപകൽപ്പനയിൽ പ്രധാന പങ്കുവഹിച്ചത്. ഈശ്വരനെ തള്ളിപ്പറയുന്ന ചാർവാക വിദ്യാഭ്യാസം കൂടി ഹിന്ദുമതത്തിന്റെ ഭാഗമായിരുന്നു. ആത്മീയ വിശ്വാസം മാത്രമല്ല ചരിത്രപരമായ നിരവധി അംശങ്ങൾ ലോകത്തിലെ വ്യത്യസ്തമായ മതങ്ങളുടെ രൂപീകരണത്തിൽ കാണാം. വലിയ ഒരു ജനതയുടെ വിശ്വാസത്തിന്റെ തത്വശാസ്ത്രമായ മതവിശ്വാസത്തെ തള്ളിക്കളയാനും പുച്ഛിക്കുവാനും

ആരുംതന്നെ തുനിയരുത്. മറിച്ച് അതിനെ അംഗീകരിക്കുന്നതോടൊപ്പം തീവ്രവാദത്തിൽനിന്നും അവരെയെല്ലാം പിന്തിരിപ്പിക്കുകയും ചെയ്യണം. മതനിന്ദ നമ്മുടെ കൂട്ടായ്മയെ തകർക്കാൻ മാത്രമേ സഹായിക്കൂ. ജനാധിപത്യ ഭരണക്രമത്തിൽ വ്യത്യസ്തമായ മതവിശ്വാസത്തെ ചോദ്യംചെയ്യുന്ന നാസ്തികർക്കും അവരുടേതായ അവകാശങ്ങളുണ്ട്.


തങ്ങളുടെ മതവിശ്വാസത്തിലൂടെയാണ് ലോകത്തിന്റെ മോചനമെന്ന് ആഗ്രഹിക്കുന്നവരുടെ വിശ്വാസത്തെ സംരക്ഷിക്കുന്നതിനുള്ള ചുമതല ഓരോ ഭരണകൂടത്തിനുമുണ്ട്. വ്യത്യസ്തമായ മതചിന്തകൾക്കും ആശയങ്ങൾക്കും ജീവിതരീതിയുടെയും കേന്ദ്രമായ ഒന്നാണ് നമ്മുടെ ഭാരതം. യൂറോപ്പിൽ ക്രിസ്തുമതം പ്രചരിക്കുന്നതിന് മുമ്പുതന്നെ മിഷനറിമാർ ഇന്ത്യയിൽ എത്തിയിട്ടുണ്ട്. ഡൽഹിയിലെ ഭരണകൂടത്തിൽ പല തവണയായി മുസ്ലിം ഭരണാധികാരികൾ അധികാരം കയ്യാളിയിട്ടുണ്ട്. ബുദ്ധമതവും ജൈനമതവും ഇന്ത്യയിൽ രൂപമെടുത്ത് ലോകത്തിന്റെ ഇതര ഭാഗത്തേക്ക് പ്രചരിക്കപ്പെട്ടവയാണ്. ഹൈന്ദവ-ഇസ്ലാം ആശയങ്ങൾ ഒന്നിച്ചുചേർത്താണ് സിക്കുമതം രൂപീകൃതമായത്. പാഴ്സിമതം ഇന്ത്യയിൽ പല ഭാഗത്തും പ്രചരിക്കപ്പെട്ട ഒന്നാണ്. ഈ മതങ്ങളുടെയൊക്കെ ചരിത്രം ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന ഒരു സെക്കുലർ സ്വഭാവത്തിൽ അധിഷ്ഠിതമായത്.

ഇന്ത്യയിലെ ബഹുജനപോരാട്ടങ്ങളും സ്വാതന്ത്ര്യസമരപോരാട്ടങ്ങളും അവയുടെ സ്വഭാവങ്ങളും ഉൾക്കൊള്ളിച്ചാണ് ഈ സെക്കുലർ സ്വഭാവം കൈവരുത്തിയത്. ജാലിയൻവാലാബാഗും മലബാർ കലാപവും നിസ്സഹകരണപ്രസ്ഥാനവും നീലംകർഷകരുടെ പോരാട്ടങ്ങളും മിൽത്തൊഴിലാളികളുടേതുപോലെയുള്ള സമരപോരാട്ടങ്ങളുടെയും ആകെത്തുകയായ രാഷ്ട്രീയഭരണ ആശയങ്ങളാണ് ഇന്ത്യയുടെ സാമൂഹ്യചരിത്രത്തിലെ പ്രധാന ഏടുകൾ എന്നു കാണാൻ സാധിക്കും. ഹൈന്ദവമതത്തിന്റെ എല്ലാം ഉൾക്കൊള്ളുവാൻ സാധിക്കുന്ന രീതിയിലുള്ള സ്വഭാവമാണ് എല്ലാ മതങ്ങൾക്കും ഇവിടെ വളരുവാൻ സഹായകമായത്.

മൂവാറ്റുപുഴയിലെ പ്രൊഫസർ ജോസഫിന്റെ കൈ വെട്ടിയ സംഭവം ചരിത്രത്തിൽ അപൂർവ്വത്തിൽ അപൂർവ്വമായ ഒന്നാണ്. തീവ്രവാദികളുടെ ഇച്ഛാശക്തിക്കു മുന്നിൽ മറ്റെല്ലാം മുട്ടുമടക്കണമെന്ന ധാരണ പരത്തുന്ന ഒന്നാണിത്. കാരണം ഒന്നിനെ നശിപ്പിക്കാതെ തങ്ങൾ ഇത്രമാത്രം ശക്തമാണെന്ന പാഠം ഭാവിതലമുറയ്ക്ക് കാട്ടിക്കൊടുക്കുന്നതിനുവേണ്ടിയാണ് ഛിദ്രശക്തികൾ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നത്. ഇത് കാട്ടുനീതിയാണ്. ഒരു മതവും തീവ്രവാദത്തെ അംഗീകരിക്കുന്നില്ല എന്നതോടൊപ്പംതന്നെ മറ്റുള്ളവരെ സ്നേഹിക്കാൻ പഠിപ്പിക്കുന്നതാണെന്നോർക്കണം. എല്ലാ രാഷ്ട്രീയപ്രസ്ഥാനങ്ങളും മനുഷ്യസ്നേഹത്തിലധിഷ്ഠിതമാകണം. മതതത്വം വെച്ചുനോക്കുമ്പോൾ ഇത്തരം പ്രവൃത്തികൾ മറ്റേതോ സ്വാർത്ഥമോഹികളുടെ തല്പര്യമാണെന്നുകാണാം.

കേരളം ഭ്രാന്താലയമാണെന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ അന്വർത്ഥമാക്കുന്ന രീതിയിലാണ് കേരളത്തിലിന്ന് മതതീവ്രവാദശക്തികൾ വളർന്നുകൊണ്ടിരിക്കുന്നത്. മതതീവ്രവാദികളുടെ സാമ്പത്തികസ്രോതസ്സ് കണ്ടെത്തുകയും ആ ആഗോള സാമ്പത്തികമൂലധനശക്തികൾക്കെതിരെ ശക്തമായ നടപടിക്ക് ലോകരാഷ്ട്രങ്ങൾ കൈകോർക്കുകയും ചെയ്താൽ ഇത്തരം പ്രവർത്തനത്തെ ലോകത്തുനിന്ന് തുടച്ചുനീക്കുവാൻ സാധിക്കും. തീവ്രവാദരാഷ്ട്രീയവും അതിന്റെ സ്രോതസ്സുകളും നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണ്. തീവ്രവാദശക്തികൾ എങ്ങും പിടിമുറുക്കുമ്പോൾ അതിനെതിരെ ശക്തമായ നടപടിക്ക് പുതിയ നിയമനിർമ്മാണം രാജ്യത്ത് അനിവാര്യമായിരിക്കുകയാണ്. നിയമ നിർമ്മാണത്തോടൊപ്പം മനുഷ്യനെ ഒന്നിപ്പിക്കുവാനുള്ള ശക്തമായ പ്രചാരണവും നടത്തേണ്ടിയിരിക്കുന്നു. ഇവിടെ സ്നേഹവിപ്ലവം അനിവാര്യമായിത്തീർന്നിരിക്കുകയാണ്. സ്നേഹം നഷ്ടപ്പെട്ട് യാന്ത്രികതയിലും അതുവഴി തീവ്രവാദത്തിലേക്കും വഴുതിപ്പോകുന്ന തലമുറയെ രക്ഷപ്പെടുത്താൻ ശക്തമായ നടപടികൾ കൂടിയേ തീരു. ആർഭാടത്തിന്റെയും പൊങ്ങച്ചത്തിന്റെയും പുറകെയുള്ള ഓട്ടത്തിനിടയിൽ മനുഷ്യൻ പരസ്പരം സ്നേഹിക്കുവാനും പൊറുക്കുവാനും മറക്കുകയും ആർഭാടാവശ്യങ്ങൾക്ക് പണംകണ്ടെത്തുന്നതിനുള്ള പരക്കംപാച്ചിലും ഇതിന് കാരണമാണെന്ന വസ്തുതയും നാം ഓർക്കണം. മനുഷ്യനെ മനുഷ്യനായി കാണാനും സഹജീവി സ്നേഹം കാട്ടുന്നതിനുമുള്ള ബോധവൽക്കരണപ്രക്രിയകൾ സമൂഹത്തിൽ സമസ്തമേഖലയിലും ഉണ്ടാക്കിയെടുത്തേ മതിയാകൂ.

# സഹകരണ പുനരുദ്ധാരണ പാക്കേജ് കേരളത്തിലെ സഹകരണ വായ്പാമേഖലയ്ക്ക് എത്രമാത്രം ഗുണപ്രദമാകും?



**പ്രയാർ ഗോപാലകൃഷ്ണൻ**
11-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

സഹകരണ വായ്പമേഖല നേരിടുന്ന പ്രശ്നങ്ങൾ വിശകലനംചെയ്ത് അതിന്റെ പുനരുദ്ധാരണത്തിന് സഹായകമായ കർമ്മപദ്ധതി തയ്യാറാക്കുന്നതിന് നിയോഗിക്കപ്പെട്ട വൈദ്യനാഥൻ കമ്മിറ്റി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് പ്രകാരമുള്ള സാമ്പത്തികസഹായം ലഭിക്കുവാൻ നബാർഡുമായി ധാരണാപത്രം നിരുപാധികം ഒപ്പുവയ്ക്കണമോ എന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്.

ധാരണാപത്രം ഒപ്പുവക്കുകയും സഹകരണ നിയമത്തിൽ പാക്കേജിലും ധാരണാപത്രത്തിലും നിർദ്ദേശിച്ചിട്ടുള്ളവിധം ഭേദഗതികൾ വരുത്തുകയും ചെയ്താൽ ഉദ്ദേശം 1500 കോടി രൂപ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പാസ്ഥാപനങ്ങൾക്ക് ലഭിക്കുമെന്ന് കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് 2006-ൽ പ്രഖ്യാപിച്ചതാണ്. കേരളത്തിലെ സഹകരണ വായ്പാമേഖലയുടെ തുടർന്നുള്ള ശാക്തീകരണവും കരുത്തും പാക്കേജ് നിബന്ധനകളാൽ സാധിതമാകുമോ എന്ന ചിന്ത അന്നു മുതൽ തുടങ്ങിയതാണ്. തുടർന്നുവന്ന ഇടതുപക്ഷ ഗവൺമെന്റും പാക്കേജ് നിബന്ധനകൾ സ്വീകാര്യമല്ല എന്ന കാരണത്താൽ ധാരണാപത്രം ഒപ്പുവയ്ക്കുവാൻ തയ്യാറായില്ല.

സംസ്ഥാന പ്ലാനിങ്ങ് ബോർഡിന്റെ 2004 മാർച്ചിലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം 1655 പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ 940 സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളിൽ 2 ബാങ്കുകളും സഹായതുക നിശ്ചയിക്കുന്ന 2004 മാർച്ച് 31-ന് നഷ്ടത്തിലായിരുന്നു. സഹകരണ വായ്പാസ്ഥാപനങ്ങളുടെ സഞ്ചിതനഷ്ടം നീക്കം ചെയ്തും അവയെ 7% മൂലധനപര്യാപ്തതയിൽ എത്തിക്കുന്നതിനും ഏകീകൃത അക്കൗണ്ടിംഗ് സമ്പ്രദായം, കമ്പ്യൂട്ടർവത്ക്കരണം, പരിശീലനം എന്നിവയ്ക്കും ധനസഹായം നൽകിയും സ്വീകാര്യമായ സാമ്പത്തികനിലയിൽ എത്തിക്കുക എന്നതാണ് പാക്കേജിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ

ബാങ്കിംഗ് നിയന്ത്രണ നിയമത്തിലും സഹകരണനിയമത്തിലും വരുത്തുവാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളാണ് ധാരണാപത്രം ഒപ്പിടുന്നതിന് തടസ്സമായി നിൽക്കുന്നത്. നിയന്ത്രണ മാനദണ്ഡങ്ങൾ പരമാവധി ഒഴിവാക്കിക്കൊണ്ട് ഗ്രാമപ്രദേശങ്ങളിൽ സഹകരണവയ്പാമേഖലയിലൂടെ സാമ്പത്തിക സേവനങ്ങളായ നിക്ഷേപ-വായ്പ ഉല്പന്നങ്ങൾ കാര്യക്ഷമമായി നൽകണമെന്നും സഹകരണ ബാങ്കിംഗ് സംവിധാനത്തിലെ പൊതുജനനിക്ഷേപത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കണമെന്നതുമാണ് നിയമഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്.

ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ ഒഴികെയുള്ള സഹകരണസ്ഥാപനങ്ങളിലെ എല്ലാ നിക്ഷേപകർക്കും വായ്പക്കാർക്കും വോട്ടവകാശമുള്ള അംഗത്വം ഉറപ്പാക്കണം. റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി നിക്ഷേപങ്ങളുടെയും വായ്പകളുടെയും പലിശനിരക്ക് നിശ്ചയിക്കുവാനുള്ള സ്വാതന്ത്ര്യം ഓരോ സംഘത്തിനും നൽകണം. വായ്പ എടുക്കുന്നതിനും ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിനും വായ്പാനയം രൂപീകരിക്കുന്നതിനും സ്വാതന്ത്ര്യവും ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, നിയമനം, ശമ്പളം, ആഡിറ്റർമാരുടെ നിയമനം, പ്രതിഫലം എന്നിവ അതാതുസ്ഥാപനങ്ങൾ തന്നെ തീരുമാനിക്കുന്നതിനുള്ള സ്വയംഭരണാധികാരം നൽകുന്നതിനും സംസ്ഥാന സഹകരണനിയമത്തിൽ വ്യവസ്ഥകൾ കൊണ്ടുവരണം.

പൊതുമേഖലാ ബാങ്കുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ ഓഹരിമൂലധനപങ്കാളിത്തത്തിന് നിയന്ത്രണങ്ങൾ ഇല്ല. എന്നിരിക്കെ സംസ്ഥാന സഹകരണബാങ്ക് ഉൾപ്പെടെയുള്ള സഹകരണ വായ്പാസ്ഥാപനങ്ങളുടെ ഓഹരിമൂലധനത്തിൽ സർക്കാർ പങ്കാളിത്തം 25 ശതമാനമായി നിയന്ത്രിക്കണമെന്നും കേന്ദ്ര-അപ്പെക്സ് സംഘങ്ങളുടെ ഭരണസമിതിയിൽ ഗവൺമെന്റ് നോമിനിയുടെ എണ്ണം ഒന്നുമാത്രമായി നിയന്ത്രിക്കണമെന്നും നിഷ്കർഷിക്കുന്നു. പ്രാഥമിക-ജില്ലാ-സംസ്ഥാനതലങ്ങളിൽ പുതിയ വായ്പാസ്ഥാപനങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവ സമാപ്തീകരിക്കുന്നതിനും സ്വാതന്ത്ര്യംനൽകുകയും അവയുടെ പ്രവർത്തന മേഖലയ്ക്ക് നിയമപരമായ നിയന്ത്രണങ്ങൾ പാടില്ലെന്നും ഏതെങ്കിലും ഫെഡറൽ സംഘത്തിൽ അംഗത്വം സ്വീകരിക്കുന്നതിനോ അവസാനിപ്പിക്കുന്നതിനോ സ്വാതന്ത്ര്യം നൽകണമെന്നുമുള്ള വ്യവസ്ഥകൾ സഹകരണ ഹ്രസ്വകാല വായ്പാസംവിധാനത്തെ ദുർബലപ്പെടുത്തും. ഓരോ തലത്തിലുള്ള സ്ഥാപനങ്ങളുടെ ഇൻവെസ്റ്റ്മെന്റുമായി ബന്ധപ്പെട്ട നിയന്ത്രണ ഉത്തരവുകൾ പിൻവലിച്ച് റിസർവ് ബാങ്ക് നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ഇൻവെസ്റ്റ്മെന്റ് നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകണമെന്ന നിബന്ധന ജില്ല-സംസ്ഥാന സഹകരണ ബാങ്കുകളുടെ വിഭവസമാഹരണത്തെ ദോഷമായി ബാധിക്കുന്നതാണ്. ജില്ലാ സഹകരണബാങ്കുകളുടെ നിക്ഷേപത്തിൽ 56 ശതമാനത്തിനു മുകളിലും സംസ്ഥാന സഹകരണ ബാങ്ക് നിക്ഷേപത്തിൽ 95 ശതമാനവും അംഗസംഘങ്ങളുടെ നിക്ഷേപമായതിനാൽ മേൽസൂചിപ്പിച്ച വ്യവസ്ഥ കേരളത്തിലെ സഹകരണ വായ്പാമേഖലയെ ദുർബലപ്പെടുത്തുമെന്നതിൽ സംശയമില്ല.

പ്രാഥമിക സംഘങ്ങളെയും ജില്ലാ സഹകരണ ബാങ്കുകളെയും നബാർഡിന്റെ പുനർവായ്പാസഹായം നേരിട്ടുവാങ്ങുന്നതിന് അനുവദിക്കണമെന്നും അതാതു ഫെഡറൽ സംഘത്തിൽനിന്നുമല്ലാതെ റിസർവ് ബാങ്ക് നിയന്ത്രണത്തിലുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പ എടുക്കുവാൻ സ്വാതന്ത്ര്യം നൽകണമെന്നും അവയുടെ നിക്ഷേപങ്ങളും ഇൻവെസ്റ്റ്മെന്റുകളും ഏതു വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും നടത്തുന്നതിനും സ്വാതന്ത്ര്യം നൽകണമെന്നുമുള്ള വ്യവസ്ഥയുടെ ഗുണദോഷഫലങ്ങൾ സഹകാരികൾ ആഴത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. പ്രാഥമിക സംഘങ്ങൾ അംഗങ്ങൾക്ക് നൽകുന്ന ലാഭവീതവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകൾ നബാർഡുമായി ആലോചിച്ച് തയ്യാറാക്കണം. ധാരണാപത്രം ഒപ്പിട്ട് ധനസഹായം വാങ്ങിയ സംസ്ഥാനങ്ങളിലെ സഹകരണസംഘം രജിസ്ട്രാർമാർക്ക് 2011 സെപ്റ്റംബറിൽ നബാർഡ് നൽകിയ സർക്കുലറിലൂടെ 2011 മാർച്ച് മാസം 7 ശതമാനവും 2013-ൽ 9 ശതമാനവും 2015ൽ 12 ശതമാനവും മൂലധനപര്യാപ്തതയുള്ള സംഘങ്ങൾ മാത്രമേ ലാഭവീതം അംഗങ്ങൾക്ക് നൽകാവു എന്ന് നിഷ്കർഷിക്കുന്നുണ്ട്. സംഘങ്ങളുടെ സ്വന്തം ഫണ്ട് മെച്ചപ്പെടുത്തുന്നതിനല്ലാതെ ലാഭം മറ്റാവശ്യങ്ങൾക്ക് നൽകുവാൻ രജിസ്ട്രാർ നിർബന്ധിച്ചുകൂടെന്ന വ്യവസ്ഥ സഹകാരികൾ സർവ്വാത്മനാ സ്വീകരിക്കുന്നതാണ്.

പ്രാഥമിക കാർഷിക വായ്പാസംഘത്തിലെ വായ്പ കുടിശ്ശികയുള്ള അംഗം പ്രസ്തുത സംഘത്തിലെ ഭരണസമിതി അംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യനല്ലെന്നും ഭരണസമിതി അംഗം കുടിശ്ശികക്കാരനായാൽ ഒരുവർഷത്തിനുള്ളിൽ കുടിശ്ശിക തീർക്കുന്നില്ലെങ്കിൽ ഭരണസമിതിയിൽ തുടരുവാൻ അർഹനല്ലെന്നും നിയമത്തിൽ

വ്യവസ്ഥ ചെയ്യണം. ജില്ല - സംസ്ഥാന സഹകരണ ബാങ്കുകളുടെ ഭരണ സമിതിയെ പിരിച്ചുവിടുക, സമാപ്തീകരിക്കുക എന്നിവ ഉൾപ്പെടെയുള്ള റിസർവ് ബാങ്കിന്റെ നിയന്ത്രണനിർദ്ദേശങ്ങൾ ഒരു മാസത്തിനുള്ളിൽ നടപ്പാക്കുമെന്നത് ഉറപ്പാക്കുന്നതിനും സഹകരണ നിയമവ്യവസ്ഥ ഉണ്ടാകണം. ഈ സ്ഥാപനങ്ങളുടെ ഭരണസമിതിയെ സഹകരണസംഘം രജിസ്ട്രാർക്ക് പിരിച്ചുവിടാനുള്ള അധികാരം സഹകരണനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും റിസർവ്വ് ബാങ്കുമായി ആലോചിച്ച ശേഷമേ അത് നടപ്പിലാക്കാവു. പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ കാര്യത്തിൽ തുടർച്ചയായി മൂന്നുവർഷം നഷ്ടം വരുത്തുന്നതോ ഗുരുതരമായ സാമ്പത്തികക്രമക്കേടുകളോ കബളിപ്പിക്കലോ കണ്ടുപിടിക്കപ്പെടുന്ന സന്ദർഭത്തിലോ കോടതി ഉത്തരവുകളോ തുടർച്ചയായി ക്വോറം ഇല്ലാതെ വരുമ്പോഴോ മാത്രമേ ഭരണസമിതിയെ രജിസ്ട്രാർ പിരിച്ചുവിടാവൂ.

പിരിച്ചുവിടൽ ഉത്തരവുദിവസം മുതൽ രണ്ടു മാസത്തിനുള്ളിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കണമെന്നും നഷ്ടംവരുത്തുകയും സാമ്പത്തികക്രമക്കേടുകൾ നടത്തുകയുംചെയ്ത ഭരണസമിതിയിലുണ്ടായിരുന്ന അംഗങ്ങൾ തുടർന്നുള്ള മൂന്നുവർഷം ഭരണസമിതി അംഗമായി മത്സരിക്കുവാൻ യോഗ്യരല്ലെന്നും നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ നിയമത്തിൽ ഉണ്ടാകണം. കേരള സഹകരണ സംഘനിയമത്തിൽ ഇതിനെക്കാൾ കടുത്ത അയോഗ്യതകൾ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിയമാവലിയിൽ വരുത്തുന്ന ഭേദഗതികൾ ഒരു മാസത്തിനകം സഹകരണ സംഘം രജിസ്ട്രാർ രജിസ്റ്റർ ചെയ്യണമെന്നും മൂലധനപര്യാപ്തത ഉൾപ്പെടെയുള്ള പ്രൂഡെൻഷ്യൽ മാനദണ്ഡങ്ങൾ നബാർഡുമായി ആലോചിച്ച് പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്ക് ബാധകമാക്കണമെന്നതും സംഘങ്ങളെ കൂടുതൽ ചലനാത്മകമാക്കുന്നതിനും ബാക്കിപത്രവും ലാഭനഷ്ടക്കണക്കും സുതാര്യമാക്കുന്നതിനും സഹായകമാണ്.

റിസർവ് ബാങ്ക് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമല്ലാത്ത സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതി അംഗങ്ങളെയും പ്രധാന കാര്യനിർവ്വഹണ ഉദ്യോഗസ്ഥനെയും നബാർഡ് ആവശ്യപ്പെടുന്ന മുറയ്ക്ക് നീക്കംചെയ്യണമെന്ന വ്യവസ്ഥ മാനേജ്മെന്റ് കാര്യക്ഷമതവർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് കരുതാം. സംസ്ഥാന-ജില്ലാ സഹകരണബാങ്കുകളുടെ ഭരണസമിതിയിൽ പ്രൊഫഷണലുകളെ തെരഞ്ഞെടുക്കുകയോ അല്ലാത്തപക്ഷം കോ-ഓപ്റ്റ് ചെയ്യുകയോ വേണമെന്നും അവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുമെന്നും നിയമവ്യവസ്ഥ ചെയ്യണം. എന്നാൽ 2011 ഡിസംബറിൽ പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയ 111-ാം ഭരണഘടന ഭേദഗതിയിൽ എല്ലാ വിഭാഗം സഹകരണ സംഘങ്ങളുടെ ഭരണ സമിതിയിലും രണ്ടു വിദഗ്ധന്മാർ ഉണ്ടായിരിക്കണമെന്നും അവരെ കോ-ഓപ്ഷനിലൂടെ ഭരണസമിതിയിൽ ഉൾപ്പെടുത്തണമെന്നും അവർക്ക് വോട്ടവകാശം നൽകുകയോ ഔദ്യോഗിക ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടാനോ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാന-ജില്ല സഹകരണ ബാങ്കുകളുടെ ആഡിറ്റ് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ നടത്തണമെന്നും നബാർഡ് അംഗീകരിക്കുന്ന ആഡിറ്റർമാരെ മാത്രമേ അതിനായി നിയോഗിക്കാവു എന്നും പാക്കേജിൽ നിർദ്ദേശിച്ചിട്ടുള്ളപ്പോൾ ഭരണഘടനാഭേദഗതിയിൽ സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന പാനലിലുള്ള ആഡിറ്ററെയോ ആഡിറ്റ് സ്ഥാപനത്തെയോ പൊതുയോഗ തീരുമാനത്തിലൂടെ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണസംഘങ്ങളുടെയും ആഡിറ്ററായി നിയോഗിക്കണമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സഹകരണബാങ്കുകളിൽ കൺകറന്റ് ആഡിറ്റർമാരായി നിയമിതരായിട്ടുള്ളവർക്ക് തസ്തിക നഷ്ടപ്പെടുമെന്നതിൽ സംശയമില്ല. സഹകരണബാങ്കുകളിലെ ആഡിറ്റ് സംവിധാനം മാറുന്നതോടൊപ്പം പ്രുഡൻഷ്യൽ നോംസിൽ വിവക്ഷിച്ചിട്ടുള്ള വിധം സുതാര്യമായ വാർഷിക കണക്കുകൾ തയ്യാറാക്കുവാൻ സഹായകമാം വിധം ആഡിറ്റ് മാന്വലിലും മാറ്റങ്ങൾ വരുത്തേണ്ടതാണ്.

സർവ്വീസ് സഹകരണബാങ്ക് എന്നപേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ പേരിൽനിന്നും ബാങ്ക് എന്ന പദം നീക്കംചെയ്തുകൊണ്ട് സർവ്വീസ് സഹകരണസംഘങ്ങളായി അവയെ പുനർ രജിസ്റ്റർ ചെയ്യണമെന്നും നിഷ്കർഷിക്കുന്നു. 1976 -ലെ അച്യുതമേനോൻ ഗവൺമെന്റിന്റെ കാലഘട്ടത്തിലെ ഡെപ്പോസിറ്റ് മൊബിലൈസേഷൻവഴി നിക്ഷേപസമാഹരണത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച കേരളത്തിലെ സഹകരണമേഖലയ്ക്ക് അംഗീകാരവും അസ്തിത്വവും ഉണ്ടാക്കിയതാണ്. അതിന് അനുബന്ധമായ നിയമഭേദഗതിയാണ് പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്ക് സഹകരണബാങ്ക് പദവി ലഭ്യമാക്കിയത്. നബാർഡിന്റെ

രൂപീകരണത്തിനു കാരണമായ ബി. ശിവരാമൻ കമ്മിറ്റിയും കേരളത്തിലെ ത്രിതല സഹകരണ വായ്പാ സംവിധാനത്തെക്കുറിച്ച് പ്രശംസിക്കുകയും സഹകരണ വായ്പാസംഘങ്ങൾക്ക് നൽകി ബാങ്ക് പദവിയെ ശ്ലാഘിക്കുകയും ചെയ്തിട്ടുള്ളതാണ്. സാമ്പത്തിക ഉൾപ്പെടുത്തലിൽ കേരളം 100 ശതമാനം വിജയം കൈവരിക്കുവാൻ സാദ്ധ്യമായതിനു പിന്നിലും സർവ്വീസ് സഹകരണബാങ്കുകളുടെ പങ്ക് വലുതാണ്. ബാങ്ക് എന്ന പദം പേരിൽനിന്നും നീക്കംചെയ്യപ്പെടുമ്പോൾ ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുവാൻ പറ്റാത്ത അവസ്ഥ സംജാതമാകും. ചെക്ക് സൗകര്യം സേവിംഗ്സ് ബാങ്ക് നിക്ഷേപകർക്ക് നൽകുവാൻ കഴിയാതെ വരും.


മേൽ സൂചിപ്പിച്ച സങ്കീർണ്ണപ്രശ്നങ്ങൾ സഹകരണ വായ്പമേഖല അഭിമുഖീകരിക്കേണ്ടി വരുമെങ്കിലും പാക്കേജിലൂടെ ലഭിക്കുന്ന നേട്ടങ്ങളെയും ചെറുതായി കാണാൻ കഴിയില്ല. സംസ്ഥാന -ജില്ലാ സഹകരണബാങ്കുകളുടെയും പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെയും സഞ്ചിതനഷ്ടം ഒഴിവാക്കിക്കിട്ടുകയും അവയുടെ നഷ്ട ആഭിമുഖ്യമുള്ള ആസ്തികളുടെ 7 ശതമാനം മൂലധന പര്യാപ്തതയിൽ എത്തിക്കുന്നതിനുവേണ്ട സഹായവും ലഭിക്കുന്നതുമാണ്. ഏകീകൃത അക്കൗണ്ടിംഗ് സമ്പ്രദായം, പൊതു സോഫ്റ്റ്വെയർ, കമ്പ്യൂട്ടർവത്ക്കരണം, ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും സാമ്പത്തിക മാനേജ്മെന്റിൽ പരിശീലനം തുടങ്ങിയ ആവശ്യങ്ങൾക്കും വേണ്ട സാമ്പത്തികസഹായം പാക്കേജിൽ വിഭാവനം ചെയ്തിട്ടുണ്ട്.

വായ്പാ തിരിച്ചടവ് 30 ശതമാനത്തിന് മുകളിലുള്ള സംഘങ്ങൾക്ക് സാമ്പത്തികസഹായത്തിന് അർഹതയുള്ളപ്പോൾ അതിൽ താഴെ തിരിച്ചടവുള്ള സംഘങ്ങളെ സമാപ്തീകരിക്കുകയോ സമീപത്തുള്ള സംഘത്തിൽ ലയിപ്പിക്കുകയോ ചെയ്യണം. കാർഷികേതര പ്രവർത്തനങ്ങളിലൂടെ ഉണ്ടായ നഷ്ടത്തിന്റെ 50 ശതമാനവും ഗവൺമെന്റ് ഗ്യാരന്റിയിൽ നൽകിയ വായ്പയിൽ കുടിശ്ശിക ആയതും ഗ്യാരന്റി ബാദ്ധ്യത നിറവേറ്റുവാൻ ബാദ്ധ്യസ്ഥവുമായ തുക പൂർണ്ണമായും സംസ്ഥാന സർക്കാർ നൽകണം. സ്വന്തം തീരുമാനപ്രകാരം സംഘം നൽകിയ വായ്പയിൽ ഉണ്ടായ നഷ്ടം ബാങ്കുകൾ തന്നെ വഹിക്കണം.

കേരളത്തിലെ സഹകരണ വായ്പാമേഖല ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക കരുത്ത്, നിക്ഷേപസമാഹരണം, ബാങ്കിംഗ് പ്രവർത്തനത്തിലെ വൈവിധ്യം തുടങ്ങിയ വിഷയങ്ങളിൽ വളരെ മുന്നിലാണ്. രാജ്യത്തെ മൊത്തം പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ 1.68 ശതമാനമേ കേരളത്തിനുള്ളു. പക്ഷേ മൊത്തം നിക്ഷേപത്തിന്റെ നാലിൽ മൂന്നു ഭാഗവും കേരളത്തിലെ 1602 സംഘങ്ങൾ സമാഹരിച്ചതാണ്. സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലെ മൊത്തം നിക്ഷേപത്തിന്റെ 30 ശതമാനം സഹകരണമേഖലയുടേതാണ്. ഇതര സംസ്ഥാനങ്ങളിൽ ഫെഡറൽ സംഘത്തിൽനിന്നുള്ള വായ്പാ സഹായത്തെ ആശ്രയിച്ച് അംഗസംഘങ്ങൾ പ്രവർത്തിക്കുന്ന സ്ഥിതിയുള്ളപ്പോൾ കേരളത്തിൽ അംഗസംഘങ്ങളുടെ നിക്ഷേപത്തെ ആശ്രയിച്ചാണ് ഫെഡറൽ സംഘങ്ങൾ പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ പാക്കേജ് നടപ്പിലാക്കിയാൽ സംസ്ഥാനത്തെ സഹകരണ വായ്പാമേഖലയുടെ സാമ്പത്തിക അടിത്തറ ഇളകുമെന്നതിൽ സംശയമില്ല. സംസ്ഥാനാധിഷ്ഠിതമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ധാരണാപത്രത്തിലെ നിബന്ധനകളിൽ ഇളവ് നൽകുവാൻ വ്യവസ്ഥ ഉണ്ടെങ്കിലും പാക്കേജിന്റെ ഉദ്ദേശങ്ങളിൽ വിട്ടുവീഴ്ചവരുന്ന ഇളവുകൾക്ക് സാദ്ധ്യതയില്ല. പാക്കേജ് നടപ്പിലാക്കിയ ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിൽ ജീവനക്കാരുടെ മുൻപുണ്ടായിരുന്ന ഏകീകൃത സേവനവേതന വ്യവസ്ഥകളടക്കം ഏതാനും നിബന്ധനകളിൽ ഇളവു വരുത്തിയിട്ടുണ്ട്. തമിഴ്നാട്ടിലെ സഹകരണ മേഖല 1080 കോടി രൂപ പാക്കേജിലൂടെ കൈപ്പറ്റിയെങ്കിലും വായ്പാസ്ഥാപനങ്ങളിൽ ഇപ്പോഴും തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല.

കാർഷിക ഗ്രാമീണവായ്പാ സംവിധാനം വിപുലപ്പെടുത്താൻ വാണിജ്യ ബാങ്കുകൾക്കും പുതിയ തലമുറ ബാങ്കുകൾക്കും അവസരം ഒരുക്കിക്കൊടുക്കുന്നത് കേരളത്തിലെ ശക്തമായ ത്രിതല സഹകരണ വായ്പാസംവിധാനത്തെ തകർക്കുവാൻ മാത്രമേ ഉപകരിക്കു. വാണിജ്യ ബാങ്കുകളിലും മ്യൂച്ചൽ ഫണ്ടുകളിലും സഹകരണ ബാങ്കുകളുടെ വിഭവങ്ങൾ നിക്ഷേപിച്ചാൽ ജനകീയ വിശ്വാസവും സഹകരണ പ്രതിബദ്ധതയും ഇല്ലാതാകും. ഈ സാഹചര്യങ്ങൾ വിലയിരുത്തി കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സ്വാധീനംചെലുത്തി ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് ധാരണാപത്രം ഒപ്പുവച്ച് പാക്കേജ് ആനുകൂല്യം നേടുന്നതാകും സഹകരണമേഖലയ്ക്ക് കരണീയമായിട്ടുള്ളത്.

# പൊതുപ്രവർത്തനവും ജീവിതമൂല്യങ്ങളും



**എം.എ. തോമസ്**
10-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

നന്ദി, ഏറെ നന്ദി. സാമാജികന്റെ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതിന്, ലേഖനങ്ങളോ, മറ്റേതെങ്കിലും സൃഷ്ടികളോ ആവശ്യപ്പെട്ടതിൽ ഏറെ സന്തോഷമുണ്ട്. ഏറെ വർഷങ്ങൾ ഒരു സാമാജികനായിരിക്കാൻ കഴിഞ്ഞില്ലെങ്കിലും, അഞ്ചുവർഷം നിയമസഭയിൽ ഇരിക്കുന്നതിനും ചർച്ചകളിൽ പങ്കെടുക്കുന്നതിനും കുറെ കാര്യങ്ങൾ നിയോജകമണ്ഡലത്തിൽ ചെയ്യുന്നതിനും സാധിച്ചുവെന്നതിൽ അധികം സന്തോഷമുണ്ട്.

സ്നേഹവും സൗഹൃദവുമൊക്കെ വരണ്ടു വരുന്ന ഒരു സമൂഹമാണല്ലോ നമ്മുടേത്. നീതിയും സമാധാനപരമായ ജീവിതത്തിനുവേണ്ടി ആശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വലിയ സമൂഹത്തെ നമുക്ക് മുമ്പിൽ കാണുവാൻ സാധിക്കും. ജീവിക്കുവാൻ ആഗ്രഹിക്കുന്ന പലരും നമ്മുടെ സമൂഹത്തിൽനിന്ന് തിക്തമായ അനുഭവങ്ങളുണ്ടാകുമ്പോൾ ജീവിതം മതിയെന്ന് ചിന്തിച്ചില്ലെങ്കിലാണ് കുഴപ്പം.

ഒരു ജനപ്രതിനിധി, അത് പഞ്ചായത്ത് മെമ്പറാകട്ടെ, എം. പി. ആയിക്കൊള്ളട്ടെ, അവരെയൊക്കെ തികഞ്ഞ സാമൂഹ്യപ്രവർത്തകരായേ കാണാൻ സാധിക്കയുള്ളു. ഒരാളുടെ സാമൂഹ്യസേവനത്തിനുള്ള അംഗീകാരമാണ് അദ്ദേഹത്തെ ഒരു ജനപ്രതിനിധിയായി തെരഞ്ഞെടുക്കുന്നത്.

നമ്മുടെ ജനതയുടെ പ്രതികരണശേഷി കൂടി വരുന്നുവെന്നത് ആശാവഹമാണ്. എന്നാൽ ഇന്ന് നമുക്ക് ഏറെ ആവശ്യം നല്ല മനസ്സുള്ള ജനപ്രതിനിധികളേയും സാമൂഹ്യസേവകരേയുമാണ്. വിവിധരംഗങ്ങളിൽ വിസ്മയകരമായ നേട്ടങ്ങൾ കൊയ്തുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ നേട്ടങ്ങൾ ഒരു വശത്ത് തിളങ്ങുമ്പോൾ ഇതിന്റെയൊന്നും ഗുണങ്ങൾ ലഭിക്കാത്ത ഒരു വലിയ സമൂഹം നമ്മുടെ കൂടെയുണ്ട്. അവരുടെ നന്മയും സാമ്പത്തികവും സാമൂഹ്യവുമായ വളർച്ചയുമായിരിക്കണം ഏതൊരു സർക്കാരിന്റെയും ലക്ഷ്യം. ഒരു ക്ഷേമരാഷ്ട്രം എന്ന മനോഹരമായ ആശയത്തിൽ വിശ്വസിച്ചാണ് നാം പ്രവർത്തിക്കുന്നതും മുന്നോട്ടുപോകുന്നതും.

ജനങ്ങൾക്കുവേണ്ടി ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന രാഷ്ട്രീയനേതാക്കളെ ആരാധിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. എന്നാൽ ജനങ്ങൾക്ക് ഇന്ന് നേതാക്കളെക്കുറിച്ചുള്ള മനോഭാവത്തിൽ ഏറെ മാറ്റങ്ങൾ സംഭവിച്ചുകഴിഞ്ഞു. അഴിമതിയുടേയും മറ്റ് കൊള്ളരുതായ്മയുടേയും ആൾരൂപമായി രാഷ്ട്രീയക്കാരനെ കാണുന്നു. ഈ ധാരണയ്ക്ക് മാറ്റംവരണം. ആദർശശുദ്ധിയുള്ള, ആത്മാർത്ഥതയുള്ള നേതാക്കളെയാണ് നമ്മുടെ സമൂഹത്തിന് താല്പര്യം.

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ജനാധിപത്യ ഭരണത്തിന്റെ വിജയം കെട്ടുറപ്പുള്ള ഒരു നിയമവ്യവസ്ഥയുടെ അടിത്തറയിലാണ്. നമ്മുടെ സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിയമങ്ങളിലും മാറ്റങ്ങൾ ഉണ്ടാകും. നിയമങ്ങളെല്ലാം മനുഷ്യനു വേണ്ടിയാണല്ലോ. അതുകൊണ്ട് നിയമത്തിൽ വിശ്വസിക്കുകയും നിയമവാഴ്ചയിൽ സഹകരിച്ചും പോകേണ്ട ആവശ്യം ഏത് പൗരനുമുണ്ട്. ഞങ്ങൾക്ക് സ്വാതന്ത്ര്യം മാത്രം മതി, നിയമങ്ങളൊന്നും ഞങ്ങൾക്ക് ബാധകമല്ല എന്നരീതിയിൽ മുന്നോട്ടുപോയാൽ നമ്മുടെ സാമൂഹ്യജീവിതം താറുമാറാകും; ജനാധിപത്യ സംവിധാനം തകരും.

കർശനമായ നിയമവ്യവസ്ഥയിൽക്കൂടി കടന്നുവന്നവരാണ് നമ്മുടെ പൂർവ്വികന്മാർ. ചെറി

>82

# ദുഃഖങ്ങൾ



ടി. ശരത്ചന്ദ്ര പ്രസാദ്
9-ാം കേരള നിയമസഭയിൽ
അംഗമായിരുന്നു

ദുഃഖങ്ങൾക്കൊരുനാൾ അവധി കൊടുത്തെന്ന്
സ്വപ്നലോകത്തുനിന്നാരോ പാടി
നീറും മനസ്സിലെ ദുഃഖങ്ങൾ വിട ചൊല്ലാൻ
നൂറു കഥകൾ പറഞ്ഞാൽ കഴിയുമോ?
ഓരോ ദുഃഖവും തിരതല്ലി അലിയുമ്പോൾ
തിരമറിഞ്ഞെത്തുന്നു നൂറു ദുഃഖങ്ങൾ
പുഞ്ചിരികൊണ്ടു നിറയ്ക്കുന്ന ദുഃഖങ്ങൾ
പുഞ്ചിരിയാൽ തന്നെ മറയ്ക്കുന്ന ദുഃഖങ്ങൾ
കാലങ്ങളോളം നീളുന്ന ദുഃഖങ്ങൾ
കാലങ്ങൾ താണ്ടി തഴമ്പിച്ച ദുഃഖങ്ങൾ
പൊട്ടിച്ചിരിയാൽ അമർത്തുന്ന ദുഃഖങ്ങൾ
അധരങ്ങളിൽ വിതുമ്പുന്ന ദുഃഖങ്ങൾ
കൺകോണുകൾ നനയ്ക്കുന്ന ദുഃഖങ്ങൾ
തേങ്ങലിൽ സ്വയം ഒതുങ്ങുന്ന ദുഃഖങ്ങൾ
വേറിട്ടുപോകുമ്പോൾ അറിയുന്ന ദുഃഖങ്ങൾ
വഞ്ചനയാൽ പിടയുന്ന ദുഃഖങ്ങൾ
വാചാലമാകാതെ അകലുന്ന ദുഃഖങ്ങൾ
മൗനങ്ങളാൽ സ്വയം എരിയുന്ന ദുഃഖങ്ങൾ
മനസ്സിന്റെ കോണിൽ മഷിചാർത്തും ദുഃഖങ്ങൾ
ചെയ്യാത്ത തെറ്റിന്റെ പഴികേൾക്കും ദുഃഖങ്ങൾ
പരിഹാരമറിയാതെ പുകയുന്ന ദുഃഖങ്ങൾ
തന്നെ അറിയാതെ കലഹിച്ച ദുഃഖങ്ങൾ
ഏകനെന്നറിയുമ്പോൾ ഉണരുന്ന ദുഃഖങ്ങൾ
ഉണരാൻ കൊതിക്കുന്ന മനസ്സേ നിന്റെ
ദുഃഖങ്ങൾക്കവധിയിതെന്നോ...
തിരതാണ്ടി, തിരതാണ്ടി, തിരതാണ്ടി ദുഃഖങ്ങൾ
ജീവിതവീഥി നിറച്ചിടുമ്പോൾ
ഒരുനാളും തീരാത്ത ദുഃഖത്തിൻ
ഭാണ്ഡങ്ങൾ പേറുന്ന മർത്ത്യാ...
നിൻ ദുഃഖത്തിൽ ശാന്തി ഇതെന്നോ...

> 81

യ നിയമലംഘനത്തിനുപോലും വലിയ ശിക്ഷ. എന്നാൽ കരുണയിൽ ചാലിച്ച നീതിയാണ് നമുക്കാവശ്യം.

വിക്ടർ യൂഗോയുടെ *പാവങ്ങൾ* എന്ന നോവലിനെക്കുറിച്ച് ഓർത്തുപോകുന്നു. വിശക്കുന്ന സ്വന്തം സഹോദരിക്കുവേണ്ടി ഒരപ്പം മോഷ്ടിച്ച കഥാനായകനെ ഇരുപതുവർഷം ജയിലിൽ അടച്ചതായി വായിക്കുന്നു. ജനങ്ങൾക്ക് മോഷണം നടത്തിയ വ്യക്തിയോട് എന്തെന്നില്ലാത്ത കരുണ തോന്നുന്നു. എന്നാൽ കളവ് ശിക്ഷാർഹമാണ്; വലിയ കളവായാലും ചെറിയ മോഷണമായാലും.

അതിഭയങ്കരമായ വെട്ടിപ്പുകളും കളവുകളും നടക്കുന്ന ഈ കാലഘട്ടത്തിൽ ദഹിക്കാത്ത ഒരു സംഭവമാണിത്. മാവേലിയുടെ ഭരണകാലം സ്വപ്നം കാണുന്നവരാണ് ഇന്നും നാം. എന്നാൽ ഇത് ഒരു ഉട്ടോപ്യൻ ആഗ്രഹമാണെന്ന് നമുക്കറിയാം.


മതേതര സാമൂഹ്യപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്നവരായിരിക്കണം നമ്മൾ. എങ്കിൽ മാത്രമേ നമ്മുടെ സമൂഹം വളരുകയുള്ളു; എല്ലാവരേയും ഒന്നായി കാണുന്ന പ്രവർത്തനം.

കാപട്യവും അനീതിയും തഴച്ചുവളരുന്ന നമ്മുടെ സമൂഹത്തിന് മാതൃകാപരമായ സേവകരും രാഷ്ട്രീയക്കാരും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.



# മനുസ്മൃതിയും അർത്ഥശാസ്ത്രവും നമ്മുടെ നിയമങ്ങളും






അഡ്വ. ഡി.സുഗതൻ

11-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.


ജനാധിപത്യവ്യവസ്ഥയിൽ സാമൂഹ്യമാറ്റം നടത്തുന്നത് നിയമനിർമ്മാണങ്ങളിലൂടെയാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ നാളിതുവരെ നടന്ന എല്ലാ മാറ്റങ്ങളും അതിലൂടെ കൈവന്ന പുരോഗതിയും നിയമങ്ങളിലൂടെയാണ്. കേന്ദ്രത്തിൽ പാർലമെന്റിലും സംസ്ഥാനങ്ങളിൽ നിയമസഭകളിലും നിയമനിർമ്മാണത്തിന് അധികാരവും നിർദ്ദേശവും ലഭിക്കുന്നത് ഇന്ത്യൻ ഭരണഘടനയിൽനിന്നാണ്. ജനാധിപത്യപ്രക്രിയയിൽ നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിനും നിയമസഭകൾക്കും (ലെജിസ്ലേച്ചർ), അവയുടെ സാധുത പരിശോധിക്കുവാനുള്ള അധികാരം കോടതികൾക്കും (ജുഡിഷ്യറി) നടപ്പാക്കാനുള്ള ചുമതല ഉദ്യോഗസ്ഥവിഭാഗത്തിനും (എക്സിക്യൂട്ടീവ്) ഭരണഘടന നൽകിയിട്ടുണ്ട്. ഈ മൂന്നു സ്ഥാപനങ്ങളും പരസ്പരം അംഗീകരിച്ച് പ്രവർത്തിക്കുമ്പോഴാണ് ജനാധിപത്യവ്യവസ്ഥിതി വിജയിക്കുന്നത്. ഈ യോജിപ്പ് യാഥാർത്ഥ്യമാകണമെങ്കിൽ ശക്തമായ പൊതുജനാഭിപ്രായം ഉണ്ടാകണം. ലെജിസ്ലേച്ചറിനേയും എക്സിക്യൂട്ടീവിനേയും വിമർശിക്കുന്നതുപോലെ ജുഡിഷ്യറിയേയും വിമർശിക്കാവുന്നതാണ്. പക്ഷേ ഇത്തരം വിമർശനങ്ങൾ നിയമാനുസൃതമായിരിക്കണം. സത്യസന്ധവും പൊതുജനനന്മയ്ക്കുംവേണ്ടിയായിരിക്കണം. നിയമങ്ങളുടെ ചരിത്രം പരിശോധിക്കുവാൻ ശ്രമിക്കുമ്പോൾ ആദ്യം നിയമം എന്നാലെന്ത് എന്ന് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. 'ഒരു ജനത അവർക്ക് ബാധകമാണെന്ന് സ്വയം അംഗീകരിച്ചതും നിർമ്മിച്ചതോ, പരമ്പരാഗതമായി തുടരുന്നതോ ആയ ചട്ടങ്ങൾ' എന്നാണ് ഓക്സ്ഫോഡ് ഡിക്ഷ്ണണിയിൽ നിയമത്തെ നിർവ്വചിച്ചിരിക്കുന്നത്. കുറേക്കൂടി ലളിതമായി *വേൾഡ് ബുക്കിൽ* നിയമത്തെ നിർവ്വചിച്ചിരിക്കുന്നത് 'ഒരു സമൂഹത്തെ ഭരിക്കുന്നതിനുവേണ്ടി നടപ്പാക്കിയിട്ടുള്ള ചട്ടങ്ങൾ' എന്നാണ്.

ഭാരതത്തിലെ നിയമങ്ങളുടെ ചരിത്രം നോക്കിയാൽ ആദ്യത്തെ നിർവ്വചനമാണ് കൂടുതൽ പ്രസക്തമായിട്ടുള്ളത്.

അതിപ്രാചീനകാലംമുതൽ ഭാരതത്തിലെ കോടതികളിൽ വ്യവഹാരനിർണ്ണയത്തിന് പ്രയോജനപ്പെടുത്തിയിരുന്നത് *മനുസ്മൃതി* എന്ന നിയമഗ്രന്ഥമായിരുന്നു. ഭാരതീയജനതയുടെ മൂലപ്രമാണമായ ചതുർവേദങ്ങളിൽ അങ്ങിങ്ങായി മാനവജാതി അനുഷ്ഠിക്കേണ്ട ആചാരങ്ങളും നിയമങ്ങളും പ്രസ്താവിച്ചിട്ടുണ്ട്. ഈ വിഷയങ്ങൾ ക്രമപ്പെടുത്തി വിശദീകരിച്ചിട്ടുള്ള കൃതിയാണ് *മനുസ്മൃതി*. പുരാണങ്ങളിലെല്ലാം മാനവസമൂഹത്തിന്റെ പിതാവായി പ്രകീർത്തിക്കപ്പെടുന്ന മനു വൈദികകാലത്തുണ്ടായിരുന്ന ഒരു ഋഷിയോ നിയമദാതാവായ രാജാവോ ആയിരുന്നു. *മനുസ്മൃതി*യിൽ വർണ്ണധർമ്മം, ആശ്രമധർമ്മം, നൈമിത്തികധർമ്മം, ഗുണധർമ്മം, രാജധർമ്മം, രാജനീതി, പ്രായശ്ചിത്തം, കോടതി വ്യവഹാരനിയമങ്ങൾ, ഗ്രഹസ്താദികളുടെ ധർമ്മങ്ങൾ, കരംതീരുവ പിരിവ്, പലിശ തുടങ്ങി നൈതീകജീവിതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും 12 അധ്യായങ്ങളിലായി ശാസ്ത്രീയമായി ചർച്ച ചെയ്തിട്ടുണ്ട്. അക്കാലത്തുണ്ടായിരുന്ന ദർശനങ്ങളുടേയും വിവിധ ശാസ്ത്രങ്ങളുടേയും സൂക്ഷ്മതത്ത്വങ്ങൾ ഈ നിയമഗ്രന്ഥത്തിലുണ്ട്.

ഭാരതത്തിൽ നിർമ്മിക്കപ്പെട്ട നിയമങ്ങൾക്കൊപ്പംതന്നെ പരമ്പരാഗതമായി അനുഷ്ഠിച്ചുപോരുന്ന ആചാരങ്ങൾക്കും നിയമപ്രാബല്യമുണ്ട്. ഈ ആചാരങ്ങൾ മിക്കതും *മനുസ്മൃതി* നിർദ്ദേശിച്ചിട്ടുള്ളതാണ്. കുറ്റവും ശിക്ഷയും മനുസ്മൃതിയിൽ പറയുന്നുണ്ട്. രാജാവിനുവേണ്ടിയാണ് ഈശ്വരൻ ബ്രഹ്മ തേജോമയമായ 'ദണ്ഡം' (ശിക്ഷ) എന്ന പുത്രനെ സൃഷ്ടിച്ചതെന്നും ദണ്ഡത്തെ ഭയന്നിട്ടാണ് എല്ലാവരും കുറ്റംചെയ്യാതെ ധർമ്മത്തെ പാലിക്കുന്നതെന്നും *മനുസ്മൃതി*യിൽ പറയുന്നുണ്ട്. ഇന്ത്യൻ ശിക്ഷാനിയമം (ഇന്ത്യൻ പീനൽ കോഡ്) *മനുസ്മൃതി*യിലെ ദണ്ഡനീതിയുടെ പരിഷ്ക്കരിച്ച പതിപ്പുമാത്രമാണ്. തടവും പിഴയും, വധശിക്ഷയും കുറ്റകൃത്യങ്ങൾക്ക് ശിക്ഷാവിധിയായി *മനുസ്മൃതി*യിൽ പറയുന്നുണ്ട്. വധശിക്ഷ നടപ്പാക്കുന്ന രീതി അക്കാലത്ത് വ്യത്യസ്തമായിരുന്നു. കുറ്റത്തിന്റെ ഗൗരവമനുസരിച്ച് പട്ടികളെക്കൊണ്ട് കടിപ്പിച്ച് കൊല്ലുക, ഇരുമ്പ് ചട്ടിയിലിട്ട് ചുട്ടുകൊല്ലുക, കൈകാലുകൾ ഛേദിക്കുക, ആനയെക്കൊണ്ട് ചവിട്ടക്കൊല്ലിക്കുക തുടങ്ങിയ വധശിക്ഷകൾ അന്നുണ്ടായിരുന്നു. നമ്മുടെ പരിഷ്കൃതസമൂഹത്തിൽ ഇപ്പോൾ നാം വധശിക്ഷ നടപ്പാക്കുന്നത് കയറിൽ കെട്ടിത്തൂക്കിയാണെന്ന് ഓർക്കുക.

എല്ലാ നിയമങ്ങളും ജനങ്ങൾ അനുസരിക്കുന്നത് ശിക്ഷ ഒഴിവാക്കാനാണെന്ന സ്മൃതി വാക്യം ഇന്നും യാഥാർത്ഥ്യമായി നിലനിൽക്കുന്നു. *മനുസ്മൃതി*യിൽ പ്രതിപാദിക്കുന്ന കോടതി നടപടി ചട്ടങ്ങളും തെളിവ് സ്വീകരിക്കുന്ന രീതിയും പിന്തുടർച്ചാവകാശരീതികളും കാലാനുസൃതമായ മാറ്റത്തോടുകൂടി ഇന്നത്തെ നിയമങ്ങളിൽ കാണാം. സിവിൽ നടപടി നിയമം, ക്രിമിനൽ നടപടി നിയമം, തെളിവുനിയമം, ഇന്ത്യൻ പിന്തുടർച്ചാവകാശ നിയമം തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു.

കാലഗണന സംബന്ധിച്ച് വ്യക്തമായ ഒരു ധാരണ ഇനിയും രൂപപ്പെട്ടിട്ടില്ലാത്തതിനാൽ കൗടില്യന്റെ *അർത്ഥശാസ്ത്രം* *മനുസ്മൃതിക്ക്* മുൻപാണോ പിന്നീടാണോ രചിക്കപ്പെട്ടതെന്ന് പറയാൻ കഴിയില്ലെങ്കിലും *അർത്ഥശാസ്ത്രം മനുസ്മൃതി*യുടെ തനിയാവർത്തനമാണ്. പല വിഷയങ്ങളും ഈ രണ്ടു കൃതികളിലും ഒരേ രീതിയിൽ ചർച്ചചെയ്യുന്നുണ്ട്. രാഷ്ട്രമീമാംസ, ഭരണരീതി, സമൂഹഘടന, ആചാരാനുഷ്ഠാനങ്ങൾ എന്നിവയെ ആധാരമാക്കി കൗടില്യൻ (ചാണക്യൻ) രചിച്ച പ്രമാണഗ്രന്ഥമാണ് *അർത്ഥശാസ്ത്രം*. മൗര്യസാമ്രാജ്യം സ്ഥാപിച്ച ചന്ദ്രഗുപ്തന്റെ മന്ത്രിയായിരുന്നു കൗടില്യൻ എന്ന് കരുതിപ്പോരുന്നു. *അർത്ഥശാസ്ത്രം* ഒരു ജനതയുടെ ജീവിതചര്യകളെ സമഗ്രമായി, സൂക്ഷ്മമായി, കൂലങ്കഷമായി അപഗ്രഥിച്ച് സുവ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്ന ഒരു അപൂർവ്വ ശാസ്ത്രഗ്രന്ഥമാണ്. ദണ്ഡനീതിയുടെ എല്ലാ അംശങ്ങളെപ്പറ്റിയും കാർക്കശ്യത്തോടുകൂടിത്തന്നെ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം മാക്കിയവെല്ലിയുടെ *പ്രിൻസ്* പോലെ രാഷ്ട്രതന്ത്രജ്ഞരുടെ ശ്രദ്ധ ആകർഷിച്ചുപോരുന്നു. ഇന്നത്തെ ജനാധിപത്യസംവിധാനത്തിൽപ്പോലും പ്രസക്തമെന്ന് തോന്നിക്കുന്ന അനവധി ആശയങ്ങൾ ഈ കൃതിയിലുണ്ട്.

ചുരുക്കത്തിൽ ഭാരതത്തിലെ നിർമ്മിക്കപ്പെട്ട നിയമങ്ങളുടേയും നിയമപ്രാബല്യം നേടിയ ആചാരങ്ങളുടേയും പൂർവ്വസൂരികൾ *മനുസ്മൃതി*യും *അർത്ഥശാസ്ത്ര*വുമാണെന്നതിൽ സംശയമില്ല. കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടെന്നു മാത്രം.

# சிறப்புள்ள கேரள மாநிலம்

செல்வ செழிப்புள்ள கேரளமாம்
செந்நீர் சிந்திட்ட கேரளமாம்
சிவந்த மண்ணாக்கிய மகான் இ.எம்.எஸ்.
சிற்றரசர்கள் வாழ்ந்த நாடாம்
சிறப்புள்ள கேரள மாநிலம்
கல்வியில் உயர்ந்ததொரு மாநிலம்
கற்பனையாளர்கள் வளர்கின்ற கேரளமாம்
ஆயக்கலைகள் அத்தனையும் கற்றவர்களாம்
அகில உலகை சுற்றி பாராட்டு பெற்றவர்களாம்
வளர்ச்சி வளர்ச்சி என்ற கேரளமாம்
வானளாவிய புகழ்கின்ற மாநிலமாம்
பால் விரித்ததைபோல் உள்ள மேடுகளில்
பச்சை நிறம் கொண்ட தேயிலை காடுகளாம்
காணவரும் அத்தனை பேர்களையும் மனம்
கலந்து இருக்கும் நறுமணம் கொண்ட நாடு
சிங்கம், கரடி, புலி, செந்நாய்கள் வாழ்கின்ற
சிகரங்கள், ஓடும் நதிகள் கூட்டங்கள்
சுற்றுலா பயணிகளை சுதந்திரமாக பார்த்து ரசிக்க
எந்தப்பக்கம் திரும்பி பார்த்தாலும்
இலைகள் கொண்ட வனத்தேயிலை செடிகளும்
அரைக்கின்ற தேயிலை பாக்டறிகளைக்காண
ஆயிரம் ஆயிரம் மக்கள் கூட்டம் அனுதினமாம்
கொட்டுகின்ற குளிரை பொருட்படுத்தாமல்
கொங்கானி தலையில் போட்டுக்கொண்டு
கூடைதாட்டு தலை இடுப்பில் கட்டிகொண்டு
குதுகலமாக ஜோடியாக அணிவகுக்கும் மங்கைகளும்
தொழிலாளர்கள் என்ற தோணியில் பயணம் செய்தும்
துரைமார்கள் ஐய்யமார்கள் என்று பழகிவரும் பழக்கம்
அகிலத்தில் இல்லை என்றே சொல்லலாம்
காலமழை பெய்துவிட்டால்
கலகலக்கும் பூமியெல்லாம்
பூத்துகுலுங்கி காய்த்து பயன் தரும்
பத்துவிதமான காய்கனிகளை எல்லாம்
கொத்துகொத்தாய் செழித்திடும் பாரீர்
மொத்தமாக பிடுங்கி வண்டியில் ஏற்றி
மார்க்கெட்டுக்கு போகுது பாரு
மக்கள் பார்த்து வாங்குவார் நேரில்
சிறு வியாபாரிகள் பெரு வியாபாரம்
சிறப்பாய் இருக்கும் மார்க்கெட்டில்
பெரும் முதலாளிகள் வந்தால்
தருகின்ற தொல்லைகள் அதிகம்



**எஸ். சுந்தரமாணிக்கம்**
முன்னாள் எம்.எல்.எ. (1987-1991)







# നിയമനിർമ്മാണസഭയുടെ ശതോത്തര രജതജൂബിലി ആഘോഷം (2012-2013)



പി. ഡി. ശാരംഗധരൻ
നിയമസഭാ സെക്രട്ടറി

നിയമനിർമ്മാണസഭയുടെ ശതോത്തര രജതജൂബിലി വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഒരുവർഷത്തിലധികം നീണ്ടുനിന്ന ആഘോഷപരിപാടികളുടെ ഭാഗമായി രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും നിയമസഭയുടെ പ്രത്യേക സമ്മേളനങ്ങളിൽ പ്രസംഗിക്കുകയുണ്ടായി. മറ്റൊരു നിയമസഭയ്ക്കും ലഭിക്കാത്ത അംഗീകാരമാണ് ഇതിലൂടെ കേരളാ നിയമസഭയ്ക്ക് ലഭ്യമായത്. 1888 ആഗസ്റ്റ് 23ന് ഉച്ചയ്ക്ക് 12 മണിക്ക് സെക്രട്ടേറിയറ്റിലെ ദിവാന്റെ ചേമ്പറിൽ എട്ട് അംഗങ്ങളുമായി ചേർന്ന തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽനിന്നാണ് നിയമനിർമ്മാണസഭയുടെ ചരിത്രം ആരംഭിക്കുന്നത്.

125-ാം വാർഷികാഘോഷം 2012 ആഗസ്റ്റ് 23 ന് മഹാരാഷ്ട്രാ ഗവർണർ ശ്രീ. കെ. ശങ്കരനാരായണൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ചത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആയിരുന്നു. പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ മുഖ്യപ്രഭാഷണം നടത്തുകയും വിവിധ കക്ഷിനേതാക്കൾ ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ കൃതജ്ഞത രേഖപ്പെടുത്തി. മന്ത്രിമാർ, നിയമസഭാസാമാജികർ, നിയമസഭാജീവനക്കാർ എന്നിവർ പങ്കെടുത്ത ചടങ്ങ് പലതുകൊണ്ടും അവിസ്മരണീയമായിരുന്നു.



ആഘോഷങ്ങളുടെ ഭാഗമായി ബഹു. രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജി 2012 ഒക്ടോബർ 30ന് നിയമസഭയുടെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്തു. സ്പീക്കർ ജി. കാർത്തികേയൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ഗവർണർ ശ്രീ. എച്ച്. ആർ. ഭരദ്വാജ് എന്നിവർ പ്രസംഗിച്ചു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ കൃതജ്ഞത രേഖപ്പെടുത്തി. കേരളത്തിന്റെ രണ്ടാംതലമുറ വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമായി കേരള വികസനമാതൃകയുടെ രണ്ടാം പതിപ്പിന് രൂപംനൽകേണ്ട സമയമായെന്നും അതിന് ജനപ്രതിനിധികൾ നേതൃത്വംവഹിക്കണമെന്നും രാഷ്ട്രപതി തന്റെ പ്രസംഗത്തിൽ ആഹ്വാനംചെയ്തു.

നിയമസഭാ സമുച്ചയം പരിസ്ഥിതി സൗഹൃദമാക്കുന്ന പരിപാടികൾക്ക് രാഷ്ട്രപതി തുടക്കം കുറിച്ചു. നിയമസഭാ സാമാജികരുമായി ഫോട്ടോ സെഷനിൽ പങ്കെടുത്ത അദ്ദേഹം നിയമസഭാ അങ്കണത്തിൽ 'ഊദ്' മരം നട്ടു.

2013 സെപ്റ്റംബർ 11 ന് ബഹു. ഉപരാഷ്ട്രപതി ഡോ. എം. ഹാമീദ് അൻസാരിയും കേരള നിയമസഭയുടെ പ്രത്യേകസമ്മേളനത്തെ അഭിസംബോധന ചെയ്തു. സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ പ്രത്യേകസമ്മേളനത്തിന് സ്വാഗതമരുളി. പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ഗവർണർ ശ്രീ. നിഖിൽ കുമാർ എന്നിവർ സംസാരിച്ചു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ കൃതജ്ഞത രേഖപ്പെടുത്തി. ഉപരാഷ്ട്രപതി നിയമസഭാ സാമാജികരുമായി ഗ്രൂപ്പ് ഫോട്ടോ എടുക്കുകയും നിയമസഭാ വളപ്പിൽ 'ശിംശിപാ'വൃക്ഷം നടുകയുംചെയ്തു. നിയമനിർമ്മാണസഭകൾ കൂടുതൽ ദിവസം സമ്മേളിക്കേണ്ടതിന്റെയും പാർലമെന്ററി നടപടി ക്രമങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതിന്റെയും ആവശ്യകത അദ്ദേഹം തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. ഒരു ഉപരാഷ്ട്രപതി ആദ്യമായിട്ടാണ് ഒരു നിയമസഭയുടെ പ്രത്യേകസമ്മേളനത്തെ അഭിസംബോധന ചെയ്യുന്നത്. ഡോ. ഹാമീദ് അൻസാരിയുടെ കേരള നിയമസഭാസന്ദർശനം ഇതിലൂടെ ചരിത്രത്തിന്റെ ഭാഗമായി.

ആഘോഷങ്ങളുടെ ഭാഗമായി വി.ജെ.റ്റി. ഹാളിൽ സംഘടിപ്പിച്ച 'നാളത്തെ കേരളം' എന്ന സെമിനാർ പലതുകൊണ്ടും ശ്രദ്ധേയമായിരുന്നു. 1904 മുതൽ 1938 വരെ നിയമനിർമ്മാണസഭയുടെ യോഗം ചേർന്ന വി. ജെ. റ്റി. ഹാളിൽ, 2013 ഫെബ്രുവരി 5-ാം തീയതിയാണ് ഈ സെമിനാർ സംഘടിപ്പിച്ചത്. ഇതുവഴി നിയമനിർമ്മാണസഭയുടെ ശതോത്തര രജതജൂബിലി ആഘോഷങ്ങൾക്ക് കൂടുതൽ ജനകീയത പകരാൻ കഴിഞ്ഞു. സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സെമിനാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയപാർട്ടികളുടെയും സംസ്ഥാനനേതാക്കൾ പങ്കെടുത്ത സെമിനാർ മികവുറ്റ ഒന്നായിരുന്നു. സർവ്വശ്രീ. പിണറായി വിജയൻ, രമേശ് ചെന്നിത്തല, പന്ന്യൻ രവീന്ദ്രൻ, ഇ.റ്റി. മുഹമ്മദ് ബഷീർ, കെ.എം. മാണി, വി. മുരളീധരൻ, മാത്യു ടി.

തോമസ്, ജോണി നെല്ലൂർ, എ.എ. അസീസ്, ആർ. ബാലകൃഷ്ണപിള്ള എന്നിവർ 'നാളത്തെ കേരളം' സംബന്ധിച്ച തങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ചു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ സ്വാഗതവും നിയമസഭാ സെക്രട്ടറി ശ്രീ. പി.ഡി. ശാരംഗധരൻ കൃതജ്ഞതയും രേഖപ്പെടുത്തി.

നിയമസഭാ കോംപ്ലക്സിലെ സുവർണ്ണജൂബിലി മ്യൂസിയത്തിന്റെ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്തത് ഈ കാലയളവിലാണ്. 2013 ഏപ്രിൽ 15-ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗവർണർ ശ്രീ. നിഖിൽകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ മുഖ്യപ്രഭാഷണം നടത്തുകയും ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ആശംസ അർപ്പിക്കുകയും ചെയ്തു. 'ഗാന്ധി സ്മൃതി'വിഭാഗവും ഭരണഘടനാവിഭാഗവും വിവിധ വിഷയങ്ങൾ പ്രതിപാദിക്കുന്ന 217 ഹ്രസ്വചിത്രങ്ങൾ ഉൾക്കൊള്ളുന്ന 'ടച്ച് സ്ക്രീൻ' സംവിധാനവും ഈ മ്യൂസിയത്തിന്റെ പ്രത്യേകതയാണ്. മഹാത്മാഗാന്ധിയുടെ സ്മരണ നിലനിർത്തുന്ന പ്രത്യേകവിഭാഗം ഉൾക്കൊള്ളുന്ന ഇത്തരത്തിലൊരു മ്യൂസിയം മറ്റൊരു നിയമസഭയിലും ഇല്ല.

ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഭാരതീയ തപാൽവകുപ്പ് ഒരു സ്മാരക സ്റ്റാമ്പും ഫസ്റ്റ് ഡേ കവറും പുറത്തിറക്കി. 2013 ആഗസ്റ്റ് 7 ന് നിയമസഭാ ബാങ്ക്വറ്റ് ഹാളിൽ സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളാ സർക്കിൾ ചീഫ് പോസ്റ്റുമാസ്റ്റർ ജനറൽ ശ്രീമതി ശാന്തി നായരിൽനിന്നും സ്റ്റാമ്പ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഏറ്റുവാങ്ങുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ സ്വാഗതവും നിയമസഭാ സെക്രട്ടറി ശ്രീ. പി.ഡി. ശാരംഗധരൻ കൃതജ്ഞതയും രേഖപ്പെടുത്തി.

നിയമനിർമ്മാണസഭയുടെ 125-ാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ഒരു അഭിരുചിപരീക്ഷ സംഘടിപ്പിക്കുകയുണ്ടായി. സ്കൂൾതലം, വിദ്യാഭ്യാസ ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായിട്ടാണ് പരീക്ഷ സംഘടിപ്പിച്ചത്.

ആഘോഷത്തോടനുബന്ധിച്ച് സർവ്വകലാശാല തലത്തിൽ ഒരു പ്രശ്നോത്തരി സംഘടിപ്പിച്ചിരുന്നു. 2013 ഫെബ്രുവരി 16-ാം തീയതി നിയമസഭയിലെ മെമ്പേഴ്സ് ലോഞ്ചിൽ നടന്ന പ്രശ്നോത്തരി മത്സരത്തിൽ കേരളത്തിലെ 11 സർവ്വകലാശാലകളെ പ്രതിനിധീകരിച്ച് വിദ്യാർത്ഥികൾ പങ്കെടുത്തു.

ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 'പാർലമെന്ററി ജനാധിപത്യം നമ്മുടെ പൈതൃകവും നേട്ടങ്ങളും' എന്ന പേരിൽ പ്രദർശനം കോഴിക്കോട്, വയനാട്, കാസർഗോഡ്, മലപ്പുറം, പാലക്കാട്, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ സംഘടിപ്പിച്ചു. 2013 ജനുവരി 28 മുതൽ 30 വരെ കോഴിക്കോട് ടൗൺ ഹാളിൽ സംഘടിപ്പിച്ച എക്സിബിഷൻ, പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ ഉദ്ഘാടനം ചെയ്തു. ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ. അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കോഴിക്കോട് മേയർ പ്രൊഫ. എ.കെ. പ്രേമജം മുഖ്യപ്രഭാഷണം നടത്തി. വയനാട് ജില്ലയിലെ പ്രദർശനം ഫെബ്രുവരി 3,4,5 എന്നീ തീയതികളിലായിരുന്നു. സുൽത്താൻബത്തേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ, പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും വകുപ്പ് മന്ത്രി കുമാരി ജയലക്ഷ്മി ഫെബ്രുവരി 3 ന് പ്രദർശനം ഉദ്ഘാടനം ചെയ്തു. ശ്രീ. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു.

ശ്രീ. എം.വി. ശ്രേയാംസ്കുമാർ എം.എൽ.എ. ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. കാസർഗോഡ് ജില്ലയിലെ പ്രദർശനം മുനിസിപ്പൽ കോൺഫറൻസ് ഹാളിലായിരുന്നു. ജൂൺ 4 മുതൽ 6 വരെ സംഘടിപ്പിച്ച പ്രദർശനം ശ്രീ. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനംചെയ്തു. കാസർഗോഡ് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി.പി. ശ്യാമളാദേവി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മലപ്പുറം ജില്ലയിലെ പ്രദർശനത്തിന്റെ ഉദ്ഘാടനം ജൂൺ 9ന് വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ. പി.കെ. അബ്ദു റബ്ബ് നിർവ്വഹിച്ചു. ജൂൺ 9 മുതൽ 11 വരെ തിരൂർ തുഞ്ചൻസ്മാരക ആഡിറ്റോറിയത്തിൽ ആയിരുന്നു പ്രദർശനം. ശ്രീ. സി. മമ്മൂട്ടി എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദ് മുഖ്യാതിഥി ആയിരുന്നു. പാലക്കാട് ജില്ലയിലെ പ്രദർശനം ജൂലൈ 22 മുതൽ 24 വരെ പാലക്കാട് മുനിസിപ്പൽ ഠൗൺഹാളിൽ നടന്നു. ജൂലൈ 22 ന് ശ്രീ. സി. പി. മുഹമ്മദ് എം.എൽ.എ. പ്രദർശനം ഉദ്ഘാടനം ചെയ്തു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. കണ്ടമുത്തൻ അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ ശ്രീ. എൻ. ഷംസുദ്ദീൻ



എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. ഇടുക്കി ജില്ലയിലെ പ്രദർശനം ജൂലൈ 27 മുതൽ 29 വരെ തൊടുപുഴ മുനിസിപ്പൽ ടൗൺഹാളിൽ സംഘടിപ്പിച്ചു. ജൂലൈ 27 ന് ജലവിഭവവകുപ്പു മന്ത്രി ശ്രീ. പി.ജെ. ജോസഫ് പ്രദർശനം ഉദ്ഘാടനം ചെയ്തു. ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ. ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. പത്തനംതിട്ട ജില്ലയിലെ പ്രദർശനം ആഗസ്റ്റ് 2, 3 തീയതികളിൽ പത്തനംതിട്ട ടൗൺ ഹാളിൽ സംഘടിപ്പിച്ചു. ആഗസ്റ്റ് 2-ാം തീയതി ശ്രീ. ആന്റോ ആന്റണി എം. പി. പ്രദർശനം ഉദ്ഘാടനംചെയ്തു. പത്തനംതിട്ട മുനിസിപ്പൽ ചെയർമാൻ ശ്രീ. എ. സുരേഷ് കുമാർ ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ചു. ആലപ്പുഴ ജില്ലയിലെ പ്രദർശനം ഉദ്ഘാടനംചെയ്തത് ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ആയിരുന്നു. ആഗസ്റ്റ് 5,6,7 തീയതികളിൽ ആലപ്പുഴ മുനിസിപ്പൽ ടൗൺ ഹാളിൽ പ്രദർശനം നടന്നു. ശ്രീ. പി.സി. വിഷ്ണുനാഥ് എം. എൽ.എ. ഉദ്ഘാടനച്ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ചു. പ്രദർശനം നടന്ന എല്ലാ ജില്ലകളിലും മുൻ നിയമസഭാസാമാജികരെ ആദരിക്കുന്ന ചടങ്ങും സംഘടിപ്പിച്ചിരുന്നു. സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെ വമ്പിച്ച സാന്നിദ്ധ്യം പ്രദർശനം സംഘടിപ്പിച്ച എല്ലാ ജില്ലകളിലും ഉണ്ടായിരുന്നു.

പത്രമാദ്ധ്യമങ്ങളുടെ സഹകരണത്തോടുകൂടി 'നിയമസഭ മാദ്ധ്യമങ്ങളിൽ' എന്ന പേരിൽ ഒരു ദൃശ്യ-ശ്രവ്യ പുസ്തകപ്രദർശനം നിയമസഭാസമുച്ചയത്തിൽ 2013 ആഗസ്റ്റ് 12 മുതൽ 18 വരെ സംഘടിപ്പിച്ചത് പുതിയ അനുഭവമായി. 12 പത്രസ്ഥാപനങ്ങൾ ഈ പ്രദർശനത്തിൽ പങ്കെടുത്തു. ആഗസ്റ്റ് 12 ന് സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. ആഗസ്റ്റ് 18-ാം തീയതി പ്രദർശനത്തിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങൾക്കും സ്പീക്കർ ഉപഹാരങ്ങൾ നൽകി.

ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മുൻ സ്പീക്കർമാർ, മുൻ ഡെപ്യൂട്ടി സ്പീക്കർമാർ, മുൻ സെക്രട്ടറിമാർ, മുൻ ജീവനക്കാർ, നിലവിലുള്ള ജീവനക്കാർ എന്നിവരുടെ ഒരു 'സ്നേഹസൗഹൃദസംഗമം' 2013 സെപ്റ്റംബർ 28 ന് നിയമസഭാ മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചു. സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ സ്വാഗതം ആശംസിച്ചു. മുൻ സ്പീക്കർമാരായ സർവ്വശ്രീ. ടി.എസ്. ജോൺ, എ.സി. ജോസ്, വി.എം. സുധീരൻ, പി.പി. തങ്കച്ചൻ, തേറമ്പിൽ രാമകൃഷ്ണൻ, എം. വിജയകുമാർ, കെ. രാധാകൃഷ്ണൻ, മുൻ സെക്രട്ടറിമാരായ ജസ്റ്റിസ് ആർ. രാജേന്ദ്രബാബു, ജസ്റ്റിസ് ജെ.എം. ജെയിംസ്, ഡോ. എൻ. കെ. ജയകുമാർ, ജസ്റ്റിസ് കെ.ആർ. ഉദയഭാനു, ഡോ. എം.സി. വത്സൻ, ജസ്റ്റിസ് പി.ഡി. രാജൻ എന്നിവർ സംസാരിച്ചു. നിയമസഭാ സെക്രട്ടറി ശ്രീ. പി.ഡി. ശാരംഗധരൻ കൃതജ്ഞത രേഖപ്പെടുത്തി. നിയമസഭാജീവനക്കാരുടെ കലാപരിപാടികളും 'ഓൾഡ് ഈസ് ഗോൾഡ്' ഗാനമേളയും ചടങ്ങിന് മാറ്റുകൂട്ടി.

125-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതി പ്രഖ്യാപിച്ച നിയമസഭാസമുച്ചയം ഹരിതാഭമാക്കുന്ന പരിപാടിയുടെ ഭാഗമായി നിയമസഭാസമുച്ചയത്തിൽ 15,30,000 ലിറ്റർ ശേഷിയുള്ള ആറ് മഴവെള്ളസംഭരണികൾ സ്ഥാപിച്ചു. 2013 ജൂൺ 8 ന് സ്പീക്കർ മഴവെള്ളസംഭരണികൾ കമ്മീഷൻ

ചെയ്തു. നിയമസഭാ പരിസരം ഹരിതാഭമാക്കുന്ന പദ്ധതിയുടെ ഭാഗമായി '125 വർഷം 125 മരം' പരിപാടിയിൽ 2013 ജൂൺ 5 ന് 125 വൃക്ഷത്തൈകൾ നിയമസഭാവളപ്പിൽ വച്ചുപിടിപ്പിച്ചു.

ആഘോഷപരിപാടികളുടെ ഭാഗമായി ഒന്നാം കേരള നിയമസഭയിൽ അംഗങ്ങളായിരുന്നവരെ ആദരിക്കുകയുണ്ടായി. ശ്രീമതി റോസമ്മ പുന്നൂസ്, ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, ശ്രീമതി കെ.ആർ. ഗൗരിയമ്മ, ആർ. ബാലകൃഷ്ണ പിള്ള (ആര്യനാട്), ഇ. ചന്ദ്രശേഖരൻ നായർ എന്നിവരെ അവരുടെ വസതിയിലെത്തി സ്പീക്കർ ആദരിച്ചു. മുൻ നിയമസഭാസാമാജികരിൽ ഏറ്റവും പ്രായംകൂടിയ അംഗമയ ശ്രീ. എ.സി. ചാക്കോയേയും അദ്ദേഹത്തിന്റെ വസതി സന്ദർശിച്ച് സ്പീക്കർ ആദരിച്ചു. തിരു-കൊച്ചി സഭയിലും (1952-'53, 1954-'56) നാലാം കേരള നിയമസഭയിലും ഇദ്ദേഹം അംഗമായിരുന്നു.

ആഘോഷ പരിപാടികളുടെ ഭാഗമായി അവയവദാനം സംബന്ധിച്ച് ജീവനക്കാർക്ക് ഒരു ശില്പശാല 2013 സെപ്റ്റംബർ 25 ന് സംഘടിപ്പിച്ചു. 2013 നവംബർ 1 ന് നിയമസഭാ മന്ദിരത്തിൽ ഒരു 'പാർലമെന്ററി പാഠശാല' തുടങ്ങി. നിയമസഭയുടെ പാർലമെന്ററി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ പാഠശാലയിൽ വെച്ച് വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. 2013 ഡിസംബർ 21 ന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ സഹകരണത്തോടെ 'തെരഞ്ഞെടുപ്പ് നിയമങ്ങളും പരിഷ്കാരങ്ങളും' എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു. സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. വി.എസ്. സമ്പത്ത് സെമിനാർ ഉദ്ഘാടനം ചെയ്യുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. സംസ്ഥാന ചീഫ് ഇലക്ട്രറൽ ഓഫീസർ ശ്രീമതി നളിനി നെറ്റോ പങ്കെടുത്തു. വിവിധ വിഷയങ്ങളിൽ നടന്ന ചർച്ചകളിൽ എം.എൽ.എ.മാരായ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീമതി പി. ഐഷാപോറ്റി, ശ്രീ. സണ്ണി ജോസഫ്, ഇലക്ഷൻ കമ്മീഷൻ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ.എഫ്. വിൻഫ്രഡ്, ഡയറക്ടർ ജനറൽ ശ്രീ. ആഷിഷ് ശ്രീവാസ്തവ തുടങ്ങിയവർ പങ്കെടുത്തു.

ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഡിസംബർ 30 ന് നിയമസഭാ മെമ്പേഴ്സ് ലോഞ്ചിൽ കേന്ദ്ര പ്രതിരോധ മന്ത്രി ശ്രീ. എ.കെ. ആന്റണി ഉദ്ഘാടനം ചെയ്തു. സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അദ്ധ്യക്ഷപ്രസംഗം നടത്തി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യപ്രഭാഷണം നടത്തുകയും ബഹുമാനപ്പെട്ട വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ., ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ, ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളായ സർവ്വശ്രീ. മാത്യു. റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ, ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ എന്നിവർ ആശംസാപ്രസംഗം നടത്തുകയും ചെയ്തു.

തുടർന്ന് തിരു-കൊച്ചി നിയമസഭാംഗമായിരുന്ന ശ്രീ. പി. വിശ്വംഭരനേയും കേരള നിയമസഭയിൽ 25 വർഷം പൂർത്തിയാക്കിയ നിയമസഭാംഗങ്ങളായ ശ്രീ. കെ.എം. മാണി, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. സി.എഫ്. തോമസ്, ശ്രീ. പി.ജെ. ജോസഫ്, ശ്രീ. കെ.സി. ജോസഫ്, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. വി.എസ്. അച്യുതാനന്ദൻ, ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. ജി. കാർത്തികേയൻ എന്നിവരെയും ദീർഘകാലം സഭാനടപടികൾ റിപ്പോർട്ട് ചെയ്ത പത്രപ്രവർത്തകരെയും കേന്ദ്ര പ്രതിരോധവകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി ഉപഹാരം നൽകി ആദരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിക്കുന്ന *125 Years of Legislative Bodies of Kerala* എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിക്ക് പകർപ്പ് നൽകിക്കൊണ്ട് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ.കെ. ആന്റണി നിർവ്വഹിച്ചു. കേരള നിയമനിർമ്മാണസഭയുടെ 125-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സ്കൂൾവിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സംസ്ഥാനതല അഭിരുചിപരീക്ഷയിലെ വിജയികൾക്ക് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ.കെ. ആന്റണി സമ്മാനദാനം നിർവ്വഹിച്ചു.

കേരള നിയമസഭാ സെക്രട്ടറി ശ്രീ. പി.ഡി. ശാരംഗധരൻ ഏവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു. ഉച്ചയ്ക്കുശേഷം 2 മണിക്ക് 'ഹാർമണി ഓഫ് അസംബ്ലി' എന്ന സംഗീത പരിപാടി നിയമസഭാ സമുച്ചയത്തിലെ മെമ്പേഴ്സ് ലോഞ്ചിൽ നടന്നു.

നിയമനിർമ്മാണസഭയുടെ
125-ാം വാർഷികാഘോഷം
മഹാരാഷ്ട്ര ഗവർണർ
കെ. ശങ്കരനാരായണൻ
ഉദ്ഘാടനം ചെയ്യുന്നു.
(2012 ആഗസ്റ്റ് 23)





രാഷ്ട്രപതി പ്രണബ് മുഖർജി
നിയമസഭയുടെ പ്രത്യേക
സമ്മേളനത്തെ അഭിസംബോധന
ചെയ്യുന്നു. (2012 ഒക്ടോബർ 30)

നിയമനിർമ്മാണസഭയുടെ ശതോത്തര
രജതജൂബിലി ആഘോഷങ്ങളുടെ ഭാഗ
മായി രാഷ്ട്രപതി പ്രണബ് മുഖർജി
നിയമസഭാ അങ്കണത്തിൽ
"ഊദ്"മരം നടുന്നു.
(2012 ഒക്ടോബർ 30)






നിയമനിർമ്മാണസഭയുടെ 125-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വി.ജെ.റ്റി. ഹാളിൽ സംഘടിപ്പിച്ച 'നാളത്തെ കേരളം' എന്ന സെമിനാർ ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. (5.2.2013)



നിയമസഭാ കോംപ്ലക്സിലെ സുവർണ്ണജൂബിലി മ്യൂസിയത്തിന്റെ പുതിയ ബ്ലോക്ക് ഗവർണ്ണർ ശ്രീ. നിഖിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു. (15.4.2013)

നിയമനിർമ്മാണസഭ ശതോത്തര
രജതജൂബിലി ആഘോഷങ്ങളുടെ
ഭാഗമായി ഭാരതീയ തപാൽ വകുപ്പ്
പുറത്തിറക്കിയ സ്മാരക സ്റ്റാമ്പും
ഫസ്റ്റ് ഡേ കവറും പുറത്തിറക്കുന്ന
ചടങ്ങ് (2013 ആഗസ്റ്റ് 7)





"നിയമസഭ മാദ്ധ്യമങ്ങളിൽ"
എന്ന വിഷയത്തിൽ നടന്ന
ദൃശ്യ-ശ്രവ്യ പുസ്തക പ്രദർശനം
സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ
ഉദ്ഘാടനം ചെയ്യുന്നു.
(12.8.2013)

ഉപരാഷ്ട്രപതി
ഡോ. എം. ഹാമീദ് അൻസാരി
കേരള നിയമസഭയുടെ
പ്രത്യേക സമ്മേളനത്തെ
അഭിസംബോധന ചെയ്യുന്നു.
(2013 സെപ്തംബർ 11)





ഉപരാഷ്ട്രപതി ഡോ. എം. ഹാമീദ് അൻസാരി നിയമസഭാ വളപ്പിൽ
'ശിംശിപാ' വൃക്ഷം നടുന്നു. (2013 സെപ്തംബർ 11)




നിയമനിർമ്മാണ സഭ ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി
നിയമസഭാ ലോഞ്ചിൽ നടന്ന മുൻ സ്പീക്കർമാർ, മുൻ ഡെപ്യൂട്ടി സ്പീക്കർമാർ,
മുൻ സെക്രട്ടറിമാർ, മുൻ ജീവനക്കാർ, നിലവിലുള്ള ജീവനക്കാർ
എന്നിവരുടെ ഒരു സ്നേഹ സൗഹൃദ സംഗമം. (2013 സെപ്തംബർ 28)



നിയമസഭാ മന്ദിരത്തിൽ പുതിയതായി ആരംഭിച്ച പാർലമെന്ററി പാഠശാല
ബഹു. സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ ഉദ്ഘാടനം ചെയ്യുന്നു.
(2013 നവംബർ 1)



ശ്രേഷ്ഠഭാഷാ വാരാഘോഷത്തോടനുബന്ധിച്ച്
നിയമസഭാ ലൈബ്രറി റഫറൻസ് ഹാളിൽ നടന്ന പുസ്തക പ്രദർശനം
ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ഉദ്ഘാടനം ചെയ്യുന്നു.
(2013 നവംബർ 1)




'തെരഞ്ഞെടുപ്പ് നിയമങ്ങളും പരിഷ്കാരങ്ങളും' എന്ന വിഷയത്തിൽ നടന്ന സെമിനാർ. നിയമസഭാ സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ, നിയമസഭാ സെക്രട്ടറി ശ്രീ. പി. ഡി. ശാരംഗധരൻ, സ്പെഷ്യൽ സെക്രട്ടറി ശ്രീ. കെ. മോഹൻദാസ്, ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. വി. എസ്. സമ്പത്ത്, സംസ്ഥാന ഇലക്റ്ററൽ ഓഫീസർ ശ്രീമതി നളിനി നെറ്റോ എന്നിവർ വേദിയിൽ. (2013 ഡിസംബർ 21)



നിയമനിർമ്മാണസഭയുടെ 125-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന പരിപാടികളുടെ സമാപന സമ്മേളനം കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ. കെ. ആന്റണി 30.12.2013 ന് ഉദ്ഘാടനം ചെയ്യുന്നു.

# സാമാജികൻ





© കേരള നിയമസഭാ സെക്രട്ടേറിയറ്റ്

Printed at Govt. Press, Mannanthala, Tvpm-2014